മലയാളം വാരിക

ഉള്ളടക്കം

11.1.2002

വാരാണസി

20 എം.ടി. വാസുദേവൻനായർ

നീതിയാത്ര

11 ബാലചന്ദ്രൻ ചുള്ളിക്കാട്

അരുന്ധതി റോയിയുമൊത്ത് കുറച്ചുനേരം

8 അധികാരകേന്ദ്രങ്ങൾക്ക് അഹിതമെങ്കിലും അരുന്ധതി റോയിയുടെ ശബ്ദം നീതി നിഷേധിക്കപ്പെട്ടവരുടെ കാഹളമാവുകയാണ്... അരുന്ധതിയുമായി എസ്.ജയചന്ദ്രൻനായർ സംസാരിക്കുന്നു

ഇസ്രായേലിൻെറ കൊടും ക്രൂരത

12 പാലസ്തീനിയൻ ജീവിതസ്വപ്നങ്ങളെ കശക്കിയെറിയുന്ന ഇസ്രായേലിന്റെ ധാർഷ്ട്യങ്ങൾ... മദ്ധ്യേഷ്യൻ കാലുഷ്യങ്ങളുടെ അന്തർധാരകൾ... എഡ്‌വേർഡ് സെയ്ദ് എഴുതുന്നു.
പരിഭാഷ: ഏലിസബത്ത് കോശി

പുസ്തകങ്ങൾ

60 **സാഹിത്യവാരഫലം**
എം.കൃഷ്ണൻ നായർ

പുസ്തകം: തടവറയാകുന്ന സ്വാതന്ത്ര്യം
വൈക്കം മുരളി 64

പുസ്തകം: നോവൽക്രീഡ
രഘുനാഥൻ പറളി 65

പുസ്തകം: ആത്മപീഡകനായ സത്യാന്വേഷിയോടൊപ്പം
ഡോ. കെ.എസ്.രാധാകൃഷ്ണൻ 66

പുസ്തകക്കുറിപ്പുകൾ 67

പുസ്തകം: എം.എൻ.വിജയന്റെ പ്രതിരോധയുക്തികൾ
ബാലചന്ദ്രൻ വടക്കേടത്ത് 68

പ്രാപ്പിടിയന്മാരുടെ ഭരണമോ? 7

ഓർമ്മക്കുറിപ്പ്: ആര്യാ അന്തർജനം
സജി ജെയിംസ് 6

ആത്മകഥ: എന്റെ ജീവിതം
ജി.ജനാർദ്ദനക്കുറുപ്പ് 49

ജീവിതരേഖ: ഫ്രാൻസിസ് ആചാര്യയുടെ സന്ന്യാസജീവിതം
സന്തോഷ് ജോൺ 72

ജീവിതം എന്നെ എന്തുപഠിപ്പിച്ചു: ഡോ. ടി.ആർ.രാഘവൻ
സമ്പാദകൻ: ടി.എൻ.ജയചന്ദ്രൻ 74

റിപ്പോർട്ട്: പടനീക്കങ്ങൾക്കുപിന്നിൽ
ജോണി എം.എൽ 16

കുറിപ്പ്: ശാസ്ത്രദേശീയത
കെ.ഐ. വാസു 18

ലേഖനം: ഹിമാലയവും മുനിമടയും
താഹ മാടായി 26

ലേഖനം: സ്വകാര്യവൽക്കരണം, ഉദാരവൽക്കരണം, ആഗോളവൽക്കരണം
മുരളി 29

കുറിപ്പ്: ഇടിഞ്ഞുവീണ പോസ്റ്റോഫീസും കുറേ കത്തെഴുത്തുകാരും
രേവ.കെ 34

ലേഖനം: വാർഗ്രൂപ്പിന്റെ സിംഹം
ആർ.തുളസീദാസ് 36

സിനിമ: കൃഷ്ണ ഗോപാൽകൃഷ്ണ
എം.മുകുന്ദൻ 38

ലേഖനം: അക്രമത്തിന്റെ ഗൃഹപാഠങ്ങൾ
സി.സദാനന്ദൻ 40

യാത്ര: ഖോർഫക്കാനിലെ കാക്കകൾ
കൃഷ്ണദാസ് 42

സാംസ്കാരികപഠനം: മാതൃവിലാപവും കടൽ തുറക്കലും
കിരൺ പ്രഭാകർ 45

സ്പോർട്സ്: അംഗവൈകല്യം ആനുകൂല്യമല്ല
കെ.ആർ. ഉപേന്ദ്രവർമ്മ 47

കുറിപ്പ്: ചില സാംസ്കാരിക വാർത്തകൾ
കല്പറ്റ നാരായണൻ 48

ഓർമ്മ: ശംഖിൽനിന്നുംകേട്ട കടലിരമ്പങ്ങൾ
വി.ജി. തമ്പി 71

കഥ: പശ്ചാത്ഗമനം
കെ.എ.സെബാസ്റ്റ്യൻ 52

കവിത: സല്ലാപം
കെ.വി.ബേബി 55

കവിത: കനൽക്കണ്ണുകൾ
സുധ അജിത് 55

നോവൽ: വിഷയവിവരം
പി.മോഹനൻ 56

നൂറുങ്ങുകഥ: വിദ്വാൻ ഗോദവർമ്മരാജ
ടി.ഗോപിനാഥ് 58

പെൻഷൻ പ്രായം

പെൻഷൻ പ്രായം ഉയർത്തണോ എന്ന വിഷയത്തെക്കുറിച്ച് എം.എൻ.വി. നായർ തുടങ്ങിവച്ച ചർച്ച തുടരേണ്ടത് വളരെ ആവശ്യമാണ്.

അദ്ദേഹത്തിന്റെ തന്നെ കണക്കനുസരിച്ച് 32 ലക്ഷം പേർക്ക് ആശ കൊടുക്കുന്നുണ്ടെങ്കിലും 12,000 പേർക്കുമാത്രം ആശ്വാസം നൽകാൻ കഴിയുന്ന പി.എസ്.സിയുടെ കോടിക്കണക്കിനു വരുന്ന ചിലവ് അല്പമെങ്കിലും വെട്ടിക്കുറയ്ക്കുന്നതല്ലേ നല്ലത്. തൊഴിലവസരങ്ങൾ അല്പം കുറഞ്ഞാലും ആ തുകയുപയോഗിച്ച് അതിന്റെ ആഫീസിന്റെ മുൻപിൽ വെട്ടിപ്പൊളിച്ചിട്ടിരിക്കുന്ന മെയിൻ റോഡ് പത്തുദിവസം മുൻപേയെങ്കിലും നന്നാക്കി കിട്ടിയിരുന്നെങ്കിൽ, അതല്ലേ നാടിനു നന്ന്?

പിന്നെ ചീഫ് എൻജിനീയറും പ്യൂണും. ഒരു ചീഫ് എൻജിനീയറുടെ തസ്തിക നീട്ടി നിലനിർത്താൻ ഒരു പ്യൂണിനെ മാത്രം നിലനിർത്തിയാൽ പോരല്ലോ? ഡെപ്യൂട്ടികൾ തൊട്ട് തൂപ്പുകാരി വരെയുള്ള, കുറഞ്ഞത് 50 പേരെയെങ്കിലും അതിനായി നിലനിർത്തേണ്ടത് അത്യാവശ്യമാണ്. (ഒരു ഓംബുഡ്സ്മാനുവേണ്ടി ഒരു ഡിസ്ട്രിക്റ്റ് ജഡ്ജിയെയും പരിവാരങ്ങളെയും കൂടിയെങ്കിലും സൃഷ്ടിക്കണമെന്നാണല്ലോ നാം ഈയിടെ പത്രങ്ങളിൽ വായിച്ചത്.) നായരുടെ കണക്കനുസരിച്ചുതന്നെ ചീഫ് എൻജിനീയറുടെ ചിലവ് താല്കാലികമായി അല്പം കുറയുമെങ്കിലും പ്യൂണിന്റെ ചിലവ് മുപ്പതു ശതമാനം (18,000 രൂപ) കൂടും. പുതിയ ഒരാളെ നിയമിക്കുന്നതുമായി തുലനം ചെയ്താൽ ആ വർദ്ധനവ് 50 ശതമാനം വരെയാകും. ആ രീതിയിൽത്തന്നെ ബാക്കിയുള്ളവരുടെയും ചിലവ് വർദ്ധിക്കും. അങ്ങനെ ശരാശരി ഒരാൾക്ക് 40,000 രൂപ വർദ്ധനവ് എന്നു കണക്കാക്കിയാൽ ചീഫ് എൻജിനീയറുടെ അനുസാരികളായ 50 പേരുടെ ശമ്പളച്ചിലവിലുള്ള വർദ്ധനവു മാത്രം പ്രതിവർഷം 20 ലക്ഷം രൂപ. മറ്റു ചിലവുകൾ പുറമെ.

നമ്മുടെ അസംബ്ലിമന്ദിരം കോടിക്കണക്കിനു രൂപ ധൂർത്തടിച്ച് മോടി പിടിപ്പിക്കുന്നതിന് നിയോഗിക്കപ്പെട്ട് പണി തീർന്നിട്ടും വെറുതെയിരിക്കുന്ന ചീഫ് എൻജിനീയറെപ്പോലുള്ള ഒരാളുടെ സേവനമാണ് ഇപ്രകാരം അഞ്ചുവർഷത്തേയ്ക്കുകൂടി നീട്ടിക്കൊടുക്കുന്നതെങ്കിൽ എന്താവും നാടിന്റെ ഗതി? അങ്ങനെയുള്ളവർ പെൻഷനാകുമ്പോൾ അത്തരം തസ്തികകൾ നിർത്തലാക്കുന്നതല്ലേ ലാഭകരം? അതോടൊപ്പം അത്തരം ഡി.ജി.പിമാരുടെയും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരുടെയും ഡയറക്ടർമാരുടെയുമെല്ലാം തസ്തികകൾ കൂടി ഇല്ലാതാക്കിയാൽ അധികമായി നിലനിൽക്കുന്നുവെന്ന് പ്ലാനിങ് കമ്മീഷൻ ചൂണ്ടിക്കാട്ടിയ 80,000 തസ്തികകളുടെ ഒരു ഭാഗമെങ്കിലും കുറഞ്ഞു കിട്ടുകയില്ലേ? അങ്ങനെ ചെയ്താൽ ചെലവ് ഗണ്യമായി കുറച്ച് നിർമ്മാണപ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധിക്കാൻ കഴിയും. കാര്യക്ഷമത ഒട്ടുംതന്നെ കുറയുകയുമില്ല.

ആയുർദൈർഘ്യം 35-ൽ നിന്നും 70 ആയി വർദ്ധിച്ചത് 35-നും 60-നും ഇടയ്ക്കുള്ളവരുടെ മരണനിരക്ക് കുറഞ്ഞതുകൊണ്ടല്ല. (അത് വർദ്ധിച്ചിട്ടേയുള്ളു) ശിശുക്കളുടെയും വൃദ്ധൻമാരുടെയും മരണനിരക്ക് കുറഞ്ഞതുകൊണ്ടു മാത്രമാണ്. 40-നും 55-നും ഇടയ്ക്കുള്ള എല്ലാ വിഭാഗം ജീവനക്കാരിലും മൂന്നിലൊന്നെങ്കിലും സിക്ക് അലിബിക്കാരും കാര്യക്ഷമത കുറഞ്ഞവരുമാണ്. അതു തെളിയിക്കാൻ അവരുടെ മെഡിക്കൽ ബില്ലുകൾ, സ്ഥലംമാറ്റ അപേക്ഷകൾ, കോൺഫിഡൻഷ്യൽ റിക്കാർഡുകൾ തുടങ്ങിയവ പരിശോധിച്ചാൽ മാത്രം മതി. ഇന്ത്യയുടെ ചീഫ് ജസ്റ്റിസ് തന്നെ പറയുന്നതുപോലെ 55 മുതൽ 65 വയസ്സുവരെ സേവന കാലാവധി കൂടുതലുള്ള ഇന്ത്യൻ ജുഡിഷ്യറിയിലെ ഉദ്യോഗസ്ഥന്മാർക്കിടയിൽ പോലും 20 ശതമാനം അഴിമതിക്കാരാണ്. സേവന കാലാവധി നീട്ടിക്കൊടുക്കുന്നതുകൊണ്ട് മറ്റുള്ളവരുടെ മനസ്ഥിതിയിലും മാറ്റം വരില്ലല്ലോ?

ഫിലിപ് തോമസ് കൊച്ചുപുരായ്ക്കൽ
തിരുവനന്തപുരം

ദന്തഗോപുരചിന്ത

പെൻഷൻപ്രായം ഉയർത്തിയാൽ ഉണ്ടാകാൻ പോകുന്ന ലാഭങ്ങളുടെയും ചെലവുലാഭിക്കൽ തുകകളുടെ കണക്കുകൾ വെറും ദന്തഗോപുരചിന്തകളിൽ നിന്നുള്ളവയാണ്. അവയ്ക്ക് യാഥാർത്ഥ്യവുമായി ഒരു ബന്ധവും കാണില്ല. കാരണം സംസ്ഥാന സർവ്വീസിൽ 55 വയസ്സിൽ പെൻഷൻ പറ്റാൻ നിൽക്കുന്നവരെല്ലാം ശമ്പളസ്കെയിലിന്റെ പരമാവധിയിൽ എത്തിനിൽക്കുന്ന ചീഫ് എൻജിനീയർമാരെപ്പോലെയല്ല. 58 വയസ്സാക്കിയാൽ ഇനിയും മൂന്ന് ഇൻക്രിമെന്റുകൾ ഉറപ്പായിട്ടുള്ള ലക്ഷക്കണക്കിന് ജീവനക്കാരുണ്ടെന്ന കാര്യം സ്പഷ്ടമാണ്.

12,000 രൂപ അടിസ്ഥാനശമ്പളമുള്ള ഒരു ജീവനക്കാരന് ഡി.എയും മറ്റും അടക്കം ആകെ 18,000 രൂപയുടെ അടുത്ത് ശമ്പളം വരും. ഇവർ 55-ൽ പിരിയുന്നതിനുപകരം 58-ലായാൽ ഇതേ നിരക്കിലല്ല, ഇതിലുംകൂടിയ വാർഷികനിരക്കിൽ ഓരോ കൊല്ലവും ഇവർക്ക് ശമ്പളം നൽകേണ്ടിവരുമ്പോൾ അത് എത്ര കോടിയാണെന്ന് കണക്കാക്കാനുള്ള സംവിധാനം സർക്കാരിനുണ്ടോ? അങ്ങനെ ഏറ്റവും കൂടിയ നിരക്കിൽ 58-ൽ റിട്ടയർ ചെയ്യുമ്പോൾ അവർക്ക് 55-ൽ കിട്ടുമായിരുന്ന പെൻഷൻ ആനുകൂല്യങ്ങൾ ഉയർന്ന നിരക്കിൽ പെൻഷൻ ആനുകൂല്യവും ലഭിക്കുന്നു. എന്നാൽ മേല്പറഞ്ഞ 18,000 രൂപ ശമ്പളക്കാരൻ 55 വയസ്സിൽ റിട്ടയർ ചെയ്താൽ അത് സർക്കാരിനു മാത്രമല്ല, ജോലിയില്ലാതെ നരകിക്കുന്ന കുടുംബങ്ങൾക്കും സഹായകമാകും. കാരണം മേല്പറഞ്ഞ ഉദ്യോഗസ്ഥൻ 55 വയസ്സിൽ പിരിയുകയാണെങ്കിൽ മുപ്പതുവർഷത്തെ സർവ്വീസ് ഉണ്ടെങ്കിൽ നൽകേണ്ട ഫുൾപെൻഷൻ 9000 രൂപ മാത്രമാണ്. അതേസമയം ആ ഒഴിവിൽ പുതിയൊരാളെ ചുവട്ടിൽ നിയമിക്കുമ്പോൾ കൊടുക്കേണ്ട ശമ്പളം 5000 രൂപയിൽ ഒതുങ്ങും. അങ്ങനെ നോക്കുമ്പോൾ മാസം ലാഭം 4000 രൂപ. ഒപ്പം സർക്കാരിന്റെ സാമൂഹ്യപ്രതിബദ്ധതയ്ക്കു തെളിവായി പുതിയ ഒരാൾക്ക് ജോലിയും.

കെ.പി.രാമചന്ദ്രൻ
അയ്യന്തോൾ

നിശ്ചിതകാലസേവനം

പെൻഷൻപ്രായം ഉയർത്തുന്നതു സംബന്ധിച്ച് അനുകൂലമായും പ്രതികൂലമായും വാദഗതികൾ നിലനിൽക്കെ ലക്കം 34-ൽ വന്ന ലേഖനം പ്രസക്തമായി തോന്നി. ജീവനക്കാരിൽത്തന്നെ ഒരു വിഭാഗം എതിർപ്പ് കാണിക്കുന്നതിന്റെ മുഖ്യകാരണം പ്രൊമോഷൻ സാദ്ധ്യതയ്ക്ക് മങ്ങലേൽക്കുന്നു എന്നതാണ്. ആശ്രിത നിയമനത്തിലൂടെയുള്ളവർക്കു മാത്രമേ ഇന്ന് കുറഞ്ഞ പ്രായത്തിൽ സർവ്വീസിൽ പ്രവേശിക്കാൻ കഴിയുന്നുള്ളു. സാധാരണ മാർഗ്ഗത്തിലൂടെ മുപ്പതു വയസ്സു കഴിയാതെ ജോലിയിൽക്കയറുന്നവർ വളരെ വിരളമാണ്. ഒരു വിഭാഗം ദീർഘമായ കാലയളവിൽ നിലനിൽക്കുകയും മറ്റൊരു വിഭാഗം ഏതാനും വർഷങ്ങളുടെ സേവനത്തിനുശേഷം വിരമിക്കേണ്ടിവരികയും ചെയ്യുന്നു. പെൻഷൻപ്രായം ഉയർത്തുന്നതിനേക്കാൾ നല്ലത് എല്ലാ ജീവനക്കാർക്കും നിശ്ചിതവർഷങ്ങളുടെ സേവനം നൽകുക എന്നതാണ്.

ഏഴംകുളം മോഹൻകുമാർ
പുതുമല

വെല്ലുവിളി

'പെൻഷൻപ്രായം ഉയർത്തണോ?' എന്നതിനെപ്പറ്റി എം.എൻ.വി.നായർ എഴുതിയ ലേഖനം വായിച്ചു. ഇതിൽ ഉന്നയിച്ച വസ്തുതകൾ ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ കാഴ്ചപ്പാടിലുള്ളതാകയാൽ അതിവിടുത്തെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരോടുള്ള വെല്ലുവിളിയാണ്. ഭൂരിപക്ഷ ക്ഷേമവും ജീവിതസൗകര്യവുമാണ് ഭരിക്കുന്ന സർക്കാരിന്റെ കാഴ്ചപ്പാടെങ്കിൽ ജീവിതത്തിനു പുറത്തുനിൽക്കുന്ന തൊഴിലന്വേഷകരുടെ പ്രശ്നത്തിനാണ് മുൻതൂക്കം നൽകേണ്ടത്. കിട്ടിയ സ്ഥലത്ത് ഉറച്ചിരിക്കുക എന്നതിനേക്കാൾ ബാക്കിയുള്ളവർക്കും ഇരിക്കാനല്പം ഇടം കൊടുക്കുകയാണ് അഭികാമ്യമെന്ന് പെൻഷൻപ്രായം ഉയർത്താൻ മുറവിളികൂട്ടുന്നവരും മനസ്സിലാക്കണം.

സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരമെന്ന കാഴ്ചപ്പാടാണ് ഈ കണ്ടെത്തലിന് പിന്നിലെങ്കിൽ ഇതിനേക്കാൾ ചിന്തിക്കപ്പെടേണ്ട വസ്തുതകൾ നമ്മുടെ മുന്നിലുണ്ട്. 178 ഐ.എ.എസുകാരും 108 ഐ.പി.എസുകാരും 82 ഐ.എഫ്.എസുകാരും ഈ കൊച്ചുകേരളത്തിൽ പങ്കാളിത്തം വഹിക്കുന്നു. നമുക്കിത്രയും പേർ ആവശ്യമുണ്ടോ എന്ന് പരിശോധിക്കപ്പെടണം. 80000 ത്തോളം പേർ തൊഴിലൊന്നും ചെയ്യാതെ സർക്കാർ ശമ്പളം പറ്റുന്നു. ഭീമമായ സംഖ്യയാണ് ഓരോ ഉയർന്ന ഉദ്യോഗസ്ഥനും ശമ്പളമായി നൽകുന്നത്. ഇവിടുത്തെ റവന്യൂ വരുമാനത്തിന്റെ കേവലം 20 ശതമാനം മാത്രമാണ് ഇവർക്കൊക്കെ ശമ്പളവും പെൻഷനും കൊടുത്താൽ ബാക്കിയാവുന്നത്. ഇതിലൊന്നും കാതലായ മാറ്റം വരുത്താൻ കഴിയുകയില്ലെ? തൊഴിൽ കിട്ടിയവരുടെ കാര്യം സുഭിക്ഷമാക്കാൻ ശ്രമിക്കുമ്പോൾ തൊഴിലില്ലാതെ അലയുന്ന അർഹതയും കഴിവുമുള്ള നിരവധി ചെറുപ്പക്കാർ ഇവിടെയുണ്ടെന്ന കാര്യം ഓർക്കണം. വർഷംപ്രതി 12000 പേർക്ക് പി.എസ്.സി ജോലി നൽകുന്നുവെന്ന് ലേഖനത്തിൽ ചൂണ്ടിക്കാണിക്കുന്നു. പെൻഷൻപ്രായമുയർത്തിയാൽ ഈ സംവിധാനം താറുമാറാക്കുമെന്നാർക്കാണറിയാത്തത്. 'വെള്ളക്കോളർ' ജോലിയോടുള്ള ആഗ്രഹം സ്വാഭാവികമാണ്. ഒരു കൃഷിക്കാരന്റെ മകനെ കൃഷിപ്പണിയിലേയ്ക്ക് ആകർഷിക്കാൻ ബഹുഭൂരിപക്ഷം കൃഷിക്കാരും ആഗ്രഹിക്കാത്തതുപോലെതന്നെ കണ്ടുവരുന്ന പ്രവണതയാണ് ഒരു ഉദ്യോഗസ്ഥന്റെ മകനെ തന്റെ പാതയിലേയ്ക്ക് എത്തിക്കാനുള്ള വെപ്രാളവും. പ്രസംഗവും പ്രവർത്തനവും തമ്മിലുള്ള അന്തരം അവിടെയാണ് കാണുക.

ഒരു കോടി രൂപ മുടക്കിയാൽ ഒരു കിലോമീറ്റർ നല്ല റോഡും 50,000 പേർക്ക് തൊഴിലവസരങ്ങളും ലഭിക്കുമെന്ന് ലേഖനത്തിൽ ചൂണ്ടിക്കാണിക്കുന്നത് ആത്മാർത്ഥത കൊണ്ടാണെങ്കിലും ആ ഒരു കോടി മുടക്കിൽ എത്ര ലക്ഷങ്ങൾ വഴിതിരിഞ്ഞ് അഴിമതിയിലേയ്ക്കെത്തുന്നു എന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്. ചുരുക്കത്തിൽ സാമ്പത്തികപ്രതിസന്ധിക്കു പരിഹാരം കാണാൻ ഉദ്യോഗസ്ഥവൃന്ദങ്ങളിൽ ശുദ്ധീകരണമാണാവശ്യം. അല്ലാതെ പെൻഷൻപ്രായം ഉയർത്തി 'ഇരുന്ന'വരെ 'ഉറപ്പിച്ചിരുത്തുക'യല്ല വേണ്ടത്.

കെ.വി.രാഘവൻ
കുയിലൂർ

വാദം ശരിയല്ല

ഡിസംബർ 28-ലെ 'മലയാളം വാരിക'യിൽ എം.എൻ.വി.നായർ പെൻഷൻപ്രായം ഉയർത്തുന്നതിനുവേണ്ടി കുറേ ന്യായങ്ങൾ നിരത്തി ഒരു വക്കീലിനെപ്പോലെ വാദിച്ചുജയിക്കാൻ ശ്രമിക്കുന്നു. 58-ഉം പോരാ 60-വരെ ഉയർത്തണമെന്നു വാദിച്ചാൽ 58 എങ്കിലും ആക്കിക്കിട്ടുമെന്ന് അദ്ദേഹം പ്രതീക്ഷിക്കുന്നുണ്ടാവാം. 32 ലക്ഷത്തിൽ 12,000 പേർക്ക് തൊഴിൽ കിട്ടുന്നത് അദ്ദേഹത്തിനു തീരെ നിസ്സാരം! ഈ 12000 പേർ എങ്ങനെയാണ് ജോലി നേടുന്നത് എന്നുള്ളത് ഇദ്ദേഹത്തിനു ചിന്തിക്കേണ്ട കാര്യമില്ലല്ലോ. 32 ലക്ഷത്തിൽ നിന്ന് കഴിവിന്റെ അടിസ്ഥാനത്തിൽ പരീക്ഷ ജയിച്ചു കയറി റാങ്കുലിസ്റ്റിൽപ്പെട്ടാണ് അവർ ജോലി സമ്പാദിക്കുന്നത്. 32 ലക്ഷത്തെ പുറകിലാക്കി റാങ്ക്ലിസ്റ്റിൽ കയറിക്കൂടിയാലെങ്കിലും ഒരു ജോലി ലഭിക്കുമെന്നുള്ള മോഹം പൂവണിയാൻ കാത്തിരിക്കുന്ന സമൂഹത്തിലെ സമർത്ഥരായ ഒരു യുവതലമുറയുടെ മുൻപിലാണ് അഞ്ചുവർഷത്തേയ്ക്കു വാതിൽ കൊട്ടിയടയ്ക്കണമെന്ന് ഈ വിദഗ്ദ്ധൻ നാടിനുവേണ്ടി വാദിക്കുന്നത്. ആരാണീ പരിചയസമ്പന്നന്മാർ? സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി കടൽകിഴവന്മാരെപ്പോലെ ഭരണയന്ത്രത്തിന്റെ അധികാരം ഉപയോഗിച്ച് എല്ലാ നന്മകൾക്കും എതിരുനിൽക്കുന്ന ഈ പരിചയസമ്പന്നന്മാർ എത്ര കൂടുതൽ അധികാരത്തിൽനിന്നു പുറന്തള്ളപ്പെടുന്നുവോ അത്രയധികം രക്ഷയാണ് ഈ നാടിനുണ്ടാവുക. കാർഷിക മേഖലയും വ്യവസായമേഖലയും തകർന്നടിഞ്ഞ ഈ കാലഘട്ടത്തിൽ പെൻഷൻപ്രായം കൂടി ഉയർത്തി ആരെ രക്ഷിക്കാനാണ് ഈ കിഴട്ടു ബ്യൂറോക്രാറ്റുകളുടെ പ്ലാനിംഗ്?

പി.കെ.വിനയചന്ദ്രൻ
കോട്ടയം

വസ്തുതകൾക്ക് നിരക്കാത്തത്

പെൻഷൻപ്രായം ഉയർത്തുന്നതുവഴിയുണ്ടാകുന്ന പ്രയോജനങ്ങളെക്കുറിച്ച് ഡിസംബർ 28-ാം തീയതിയിലെ ലക്കത്തിൽ എഴുതിയിരിക്കുന്ന ലേഖനം വസ്തുതകൾക്ക് നിരക്കാത്തതാണ്. ഓരോ വർഷവും പെൻഷൻകാർക്ക് നൽകാനുള്ള നിലവിലുള്ള 1774 കോടി രൂപ പെൻഷൻപ്രായം കൂടുന്നതുകൊണ്ട് ഗ്രാറ്റിവിറ്റി, കമ്മ്യൂട്ടേഷൻ മുതലായ ഇനത്തിൽ ഇപ്പോൾ കൊടുക്കുന്ന തുകയേക്കാൾ വലിയ സംഖ്യ അപ്പോൾ കൊടുക്കേണ്ടിവരും. മാത്രമല്ല, പ്രതിമാസ പെൻഷൻ വിരമിക്കുന്ന സമയത്ത് വർദ്ധിക്കുന്നതാണ്. ലേഖകൻ പ്രതിപാദിക്കുംപോലെ 26380 രൂപ പ്രതിമാസം ശമ്പളം കിട്ടുന്ന ചീഫ് എൻജിനീയറുടെ പ്രതിമാസം പെൻഷൻ 10817 രൂപയും കമ്മ്യൂട്ടേഷൻ, ഗ്രാറ്റിവിറ്റി മുതലായവയുടെ മൊത്തം തുകയായ 9.97 ലക്ഷം രൂപയുടെ പലിശയും ചേർത്താൽ എങ്ങനെയാണ് സർക്കാരിന് 316560 രൂപയാകുന്നത് എന്നു മനസ്സിലാകുന്നില്ല. ഇൻകംടാക്സ് മുതലായ കാര്യങ്ങൾ ഇതിൽ പ്രതിപാദിച്ചിട്ടില്ല. മാത്രമല്ല, ഇപ്പോൾ വിരമിക്കുന്ന ജീവനക്കാർക്ക് ആനുകൂല്യം ലഭിക്കാൻ പരമാവധി ഒരു വർഷം മുതൽ രണ്ടുവർഷംവരെ സമയം എടുക്കുന്നുണ്ട്. ഇതുകാരണം പലിശയിനത്തിൽ ഗവൺമെന്റിന് വലിയ സംഖ്യയാണ് ലഭിക്കുന്നത്. കൂടാതെ, വിരമിക്കുന്ന തസ്തികകളിൽ യഥാസമയം പ്രമോഷൻ കൊടുക്കാതെയും പുതിയ നിയമനങ്ങൾ നടത്താതെയും വലിയ തുക ലാഭിക്കുന്നുണ്ട്.

വ്യവസായങ്ങളും, കച്ചവടങ്ങളും പ്രൈവറ്റ് മേഖലയിലെ ജോലിസാദ്ധ്യതകളും എല്ലാംതന്നെ വളരെ മോശപ്പെട്ട നിലയിലാണ്. ഇങ്ങനെയുള്ള ഈ സാഹചര്യത്തിൽ ഗവൺമെന്റ് ജോലിസാദ്ധ്യത ഒരു കച്ചിത്തുരുമ്പായാണ് സാധാരണ യുവജനങ്ങൾ കാണുന്നത്. ഇപ്പോഴത്തെ സാഹചര്യത്തിൽ, പെൻഷൻ പ്രായം കൂട്ടുന്നതുകൊണ്ട് തൽക്കാലം ലഭിക്കുന്ന തുക കൊണ്ട് 50 ലക്ഷം തൊഴിൽരഹിതരുള്ള സംസ്ഥാനത്ത് പതിനായിരം പേർക്കെങ്കിലും സ്ഥിരമായ തൊഴിൽ കൊടുക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല. മാത്രമല്ല, ഇപ്പോൾ സർവ്വീസിൽനിന്നും വിരമിക്കുന്ന മിക്ക ജീവനക്കാരും ചെറുപ്പംമുതലേ സർവ്വീസിൽ കയറിയവരും മുപ്പതുവർഷത്തിനുമേൽ സർവ്വീസ് ഉള്ളവരുമാണ്. അതുകൊണ്ട് പരമാവധി സർവ്വീസ് മുപ്പതുവർഷമോ അമ്പത്തഞ്ച് വയസ്സോ ഏതാണ് കൂടുതൽ അതനുസരിച്ച് പെൻഷൻപ്രായം നിർണ്ണയിക്കേണ്ടതാണ്.

കെ.അജിത്
അമരവിള

മലർപൊടിക്കാരന്റെ സ്വപ്നം

വർഷംതോറും 300 കോടി രൂപ വീതം മൂന്നുവർഷത്തേയ്ക്കുള്ള 900 കോടിയിൽ കണ്ണുനട്ടുകൊണ്ടുള്ളൊരു പ്രസ്താവനയാണ് റിട്ടയർമെന്റ് പ്രായം വർദ്ധിപ്പിക്കുന്നതാണ് നല്ലതെന്ന അനുമാനത്തിലൂടെ പുറത്തുവന്നിരിക്കുന്നത്- ഇതൊരു മലർപ്പൊടിക്കാരന്റെ സ്വപ്നമാണെങ്കിലും! പ്രതിവർഷം 25000 പേരെ റിട്ടയർ ചെയ്യുന്നുള്ളുവെന്ന് ഉമ്മൻചാണ്ടിയും അതല്ല 75000 പേരാണ് റിട്ടയർ ചെയ്യുന്നതെന്ന് ഉമ്മൻചാണ്ടിയുടെതന്നെ പാർട്ടിയിൽപ്പെട്ട ചെറുപ്പക്കാരായ എം.എൽ.എമാരും പറയുന്നു. ഇപ്പറയുന്നത് രണ്ടും അംഗീകരിച്ചാൽപോലും ഇവർക്കു കൊടുക്കേണ്ട റിട്ടയർമെന്റ് ആനുകൂല്യങ്ങൾ 300 കോടി വരില്ലെന്നുള്ളതാണ് വസ്തുത. മാത്രമല്ല, മുൻപ് റിട്ടയർ ചെയ്തവർക്കുപോലും അർഹതപ്പെട്ട ആനുകൂല്യങ്ങൾ ഘട്ടംഘട്ടമായാണ് നൽകുന്നതുപോലും. ഇത് മൂന്നു വർഷംകൂടി നീട്ടിയാലാകട്ടെ, നിലവിലുള്ള ശമ്പളസ്കെയിലിൽ വർഷംതോറുമുള്ള ഇംക്രിമെന്റ് തുകയും ക്ഷാമബത്തയും മൂന്നുവർഷത്തിനുശേഷമുള്ള കമ്മ്യൂട്ടഡ് തുകയും ഗ്രാറ്റ്വിറ്റി തുകയിലുള്ള വർദ്ധനയും പെൻഷനിൽ വരാവുന്ന അധികത്തുകയും അതിന് ആനുപാതികമായുള്ള ക്ഷാമാശ്വാസവുമെല്ലാം കണക്കാക്കിയാൽ 'വെളുക്കാൻ തേച്ചത് പാണ്ടാ'യി മാറിയ അനുഭവമായിരിക്കും സംഭവിക്കാൻ പോകുന്നത്.

ഇനി മറ്റൊന്ന്. ഗവർണ്ണർ ഭഗവാൻസഹായിയുടെ കാലത്ത് സർക്കാർ ജീവനക്കാരുടെ പെൻഷൻപ്രായം 58 വയസ്സാക്കി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഗവർണ്ണർ ഭരണാനന്തരം അധികാരത്തിൽ വന്ന ഇ.എം.എസ് മന്ത്രിസഭ പഴയപടിതന്നെ പെൻഷൻപ്രായം 55 വയസ്സാക്കി. അക്കാലത്ത് വലിയ സാമ്പത്തിക പ്രതിസന്ധിയൊന്നും സർക്കാരിനെ അലട്ടിയിരുന്നില്ല. തൊഴിലില്ലായ്മയും ഇന്നത്തെപ്പോലെ രൂക്ഷമായിരുന്നില്ല. ഇന്നിപ്പോൾ 45 ലക്ഷത്തോളം തൊഴിലർത്ഥികളാണത്രെ കേരളത്തിലെ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിലും പ്രതീക്ഷിച്ചിരിക്കുന്നത്! ഇത്രയുംപേർക്ക് തൊഴിലൊന്നും നൽകാൻ കഴിയാതുഴലുന്ന ഒരു സർക്കാരിന് എന്തിനാണിവരുടെയൊക്കെ പേരെഴുതി സൂക്ഷിക്കാൻ മാത്രം ശമ്പളം കൊടുത്ത് എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകൾ നിലനിർത്തുന്നത് എന്ന് ഈയിടെ വകുപ്പുമന്ത്രിപോലും ന്യായമായൊരു ചോദ്യം ചോദിക്കുകയുണ്ടായി. ഇതിനിടയ്ക്കാണ് മൂന്നുവർഷത്തേയ്ക്കുള്ള നിയമനനിരോധനവും (സർക്കാർ നിഷേധിക്കുമെങ്കിലും അനുഭവം ഇതാണ്.) റിട്ടയർമെന്റ് പ്രായം നീട്ടിയേക്കാമെന്ന അഭ്യൂഹത്തിലൂടെയുള്ള ആശങ്കയും!

എം.എൻ.വി.നായരുടെ മറ്റൊരു നിഗമനംകൂടി നാം ശ്രദ്ധിച്ചേ പറ്റൂ. ''ഉദ്യോഗസ്ഥർ വിരമിക്കുകയും പുതിയ ആളുകളെ നിയോഗിക്കുകയും ചെയ്താൽ പെൻഷൻ ചെലവുകൂടാതെ ശമ്പളച്ചെലവും ഗവൺമെന്റിന് വഹിക്കേണ്ടിവരും. അതിനാൽ പെൻഷൻപ്രായം ഉയർത്തുകവഴി സർക്കാരിന് ചെലവ് ഗണ്യമായ രീതിയിൽ കുറയ്ക്കാൻ കഴിയും.'' റിട്ടയർമെന്റ് പ്രായം 58 ആക്കിയാൽ മൂന്നുകൊല്ലം കഴിഞ്ഞും 60 ആക്കിയാൽ അഞ്ചുകൊല്ലം കഴിഞ്ഞും പെൻഷനും ശമ്പളവും നൽകാതിരിക്കേണ്ട സ്ഥിതി വരില്ലല്ലോ. മാത്രമല്ല, വയസ്സ് നീട്ടിയാൽ റിട്ടയർമെന്റ് ആനുകൂല്യമേ തൽക്കാലം നൽകേണ്ടാത്തതായുള്ളു. ശമ്പളയിനത്തിലാകട്ടെ, ഇവർക്കൊക്കെ പുതുക്കക്കാരനേക്കാൾ നാലും അഞ്ചും ഇരട്ടിയിലേറെ നൽകേണ്ടതായും വരും. ഈ അവസരത്തിൽ ജനങ്ങളോട് പ്രതിബദ്ധതയും തൊഴിലർത്ഥികളോട് അനുകമ്പയുമുള്ള സർക്കാരിന് ചെയ്യാവുന്ന നല്ല കാര്യം ഇപ്പോഴത്തെ നില തുടരുക തന്നെയാണ്.

നടുവട്ടം രവീന്ദ്രൻ
നടുവട്ടം

ഡീനിന്റെ പതനം

സിലബസ് വിവാദത്തെക്കുറിച്ച് കേരള യൂണിവേഴ്സിറ്റി സോഷ്യൽ സയൻസ് ഡീനിന്റെ ലേഖനം വായിച്ചപ്പോഴുണ്ടായ അമ്പരപ്പും വേദനയും കൊണ്ടാണ് ഈ കത്തെഴുതുന്നത്. എം.എ. സിലബസ് പരിഷ്കരണത്തിന്റെ വർക്ക്ഷോപ്പിലും, വിവാദം ഉണ്ടായശേഷം വൈസ് ചാൻസലർ വിളിച്ചുചേർത്ത അടിയന്തിര ബോർഡുയോഗത്തിലും സിലബസ് പുനപരിശോധനയ്ക്ക് വിധേയമാക്കിയ മൂന്നു യോഗങ്ങളിലും പങ്കെടുത്ത സോഷ്യൽ സയൻസ് ഫാക്കൽറ്റി അംഗവും പോസ്റ്റ് ഗ്രാജ്വേറ്റ് ബോർഡ് അംഗവുമാണ് ഞാൻ. ഡീനിന്റെ ലേഖനം ഒരു യൂണിവേഴ്സിറ്റി പ്രൊഫസർക്ക് എത്രമാത്രം തരംതാഴാമെന്നതിന്റെ ഉദാഹരണമായി ഞാൻ കാണുന്നു. ശശിധരന്റെ ലേഖനത്തിൽ പറഞ്ഞിരുന്നതുപോലെ എല്ലാ തിരുത്തലുകളും വരുത്തിയശേഷം വസ്തുതകളെ വളച്ചൊടിച്ച് ഇങ്ങനെയൊരു ലേഖനം ഡീൻ എഴുതിയതിന് ഒരു ന്യായീകരണവുമില്ല. മാത്രമല്ല സിലബസ് പുനഃപരിശോധിച്ച കമ്മറ്റി അംഗങ്ങളെ മുഴുവൻ അവഹേളിക്കുന്നതുമായി പ്രസ്തുത ലേഖനം. ബോർഡ് ഓഫ് സ്റ്റഡീസിന്റെ തീരുമാനങ്ങളെ അവഹേളിക്കുന്ന ഇത്തരം ഒരു ലേഖനം എഴുതിയതിന് വൈസ് ചാൻസലർ അദ്ദേഹത്തോട് വിശദീകരണം ചോദിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

മലയാളത്തിന്റെ എഡിറ്റോറിയലിലും ശശിധരന്റെ രണ്ടു ലേഖനങ്ങളിലും പറഞ്ഞിരിക്കുന്ന വസ്തുതകൾ നൂറു ശതമാനവും ശരിയാണെന്ന് ഈ വിവാദത്തിലെ ഒരു കക്ഷി എന്ന നിലയിൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു. വർക്ക്ഷോപ്പിലെ ചർച്ചകൾക്കിടയിൽ ഗാന്ധിസത്തിന് എന്തു മെത്തഡോളജിയാണുള്ളതെന്ന് ഡീൻ ഞങ്ങളോട് നേരിട്ടു ചോദിക്കുകയായിരുന്നു. ശശിധരൻ എഴുതിയതുപോലെ ആ വർക്ക്ഷോപ്പിന് അജണ്ടയും മിനിറ്റ്സും ഉണ്ടായിരുന്നില്ല. ഒരു ഘട്ടത്തിൽ വർക്ക്ഷോപ്പിലെ ചർച്ചകൾ 'ചന്ത' നിലവാരത്തിലേക്ക് താഴുക വരെയുണ്ടായി. വിവാദം ഉണ്ടായശേഷം നടന്ന എല്ലാ ബോർഡ് മീറ്റിങ്ങുകളിലും പരിപൂർണ്ണമായും ഡീൻ സഹകരിക്കുകയും മാറ്റങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തിരുന്നു. എങ്കിലും അവസാന മീറ്റിങ്ങിൽ ഗാന്ധിജിയെ അവഹേളിക്കുന്ന തരത്തിൽ പരാമർശങ്ങൾ നടത്തി അദ്ദേഹം സ്വയം അപഹാസ്യനായി.

നമ്മുടെ ഉന്നത വിദ്യാഭ്യാസരംഗത്തിന്റെ തകർച്ചയുടെ ഒരു ചിത്രമാണ് ഈ വിവാദം. സിലബസ്സിലും തങ്ങളുടെ രാഷ്ട്രീയ താല്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി നടത്തുന്ന നീചമായ ഇത്തരം ശ്രമങ്ങളെ ജനങ്ങളുടെ മുന്നിലെത്തിച്ച മലയാളത്തിന് നന്ദി രേഖപ്പെടുത്തട്ടെ.

ഡോ. ആർ.കെ. സുരേഷ്കുമാർ
റീഡർ, ഗവ. ആർട്സ് കോളേജ്,
തിരുവനന്തപുരം

ആര്യ അന്തർജ്ജനം (1921-2002)

ഇ.എം.എസ്സിന്റെ രാഷ്ട്രീയ ജീവിതത്തിൽ ജീവസ്പന്ദനമായും താങ്ങായും ജീവിച്ച ആര്യാ അന്തർജ്ജനം എൺപതാം വയസ്സിൽ അന്തരിക്കുമ്പോൾ. ലോകമറിഞ്ഞ ഒരു കമ്മ്യൂണിസ്റ്റ് നേതാവിന്റെ ജീവിതത്തിലെ ഉയർച്ചതാഴ്ചകളെ, സന്തോഷസന്താപങ്ങളെ, അടുത്ത് അനുഭവിച്ചറിഞ്ഞ ചരിത്രസാക്ഷിയാണ് കാലയവനികയ്ക്കുള്ളിൽ മറഞ്ഞത്. ഒരിന്ത്യൻ കമ്മ്യൂണിസ്റ്റിന്റെ ഓർമ്മക്കുറിപ്പുകൾ എന്ന ആത്മകഥയിൽ ഇ.എം.എസ് തന്റെ ജീവിതത്തിലേക്ക് ആര്യാ അന്തർജ്ജനം കടന്നുവന്നതിനെപ്പറ്റി പറയുന്നുണ്ട്. അറുപതാം വയസ്സിൽ അമ്മ മരിച്ചതിനുശേഷം പതിനഞ്ചുമാസം കഴിഞ്ഞ് തന്റെ ജീവിതത്തിലേക്കു കടന്നുവന്ന ആര്യയ്ക്ക് ഇ.എം.എസ്സിനെക്കാൾ പന്ത്രണ്ടുവയസ്സ് കുറവുണ്ടായിരുന്നു. വിവാഹത്തിനു മുൻപ് താൻ ഏറെ സ്നേഹിച്ച തന്റെ അമ്മയെയും അമ്മയുടെ മരണശേഷം തന്റെ ജീവിതത്തിലേക്കു കടന്നുവന്ന ആര്യയെയും മുൻനിർത്തി ആരാണ് ഏറെ ദുഃഖിച്ചിട്ടുള്ളവർ എന്ന് ആ ആത്മകഥയിൽത്തന്നെ തിരിഞ്ഞുനോക്കുന്നുണ്ട്. തന്റെ ജീവിതത്തെ ഏറെ സ്വാധീനിച്ച ഈ രണ്ടു സ്ത്രീകളിൽ ആര്യ തന്നെയാണ് ഏറെ കടപ്പാടുകളും ദുഃഖങ്ങളും നേരിട്ടതെന്ന് ഇ.എം.എസ് തന്നെ കണ്ടെത്തുന്നു. ഇ.എം.എസ്സിന്റെ ഈ കണ്ടെത്തൽ തന്നെയായിരുന്നു ശരി എന്ന് ആര്യയുടെ ജീവിതം തന്നെ നമ്മോടു പറയുന്നുണ്ട്.

കോട്ടയം ജില്ലയിൽ കുടമാളൂർ ഇല്ലത്ത് രാമൻ ഭട്ടതിരിപ്പാടിന്റെയും നീലി അന്തർജ്ജനത്തിന്റെയും മകളായി 1921-ൽ ജനിച്ച ആര്യ അന്തർജ്ജനം 1937-ലാണ് ഇ.എം.എസ്സിനെ വിവാഹം കഴിച്ചത്. നമ്പൂതിരി സമുദായത്തിനുള്ളിലെ കലാപത്തിന്റെ നാളുകളായിരുന്നു അത്. കലാപത്തിന്റെ ജ്വാല ഏലംകുളം മനയിൽ കൊളുത്തിയ ഇ.എം.എസ്സിനെ തറവാടിന്റെ പടിയിൽ പിണ്ഡം വയ്ക്കാൻ കാരണവന്മാർ ഉറച്ചകാലം. അന്നാണ് ഉല്പതിഷ്ണുക്കളായ പോരാളികളുടെ നിർബന്ധത്തിൽ കുടമാളൂർ ഇല്ലത്തുനിന്നും ആര്യാ അന്തർജ്ജനത്തെ വിവാഹം കഴിക്കാൻ തീരുമാനിച്ചത്. ഭാരതം സ്വാതന്ത്ര്യസമരത്തിന്റെ തീച്ചളയിൽ തിളച്ചുമറിയുന്ന കാലം കൂടിയായിരുന്നു. തന്റെ ജീവിതം അത്രമേൽ ശാന്തമായിരിക്കില്ല എന്ന ബോധം ഇ.എം.എസ് ആര്യയ്ക്കു പകർന്നുനൽകിയിരുന്നു.

1948-52 കാലം. ഇ.എം.എസ് ഇരുപത്തിയേഴുമാസത്തെ ഒളിവുജീവിതത്തിൽ. അക്കാലമത്രയും ഭാര്യയെയോ മകളെയോ ഒരുനോക്കുകാണാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല. ഇതിനിടയിൽ ഒരു തവണ മാത്രം ഒരു കത്തെഴുതാൻ കഴിഞ്ഞു. അക്കാലമെല്ലാം തന്റെ ഭർത്താവു ജീവിച്ചിരിക്കുന്നുവോ എന്ന വേവലാതിയിലായിരുന്നു ആര്യ. ഒരുതരത്തിൽ മനസ്സിന് തീ പിടിച്ച ദിവസങ്ങൾ. ഇ.എം.എസ് തിരിച്ചുവന്നപ്പോഴാകട്ടെ അദ്ദേഹത്തെ ഒരു വാക്കുകൊണ്ടുപോലും കുറ്റപ്പെടുത്താൻ അവർ മുതിർന്നില്ല. അത്രമേൽ, ഒരു കമ്മ്യൂണിസ്റ്റിന്റെ കൂടെയുള്ള ജീവിതം എന്തായിരിക്കുമെന്ന് അതിനോടകം അവർ തിരിച്ചറിഞ്ഞുകഴിഞ്ഞിരുന്നു.

ഇ.എം.എസും ആര്യയും

കോഴിക്കോടും ബോംബെയിലും ഇ.എം.എസ്സിനോടൊപ്പം പാർട്ടി കമ്മ്യൂണുകളിൽ കഴിയവേയാണ് ആര്യ സാമൂഹ്യബോധത്തിന്റെ പാഠങ്ങൾ ആദ്യമായി പഠിച്ചത്. ദുരിതങ്ങൾ നിറഞ്ഞതായിരുന്നുവെങ്കിലും എല്ലാവരും ഒരുപോലെ കഴിഞ്ഞിരുന്ന കമ്മ്യൂൺ ജീവിതത്തിന്റെ പാഠങ്ങൾ ആര്യയുടെ ജീവിതത്തെ അവസാനം വരെ സ്വാധീനിച്ചിരുന്നു. 1957-ൽ ഭർത്താവ് മുഖ്യമന്ത്രിയായിരിക്കുമ്പോഴും ദീർഘകാലം പാർട്ടി സെക്രട്ടറിയായിരുന്ന ഭർത്താവിനോടൊപ്പം കഴിഞ്ഞപ്പോഴും ലാളിത്യം നിറഞ്ഞ ജീവിതമായിരുന്നു ആര്യയുടേത്. കേരളത്തിലെ സാധാരണക്കാരായ കമ്മ്യൂണിസ്റ്റുകൾക്കാകട്ടെ ആര്യ അമ്മയായിരുന്നു. പ്രസ്ഥാനത്തിന്റെ വളർച്ചയിൽ നിശ്ശബ്ദം പ്രവർത്തിച്ച അമ്മ ഒരുപക്ഷേ ആര്യയുടെ സഹായമില്ലായിരുന്നുവെങ്കിൽ ഇ.എം.എസിന് ഇത്ര സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുമായിരുന്നില്ല. ഇ.എം.എസ്സിനോടൊപ്പമുള്ള ജീവിതത്തിലുടനീളം യാതൊരു പരിഭവങ്ങളുമില്ലാതെ അദ്ദേഹത്തെ അനുധാനം ചെയ്ത അവർ അദ്ദേഹത്തിന്റെ മരണശേഷം വളരെ ദുഃഖിതയായിരുന്നു. മരിക്കുന്നതുവരെ ആ ഓർമ്മകളും പേറിയാണ് അവർ ജീവിച്ചത്. കേരളത്തിന്റെ ചരിത്രത്തിൽ ഇ.എം.എസ്സിനെ ഓർമ്മിക്കുന്നവർ ആര്യ അന്തർജ്ജനത്തെയും ഓർമ്മിക്കും. ■

സജി ജെയിംസ്

സമകാലിക മലയാളം വാരിക
എല്ലാ വെള്ളിയാഴ്ചയും അക്ഷരത്തിന്റെ വെളിച്ചം
പുസ്തകം അഞ്ച്; ലക്കം മുപ്പത്തിആറ്
2002 ജനുവരി 11 : 1177 ധനു 27

പത്രാധിപർ
എസ്. ജയചന്ദ്രൻ നായർ
ചിത്രമെഴുത്ത്: **നമ്പൂതിരി**
സ്ഥിരം പംക്തികൾ
സാഹിത്യം : **എം. കൃഷ്ണൻനായർ**
സംസ്കാരം : **ഒ.വി. വിജയൻ**
പത്രാധിപ സമിതി
എം.വി. ബെന്നി, എൻ.ജെ. ഗിരീഷ്
ബിന്ദു കെ. പ്രസാദ് (ഗവേഷണം)
സജി ജെയിംസ്

സ്വന്തം ലേഖകന്മാർ
എം. ശങ്കർ (തിരുവനന്തപുരം)
ജോണി എം.എൽ. (ന്യൂഡെൽഹി)
അക്കിത്തം നാരായണൻ (പാരിസ്)
ഉണ്ണി നാരായണൻ നമ്പൂതിരി (ലണ്ടൻ)
കെ. മോഹനചന്ദ്രൻ (ടെക്സാസ്)
മുസാഫിർ (ഗൾഫ്)
രൂപകല്പന
നാരായണ ഭട്ടതിരി,
ഷാജൻ സി. കുമാർ, കെ. ഗോപകുമാർ
റീജണൽ മാനേജർ : **എച്ച്.വി.ഡി. പ്രസാദ്**
മാനേജർ : **കെ. ദാമോദരൻ**
സീനിയർ സെയിൽസ് മാനേജർ :
ബി. കൃഷ്ണകുമാർ
സീനിയർ ബിസിനസ് മാനേജർ :
സുനിൽ നമ്പ്യാർ
സീനിയർ പ്രസ് സൂപ്രണ്ട് :
കുരിയാസ് എൻ. ചാക്കോ
ന്യൂ ഇന്ത്യൻ എക്സ്പ്രസ് ഗ്രൂപ്പ് പ്രസിദ്ധീകരണം.
A New Indian Express Group Publication
Express House, Kaloor, Kochi - 682 017
Phone : 402220, 400667. Fax : 0484-401799
Web Site: http://www.malayalamvarikha.com
Chairman of the Board
Manoj Kumar Sonthalia
Editorial Advisor: **T.J.S George**
Director (Finance): **R. Srinivasan**
Vice President (Mktg): **Vinod Kumar**
General Manager (PAP): **M.G. Balakrishnan**
General Manager (Technical): **K. Nanda Kumar**

Space Marketing Offices:
Bangalore: **R. Sureshkumar**
Phone : 2860959. Fax : 080-2866617
Bhubaneswar: **Prasanna Panda**
Phone : 535274. Fax : 0674-535634
Calcutta: **Aloka Kapur**
Phone : 2430857. Fax : 033-2205814
Chennai: **Lakshmi Menon**
Phone : 8522514. Fax : 044-8524500
Delhi: **Avnish Singh**
Phone : 4327912. Fax : 011-4317907
Hyderabad: **A.N. Chatterjee**
Phone : 3413910/3413912. Fax. 040-3413909
Kochi:
Phone : 400218. Fax. 0484-401799
Mumbai: **Kiran Joseph**
Phone : 2886540. Fax. 022-2886954

Samakalika Malayalam Vaarika
Printed and published by H.V.D. Prasad,
on behalf of Express Publications (Madurai) Ltd.,
at Express Press, Kaloor, Kochi - 17, Kerala
Editor : **S. Jayachandran Nair**
55, Vrindavan Colony,
Pattom, Trivandrum - 4

പ്രാപ്പിടിയന്മാരുടെ ഭരണമോ?

ആന്ധ്ര മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു അവകാശപ്പെടുന്നത്, അദ്ദേഹം ആന്ധ്ര എന്ന കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നാണ്. അത്തരമൊരവകാശം കേരളത്തിന്റെ മുഖ്യമന്ത്രി എ. കെ. ആന്റണി ഉന്നയിക്കേണ്ടതില്ല. എന്നാൽ കേരളത്തിലെ ജനങ്ങളുടെ ഭാഗധേയം നിർണ്ണയിക്കുന്നതിൽ അതിപ്രധാനമായ പങ്കാണ് തനിക്കുള്ളതെന്നെങ്കിലും അദ്ദേഹം അവകാശപ്പെടണം. അല്ലാതെ സെക്രട്ടേറിയറ്റിൽ വരുന്ന നൂറ്റുകണക്കിനു എൻ.ജി.ഒമാരെപ്പോലെ ചോറ്റുപൊതിയും കെട്ടി വന്ന്, ഞാനൊരു പാവമാണേ, എനിക്കിരിക്കാൻ ഇത്തിരി സ്ഥലം തരണേയെന്ന് അഭ്യർത്ഥിക്കുകയല്ല വേണ്ടത്. ജനങ്ങളുടെ നെഞ്ചിൽക്കേറി ഓടിയിരുന്ന കരുണാകരൻ ആവണ്ട അദ്ദേഹം. ഓന് ഒന്നുമറിയില്ലെന്ന് പറയുകയും വട്ടപ്പൂജ്യമാണെന്ന് സ്വയം തെളിയിക്കുകയും ചെയ്ത നായനാരുമാകണ്ട. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി വരയ്ക്കുന്ന വരയ്ക്കപ്പുറം ശിരസ്സുയർത്തി നോക്കാതിരുന്ന ഇ.എം.എസ്സുമാകണ്ട. പക്ഷേ അദ്ദേഹത്തിന് അച്യുതമേനോനെപ്പോലെയാകാം. അതിനുള്ള ധൈഷണിക പ്രാപ്തി ഉണ്ടോ എന്ന ചോദ്യം അവിടെ നിൽക്കട്ടെ. അതിനായി പരിശ്രമിക്കുകയെങ്കിലും ആന്റണിക്കു ചെയ്യാമല്ലോ.

ആന്റണി ആരെയൊക്കെയോ പേടിക്കുന്നു. കരുണാകരനെയാണോ? ഉമ്മൻചാണ്ടിയെയാണോ? സുധീരനെയാണോ? അതോ അഴിമതിക്കാരായ സഹപ്രവർത്തകരെയോ? അവരൊന്നുമല്ല ആന്റണിയെ മുഖ്യമന്ത്രിയാക്കിയത്. അതുകൊണ്ടുതന്നെ, അവരുടെ തലയ്ക്കു മുകളിലൂടെ നോക്കാൻ അദ്ദേഹം ബാദ്ധ്യസ്ഥനാണ്. ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവിനെയും ഇന്ദിരാഗാന്ധിയെയും ഇവിടെ സ്മരിക്കാവുന്നതാണ്. പലപ്പോഴും സംഘടനയും സംഘടനാ നേതാക്കളും അവരെ പിടിച്ചുനിറുത്താൻ ശ്രമിച്ചിരുന്നു. സർദാർ പട്ടേലും ടാണ്ഡനും സിബി ഗുപ്തയും പിന്നീട് ധേബറും നിജലിംഗപ്പയുമെല്ലാം ഈവിധം യത്നിച്ചവരാണ്. പക്ഷേ അവരുടെ ശിരസ്സിനു മുകളിലൂടെ നോക്കാൻ നെഹ്റുവിനും ഇന്ദിരാഗാന്ധിക്കും സാധിച്ചു. അതിന് അവരെ പ്രാപ്തരാക്കിയത്, അവരുടെ വിഷനാണ്. അങ്ങനെ സംഘടനയ്ക്കും സംഘടനാ നേതാക്കൾക്കും അതീതമായി നോക്കാനുള്ള വിഷൻ ആന്റണിക്കുണ്ടാവണം. എങ്കിൽ മാത്രമേ അദ്ദേഹത്തിന് ഒരു ഭരണാധികാരിയാവാനാവൂ. പക്ഷേ, ദൗർഭാഗ്യമെന്നു പറയട്ടെ, അത്തരമൊരു വിഷൻ തനിക്കില്ലെന്ന ദയനീയസത്യം ഓരോ ദിവസവും അദ്ദേഹം തെളിയിച്ചുകൊണ്ടിരിക്കുകയാണ്.

നാല്പത്തഞ്ചുലക്ഷം പേർക്ക് കുടിവെള്ളം കിട്ടുന്നതായിരുന്നു ജപ്പാന്റെ ധനസഹായപദ്ധതി. ഗവൺമെന്റാശുപത്രിയിലെ കിടക്ക പോലും സ്വകാര്യക്കാരന് വിട്ടുകൊടുക്കുമെന്നു പറയുന്ന ആന്റണി, ആരോ ഏതോ ആരോപണം ഉന്നയിച്ചപ്പോൾ ആ പദ്ധതി ഉപേക്ഷിച്ചു. ആരെപ്പേടിച്ചാണ്? സ്വന്തം ഇമേജ് കളങ്കപ്പെടുമെന്ന ഭയമായിരുന്നോ? ആരോപണത്തെ നേരിടാനുള്ള ദൃഢചിത്തതയില്ലാതെ പോയതല്ലേ കാരണം? കഴിഞ്ഞ ദിവസങ്ങളിൽ പൊങ്ങിവന്ന മറ്റൊരാരോപണം കോഴിക്കച്ചവടത്തെപ്പിടിച്ചായിരുന്നു. ദിനപത്രങ്ങളിൽ ആഴ്ചകളോളം ഈ ആരോപണം പല രൂപത്തിൽ നിറഞ്ഞുനിന്നപ്പോൾ ആന്റണി എവിടെയായിരുന്നു? ആരോപണവിധേയനായ ധനമന്ത്രി ശങ്കരനാരായണനെ പ്രശ്നം കൈകാര്യം ചെയ്യാൻ വിട്ടുകൊണ്ട് ധാർമ്മികതയുടെ കുപ്പായമിട്ട ആന്റണി അപ്പോൾ മറന്നുപോയത്, അദ്ദേഹം മുഖ്യമന്ത്രിയാണെന്ന യാഥാർത്ഥ്യമാണ്. സഹമന്ത്രിമാരുടെ പ്രവർത്തനങ്ങൾ അറിയുകയെന്നത് ഒരു മുഖ്യമന്ത്രിയുടെ ചുമതലയാണ്. ആന്റണി വെറും മുഖ്യമന്ത്രിയല്ല; ആഭ്യന്തരമന്ത്രി കൂടിയാണ്. ആരോപണങ്ങളുടെ നിജസ്ഥിതി അറിയാൻ അദ്ദേഹത്തിനു മണിക്കൂറുകൾ മതി. എന്നിട്ടും എല്ലാം മുറപോലെ മുന്നോട്ടു പോകുമെന്ന് പറയുന്നത്, മിതമായി പറഞ്ഞാൽ, കഴിവുകേടാണ്. ഇതെല്ലാം അറിയാനുള്ള ആളാണ് മുഖ്യമന്ത്രി. അതിനു സാധിക്കുന്നില്ലെങ്കിൽ അങ്ങനെയൊരു മുഖ്യമന്ത്രിയെക്കൊണ്ട് ആർക്ക് എന്തു ഗുണം?

കോഴയെക്കാൾ വൃത്തികെട്ട ആരോപണമാണ് രണ്ടു മന്ത്രിമാർക്കെതിരെ വനിതാ കമ്മീഷനിൽ എത്തിയിരിക്കുന്നത്. ആദർശനിഷ്ഠരായ മന്ത്രിമാരെ തേജോവധം ചെയ്യാനുള്ള ഇഗുപ്സാവഹമായ ഗൂഢാലോചനയാണിതെന്നു പറഞ്ഞ് ആർക്കു വേണമെങ്കിലും കൈകഴുകാം. പത്തോ പതിനഞ്ചോ വർഷത്തെ പഴക്കമുള്ളതാണിതെന്ന് ചൂണ്ടിക്കാട്ടി ആരോപണത്തിന്റെ അന്തസ്സാരശൂന്യതയെ പൊക്കിപ്പിടിക്കാനും സാധിക്കും. പരസ്യമായി പേരെടുത്തുപറഞ്ഞ രണ്ടുപേർക്കു പുറമെ, മന്ത്രിസഭയിൽ പ്രാപ്പിടിയന്മാരുണ്ടെന്നത് ജനങ്ങൾ കരുതുന്നുമുണ്ട്. ഇതൊന്നും ആന്റണി അറിയുന്നില്ലെന്നാണോ ജനങ്ങൾ വിശ്വസിക്കേണ്ടത്? അതോ അറിഞ്ഞിട്ടും അറിയുന്നില്ലെന്ന് അദ്ദേഹം ഭാവിക്കുന്നതാണോ?

സത്യവും ധർമ്മവും ആദർശ ദൈവങ്ങളായി കരുതുന്ന നേതാവാണ് ആന്റണി. അങ്ങനെയുള്ള ഒരു ഭരണാധികാരിയാവുമ്പോൾ, തീർച്ചയായും ആ വിശ്വാസങ്ങൾ പ്രവൃത്തിയിൽ പ്രതിഫലിക്കണം. പക്ഷേ, ഇവിടെ അങ്ങനെയൊന്നും സംഭവിക്കുന്നില്ല. അതല്ല, നേരും നെറിയുമാണ് കാംക്ഷിക്കുന്നതെങ്കിൽ ആരോപണവിധേയരായവരോട് അന്വേഷണം നേരിടാൻ പറയാം. അന്വേഷണം തീരുംവരെ മന്ത്രിസഭയിൽ നിന്നും മാറിനിൽക്കാൻ ആവശ്യപ്പെടാം. ആരോപണം കളവാണെങ്കിൽ ആരോപണകർത്താവിനെ ശിക്ഷിക്കാനുള്ള നടപടികളെടുക്കാം. ഇതൊക്കെയാണ് ഒരു ഭരണാധികാരിയിൽ നിന്നുണ്ടാകേണ്ടത്. ചെറിയൊരു അഭിപ്രായ വ്യത്യാസത്തിന്റെ പേരിൽ (ഗൗഹട്ടി സമ്മേളനം ഓർക്കാം) ഇരുപത്തെട്ടുമാസത്തെ ഭരണത്തിനുശേഷം ഇറങ്ങിപ്പോകാൻ ധീരത കാണിച്ച ആന്റണി രാഷ്ട്രീയ വനവാസത്തിനൊന്നും പോയില്ല. മറിച്ച് ആദർശ പരിമളത്തോടെ അദ്ദേഹം കൂടുതൽ കൂടുതൽ ഉയരത്തിലേക്ക് പോയതേയുള്ളൂ. അങ്ങനെയുള്ള ഒരാളിൽ നിന്നല്ലേ, നിശിതമായ നടപടികൾ പ്രതീക്ഷിക്കാനാവൂ. കരുണാകരനോ മറ്റേതെങ്കിലും കോൺഗ്രസ് നേതാവോ മുഖ്യമന്ത്രിയായിരുന്നെങ്കിൽ, അവരുടെ ഭരണത്തിൽ ഇതൊക്കെ സംഭവിക്കുമെന്നായിരിക്കും ആളുകൾ കരുതുക.

ആരോപണ വിധേയരായവരുടെ വിശദീകരണമാണ്, കൂടുതൽ ഗർഹണീയമായിട്ടുള്ളത്. ആരോപണകർത്താവായ സ്ത്രീ മറ്റൊരു മന്ത്രിയുടെയും പേരു പറഞ്ഞിട്ടില്ല. ഈ രണ്ടു മന്ത്രിമാരെ നശിപ്പിക്കാൻ മാത്രമായി, സ്വന്തം ജീവിതത്തിന്റെ അസ്തിത്വത്തെ ഇല്ലാതാക്കാൻ ഒരു സ്ത്രീ മുതിരുമോ? എങ്കിൽ ആ സ്ത്രീ മനുഷ്യവംശത്തിൽ പെട്ടതായിരിക്കില്ല.

പ്രശ്നങ്ങളെ ലളിതമാക്കാൻ ആർക്കും കഴിയും. അതുണ്ടാക്കുന്ന ക്ഷോഭങ്ങളെ ഇല്ലാതാക്കാനാവില്ല. താൻ കാരണം, ഭരണകൂടത്തിന് ക്ഷതമുണ്ടാകുമെന്നു വരുമ്പോൾ ആ കുറ്റം സ്വയമേറ്റെടുത്ത് രംഗത്തുനിന്നും നിഷ്ക്രമിക്കാൻ തയ്യാറാകുന്നതാണ് മാന്യത. മാന്യതയുള്ള അത്തരക്കാർ ഇല്ലെന്നാണ് ഈ സംഭവങ്ങൾ കാണിക്കുന്നത്. നിയമത്തിന്റെ തണലിൽ രക്ഷപ്പെടാൻ സാധിച്ചെന്നുവരും. എന്നാൽ സമൂഹത്തിന്റെ മനസ്സാക്ഷിയുടെ മുൻപിൽ? ഈ ചോദ്യത്തിന് ആദ്യം ഉത്തരം നൽകേണ്ടത് മുഖ്യമന്ത്രിയെന്ന നിലയ്ക്ക് ആന്റണിയാണ്. രണ്ടാമത് ആരോപണവിധേയരായവർ. അവർക്കൊന്നും അതിനു കഴിയുന്നില്ലെങ്കിൽ, പ്രാപ്പിടിയന്മാരുടെ ഭരണമാണോ ഇതെന്ന് ചോദിച്ചാൽ, ആർക്ക് അവരെ കുറ്റപ്പെടുത്താനാവും? ■

സംഭാഷണം

അരുന്ധതിറോയിയുമൊത്ത് കുറച്ചുനേരം

എസ്.ജയചന്ദ്രൻനായർ

വർത്തമാനകാലത്തിൻെറ മനസ്സാക്ഷിയായ ഒരു എഴുത്തുകാരിയാണ് അരുന്ധതിറോയി

ഫ്രാൻസിലെ യൂണിവേഴ്സൽ കൾച്ചർ അക്കാദമിയുടെ പുരസ്കാര പ്രഖ്യാപനത്തിനു ശേഷമാണ്, അഫ്ഘാൻ യുദ്ധപശ്ചാത്തലത്തിൽ ഭീകരതയെക്കുറിച്ച് അരുന്ധതി റോയി ലേഖനമെഴുതുന്നത്. തന്റെ നിലപാട് അക്കാദമിക്ക് ഹിതകരമാവില്ലെന്ന വിശ്വാസത്തിൽ, സമ്മാനം പിൻവലിക്കുന്നതിൽ തനിക്ക് യാതൊരു വൈഷമ്യവുമില്ലെന്ന് അവർ അറിയിക്കുകയുണ്ടായി. ഏഴെട്ടുദിവസം കഴിഞ്ഞു. മറുപടിയൊന്നും ഉണ്ടായില്ല. ''ഏതാണ്ട് പത്തുദിവസം പിന്നിട്ടപ്പോൾ അവർ എഴുതി. യാതൊരു മാറ്റവുമില്ല തീരുമാനത്തിൽ. ഫ്രഞ്ചു പ്രസിഡന്റായിരിക്കും സമ്മാനം നൽകുന്നത്.'' അങ്ങനെ ഞാൻ ചടങ്ങിൽ പങ്കെടുക്കാനായി പാരീസിലേക്കു പോയി. പത്രപ്രതിനിധികളുമായി അതെപ്പറ്റി സംസാരിച്ചപ്പോഴും ഞാനെന്റെ നിലപാടും വിശ്വാസവും ആവർത്തിച്ചു. ഈ പുരസ്കാരം ഏർപ്പെടുത്തിയ ഇലി വീസലിന് എന്റെ നിലപാടിനോട് യോജിക്കാനായിരുന്നില്ലെന്ന് നേരത്തേ ഞാൻ അറിഞ്ഞിരുന്നതാണ്. പക്ഷേ അതൊന്നും എന്റെ തീരുമാനത്തെ ബാധിക്കുന്നതായിരുന്നില്ല. എന്റെ വിശ്വാസം, എന്റെ നിലപാട്, എന്റെ തീരുമാനം- ഞാനെന്തിന് അവയൊക്കെ മാറ്റണം?" അവർ ചോദിക്കുന്നു. അവരത് പറയുമ്പോൾ, നമ്മുടെ എഴുത്തുകാരിലും ബുദ്ധിജീവികളിലും ഇങ്ങനെയൊരു നിലപാടെടുക്കുന്ന എത്രപേരുണ്ടാകുമെന്ന് ഞാൻ ആലോചിച്ചു പോയി. (68,000 ഡോളറായിരുന്നു പുരസ്കാരത്തുക). പുരസ്കാരങ്ങൾ നേടിയെടുക്കാൻ നടക്കുന്ന നാണംകെട്ട കഥകൾ പലതും ഞാനോർത്തു. വിശിഷ്ടമായ ഒരു പുരസ്കാരം, അതും അന്തർദ്ദേശീയ തലത്തിൽ ഏറെ പ്രകീർത്തിക്കപ്പെടുന്ന ഒരു പുരസ്കാരം വേണ്ടെന്നു വയ്ക്കാൻ രണ്ടുവട്ടം ആലോചിക്കാത്ത ഒരു എഴുത്തുകാരിയുമായാണ് വർത്തമാനം പറയുന്നതെന്നോർത്തപ്പോൾ, മലയാളിയുടെ നാണമില്ലായ്മ അവിടെ നിറഞ്ഞുനിന്ന് നിശ്ശബ്ദമായി കൈകൊട്ടിച്ചിരിക്കുകയാണെന്നു തോന്നി.

നാസി തടങ്കൽപാളയത്തിൽ നിന്നും രക്ഷപ്പെട്ട ഇലി വീസലിന്റെ കഥ ആധുനിക കാലഘട്ടത്തിന്റെ ഇതിഹാസമാണ്. നോബൽ സമ്മാനാർഹനായ അദ്ദേഹം രൂപംകൊടുത്ത യൂണിവേഴ്സൽ അക്കാദമി ഓഫ് കൾച്ചേഴ്സിൽ മാർഗരറ്റ് അറ്റ്‌വുഡും സോൾബെല്ലോയും ഉമ്പർട്ടോ എക്കോയും ഇസ്മായിൽ കാദാറേയും അംഗങ്ങളാണ്. ചെക്ക് പ്രസിഡന്റും എഴുത്തുകാരനുമായ ഹാവലിനായിരുന്നു ആദ്യത്തെ സമ്മാനം. രണ്ടാമത്തെ പുരസ്കാരം അരുന്ധതി റോയിക്കും. രണ്ടുമാസംമുൻപ് സൊർബോൺ യൂണിവേഴ്സിറ്റിയിൽ നടന്ന സമ്മാനദാനച്ചടങ്ങിനെ പരാമർശിക്കവെ അരുന്ധതി പറഞ്ഞു: സമ്മാനദാനത്തിൽ നിന്നും ഇലി വീസൽ വിട്ടുനിൽക്കുമെന്ന് റിപ്പോർട്ടുകളുണ്ടായിരുന്നെങ്കിലും അദ്ദേഹം എത്തിയിരുന്നു. അമേരിക്കയുടെ യുദ്ധത്തെ ന്യായീകരിച്ച് അവിടെ അദ്ദേഹം സംസാരിക്കുകയും ചെയ്തു. അമേരിക്ക നേരിട്ട ഭീകരാക്രമണവും ആ ദുരന്തത്തിന്റെ മാനുഷികവശവുമെല്ലാം അപ്പോൾ അദ്ദേഹം പരാമർശിച്ചു. അമേരിക്കയുടെ ആധിപത്യരാഷ്ട്രീയത്തെപ്പറ്റി ഒന്നും പറഞ്ഞില്ല. അദ്ദേഹം അതിലേക്കൊന്നും പ്രവേശിച്ചതേയില്ല. എന്നാൽ ഫ്രഞ്ച് പത്രങ്ങൾ എന്റെ നിലപാട് വിശദമായി റിപ്പോർട്ട് ചെയ്യുകയും അഭിനന്ദിക്കുകയും ചെയ്തിരുന്നു. യൂറോപ്പിൽ, പ്രത്യേകിച്ച് ജർമ്മനിയിലും ഫ്രാൻസിലും ഇറ്റലിയിലുമൊക്കെ അമേരിക്കയുടെ യുദ്ധത്തോട് എതിർപ്പാണുള്ളത്. ജർമ്മനിയിൽ അതു വളരെ പ്രകടമാണ്. ദാർ സ്പീഗിൽ പോലുള്ള പ്രമുഖ ജർമ്മൻ ദിനപത്രങ്ങളും ലെമോണ്ടേ പോലുള്ള ഫ്രഞ്ചു ദിനപത്രങ്ങളും യുദ്ധത്തിനെതിരായി ഞാനെഴുതിയ ലേഖനം അച്ചടിക്കുകയും അതെപ്പറ്റി അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തിരുന്നു. സന്തോഷം തോന്നുന്നതാണ് അത്തരം പ്രതികരണങ്ങൾ. പക്ഷേ സൽമാൻ റുഷ്ദിയെപ്പോലുള്ളവരുടെ നിലപാടു കാണുമ്പോൾ വിഷമം തോന്നും. മുസ്ലീങ്ങളെ ഭീകരവാദികളായി അദ്ദേഹം ചിത്രീകരിക്കുന്നു. അമേരിക്കയുടെ ദേശീയപതാക ദേഹത്തു ചുറ്റിയ അദ്ദേഹത്തിന്റെ ചിത്രങ്ങൾ പ്രസിദ്ധീകരിക്കുന്നു. ഈ വിധമൊരു വിധേയത്വം- അരുന്ധതി റോയി പൂർത്തിയാക്കിയില്ല.

ഇന്ത്യയുടെ ആണവപരീക്ഷണത്തിനും നർമ്മദാ വാലി സൃഷ്ടിക്കുന്ന പ്രകൃതിദുരന്തത്തിനുമെതിരെ അതിനിശിതമായ നിലപാടെടുത്ത അരുന്ധതി റോയിയുടെത് പോപ്പുലിസ്റ്റു നിലപാടല്ല. കണക്കുകൾ, അതും ഔദ്യോഗിക കണക്കുകൾ തന്റെ വാദം സ്ഥാപിക്കാനായി അവർ നിരത്തുന്നു. പൊതുജനങ്ങളിൽനിന്നും യാഥാർത്ഥ്യങ്ങൾ മറച്ചുവയ്ക്കുന്ന കപടദേശീയതയെ കീറിമുറിക്കുന്ന അവർ പൊതുജീവിതത്തിലും പ്രവർത്തനത്തിലും സ്വതാര്യതയ്ക്കുവേണ്ടി യുദ്ധം ചെയ്യുന്നു. അതുകൊണ്ടു തന്നെ ഭരണാധികാരികൾ അവരെ വെറുക്കുന്നു. കോടതികൾ അവരെ നിയന്ത്രിക്കാനൊരുങ്ങുന്നു.

അമേരിക്കയിലെ ഭരണാധികാരികൾ യാഥാർത്ഥ്യങ്ങളിൽ നിന്നും എത്രയോ അകലെയാണെന്നതിന്, സംസാരത്തിനിടയിൽ അവർ ഒരു സംഭവം പറഞ്ഞു. റിപ്പബ്ലിക്കൻ സെനറ്റർമാരിൽ ഒരാൾക്ക് അയാളുടെ സെക്രട്ടറി ഒസാമ ഇരട്ടകളെപ്പറ്റിയുള്ള എന്റെ ലേഖനം വായിക്കാൻ കൊടുത്തു. അതു വായിച്ച ആ സെനറ്റർ എന്റെ നിലപാടുകളെ എതിർത്തുകൊണ്ട് അയച്ച ഇ-മെയിൽ സന്ദേശത്തിൽ എന്നെ അഭിസംബോധന ചെയ്തത് മി. അരുന്ധതി റോയി എന്നായിരുന്നു. ഞാനത് വായിച്ച് ചിരിച്ചുപോയി. ഞാനൊരു മറുപടി കൊടുത്തു. മിസിസ്സ് സെനറ്റർ എന്ന് അദ്ദേഹത്തെ അഭിസംബോധന ചെയ്തുകൊണ്ട്. ഇതാണ്, ലോകനേതൃത്വം ഏറ്റെടുക്കാൻ യുദ്ധം ചെയ്യുന്നവരുടെ യോഗ്യത.

നർമ്മദ

യുദ്ധത്തിൽ നിന്നും സംസാരം സ്വാഭാവികമായും വഴുതിച്ചെന്നത് നർമ്മദാ പ്രക്ഷോഭണത്തിലായിരുന്നു. സുപ്രീം കോടതിയുടെ സമ്മതം കിട്ടിയെങ്കിലും ആ പദ്ധതി പൂർത്തിയാക്കാൻ സ്റ്റേറ്റ് ഗവൺമെന്റുകൾക്കു കഴിയാതെ വന്നിരിക്കയാണെന്ന് അവർ പറയുന്നു. പണമില്ലാത്ത അവസ്ഥയിലാണിപ്പോൾ. ഇപ്പോൾ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് വരുമാനത്തിന്റെ പുതിയ സ്രോതസ്സുകൾ തേടുകയാണ് ഗുജറാത്ത് പോലുള്ള സ്റ്റേറ്റുകൾ. ''അവിടെ കടലിന്റെ ഒരു ഭാഗം വകഞ്ഞ് എന്തൊക്കെയോ ചെയ്യാൻ പോവുകയാണുപോലും. അത്തരം ഒരു പദ്ധതി ഉണ്ടായാൽ പണം കിട്ടുമല്ലോ." നർമ്മദാ പദ്ധതി മൂലം ഭൂമി നഷ്ടപ്പെട്ടവരെയൊന്നും പുനരധിവസിപ്പിക്കുന്നേയില്ല. അങ്ങനെ ചെയ്യുന്നുവെന്ന് അവർ നുണ പറയുന്നു. കോടതിയെയും അവർ അതുതന്നെ അറിയിക്കുന്നു. അതിനെയാണ് ഞാൻ ചോദ്യം ചെയ്യുന്നത്.

കോടതിയലക്ഷ്യം ഏതുവരെയെത്തി?

നോക്കൂ, കേരളത്തിലും എന്റെ പേരിൽ ചിലർ കേസു കൊടുത്തിട്ടുണ്ട്. നോവലിലൂടെ സദാചാരലംഘനം നടത്തുന്നുവെന്ന്. ഈ വിധത്തിലുള്ള വ്യവഹാരങ്ങൾ മനസ്സിനെ വല്ലാതെ ശല്യപ്പെടുത്തുന്നു. പണച്ചെലവുള്ളവയാണ്. എനിക്ക് അതിനു കഴിയും. എന്നാൽ അങ്ങനെ സൗകര്യമില്ലാത്തവരുടെ കാര്യം. സുപ്രീം കോടതിയിലെ കോടതിയലക്ഷ്യ നടപടികൾക്ക് ഇനിയും തിരശ്ശീല വീണിട്ടില്ല. ഞാനെന്റെ നിലപാട് കോടതിയിൽ വിശദീകരിച്ചിട്ടുണ്ട്. വിശ്വാസമല്ലേ വലുത്? അതെല്ലാം എടുത്തു കളഞ്ഞിട്ട്, കോടതിയിൽച്ചെന്ന് യുവർ ലോർഡ് ഷിപ്പ്.... ഇല്ല, അങ്ങനെയൊന്നും പറയാൻ എനിക്കാവില്ല.

ശരിയാണ്, അരുന്ധതി റോയി വന്ന വഴികൾ അതല്ല. ഡൽഹിയിലെ ഫിറോസ് ഷാ കോത്‌ലയിലെ തകരഷീറ്റു പാകിയ കുടിൽ. കാലി ബിയർ കുപ്പികൾ വിറ്റുനടന്നിരുന്ന കാലം. ഗോവയിലെ കടൽത്തീരത്ത് സഞ്ചാരികൾക്കിടയിൽ കേക്ക് വിറ്റു ജീവിച്ചകാലം. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അർബൻ അഫയേഴ്സിലെ താൽക്കാലിക ജീവനക്കാരി. പ്രദീപ് കിഷന്റെ മാസ്സേസാഹിബ് എന്ന ചലച്ചിത്രത്തിലെ ചെറിയ വേഷം. പുരാവസ്തുക്കളുടെ പുനരുദ്ധാരണ പഠനവുമായി ഇറ്റലിയിൽ ചെലവിട്ട എട്ടുമാസം. ഇൻ വിച്ച് ആനി ഗിവ്സ് ഇറ്റ് ദോസ് വൺസ്, ഇലക്ട്രിക് മൂൺ എന്നീ ചിത്രങ്ങളുടെ തിരക്കഥാരചന.... അവിടെ നിന്നെല്ലാം വളരെ ദൂരം യാത്ര ചെയ്തിരിക്കുന്നു അരുന്ധതി റോയി.

ഇന്നവർ ഒരു കൊടുങ്കാറ്റാണ്. വന്മരങ്ങളെ അത് ഉലയ്ക്കുന്നു. ആ കൊടുങ്കാറ്റിന്റെ കരുത്ത് ആദ്യമായി അനുഭവവേദ്യമാകുന്നത്, ഫുലൻദേവിയെ പ്രധാന കഥാപാത്രമായി ശേഖർ കപൂർ നിർമ്മിച്ച ബന്ദിറ്റ്ക്യൂൻ എന്ന ചലച്ചിത്രത്തെ പ്രതിക്കൂട്ടിൽ കയറ്റി കീറിമുറിച്ചപ്പോഴാണ്. അതിജീവനത്തിനായി തോക്കെടുക്കേണ്ടിവന്ന നിരാലംബയായ ഒരു സ്ത്രീയെ രക്തദാഹിയായി ചിത്രീകരിച്ചതിനെതിരെ ഉയർന്ന സ്ത്രീസ്വാതന്ത്ര്യത്തിന്റെ ആ തീക്ഷ്ണസ്വരം പലരെയും അസ്വസ്ഥരാക്കി. അത് ഇളക്കിവിട്ട വിവാദം ഏറെക്കാലം നീണ്ടു. പക്ഷേ, അതിനിടയിൽ അരുന്ധതി റോയി തന്റെ സ്വകാര്യതയിലേക്ക് നിഷ്ക്രമിച്ചുകഴിഞ്ഞിരുന്നു. പിന്നീട് നാം അവരെ അറിയുന്നത് ദ ഗോഡ് ഓഫ് സ്മോൾ തിങ്സ് എന്ന അതിമനോഹരമായ നോവലിലൂടെയാണ്. അരുപതുലക്ഷം കോപ്പികൾ വിൽക്കുകയും

മുഖവില 1234/- രൂപ പ്രകാശന പൂർവവില 777/-

പ്രകാശനപൂർവ ആരക്ഷണം ആരംഭിച്ചിരിക്കുന്നു.....

Pre-Publication Started.....

അമൃതകീർത്തി ആചാര്യ നരേന്ദ്രഭൂഷൺ രചിച്ച അമൂല്യസമ്പത്ത്.

ഹിന്ദു ധർമസാഗരം

(സമ്പൂർണ സനാതനധർമ ബോധിനി)

ചതുർവേദസംഹിതയുടെ പ്രകാശകരായ ആർഷനാദത്തിന്റെ ബൃഹദ്പദ്ധതി

വേദങ്ങൾ, ഉപനിഷത്തുകൾ, ഷഡ്ദർശനങ്ങൾ, ശിക്ഷ-കല്പ- വ്യാകരണ നിരുക്ത-ഛന്ദഃ-ജ്യോതിഷ ശാസ്ത്രങ്ങൾ, രാമായണം, മഹാഭാരതം, ഭഗവദ്ഗീത, പുരാണങ്ങൾ, ശ്രീവിദ്യ, പൂജാവിധി, ഷോഡശ സംസ്കാരം, അദ്വൈതം, ദ്വൈതം, ദ്വൈതേതരം, വിശിഷ്ടാദ്വൈതം, ദ്വൈതാദ്വൈതം, മായാവാദം, ബൗദ്ധം, ജൈനം, ചാർവാകം, ഹൈന്ദവ സാംസ്കാര ചരിത്രം, എന്നീ വിഷയങ്ങളെ ആധികാരികമായി

അമൃതകീർത്തി ആചാര്യനരേന്ദ്രഭൂഷൺ

:: 2 വാല്യങ്ങൾ
:: 1444 പേജുകൾ
:: ഡിമൈ 1/4
:: വലിയഅക്ഷരം
:: കമനീയ നിർമാണം

ഇപ്പോൾ777ക മാത്രം
2002 ശിവരാത്രിക്ക് പ്രസിദ്ധീകരിക്കുന്നു

2002 ജനുവരി-25ന് പ്രകാശന പൂർവ ആരക്ഷണം 1-ഘട്ടം അവസാനിക്കുന്നു.

വിശദമായ പഠനത്തോടുകൂടി അവതരിപ്പിക്കുന്നു

ജ്ഞാനദാഹികൾക്ക് വാങ്ങാൻ! വായിക്കാൻ!! സമ്മാനിക്കാൻ!!!

ഞങ്ങളുടെ ഗ്രന്ഥങ്ങൾ മറ്റ് പുസ്തകശാലകളിൽ ലഭിക്കില്ല.

:: മുഴുവൻ പണം അടച്ച് ബുക്കു ചെയ്യുന്ന ആദ്യ 500 പേർക്ക് ബുക്ക് ചെയ്യുമ്പോൾ തന്നെ ഒരു സമ്മാനം :: 3 തവണയായി പണം അടയ്ക്കാം [377+250+250] രണ്ടാം തവണ അടയ്ക്കുമ്പോൾ ഒരു സമ്മാനം ::

എം.ഒ, ഡി.ഡി, (ചെക്ക് +22=799) അയയ്ക്കേണ്ട വിലാസം

ആർഷനാദം
തപാൽപെട്ടി-28, ചെങ്ങന്നൂർ, കേരളം-689 121
ഫോൺ : 0479 - 452636, 455485

മുപ്പതുഭാഷകളിൽ പരിഭാഷകൾ പ്രസിദ്ധീകരിക്കുകയും ബുക്കർ സമ്മാനം നേടുകയും.... അതെല്ലാം വർത്തമാനകാല ചരിത്രമാണ്.

ആക്ടിവിസ്റ്റ്

എഴുത്തുകാരിയായ ആക്റ്റിവിസ്റ്റ് എന്നു വിശേഷിപ്പിക്കപ്പെടുന്നത് അവർ ഇഷ്ടപ്പെടുന്നില്ല. സോഫാ-ബെഡ് എന്നു പറയുമ്പോലെ- അവർ പറയുന്നു. എഴുത്തുകാരി എങ്ങനെ ആക്ടിവിസ്റ്റാകുന്നു എന്ന് അവർ ഒരിടത്ത് വിശദീകരിക്കുകയുണ്ടായി. ''വർത്തമാനകാലത്തുണ്ടാകുന്ന സംഭവങ്ങൾ പ്രശ്നങ്ങളല്ല. ഞങ്ങളെപ്പോലുള്ളവർ ഉന്നയിക്കുന്ന വിഷയങ്ങൾ അവയ്ക്കുള്ള കാരണങ്ങളുമല്ല. രാഷ്ട്രീയവും സാമൂഹികവുമായി വൻ ഇളകിമറിയലുകൾ ലോകത്തെയൊക്കെ ഞെരുക്കുകയാണ്. ഒരു എഴുത്തുകാരിയോ ആക്ടിവിസ്റ്റോ ആയതുകൊണ്ടുമാത്രം അതിൽ പങ്കാളിയാവുന്നില്ല. മനുഷ്യജീവിയായതുകൊണ്ടാണ് അതിന്റെ ഭാഗമാകുന്നത്. അതെപ്പറ്റി എഴുതുകയാണ്, ഒരു എഴുത്തുകാരിക്ക് അക്കാര്യത്തിൽ ഫലപ്രദമായി പ്രവർത്തിക്കാനാവുന്നത്." വിദഗ്ദ്ധന്മാരിൽ നിന്നും നമ്മുടെ ഭാവി പിടിച്ചുവാങ്ങാൻ സമയമായി എന്നു വിശ്വസിക്കുന്ന അരുന്ധതി റോയി 'വേൾഡ് കമ്മീഷൻ ഓഫ് ഡാംസി'ന്റെ റിപ്പോർട്ട് ഇന്ത്യാ ഗവൺമെന്റ് നിരാകരിച്ചതിനെപ്പറ്റി പറഞ്ഞു. ''വൻ അണക്കെട്ടുകളെ എതിർക്കുന്ന ഞങ്ങളെപ്പോലുള്ളവർക്ക് ആ റിപ്പോർട്ടിലെ പലതിനോടും യോജിക്കാനായിട്ടില്ല. എന്നാൽ നിരവധി കാലമായി ചർച്ച ചെയ്യപ്പെടുന്ന, ഗൗരവതരമായ സാമൂഹികവും പാരിസ്ഥിതികവുമായ പ്രശ്നങ്ങൾ അത് അഭിമുഖീകരിക്കുന്നു. അണക്കെട്ടു നിർമ്മിക്കുന്ന ഗവൺമെന്റുകൾക്ക് അത് മാർഗ്ഗദർശനം നൽകുന്നുണ്ട്. അതിനുപരി അണക്കെട്ടുകൾ വഴിയാധാരമാക്കുന്നവരെപ്പറ്റി അത് പറഞ്ഞിരുന്നു. അങ്ങനെയുള്ള ഒരു റിപ്പോർട്ട് നിരാകരിക്കുന്നത്, ജനപങ്കാളിത്തമുള്ള, സുതാര്യമായ ഒരു ജനാധിപത്യത്തിന്റെ സ്വഭാവമാണോ?

മേധ നേതൃത്വം നൽകുന്ന നർമ്മദാ പ്രസ്ഥാനം ദേശീയധാരയുടെ ഭാഗമാണെങ്കിലും അതിന് രാഷ്ട്രീയ സ്വഭാവം കൈവന്ന് ജനകീയപ്രസ്ഥാനമാകുമോ?

അങ്ങനെ സംഭവിക്കുമെന്ന് അവർ കരുതുന്നില്ല. വഴിയാധാരമാക്കപ്പെട്ടവരെ വിലയ്ക്കു വാങ്ങാനുള്ള ശ്രമത്തിലാണ് ഭരണാധികാരികൾ. ഓരോ ഗ്രാമത്തിലും ചെന്നു പണം നൽകുന്നു. അങ്ങനെ പ്രക്ഷോഭത്തിന്റെ മുന ഒടിക്കാനുള്ള പരിശ്രമത്തിലാണ് ഭരണാധികാരികൾ. അതിനെ അതിജീവിച്ച്, അതൊരു ദേശീയപ്രസ്ഥാനമാകുമോ? സംശയമാണ്, അരുന്ധതിക്ക്. എന്നാൽ ദേശീയധാരയ്ക്ക് സമാന്തരമായി നടക്കുന്ന ജനകീയ പ്രസ്ഥാനങ്ങൾ പൊതുജനജീവിതത്തിലേയ്ക്ക് ഗൗരവമുള്ള പ്രശ്നങ്ങൾ എടുത്തിടുന്ന കാര്യം വിസ്മരിക്കരുതെന്ന് അവർ പറയുന്നു. തെഹ്‌രി അണക്കെട്ടിനെതിരെ ജീവത്യാഗത്തിനു തയ്യാറായ സുന്ദർലാൽ ബഹുഗുണ, യുറേനിയം ഖനനത്തിനെതിരെ പടപൊരുതുന്ന ജാദുഗുഡയിലെ ആദിവാസികൾ, ഝാർഖണ്ഡിലെ ഒരു വൻ പ്രോജക്ടിനെ എതിർക്കുന്ന കോൾ കാരോ സംഘട്ടൻ, ചത്തിസ്ഗഢിലെ മുക്തിമോർച്ച, മസ്ദൂർ ശക്തി സംഘട്ടൻ, തെഹ്‌രി-ഗർവാളിലെ ബീജ് ബചാവോ ആന്ദോളൻ, പിന്നെ നർമ്മദ ബചാവോ ആന്ദോളൻ- ചെറിയ ചെറിയ ഈ പുഴകൾ ഒരു മഹാപ്രവാഹമായിത്തീരുമോ?

അക്ഷരത്തോട് സ്നേഹം

ജനകീയപ്രതിരോധത്തിന്റെ ശക്തിയിൽ അരുന്ധതി റോയി വിശ്വസിക്കുന്നു. അതിൽ പങ്കാളിയായി ജീവിക്കുന്ന അവർ തന്റെ ഇഷ്ടം അക്ഷരങ്ങളാണെന്ന് എഴുതുന്നു. യശസ്സിന്റെ പ്രഭാവലയത്തിൽനിന്ന് ബോധപൂർവ്വം അകന്നുനിൽക്കുന്ന അവർ പറയുന്നു: വീട്ടിലെ എല്ലാ അടവുകളെയും ഇളക്കിമറിച്ചുകൊണ്ട് ആഞ്ഞടിക്കുന്ന കാറ്റുപോലെയാണ് പ്രശസ്തി. ഈ നോവൽ എഴുതാതിരുന്നെങ്കിലെന്നും അതിന് ബുക്കർ സമ്മാനം കിട്ടാതിരുന്നെങ്കിലെന്നും പോലും ഞാൻ ആഗ്രഹിച്ചുപോയിട്ടുണ്ട്. ചിലപ്പോൾ പ്രശസ്തി ഭാരമാണ്. അതിനനുസരിച്ച് ജീവിക്കുന്നത് അതിനേക്കാൾ ദുഷ്കരം. അതുകൊണ്ടുതന്നെ ഡൽഹിയിലെ തന്റെ വസതിയിൽനിന്നും അവർ പുറത്തെ പരിപാടികളുമായി ബന്ധപ്പെടുന്നില്ല. ''എന്റേത് ഒരു കൊച്ചു റിപ്പബ്ലിക്കാണ്. സ്നേഹിതർ ഇവിടെ വരുന്നു. ഞങ്ങൾ സംസാരിച്ചിരിക്കുന്നു. പല എംബസ്സികളിൽ നിന്നും ക്ഷണം വരാറുണ്ട്. അവരോടെല്ലാം ഞാൻ പറയും, ഞാനിവിടെ ഉണ്ട്. നിങ്ങൾക്ക് ഇവിടെ വരാം, ഞാൻ കതകുകൾ നിങ്ങൾക്കുവേണ്ടി തുറന്നിട്ടിരിക്കുന്നു."

രാഷ്ട്രീയവും സാമൂഹികവുമായ ഇടപെടലുകളും എഴുത്തിൽ ഏകാഗ്രമാകാനുള്ള ആഗ്രഹവും തമ്മിൽ പോരാട്ടത്തിലാണെന്ന് അരുന്ധതി റോയി പറയുന്നു. ''കാലവുമായി കളിക്കാനുള്ള അതിമനോഹരമായ ഉപകരണമാണ് രചന. അങ്ങേയറ്റം പരസ്യമായി ജീവിക്കുമ്പോൾത്തന്നെ തികഞ്ഞ സ്വകാര്യമായി ഞാൻ ജീവിക്കുന്നു. എല്ലാത്തരം രചനകളെയും നോവൽ, സത്യവാങ്മൂലം, കത്ത്- എല്ലാത്തിനെയും ഞാനിഷ്ടപ്പെടുന്നു. ജീവിതത്തിലൂടെ യാത്ര ചെയ്യാൻ എഴുത്ത് എന്നെ സഹായിക്കുന്നു. മറ്റെന്തിനെക്കാളും കൂടുതൽ വിശ്വസിക്കുന്നതും എഴുത്തിൽ തന്നെയാണ്- അവർ പറയുന്നു.■



(ഇടപ്രഭു
രാഘവന് നിത്യനിക്ക്)

അതോടെ നീ
ഒറ്റനക്ഷത്രം മാത്രമുള്ള
ആകാശമായി.
പ്രണയമോ
ജീവിതത്തെയും മരണത്തെയും
കൂട്ടിമുട്ടിക്കുന്ന മഴവില്ലായി.

ഏകാന്തതയുടെ അന്ധഗ്രഹത്തിൽനിന്ന്
നിന്റെ മൂകസംഗീതം വന്നു.
അതു മുഴുവൻ വേദനയായിരുന്നു.
വിരഹത്തിന്റെ കല്പാന്തവേദന.
കണ്ണുനീരിന്റെ പുരാതനമായ ഉറവകളെ
ആ ഗാനം തുറന്നുവിട്ടു.

ലോകത്തിന്റെ മുങ്ങാനേരങ്ങളിൽ
പ്രണയം കുറ്റകൃത്യമായി.
പ്രതിയും വിധികർത്താവും ആരാച്ചാരും
നീ തന്നെയായി.

രാത്രി മുറുകി.
അവസാനത്തെ വാക്കും
ഉച്ചരിക്കപ്പെട്ടു.
കാലം സ്തംഭിച്ച ഇടവേളയിൽ
നീതന്നെ നിന്റെ മേൽ
വധശിക്ഷ നടപ്പാക്കി.

ഭാവിയുടെ കഴുകനെക്കാത്ത്
നിന്റെ ജഡവുമായി
ജീവിതത്തിന്റെ കഴുമരം നിന്നു.

ആ ഒറ്റനക്ഷത്രം പൊലിഞ്ഞുപോയി.
നിനക്ക് നിത്യരാത്രിയായി.

ലേഖനം



ഇസ്രായേലിന്റെ കൊടുംക്രൂരത

എഡ്‌വേർഡ് സെയ്ദ്

പരിഭാഷ: ഏലിസബത്ത് കോശി

പാലസ്തീനിനെയും അരാഫത്തിനെയും നശിപ്പിക്കുകയാണ് ഇസ്രായേലിൻെറ ഉന്നം

''അവസാന നിഷ്ക്രമണ മാർഗ്ഗത്തിലൂടെ ഭൂമി നമ്മെ തള്ളി പുറത്താക്കുന്നു; കടന്നു പോകാനുള്ള തത്രപ്പാടിൽ നാം കൈകാലുകൾ പിച്ചിച്ചീന്തി നിങ്ങുകയും.'' 1982 സെപ്തംബറിൽ ബെയ്റൂട്ടിൽനിന്ന് പി.എൽ.ഒ പിൻവാങ്ങിയതിന്റെ അനന്തരഫലങ്ങളെക്കുറിച്ച് എഴുതിക്കൊണ്ട് മഹമ്മൂദ് ദാർവിശ് ഇങ്ങനെ ചോദിച്ചു: അവസാന അതിരുകൾ കഴിഞ്ഞാൽ നാം എങ്ങോട്ടാണ് പോകേണ്ടത്? അവസാന ആകാശത്തിനുമപ്പുറം കിളികൾ എങ്ങോട്ട് പറക്കും?''

അന്ന് പാലസ്തീൻകാർക്ക് ലെബനനിൽ എന്തു സംഭവിച്ചുവോ, അത് പത്തൊൻപത് വർഷങ്ങൾക്കുശേഷം അവർക്ക് പാലസ്തീനിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു.

കഴിഞ്ഞ സെപ്തംബറിൽ അൽ- അക്സാ ഇന്റിഫാദ ആരംഭിച്ചശേഷം ഇസ്രായേൽ പട്ടാളം പാലസ്തീൻകാരെ ഇരുനൂറ്റിയിരുപത് ചെറുചേരികളിൽ ഒറ്റപ്പെടുത്തിയിരിക്കുന്നു. അവിടെ, ഇടവിട്ട്, ഇടവിട്ട് ആഴ്ചകളോളം നീണ്ടുനിൽക്കുന്ന കർഫ്യൂവിന് അവർ വിധേയരാക്കപ്പെടുന്നു. മര്യാദകെട്ടവരും, മനഃപൂർവ്വം അപമാനിക്കുന്നവരുമായ ഇസ്രായേൽ പട്ടാളക്കാർ കാവൽനിൽക്കുന്ന ബാരിക്കേഡുകൾക്കരികെ കാത്തുനിൽക്കാതെ അവർക്കാർക്കും- ചെറുപ്പക്കാർക്കും, വൃദ്ധർക്കും, ആരോഗ്യമുള്ളവർക്കും രോഗികൾക്കും മരിച്ചുകൊണ്ടിരിക്കുന്നവർക്കും ഗർഭിണികൾക്കും വിദ്യാർത്ഥികൾക്കും ഡോക്ടർമാർക്കും- അനങ്ങാൻ സാധിക്കുകയില്ല. ഞാനിതെഴുതുമ്പോൾ, സുരക്ഷാകാരണങ്ങളാൽ, ആശുപത്രിയിലേയ്ക്ക് പോകാൻ ഇസ്രായേൽ പട്ടാളം അനുവദിക്കാത്തതിനാൽ ഇരുനൂറോളം പാലസ്തീൻകാർക്ക് കിഡ്നിത്തകരാറിന് ചികിത്സ ലഭിക്കാതെപോകുന്നു. പാലസ്തീനിയൻ പൗരന്മാരെ ശിക്ഷിക്കാൻ പരിശീലിക്കപ്പെട്ട നവഇസ്രായേൽ യോദ്ധാക്കൾ നടത്തുന്ന പോരാട്ടത്തിന്റെ കഥ പറയാൻ ഏതെങ്കിലും വിദേശ മാദ്ധ്യമം തയ്യാറായിട്ടുണ്ടോ?

നിരന്തര ആക്രമണം

ഡിസംബർ 10ന് ഖത്തറിൽ നടന്ന ഇസ്ലാമിക വിദേശകാര്യമന്ത്രിമാരുടെ അടിയന്തര സമ്മേളനത്തിന് പോകേണ്ടിയിരുന്ന യാസർ അറഫാത്തിനെ രാമല്ലായിലുള്ള അദ്ദേഹത്തിന്റെ ഓഫീസ് വിട്ടുപോകാൻ സമ്മതിച്ചില്ല. അദ്ദേഹത്തിന്റെ പ്രസംഗം ഒരു സൈനികോദ്യോഗസ്ഥൻ വായിക്കുകയാണുണ്ടായത്. അതിന്റെ തലേ ആഴ്ച പതിനഞ്ചുമൈൽ അകലെ ഗാസായിലുള്ള വിമാനത്താവളവും അരാഫത്തിന്റെ രണ്ട് പഴക്കം ചെന്ന ഹെലികോപ്റ്ററുകളും ഇസ്രായേലിന്റെ വിമാനങ്ങളും ബുൾഡോസറുകളും തകർത്തുകളഞ്ഞു. അവർ ദിനംതോറും നടത്തുന്ന ആക്രമണങ്ങളുടെ ഭാഗമായിരുന്നു ഈ സൈനിക വീര്യപ്രകടനം. രണ്ടാംലോക മഹായുദ്ധത്തിനുശേഷം വീണ്ടുവിചാരമില്ലാതെ നശിപ്പിക്കപ്പെട്ടിട്ടുള്ള ഒരേയൊരു വിമാനത്താവളം പാലസ്തീൻ പ്രദേശത്തേയ്ക്കുള്ള ഒരേയൊരു പ്രവേശനമാർഗ്ഗമായ ഗാസയിലേതാണ്. കഴിഞ്ഞ മേയ് മുതൽ അമേരിക്ക ഉദാരമായി നൽകിയ എഫ് 16 വിമാനങ്ങൾ ഉപയോഗിച്ച് പാലസ്തീൻ പട്ടണങ്ങളും ഗ്രാമങ്ങളും ബോംബിട്ട് നശിപ്പിക്കുകയും സാധാരണ പൗരന്മാരെയും സുരക്ഷാ ഉദ്യോഗസ്ഥന്മാരെയും ഇസ്രായേൽ വധിക്കുകയും ചെയ്യുന്നു. അമേരിക്ക സംഭാവന ചെയ്ത ഹെലികോപ്റ്ററുകളിൽനിന്ന് മിസൈൽ അയച്ച് എഴുപത്തിയേഴ് പാലസ്തീൻ നേതാക്കളെ എന്നോ ചെയ്തതോ ചെയ്യാവുന്നതോ ആയ ഭീകരപ്രവർത്തനക്കുറ്റത്തിന്റെ പേരിൽ കൊന്നു. ഇസ്രായേലി മന്ത്രിസഭയുടെയും അമേരിക്കയുടെയും അംഗീകാരമുള്ള ഒരു ഇസ്രായേലി ഇന്റലിജൻസ് സംഘത്തിന് ഈ കൊലപാതകങ്ങൾ തീരുമാനിക്കാനുള്ള അധികാരമുണ്ട്. പാലസ്തീനിയൻ യന്ത്രസംവിധാനങ്ങളെയും- പൊലീസിന്റെയും സാധാരണ പൗരന്മാരുടെയും- 'കാര്യക്ഷമമായി' നശിപ്പിക്കുന്ന ജോലിയും ഈ ഹെലികോപ്റ്ററുകൾ ചെയ്തിട്ടുണ്ട്. ഈ ഡിസംബർ അഞ്ചാംതീയതി രാത്രി ഇസ്രായേൽ പട്ടാളം പാലസ്തീനിലെ രാമല്ലായിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് സ്റ്റാറ്റിസ്റ്റിക്സിന്റെ അഞ്ചുനില കെട്ടിടത്തിൽ കയറി അവിടെയുണ്ടായിരുന്ന എല്ലാ ഫയലുകളും റിപ്പോർട്ടുകളും എടുത്തുകൊണ്ടുപോയി, പാലസ്തീനിയൻ സമൂഹത്തെക്കുറിച്ചുള്ള സമസ്തസ്ഥിതിവിവരക്കണക്കുകളും തുടച്ചുമാറ്റി. ഇതേ പട്ടാളം ഇതേ സൈന്യാധിപന്റെ നേതൃത്വത്തിൽ പടിഞ്ഞാറെ ബെയ്റൂട്ടിലുള്ള പാലസ്തീൻ ഗവേഷണകേന്ദ്രത്തിൽ കയറി, ആ കെട്ടിടം നിലംപരിശാക്കുമുൻപ്, അവിടെ ഉണ്ടായിരുന്ന എല്ലാ റിക്കാർഡുകളും എടുത്തുകൊണ്ടുപോയി. ഏതാനും ദിവസങ്ങൾ കഴിഞ്ഞായിരുന്നു സബ്രായിലെയും ഷാങ്ദിലായിലെയും കൂട്ടക്കൊലകൾ.

ഈ സമയം ഹമാസിന്റെയും ഇസ്ലാമിക ജിഹാദിന്റെയും ആത്മഹത്യാ ബോംബർമാർ അവരുടെ പ്രവൃത്തികൾ തുടർന്നുകൊണ്ടേയിരുന്നു. ഇത് ഷാരോണിന് നന്നായി അറിയുകയും ചെയ്യാമായിരുന്നു. കാരണം, നവംബർ അവസാനം പത്തുദിവസത്തേയ്ക്ക് യുദ്ധത്തിനു നൽകിയ ഇടവേളയ്ക്കുശേഷം, ഹമാസ് നേതാവ് മുഹമ്മദ് അബു ഹാനോദിനെ വധിക്കാൻ ഷാരോൺ ആജ്ഞ നൽകി. ഇത് തിരിച്ചടിക്കാൻ ഹമാസ്സിനെ പ്രകോപിപ്പിക്കാൻ വേണ്ടിയായിരുന്നു. അങ്ങനെ ഇസ്രായേൽ പട്ടാളത്തിന് പാലസ്തീൻകാരുടെ കശാപ്പ് തുടരാനായി ആസൂത്രണം ചെയ്യപ്പെട്ട പദ്ധതിയായിരുന്നു ഈ വധം. അമ്പതു ശതമാനം പാലസ്തീൻകാർ തൊഴിൽരഹിതരും എഴുപതു ശതമാനം ദിവസം രണ്ടു ഡോളറിൽത്താഴെയുള്ള വരുമാനംകൊണ്ട് ദാരിദ്ര്യത്തിൽ കഴിയുന്നവരുമാണ്. ഓരോ ദിവസവും ചെറുത്തുനിൽക്കാനാവാത്ത ഭൂമി പിടിച്ചെടുക്കലും വീടുകൾ നശിപ്പിക്കലും നടന്നുകൊണ്ടേയിരിക്കുന്നു. പാലസ്തീൻ ഭൂപ്രദേശത്തുള്ള വൃക്ഷങ്ങളും, പഴത്തോട്ടങ്ങളുംവരെ നശിപ്പിക്കാൻ ഇസ്രായേൽ പട്ടാളം തയ്യാറാകുന്നു. കഴിഞ്ഞ ഏതാനും മാസങ്ങളായി ഒരു ഇസ്രായേൽകാരന് ആറ് പാലസ്തീൻകാർ എന്ന കണക്കിൽ കൊലകൾ നടക്കുന്നുണ്ടെങ്കിലും ബിൻലാദൻ അഴിച്ചുവിട്ടതുപോലെയുള്ള ഭീകരതയുടെ ഇരകളാണ് തങ്ങളെന്ന് ആവർത്തിച്ചുകൊണ്ടേയിരിക്കാനും മാത്രം വെറുപ്പ് ഈ പഴയ രണോത്സുകിയിലുണ്ട്.

അധിനിവേശം

1967 മുതൽ ഇസ്രായേൽ നിയമവിരുദ്ധ സൈനികാധിനിവേശം നടത്തിയിരിക്കുന്നു എന്നതാണ് നിർണ്ണായകപ്രശ്നം. ചരിത്രത്തിലെ ഏറ്റവും നീണ്ടതും ഈ ലോകത്തിൽ ഇന്ന് അവശേഷിക്കുന്നതുമായ ഒരേയൊരു സൈനികാധിനിവേശമാണിത്. പാലസ്തീൻകാരുടെ സകല അതിക്രമങ്ങളും ഉന്നംവയ്ക്കുന്നത് നിരന്തരമായി നിന്നുപോരുന്ന ഈ ബലപ്രയോഗത്തെയാണ്. ഉദാഹരണത്തിന്, മൂന്നും പതിമൂന്നും വയസ്സു പ്രായമുള്ള രണ്ടു കുട്ടികൾ ഇസ്രായേൽ ഹെബ്രോണിൽ നടത്തിയ ബോംബാക്രമണത്തിൽ കൊല്ലപ്പെട്ടു. അതേസമയം പാലസ്തീൻകാർ അവരുടെ അക്രമം കുറയ്ക്കണമെന്നാണ് യൂറോപ്യൻ യൂണിയൻ പ്രതിനിധിസംഘം ആവശ്യപ്പെട്ടത്. ഗാസായിലെ അഭയാർത്ഥിക്യാമ്പുകളിൽ ബോംബിട്ടപ്പോൾ അഞ്ച് പാലസ്തീൻകാർ- സാധാരണ പൗരന്മാർ- ഡിസംബർ പതിനൊന്നിന് കൊല്ലപ്പെട്ടു. സെപ്തംബർ 11 സംഭവങ്ങൾക്കുശേഷം സൈനികാധിനിവേശത്തിനെതിരെയുള്ള ന്യായമായ ചെറുത്തുനില്പിനെ തുടച്ചുനീക്കാൻ ഭീകരത ഉപയോഗിക്കപ്പെടുന്നു. സാധാരണ ജനങ്ങളുടെ വധവും (ഞാനെന്നും ഇതിനെ എതിർത്തിട്ടുണ്ട്) മുപ്പതിലേറെ വർഷങ്ങളായി ഒരു സമൂഹത്തിനാകെ നൽകിക്കൊണ്ടിരിക്കുന്ന ശിക്ഷയും തമ്മിലുള്ള യാദൃച്ഛികമോ, വിവരണാത്മകമോ ആയ ബന്ധവും നിന്ദിച്ചു തള്ളപ്പെടുന്നു. ഇതാണ് കാര്യങ്ങൾ ഏറ്റവും വഷളാക്കുന്നത്.

പാലസ്തീനിയൻ ഭീകരതയെക്കുറിച്ച് പ്രഭാഷണം നടത്തുന്ന ഓരോ പാശ്ചാത്യ പണ്ഡിതനും, ഉദ്യോഗസ്ഥനും ചോദിക്കേണ്ടത്, അധിനിവേശമെന്ന വസ്തുത മറന്നുകൊണ്ട് എങ്ങനെയാണ് ഭീകരതയെ അവസാനിപ്പിക്കുന്നത് എന്നാണ്.

1992-ൽ കേംബ്രിഡ്ജിലെ അമേരിക്കൻ അക്കാദമി ഓഫ് ആർട്ട്സ് ആന്റ് സയൻസിൽ വച്ച് മൊസ്സാദും പാലസ്തീനിലെ രണ്ട് പ്രമുഖ കുടുംബങ്ങളും തമ്മിലുള്ള 'സമാധാന'ചർച്ചയ്ക്ക് അരാഫത്ത് അനുവാദം നൽകിയപ്പോൾ അധിനിവേശവുമായി ഒരു ഒത്തുതീർപ്പിന് ശ്രമിച്ചു. നിരാശയുടെയും തെറ്റായ ഉപദേശത്തിന്റെയും ഭവിഷ്യത്തായിരുന്നു അരാഫത്ത് ചെയ്ത ഈ വലിയ തെറ്റ്. ഈ ചർച്ചകൾ ഇസ്രായേലിന്റെ സുരക്ഷാകാര്യങ്ങൾ മാത്രം ചർച്ച ചെയ്തു. പാലസ്തീനെക്കുറിച്ച് ഒന്നും പറഞ്ഞില്ല. ഒരു സ്വതന്ത്രരാഷ്ട്രം നേടിയെടുക്കാനായി അദ്ദേഹത്തിന്റെ ജനങ്ങൾ നടത്തുന്ന യത്നങ്ങൾ ഒരുവശത്തേയ്ക്കു മാറ്റിവച്ചു. മറ്റെല്ലാം ഒഴിവാക്കിക്കൊണ്ട് ഇസ്രായേലിന്റെ സുരക്ഷിതത്വം അന്തർദേശീയതലത്തിൽ പ്രഥമസ്ഥാനം നേടി. അത് അധിനിവേശക്കാര്യത്തിൽ മൗനം ഭജിച്ചുകൊണ്ട് പി.എൽ.ഒ യോട് ഗിരിപ്രഭാഷണം നടത്താൻ ജനറൽ സിന്നിക്കും ജാവിയോർ സോലാനയ്ക്കും അനുവാദം നൽകി. ഈ ചർച്ചകളിൽ നിന്ന് പാലസ്തീനേക്കാളേറെ ഇസ്രായേൽ നേട്ടങ്ങൾ കൈവരിച്ചിട്ടില്ല. അന്തമില്ലാത്ത ചർച്ച

ഇസ്രയേലിന്റെ ഏകപക്ഷിയമായ ആക്രമണങ്ങൾ പാലസ്തീനെ ദുരന്തങ്ങളിൽനിന്നും ദുരന്തങ്ങളിലേക്കാണ് എത്തിച്ചുകൊണ്ടിരിക്കുന്നത്

കളിലും, ചെറുസൗജന്യങ്ങളിലും അരാഫത്തിനെയും സംഘത്തെയും നയിക്കുകവഴി പാലസ്തീനെ മൗനത്തിലൊതുക്കാമെന്ന് സങ്കല്പിച്ചതായിരുന്നു അവരുടെ തെറ്റ്. ഇസ്രായേലിന്റെ എല്ലാ ഔദ്യോഗികനയങ്ങളും അവർക്ക് കാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേറെ മോശമാക്കുകയാണ് ചെയ്തത്. നിങ്ങളോടുതന്നെ ചോദിക്കൂ: പത്തുവർഷംമുൻപത്തേക്കാൾ ഇസ്രായേൽ കൂടുതൽ സുരക്ഷിതവും അംഗീകരിക്കപ്പെട്ടതുമായിത്തീർന്നിട്ടുണ്ടോ?

വിവേകശൂന്യത

ജെറുസലേമിലും ഹെയ്ഫയിലും ഡിസംബർ ആദ്യവാരാന്ത്യത്തിൽ ആത്മഹത്യാസംഘങ്ങൾ നടത്തിയ ഭയങ്കരവും വിവേകശൂന്യവുമായ ആക്രമണങ്ങളെ അപലപിച്ചേ തീരൂ. പക്ഷേ, ഈ അപലപനത്തിന് അർത്ഥമുണ്ടാകണമെങ്കിൽ തലേ ആഴ്ച നടന്ന അബു ഹാനോദിന്റെയും അഞ്ചു കുട്ടികളുടെയും കൊലയുടെ പശ്ചാത്തലത്തിൽ ഈ ആക്രമണങ്ങൾ പരിഗണിക്കപ്പെടണം. ഇവയോടൊപ്പം കഴിഞ്ഞ മുപ്പത്തിയഞ്ചു വർഷങ്ങളായി നശിപ്പിക്കപ്പെട്ട വീടുകൾ, ഗാസായിലും വെസ്റ്റ്ബാങ്കിലും കൊല്ലപ്പെട്ട സാധാരണ ജനങ്ങൾ, അനുനിമിഷം ഞെരിഞ്ഞമരുന്ന പാലസ്തീനിയൻ സ്വപ്നങ്ങൾ– ഇവയെക്കുറിച്ചെല്ലാം പറയാതെ വയ്യ. അവസാനമായി, കൊടും നിരാശ വളരെ മോശമായ ഫലങ്ങളുളവാക്കുന്നു. അങ്ങനെ 1982–ൽ അലക്സാണ്ടർ ഹെയ്ഗ് ഷാരോണിന് നൽകിയതിനെ ഓർമ്മിപ്പിച്ചുകൊണ്ട് ജോർജ് ഡബ്ലിയു.ബുഷും കോളിൻ പവലും ഡിസംബർ ആദ്യം ഷാരോണിന് പച്ചവെളിച്ചം കാണിച്ചുകൊടുത്തിരുന്നു. അവരുടെ പിന്തുണയോടൊപ്പം വന്ന മുഴങ്ങുന്ന പ്രഖ്യാപനങ്ങൾ അധിനിവേശത്തിൻകീഴിലുള്ള ജനതയേയും അവരുടെ ഹതഭാഗ്യനും കഴിവുകെട്ടവനുമായ നേതാവിനെയും തങ്ങളുടെ കുറ്റവാളികളോട് നീതിപുലർത്തേണ്ട ലോകവ്യാപകമായ അക്രമികളായി മാറ്റി; ഇസ്രായേൽ പട്ടാളക്കാരാകട്ടെ, അപ്പോഴും ആരാണോ അറസ്റ്റുകൾ നടത്തേണ്ടിയിരുന്നത് ആ പൊലീസ് സംവിധാനത്തെത്തന്നെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു.

അരാഫത്ത് നാലുപാടും വലയം ചെയ്യപ്പെട്ടിരിക്കുന്നു. ശത്രുക്കൾക്കും മിത്രങ്ങൾക്കും സർവ്വർക്കും ഒരേപോലെ പാലസ്തീനിയനായതെന്തെല്ലാമോ അതായിരിക്കുവാനുള്ള ആഴമറ്റ ആഗ്രഹത്തിന്റെ പരിഹാസ്യ ഫലമാണിത്. അദ്ദേഹം ഒരേസമയം ഒരു ദുരന്തനായകനും കഴിവുകെട്ട ഭരണകർത്താവുമാണ്. എന്തെല്ലാം തെറ്റുകളും കഴമ്പില്ലാത്ത വർത്തമാനങ്ങളും അരാഫത്തിൽനിന്നുണ്ടായാലും ഒരൊറ്റ പാലസ്തീൻകാരനും അദ്ദേഹത്തെ തള്ളിപ്പറയുകയില്ല. കാരണം ഒരു പാലസ്തീൻ നേതാവാണെന്നതിനാൽ അദ്ദേഹം ശിക്ഷിക്കപ്പെടുകയും അപമാനിക്കപ്പെടുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ അസ്തമയംതന്നെ ഷാരോനേയും അദ്ദേഹത്തിന്റെ അമേരിക്കൻ പിന്തുണക്കാരെയുംപോലുള്ള 'പ്യൂരിസ്റ്റുകളെ' (ഇതാണ് ശരിയായ വാക്കെങ്കിൽ)വരെ അലോസരപ്പെടുത്തുന്നു. വിദ്യാഭ്യാസ, ആരോഗ്യമന്ത്രാലയങ്ങൾ മാന്യമായ രീതിയിൽ പ്രവർത്തിച്ചിട്ടുണ്ടെന്നതൊഴിച്ചാൽ, അരാഫത്തിന്റെ ഭരണം ഇഇജ്ജലവിജയമല്ല. സർവരെയും തന്റെ ഔദാര്യത്തിൽ ആശ്രയിച്ചുനിർത്തുന്ന അരാഫത്തിന്റെ തലതിരിഞ്ഞ, എന്നാൽ അതിസൂക്ഷ്മരീതിയിൽ നിന്നാണ് ആ ഭരണത്തിന്റെ അഴിമതിയും മൃഗീയതയും ഉയർന്നുവരുന്നത്. ബജറ്റ് നിയന്ത്രിക്കുന്നത് അരാഫത്ത് തന്നെ, അഞ്ചു ദിനപത്രങ്ങളുടെ മുൻപേജിൽ വരേണ്ടതെന്തെന്ന് നിശ്ചയിക്കുന്നതും അദ്ദേഹംതന്നെ. പന്ത്രണ്ടോ പതിനാലോ അല്ലെങ്കിൽ പത്തൊൻപതോ ഇരുപതോ വരുന്ന സ്വതന്ത്രങ്ങളായ സുരക്ഷാസംഘങ്ങളെ തന്റെ കൗശലത്താൽ പരസ്പരം കലഹിപ്പിച്ചുനിർത്തുന്നു. അതേസമയം അവ ഓരോന്നും അതതിന്റെ നേതാവിനോടും അരാഫത്തിനോടും കൂറു പുലർത്തുന്നു. എന്നാൽ അതിനപ്പുറം, അരാഫത്തോ ഇസ്രായേലോ അമേരിക്കയോ ആജ്ഞാപിക്കുന്നതനുസരിച്ച് അറസ്റ്റ് ചെയ്യാനല്ലാതെ തങ്ങളുടെ ആളുകൾക്കായി അവർക്ക് ഒന്നും ചെയ്യാൻ കഴിയുന്നില്ല. 96–ലെ ഇലക്ഷൻ മൂന്നുവർഷക്കാലഭരണം ഉദ്ദേശിച്ചുള്ളതായിരുന്നു. എന്നാൽ പുതിയ തിരഞ്ഞെടുപ്പ് എന്ന ആശയവുമായി അരാഫത്ത് ചഞ്ചലപ്പെടുന്നു; അത് തീർച്ചയായ അദ്ദേഹത്തിന്റെ അധികാരത്തെയും ജനപ്രീതിയെയും ഗുരുതരമായി വെല്ലുവിളിക്കും.

ഹമാസ്

കഴിഞ്ഞ ജൂണിൽ ഹമാസ് നടത്തിയ ബോംബാക്രമണങ്ങൾക്കുശേഷം അരാഫത്തും അവരും തമ്മിൽ പരസ്യമായൊരു ചെറുധാരണയുണ്ട്. അരാഫത്ത് ഇസ്ലാമിക പാർട്ടികളെ വെറുതെ വിട്ടാൽ ഹമാസ് ഇസ്രായേൽ പൗരന്മാരുടെ പിന്നാലെ പോകുകയില്ല. എന്നാൽ ഹാനൂദിന്റെ വധംകൊണ്ട് ഷാരോൺ ഈ ധാരണയുടെ കഥകഴിച്ചു. ഹമാസ് തിരിച്ചടിച്ചു, അമേരിക്കൻ പിന്തുണയോടെ അരാഫത്തിന്റെ ജീവൻ ഞെരിച്ചെടുക്കുന്നതിൽനിന്നും ഷാരോണിനെ തടയാൻ യാതൊന്നും ഉണ്ടായിരുന്നില്ല. അരാഫത്തിന്റെ സുരക്ഷാ സംവിധാനവും ഓഫീസും ജയിലും തകർത്ത്, അദ്ദേഹത്തെ ശാരീരികമായി തടവിലുമാക്കിയിട്ട് ഒരിക്കലും സാധിച്ചുകൊടുക്കാൻ സാധിക്കാത്ത ആവശ്യങ്ങൾ ഷാരോൺ ഉന്നയിച്ചു. തന്റെ കൈയിൽ ഇനിയും ചില തുറുപ്പുചീട്ടുകളുണ്ടെങ്കിലും അരാഫത്ത്, അമ്പരപ്പിക്കുംവിധം പകുതി സമ്മതം വഹിച്ചെടുത്തു. അരാഫത്തിനെ ഒഴിവാക്കിയാൽ പ്രാദേശിക യുദ്ധപ്രഭുക്കളുമായി സ്വതന്ത്ര കരാറുകൾ ഉണ്ടാക്കാമെന്ന് ഷാരോൺ വിവേകശൂന്യമായി വിശ്വസിക്കുന്നു. ഗാസായേയും വെസ്റ്റ്ബാങ്കിനേയും നാല്പതുശതമാനം വിട്ടുവിട്ടുള്ള പല കന്റോണുകളായി വിഭജിക്കുകയും അതിർത്തി നിയന്ത്രിക്കാൻ ഇസ്രായേലി പട്ടാളക്കാരെ നിയോഗിക്കുകയും ചെയ്യാമെന്നും ഷാരോൺ വിചാരിക്കുന്നു. ഇത് എങ്ങനെ ഇസ്രായേലിനെ കൂടുതൽ സുരക്ഷിതമാക്കുന്നുവെന്ന് ഒട്ടുമിക്ക ആളുകൾക്കും മനസ്സിലാകുന്നില്ല; ഇതുമായി ബന്ധപ്പെട്ട അധികാരത്തിൽ ഇരിക്കുന്നവർക്കൊഴികെ. ഇത് കളിക്കാരിൽ മൂന്നുകൂട്ടരെ ഒഴിവാക്കുന്നു. അവരിൽ ഒരു കൂട്ടർക്ക്, തന്റെ വശീയരീതിയിൽ ഷാരോൺ തീരെ പ്രാധാന്യം നൽകുന്നതുമില്ല. ആദ്യമായി പാലസ്തീനിയൻകാർതന്നെ. അവരിൽ ഒട്ടുമിക്കവരും ഇസ്രായേലിന്റെ നിരുപാധിക പിന്മാറ്റത്തിൽക്കുറഞ്ഞ ഒന്നും സ്വീകരിക്കാൻ തയ്യാറാകാത്ത രാഷ്ട്രീയവൽക്കരിക്കപ്പെട്ട, സന്ധിക്ക് തയ്യാറാകാത്ത ആളുകളത്രെ. എല്ലാ ആക്രമണങ്ങളെയുംപോലെ ഇസ്രായേലിന്റെ നയങ്ങൾ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയിൽനിന്ന് വിപരീതഫലങ്ങൾ സൃഷ്ടിക്കുന്നു. അരാഫത്ത് അപ്രത്യക്ഷമായാൽ അസംബ്ലിയോ സ്പീക്കറോ അറുപതു ദിവസത്തേയ്ക്ക് ഭരിക്കാൻ പാലസ്തീൻ നിയമം അനുവദിക്കുന്നു. ('വളച്ചെടുക്കലിന് പറ്റിയ സ്വഭാവമുള്ള ആളായതിനാൽ ഇസ്രായേലികൾ ഇഷ്ടപ്പെടുന്ന, അരാഫത്തിനെ ചുറ്റിപ്പറ്റിക്കഴിയുന്ന, തീരെ ജനപ്രീതിയില്ലാത്ത അനാകർഷണീയനായ ഒരാളാണ് സ്പീക്കറായ അബുൽ ആലം) അതിനുശേഷം അബു മേസനെപ്പോലെയുള്ള അരാഫത്തിന്റെ സ്നേഹിതരും വെസ്റ്റ്ബാങ്കിലെ ഇബ്രി രാജോബ്, ഗാസായിലെ മുഹമ്മദ് ദഹ്‌ലൻ തുടങ്ങിയ മുഖ്യ സുരക്ഷാനേതാക്കളും തമ്മിൽ പിൻഗാമിയെച്ചൊല്ലിയൊരു പോരാട്ടം നടക്കും. ഇവർക്കാർക്കും അരാഫത്തിന്റെ ഔന്നത്യമോ അദ്ദേഹത്തിനുള്ളതുപോലെയുള്ള ജനപ്രീതിയോ (ഇപ്പോളൊരുപക്ഷേ, നഷ്ടപ്പെട്ടിരിക്കാം) ഇല്ല. താൽക്കാലികമായ അരാജകാവസ്ഥയായിരിക്കും ഫലം. അത് നാം നേരിടണം. ലക്ഷോപലക്ഷം അറബികൾക്കും മുസ്ലീങ്ങൾക്കും വളരെ വലിയ ഭാഗധേയമുള്ള പാലസ്തീനിയൻ രാഷ്ട്രീയത്തിലെ സംഘാടകശക്തിയുടെ കേന്ദ്രബിന്ദു അരാഫത്തിന്റെ സാന്നിദ്ധ്യത്തിലത്രെ.

തന്റെ ഹത്വായേക്കാൾ പ്രാമുഖ്യം നേടാനാവാത്തവിധം സംഘടനകളെ കൗശലപൂർവ്വം വിവിധ രീതിയിൽ ഒന്നൊന്നിനെതിരെ സമതുലനപ്പെടുത്തിക്കൊണ്ട് അവയുടെ ബഹുമുഖതയെ പിന്തുണയ്ക്കുകയും അവയോട് സഹിഷ്ണുത കാണിക്കുകയും ചെയ്യുന്നതാണ് അരാഫത്തിന്റെ ശൈലി. എങ്കിലും പുതിയ സംഘടനകൾ വന്നുകൊണ്ടിരിക്കുന്നു. ജനാധിപത്യ സംവിധാനത്തോടുകൂടിയ ഒരു സ്വതന്ത്ര പാലസ്തീനോട് സമർപ്പണവും പ്രതിബദ്ധതയുമുള്ള, കഠിനമായി അദ്ധ്വാനിക്കുന്ന മതേതര സംഘടനകളാണിവ. പാലസ്തീനിയൻ അധികാരികൾക്ക് ഇവയുടെമേൽ യാതൊരു നിയന്ത്രണവുമില്ല. പക്ഷേ, 'ഭീകരത' അവസാനിപ്പിക്കണമെന്ന അമേരിക്കൻ ആവശ്യത്തോട് യോജിക്കാൻ പാലസ്തീനിൽ ആരും തയ്യാറാവുകയില്ല എന്നും പറയേണ്ടിയിരിക്കുന്നു. അതേസമയം ഇസ്രായേൽ ബോംബാക്രമണങ്ങളും ജനപീഡനങ്ങളും തുടരുന്നിടത്തോളംകാലം ആത്മഹത്യാ സാഹസികതയും അധിനിവേശത്തോടുള്ള ചെറുത്തുനില്പും തമ്മിലുള്ള വ്യത്യാസം പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്തുക പ്രയാസമായിരിക്കും.

അരാഫത്തിന്റെ പ്രാധാന്യം

അരാഫത്തിനോട് കോപമുണ്ടെങ്കിലും അദ്ദേഹത്തിൽ സ്ഥാപിതതാല്പര്യമുള്ള മറ്റ് അറബ് നേതാക്കളുടേതാണ് രണ്ടാം ഗ്രൂപ്പ്. അവരേക്കാൾ സമർത്ഥനും ദൃഢചിത്തനുമായ അദ്ദേഹത്തിന്, ഇസ്ലാമികരും മതദേശീയവാദികളുമെന്ന രണ്ട് പ്രത്യേക മണ്ഡലങ്ങൾ സൃഷ്ടിച്ചെടുത്തിട്ടുള്ള മറ്റ് അറബ് രാജ്യങ്ങളിലെ ജനങ്ങളിന്മേൽ തനിക്കുള്ള സ്വാധീനമെന്തെന്ന് അറിയാം. ഈ രണ്ടുകൂട്ടരിലും തങ്ങൾ ആക്രമിക്കപ്പെടുന്നവരാണെന്ന വിചാരമുണ്ട്. എന്നാൽ എണ്ണത്തിൽ കൂടുതലുള്ള മുസ്ലീങ്ങളെയും മുസ്ലീങ്ങളല്ലാത്ത അറബികളെയും– അവർ ബിൻലാദനെയും ലാദന്റെ ചെയ്തികളെയും, വെറുക്കുന്നുവെങ്കിലും – പാശ്ചാത്യ വിദഗ്ദ്ധരും പൗരസ്ത്യവാദികളും ശ്രദ്ധിച്ചിട്ടേയില്ല. അവർ ഇസ്ലാമിന് ദൃഷ്ടാന്തമായിക്കാണുന്നത് ബിൻലാദനെയാണ്.

ഉദാഹരണമായി പാലസ്തീനിൽ സമീപകാലത്ത് നടന്ന തിരഞ്ഞെടുപ്പിൽ അരാഫത്തിനും ഹമാസിനും തുല്യജനപ്രിയമുണ്ടെന്ന് കണ്ടെത്തുകയുണ്ടായി. രണ്ടുകൂട്ടരും ഇരുപതും ഇരുപത്തഞ്ചും ശതമാനത്തിനിടെ ചുറ്റിക്കറങ്ങുമ്പോൾ പൗരന്മാരിൽ ഭൂരിപക്ഷം ആരോടും പ്രതികാണിച്ചില്ല. (സ്ഥിതി മോശമായിട്ടും അരാഫത്തിന്റെ ജനപ്രീതി വർദ്ധിച്ചിരിക്കുന്നു) ഇതേ വിഭജനം– രണ്ട് സഭകളിലെയും ഭൂരിപക്ഷം എന്ന അർത്ഥപൂർണ്ണമായ ബാധ–അറബ് രാജ്യങ്ങളിൽ നിലനിൽക്കുന്നു. ഇവിടെ ഭരണകൂടങ്ങളുടെ അഴിമതിയാലും മൃഗീയതയാലും മതവിഭാഗങ്ങളുടെ തീവ്രവാദത്താലും സങ്കുചിതത്വത്താലും ആളുകൾ ഉത്സാഹം കെട്ടവരായിത്തീരുന്നു. ഈ മതവിഭാഗങ്ങൾക്കാകട്ടെ, ആഗോളവത്കരണത്തിലോ വിദ്യുച്ഛക്തി ഉല്പാദനത്തിലോ തൊഴിൽ സാദ്ധ്യതാ സൃഷ്ടിയിലോ അല്ല, വ്യക്തികളുടെ പെരുമാറ്റ നിയന്ത്രണത്തിലാണ് താല്പര്യം.

ഇസ്രായേലിന്റെ അക്രമത്താലോ അറബ് ഉദാസീനതയാലോ അരാഫത്ത് ശാസമുട്ടി മരിക്കുന്നത് കണ്ടാൽ, അറബികളും മുസ്ലീങ്ങളും തങ്ങളുടെ ഭരണകർത്താക്കൾക്കെതിരെ തിരിയും. അതിനാൽ ഇപ്പോൾ അദ്ദേഹത്തെ ഈ ഭൂപ്രദേശത്തിന് ആവശ്യമുണ്ട്. പാലസ്തീനിലെ യുവതലമുറയിൽനിന്ന് പുതിയ ഒരു കൂട്ടനേതൃത്വം ഉയർന്നുവരുമ്പോൾമാത്രമേ അദ്ദേഹത്തിന്റെ വേർപാട് സ്വാഭാവികമായിത്തോന്നൂ. എന്ന്, എങ്ങനെ ഇത് സാദ്ധ്യമാകുമെന്ന് പറയുക അസാദ്ധ്യമാണ്. എന്നാൽ ഇത് സംഭവിക്കുമെന്ന് എനിക്കുറപ്പാണ്.

കളിക്കാരിൽ മൂന്നാമത് യൂറോപ്യന്മാരും അമേരിക്കക്കാരും ശേഷമുള്ളവരുമത്രെ. അവരെന്താണ് ചെയ്യുന്നതെന്ന് അവർക്കറിയാം. [illegible]നിക്ക് തോന്നുന്നില്ല. ഒരു പ്രശ്നമെന്ന നിലയിൽ പാലസ്തീൻ ഇല്ലാതായാൽ അവരിലൊട്ടുമിക്കവാറും സന്തോഷിക്കും. ബുഷിന്റെയും പവലിന്റെയും അന്തരംഗിതത്താൽ മറ്റാരാലെങ്കിലും പാലസ്തീൻ രാഷ്ട്രം സാക്ഷാത്കരിക്കപ്പെട്ടാൽ അവർക്കതിൽ സന്തോഷമുണ്ടാവുകയുമില്ല. മാ



സംഘർഷങ്ങളുടെ അവസാനിക്കാത്ത പരമ്പര വിശുദ്ധനാടിനെ തകർച്ചയിലേക്കു നയിക്കുന്നു

ത്രമല്ല, അപമാനിക്കാനും ഒതുക്കാനും തോണ്ടാനും സമ്മർദ്ദം ചെലുത്താനും കുറ്റപ്പെടുത്താനും അരാഫത്തില്ലെങ്കിൽ മദ്ധ്യപൂർവ്വദേശത്തെ പ്രവർത്തനം അവർക്ക് ബുദ്ധിമുട്ടായിത്തീരും. യൂറോപ്യൻ യൂണിയന്റെയും ജനറൽ സിന്നിയുടെയും ദൗത്യം അർത്ഥമില്ലാത്തതും ഷാരോനിലും അദ്ദേഹത്തിന്റെ ആൾക്കാരിലും ഒരു സ്വാധീനവും ചെലുത്താൻ കഴിയാത്തതുമായി തോന്നുന്നു. അരാഫത്തും അദ്ദേഹത്തിന്റെ ആളുകളും ഒത്തുതീർപ്പിന് നടത്തുന്ന (നിഷ്ഫല)യാചനകളെ വകവയ്ക്കാതെ തങ്ങൾക്കേറ്റവും ശരിയെന്ന് തോന്നുന്നത് തുടർന്നും ചെയ്യാമെന്നും പാശ്ചാത്യ ഗവൺമെന്റുകൾ തങ്ങളുടെ പക്ഷത്താണെന്നുമുള്ള ശരിയായ നിഗമനത്തിൽ ഇസ്രായേലിലെ രാഷ്ട്രീയക്കാർ എത്തിച്ചേർന്നിരിക്കുന്നു. പാലസ്തീൻ സാന്നിദ്ധ്യം മാത്രമല്ല, പാലസ്തീൻകാരുടെ അവകാശപ്രശ്നങ്ങളും നേരിടേണ്ട ധാർമ്മികബാദ്ധ്യത പാശ്ചാത്യരിലും ഇസ്രായേലിന്മേലും ചുമത്താനുള്ള തന്ത്രങ്ങൾ രാജ്യത്തിനകകത്തും പുറത്തുമുള്ള പാലസ്തീൻകാർ പഠിക്കാനും ഉപയോഗിക്കാനും തുടങ്ങിയിരിക്കുന്നു. ഉദാഹരണത്തിന് ഇസ്രായേലിൽ അസ്മി ബിഷാരാ എന്ന 'ധാർഷ്ട്യ'ക്കാരനായ പാലസ്തീനിയന്റെ പാർലമെന്റംഗ പ്രതിരോധാധികാരം എടുത്തുകളഞ്ഞശേഷം, ആക്രമണത്തിന് പ്രകോപിപ്പിച്ചതിന് അദ്ദേഹത്തെ വിചാരണ ചെയ്യാൻ തീരുമാനിച്ചിരിക്കുന്നു. എന്തുകൊണ്ട്? അധിനിവേശത്തെ ചെറുക്കാനുള്ള പാലസ്തീന്റെ അവകാശത്തിനായി ദീർഘകാലം നിലകൊള്ളുകയും പാലസ്തീൻ ജൂതരുടെ മാത്രമല്ല, മറ്റെല്ലാ പൗരന്മാരുടെയും രാഷ്ട്രമാണെന്ന് വാദിക്കുകയും ചെയ്തു അദ്ദേഹം! ആദ്യമായി, പാലസ്തീന്റെ അവകാശത്തെക്കുറിച്ച് ഒരു വെല്ലുവിളി ഇസ്രായേലിനുള്ളിൽതന്നെ ഉയർന്നിരിക്കുന്നു. എല്ലാ കണ്ണുകളും ഈ നടപടിയിലേയ്ക്ക് തിരിഞ്ഞിരിക്കുന്നു. അതേസമയം, ഷാരോനെതിരായ യുദ്ധകാല കുറ്റകൃത്യങ്ങൾക്കെതിരെയുള്ള കേസ് കോടതിയിൽ തുടരാമെന്ന് ബെൽജിയൻ അറ്റോർണി ജനറൽ സ്ഥിരീകരിച്ചിരിക്കുന്നു. ഒരു മതേതര പാലസ്തീനെക്കുറിച്ചുള്ള അഭിപ്രായരൂപീകരണത്തിനായി വലിയൊരു കഠിനമായ പരിശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. അത് പാലസ്തീനിലെ ഇപ്പോഴത്തെ അധികാരത്തെ മറികടന്നെന്നുവരാം. മുപ്പത്തഞ്ചുവർഷക്കാലത്തെ അധിനിവേശം തുടരാൻ ഒരു വഴിയുമില്ലെന്നും ഈ അധിനിവേശം ശ്രദ്ധാകേന്ദ്രമാകുന്നുവെന്നും ഇസ്രായേൽ മനസ്സിലാക്കുന്നതോടെ, ആ രാജ്യത്തിന്റെ ധാർമ്മിക ഔന്നത്യത്തിന്റെ അവകാശം പിടിച്ചെടുക്കപ്പെടും.

മാത്രമല്ല, ഭീകരതയ്ക്കെതിരെയുള്ള യുദ്ധം പടരുന്നതോടെ കൂടുതൽ അസ്വസ്ഥതകളുണ്ടാകുമെന്ന് ഉറപ്പാണ്. കാര്യങ്ങൾ അവസാനിപ്പിക്കുന്നതിനുപകരം അമേരിക്കൻ അധികാരം അവയെ നിയന്ത്രിക്കാനാകാത്തവിധം ഇളക്കിവിടുകയാണ്. പാലസ്തീനിലേയ്ക്ക് വീണ്ടും ശ്രദ്ധ തിരിയാൻ ഇടയായത് അമേരിക്കയ്ക്കും യൂറോപ്പിനും ഒരു താലിബാൻ വിരുദ്ധ മുന്നണി നിലനിർത്തേണ്ട ആവശ്യം വന്നതിനാലാണെന്നത് നിസ്സാരമായൊരു വിരോധാഭാസമല്ല. ■

റിപ്പോർട്ട്

പടനീക്കങ്ങൾക്ക് പിന്നിൽ

ജോണി.എം.എൽ

പടനീക്കങ്ങൾക്കിടയിലെ പാശ്ചാത്യ റിമോട്ട് കൺട്രോൾ കൂടുതൽ കൂടുതൽ പ്രത്യക്ഷമാവുന്നു

കഴിഞ്ഞ ഒരാഴ്ചയിലെ സംഭവവികാസങ്ങൾ കണക്കിലെടുത്താൽ അയോദ്ധ്യയും രാമമന്ദിരവും രഥമുരുട്ടലും ഒക്കെ ഉൾപ്പെടുന്ന പ്രാചീന കാല്പനികതയെ ഉപേക്ഷിക്കാൻ ഭരണപാർട്ടിയായ ബി.ജെ.പിയും അതിന്റെ പ്രമുഖ നേതാക്കളും തയ്യാറായി എന്നുവേണം കരുതാൻ. ഉത്തർപ്രദേശിലെയും പഞ്ചാബിലെയും വരാനിരിക്കുന്ന തിരഞ്ഞെടുപ്പുകളിലെ താൽക്കാലിക വിജയങ്ങളിൽനിന്നും, തീവ്രവാദ നിരോധന ഓർഡിനൻസിന്റെ നൂലാമാലകളെച്ചൊല്ലി പ്രതിപക്ഷവുമായി നിലവിലുണ്ടായിരുന്ന ശീതസമരങ്ങളിൽനിന്നും രാജ്യത്തിന്റെ സുരക്ഷയെച്ചൊല്ലിയുള്ള ആകാംക്ഷകളിലേയ്ക്ക് ബി.ജെ.പിയും അതിന്റെ സഖ്യകക്ഷികളും വളർന്നിരിക്കുന്നു. പാകിസ്ഥാനുമായി ഒരു അടിയന്തര യുദ്ധം വേണമെന്ന പാർട്ടി തീവ്രവാദത്തിനെയും, യുദ്ധമല്ല മറിച്ച് നയതന്ത്രപരമായ സമ്മർദ്ദം പാകിസ്ഥാനുമേൽ കൊണ്ടുവരികയാണ് വേണ്ടതെന്ന പ്രതിപക്ഷത്തിന്റെ മിതവാദത്തിനെയും സമന്വയിപ്പിക്കാൻ സർക്കാരിന് കഴിഞ്ഞു എന്നതാണ് ഏറ്റവും വലിയ നേട്ടം.

ഡിസംബർ 13ന് തൊട്ടുപിന്നാലെ ഇന്ത്യ അതിർത്തിയിൽ പടയൊരുക്കം നടത്തിക്കഴിഞ്ഞിരുന്നു. എന്നാൽ ആത്യന്തികമായി സംഭവിച്ചേക്കാവുന്ന ഒരു യുദ്ധത്തിന് കടിഞ്ഞാണിട്ടത് അമേരിക്കയുടെ ഇരട്ടത്താപ്പ് നയമാണെന്ന് എല്ലാവർക്കും അറിയാമെങ്കിലും ഇന്ത്യ, പാകിസ്ഥാനെതിരെ നയതന്ത്രസമ്മർദ്ദം നടത്താനുള്ള നീക്കങ്ങളിൽനിന്ന് പിൻവാങ്ങിയില്ല. അതിന്റെ ആദ്യപടിയായിരുന്നു ഇരുരാജ്യങ്ങളിലെയും സ്ഥാനപതിമാരെ തിരിച്ചുവിളിക്കാനും സ്ഥാനപതി കാര്യാലയത്തിലെ ഉദ്യോഗസ്ഥവൃന്ദത്തെ ഗണ്യമായി വെട്ടിച്ചുരുക്കാനുമുള്ള തീരുമാനം. തുടർന്ന് ഇരുരാജ്യങ്ങൾക്കുമിടയിലുള്ള സംഝോതാ എക്സ്പ്രസും ഷഹദ്-എ-സർഹദ് ബസ് സർവ്വീസും നിറുത്തുകയും ചെയ്തു. ഈ നീക്കങ്ങൾക്കും തുടർന്ന് നടക്കാനിരിക്കുന്ന എല്ലാ നീക്കങ്ങൾക്കും പൂർണ്ണവും എന്നാൽ വിമർശനാത്മകവുമായ പിന്തുണ നൽകുവാൻ പ്രതിപക്ഷ കക്ഷികളുൾപ്പെടെയുള്ള എല്ലാ രാഷ്ട്രീയകക്ഷികളും ഒരു സർവ്വകക്ഷി സമ്മേളനത്തിൽ സമ്മതിച്ചത് ഇന്ത്യയുടെ നയതന്ത്രവിജയമായി വേണം കാണുവാൻ.

പാകിസ്ഥാന്റെ നിലപാട്

ഒരു യുദ്ധസാഹചര്യം ഒരുങ്ങുകയും അതിന്റെ പശ്ചാത്തലത്തിൽ ഇന്ത്യ, രാഷ്ട്രതന്ത്രപരമായും നയതന്ത്രപരമായും ഒറ്റക്കെട്ടായതും അമേരിക്കയുൾപ്പെടെയുള്ള പാശ്ചാത്യശക്തികളുടെ കണ്ണു തുറപ്പിച്ചു എന്നതിൽ സംശയമില്ല. അതുകൊണ്ടുതന്നെയാണ് ഇന്ത്യ തങ്ങളെ വിരട്ടുന്നു എന്ന് മുറവിളി കൂട്ടിനിന്ന പാകിസ്ഥാൻ ചില നടപടികളെടുക്കാൻ തീരുമാനിച്ചത്. ലഷ്കർ-എ-തൊയ്ബ, ജയ്ഷ്-എ-മൊഹമ്മദ് എന്നീ തീവ്രവാദി സംഘടനകളെ നിരോധിക്കുകയും അവയുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുകയും നേതാക്കന്മാരെ അറസ്റ്റ് ചെയ്യുകയും ചെയ്തുകൊണ്ട് പാകിസ്ഥാൻ ഇന്ത്യയുടെ നീക്കത്തിന് അനുകൂലമായി പ്രതികരിച്ചു. തെക്കുകിഴക്കൻ ഏഷ്യയിൽ ഇന്ത്യക്ക് അനുകൂലമായി ഒരു തരംഗം ഉണ്ടായിവരുന്നു എന്നതും ഇന്ത്യൻ ആകാശം പാകിസ്ഥാൻ വിമാനങ്ങളെ നിരോധിക്കുന്നതുവഴി മറ്റൊരുതരം സാമ്പത്തികസമ്മർദ്ദം പാകിസ്ഥാനുമേൽ വന്നതുകൊണ്ടും പെട്ടെന്ന് ഒരു സമന്വയഭാഷ സ്വീകരിക്കേണ്ടതാണ് മുഷ്റഫിന് നല്ലത് എന്ന അമേരിക്കൻ സിഗ്നൽ ലഭിച്ചതോടെയാണ് പാകിസ്ഥാൻ ചുവടു മാറ്റിക്കളിക്കാൻ തീരുമാനിച്ചത്.

ഇതിനിടെ മറ്റൊരു കളിക്ക് പാകിസ്ഥാൻ ഭരണാധികാരി ജനറൽ പർവേഷ് മുഷ്റഫ് തയ്യാറായി. അതായത് ഇന്ത്യ ചർച്ചകൾക്ക് ഒരുക്കമാണെങ്കിൽ പാകിസ്ഥാൻ തയ്യാറാണെന്നായിരുന്നു ആ കളിയുടെ പൊരുൾ. തങ്ങൾ മിതവാദം സ്വീകരിക്കുമ്പോൾ യുദ്ധസന്നദ്ധമായ ഇന്ത്യ തീവ്രവാദ നിലപാട് എടുക്കുന്നു എന്ന് ലോകത്തോടു പറയാനുള്ള കുത്സിതമായ വെമ്പലിൽനിന്നായിരുന്നു ഈ പ്രഖ്യാപനം. പാകിസ്ഥാൻ ഇന്ത്യക്കും ഇന്ത്യൻ ഭരണത്തിനും നൽകിയ ചരിത്രപരമായ നെറികേടുകൾ കണക്കിലെടുത്താൽ ആ രാജ്യത്തിന്റെ ഒരു നീക്കത്തെയും വിശ്വസിക്കാൻ പാടില്ലാത്തതാണ്. സിംലക്കരാറിന്റെ ലംഘനം, ലാഹോർ ബസ്യാത്രയും തുടർന്നുള്ള കാർഗിൽ യുദ്ധവും ആഗ്രാ ഉച്ചകോടിയും പിന്നാലെ വന്ന ഭീകരപ്രവർത്തനവും പാകിസ്ഥാനെ വിശ്വസിക്കാൻ കഴിയില്ലെന്ന സന്ദേശമല്ലാതെ മറ്റൊന്നുമല്ല നൽകുന്നത്. ഇത്തരം സന്ദർഭങ്ങൾ കവികൾക്ക് ഭാവനയുണർത്താൻ പര്യാപ്തമാണെന്നു തോന്നുന്നു. നമ്മുടെ കവിയായ പ്രധാനമന്ത്രി, ജനറൽ പർവേഷ് മുഷ്റഫിന് പറ്റിയ ഒരു മറുപടി ഇന്ത്യൻ പൗരന്മാർക്കു വേണ്ടി അദ്ദേഹം എഴുതിയ പുതുവർഷദിനലേഖനത്തിൽ അദ്ദേഹം ഉൾക്കൊള്ളിച്ചു. എന്നാൽ ഒരു വ്യത്യാസം മാത്രം. അദ്ദേഹത്തിന്റെ കാല്പനികതയുടെ തീവ്രത ഇവിടെ ഏറെ കുറഞ്ഞിരിക്കുന്നു. റൊമാന്റിസിസത്തിൽനിന്ന് റിയലിസത്തിലേയ്ക്കാണ് അദ്ദേഹം ഈ ലേഖനത്തിൽ നീങ്ങുന്നത്. സാഹചര്യങ്ങളുടെ നിജസ്ഥിതി അറിയുന്ന അദ്ദേഹം യാഥാത്ഥ്യത്തിന്റെ വഴിതേടി പാകിസ്ഥാൻ അതിന്റെ അടിസ്ഥാനപരമായ ഇന്ത്യാവിരുദ്ധത കൈവിടുകയാണെങ്കിൽ ചർച്ചകൾക്കായി പകുതിവഴിയിലേറെ സഞ്ചരിക്കാൻ താനൊരുക്കമാണെന്ന് വാജ്പേയി എഴുതി.

''1999 ഫെബ്രുവരിയിൽ ഞാൻ ലാഹോറിലേയ്ക്കു നടത്തിയ ബസ് യാത്ര, ആഗ്ര ഉച്ചകോടിക്കായി പർവേഷ് മുഷ്റഫിനു നൽകിയ ക്ഷണം, വളരെ പ്രാവശ്യം നീട്ടിവച്ച കാശ്മീരിലെ ഏകപക്ഷീയമായ വെടിനിറുത്തൽ എല്ലാം തന്നെ സമാധാനത്തിനുവേണ്ടി ഇന്ത്യ നടത്തുന്ന ആത്മാർത്ഥവും ധീരവുമായ അന്വേഷണങ്ങൾക്ക് ഉദാഹരണമാണ്. കാർഗിലിലെ വഞ്ചനയ്ക്കു ശേഷവും ഇന്ത്യ ഈ ശ്രമങ്ങൾ തുടരുകയാണ്. ഈ ആത്മാർത്ഥതയ്ക്കു തുല്യമായ എന്തു നീക്കം പാകിസ്ഥാൻ നടത്തിയാലും ഇന്ത്യ ആ ശ്രമങ്ങൾക്ക് ആക്കം വർദ്ധിപ്പിക്കും. ശത്രുതയുടെ ഭൂതകാലം നമുക്കു മറക്കാം. സംഘർഷഭരിതമായ ഭാവിയെ നമുക്ക് പുണരാം.'' പ്രധാനമന്ത്രിയുടെ വാക്കുകളാണിവ. ഇന്ത്യയുടെയും പാകിസ്ഥാന്റെയും സാമൂഹിക- രാഷ്ട്രീയ- സാമ്പത്തിക പരിതോവസ്ഥകളെ എടുത്തുകാണിച്ചുകൊണ്ട് പ്രധാനമന്ത്രി ഈ മേഖലയിൽ ഇരുരാജ്യങ്ങളും നേടേണ്ട കാര്യങ്ങളെക്കുറിച്ചു പറയുന്നു- വരികൾക്കിടയിൽ വായിച്ചാൽ വാജ്പേയി പറയുന്ന കാര്യങ്ങൾ വെറും കാല്പനികസ്വപ്നങ്ങളല്ല എന്നു മനസ്സിലാകും.

സാർക്ക് ഉച്ചകോടിക്കായി നേപ്പാളിലെത്തിയ പ്രധാനമന്ത്രി വാജ്പേയി ഗ്യാനേന്ദ്ര രാജാവിനൊപ്പം

വിവിധ സ്വരങ്ങൾ

പ്രധാനമന്ത്രിയുടെ വാക്കുകൾ അദ്ദേഹത്തിന്റെ തൂലികയിൽനിന്ന് ഉതിർന്നതാണെങ്കിലും ഇന്ത്യൻ നയതന്ത്രത്തിന്റെ വിവിധ സ്വരങ്ങൾ അവയിൽ പ്രതിഫലിക്കുന്നുണ്ട്. താലിബാനെയും അൽകയ്ദയെയും പേരെടുത്തുപറയുന്ന പ്രധാനമന്ത്രി, കാശ്മീരിൽ പ്രത്യേകിച്ചും ഇന്ത്യയിൽ പൊതുവെയും നടക്കുന്ന വിധ്വംസക പ്രവർത്തനങ്ങൾക്കുപിന്നിൽ പാകിസ്ഥാൻ തന്നെയാണ് പ്രവർത്തിക്കുന്നതെന്ന് അസന്നിഗ്ദ്ധമായി വ്യക്തമാക്കുന്നുണ്ട്. യാഥാർത്ഥ്യത്തെ അതേപടി വരച്ചുകാട്ടുമ്പോഴും ഇന്ത്യ ഏത് സന്ദർഭത്തെയും നേരിടാൻ തയ്യാറാണെന്നും, പാകിസ്ഥാന്റെ എന്തു നീക്കത്തിനും അർഹിക്കുന്ന മറുപടി നൽകുമെന്നും വ്യക്തമാക്കുന്നു. ആഭ്യന്തരമന്ത്രി എൽ.കെ. അദ്വാനിയുടെ പൊട്ടിത്തെറിയും വിദേശകാര്യമന്ത്രി ജസ്വന്ത്സിങ്ങിന്റെ ഘനഗംഭീരമായ നയതന്ത്രസ്വരവും ജോർജ് ഫെർണാണ്ടസിന്റെ പടയൊരുക്കവും എല്ലാം വാജ്പേയിയുടെ വാക്കുകളിൽ പ്രതിഫലിക്കുന്നുണ്ട്.

പാഠങ്ങൾ പഠിക്കുവാൻ തങ്ങൾ ഇനിയും താമസിക്കുമെന്ന് പാകിസ്ഥാൻ ഇപ്പോഴും വാശിപിടിക്കുകയാണ്. മൗലാനാ മസൂദ് അഷർ, ദാവൂദ് ഇബ്രാഹിം, ടൈഗർ മേമൻ തുടങ്ങി ഇന്ത്യ തലയ്ക്കു വിലപറഞ്ഞിരിക്കുന്ന വിധ്വംസകരെ വിട്ടുകിട്ടണമെന്ന ഇന്ത്യയുടെ അഭ്യർത്ഥന, മതിയായ കാരണങ്ങൾ ഇവർക്കെതിരെയില്ലെന്നു പറഞ്ഞ് പാകിസ്ഥാൻ തള്ളിക്കളഞ്ഞിരിക്കുന്നു. ഇതുകൂടാതെ ഇരുരാജ്യങ്ങൾക്കുമിടയിൽ കുറ്റവാളികളെ കൈമാറാനുള്ള ധാരണ ഇല്ലെന്നുമുള്ള വാദങ്ങൾ പാകിസ്ഥാൻ ഉയർത്തുന്നുണ്ട്. എന്നാൽ 1987-ലെ സാർക്ക് ഉച്ചകോടിയിൽ അംഗരാഷ്ട്രങ്ങൾക്കെല്ലാം ബാധകമായ ഒരു കുറ്റവാളികൈമാറ്റനിയമം പാസാക്കപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പാകിസ്ഥാൻ, കുറ്റവാളികളെ ഇന്ത്യക്ക് കൈമാറേണ്ടതാണ്. എന്നാൽ തങ്ങൾ ആ നിയമം അംഗീകരിച്ചിട്ടില്ല എന്ന പഴുതിൽ ഒഴിഞ്ഞുമാറാൻ നോക്കുകയാണ് പാകിസ്ഥാൻ.

നേപ്പാൾ തലസ്ഥാനമായ കാഠ്മണ്ഡുവിൽവച്ചു നടക്കുന്ന സാർക്ക് ഉച്ചകോടിയുടെ പശ്ചാത്തലത്തിലാണ് ഈ സംഭവങ്ങൾ അരങ്ങേറുന്നത്. ഇവിടെവച്ച് ഇന്ത്യയും പാകിസ്ഥാനും പ്രശ്നപരിഹാര ചർച്ചകൾ വീണ്ടും തുടങ്ങണമെന്നാണ് അമേരിക്ക നയിക്കുന്ന പാശ്ചാത്യലോബി ആഗ്രഹിക്കുന്നത്. എന്നാൽ മൗലികമായ പ്രശ്നങ്ങൾ ചർച്ചയുടെ പരിധിയിൽ ഉൾപ്പെടുത്താതെ സമാധാനശ്രമങ്ങൾ തുടരും എന്നു മാത്രം വാദിക്കുന്ന പാകിസ്ഥാന്റെ നിലപാടിൽ ഇന്ത്യ വിശ്വസിക്കുന്നില്ലെന്ന് വ്യക്തമാക്കിക്കഴിഞ്ഞു. ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ഒരു ഉരസൽ സാർക്കിലെ അംഗരാജ്യങ്ങളെ മാത്രമല്ല, തെക്കുകിഴക്കൻ ഏഷ്യയുടെ സാമൂഹിക-സാമ്പത്തികരംഗത്തെ പ്രതികൂലമായി ബാധിക്കുമെന്ന ആശങ്കയും ഉയർന്നിട്ടുണ്ട്. ഇന്ത്യയുടെ പടനീക്കവും നയതന്ത്രനീക്കങ്ങളും സുതാര്യമായിരിക്കുന്ന സ്ഥിതിക്ക് ഇനി സുതാര്യത കൈവരിക്കേണ്ടത് പാകിസ്ഥാനാണ്. അതിന് പാകിസ്ഥാനും അതിനെ നിയന്ത്രിക്കുന്ന പാശ്ചാത്യ റിമോട്ട് കൺട്രോളുകളും സന്നദ്ധമാകുമോ? ■

കുറിപ്പ്

ശാസ്ത്രദേശീയത

ഡോ. കെ.ഐ. വാസു

സ്വദേശിവിജ്ഞാനമേള എറണാകുളത്ത് ആരംഭിക്കുന്നു

ശാസ്ത്രത്തിന് സ്വദേശിയെന്നോ വിദേശിയെന്നോ ഇല്ല. ശാസ്ത്രത്തിന് രാഷ്ട്രാതിർത്തികളില്ല. ശാസ്ത്രം വിശ്വമാണ്- Science is universal'. എന്നും മുഴങ്ങിക്കേട്ടിരുന്ന ചില ആശയങ്ങളാണ് മേലുദ്ധരിച്ചത്. പക്ഷേ ഇന്ന് കരുത്തോടെ മറ്റൊരാശയം ഉയർന്നുവരുന്നു. സ്വദേശി ശാസ്ത്രം- ശാസ്ത്രത്തിന് അതിന്റെ ഉത്ഭവനാടുമായി ബന്ധമുണ്ട്. നമ്മുടേതായ ശാസ്ത്രമുണ്ട്. ഓരോ രാജ്യത്തിനും അതിന്റേതായ ശാസ്ത്രവും ശാസ്ത്രസങ്കല്പവുമുണ്ട്. ഒരുകാലത്ത് ആരും ഗൗരവമായെടുക്കാതിരുന്ന ഈ ആശയം ഇന്ന് ഭാരതമാകെ കരുത്തോടെ പടർന്നുകയറുകയാണ്. ഇന്ത്യയിലെ പ്രധാന നഗരങ്ങളിലെല്ലാം ഇന്ന് സ്വദേശി ശാസ്ത്രത്തിനായുള്ള പ്രസ്ഥാനങ്ങൾ രൂപപ്പെടുകയാണ്. ഇതിനോടൊപ്പം നാട്ടറിവു കേന്ദ്രങ്ങളും, പാരമ്പര്യശാസ്ത്ര പഠനങ്ങളും ഉണ്ടായിവരുന്നു. ഒരു തരത്തിൽ ഒരു ശാസ്ത്ര ദേശീയത അതതു നാടിന്റെ വൈവിദ്ധ്യങ്ങളുമായി ഇണങ്ങി ഉരുത്തിരിഞ്ഞു വരികയാണ്.

കേരളത്തിൽ വളർന്നുവരുന്ന സ്വദേശി ശാസ്ത്രപ്രസ്ഥാനം ഈ നാടിന്റെ ശാസ്ത്രവൈഭവം ജനങ്ങളുടെ മുമ്പാകെ പ്രദർശിപ്പിക്കുവാൻ തയ്യാറെടുക്കുകയാണ്. ഇനുവരി 12 മുതൽ 19 വരെ എറണാകുളം ഡർബാർ ഹാൾ ഗ്രൗണ്ടിൽ നടക്കുന്ന സ്വദേശി വിജ്ഞാനമേള, ഭാരതത്തിന്റെ ശാസ്ത്ര സാങ്കേതിക മേഖലയുടെ കരുത്തും വളർച്ചയും പ്രദർശിപ്പിക്കുന്ന ഒന്നായിരിക്കും. ഇന്ത്യയുടെ ശാസ്ത്രസാങ്കേതികരംഗം സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഉണ്ടാക്കിയ നേട്ടങ്ങൾ വളരെ വലുതാണ്. ഇന്ത്യയുടെ ഗവേഷണമേഖല ഇന്ന് ഏതൊരു രാജ്യത്തോടും കിടപിടിക്കുന്ന ഒന്നായി വളർന്നിരിക്കുന്നു. അതുപോലെ ഇന്ത്യയിലെ പൊതുമേഖലാസ്ഥാപനങ്ങൾ മറ്റൊരു രാജ്യത്തിന്റെയും വികസനപ്രക്രിയകളോടൊപ്പം സാമ്യപ്പെടുത്താവുന്നതായി മാറിയിട്ടുണ്ട്. ഇന്ന് ഏവരും ഉറ്റുനോക്കുന്ന വിവരസാങ്കേതികരംഗം, ആണവ ഗവേഷണരംഗം, അന്തരീക്ഷ ഗവേഷണമേഖല ഇവയിലെ ഭാരതത്തിലെ ശാസ്ത്രകാരന്മാർ നേടിയ നൈപുണ്യം ലോകത്തെ മറ്റു ശാസ്ത്രഗവേഷകന്മാരെ അത്ഭുതപ്പെടുത്തുന്നവയാണ്.

സ്വദേശി വിജ്ഞാനമേള എറണാകുളത്ത് നടക്കുന്നത് ഇതാദ്യമായാണ്. കേരളത്തിൽ ശാസ്ത്ര പ്രദർശനങ്ങൾ വളരെയേറെ നടക്കാറുണ്ട്. അതെല്ലാം കുട്ടികളുടെയോ, കേരളത്തിൽ ഒതുങ്ങുന്നവയോ ആണ്. പക്ഷേ സ്വദേശി വിജ്ഞാനമേള ഭാരതത്തിന്റെ സകല മേഖലകളുടെയും വളർച്ചയുടെ, വെല്ലുവിളികളുടെ പ്രദർശനമാണ്. സി.എസ്.ഐ.ആർന്റെ പ്രശസ്ത ഗവേഷണനിലയങ്ങൾ, ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ കീഴിലുള്ള പ്രധാന ശാസ്ത്ര സ്ഥാപനങ്ങൾ, പ്രതിരോധമേഖലയിലെ ഗവേഷണനിലയങ്ങൾ, ആണവ കമ്മീഷൻ ഇവയെല്ലാം ഭാരതത്തിന്റെ ഇന്നിന്റെ കുതിപ്പിനെ പ്രദർശിപ്പിക്കുന്നവയാണ്.

പ്രഥമ സ്വദേശിശാസ്ത്രമേള വാജ്പേയി ഉദ്ഘാടനം ചെയ്യുന്നു

ഇന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ഏറോനോട്ടിക്സ് ലിമിറ്റഡ്, ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് തുടങ്ങിയ വൻകിട വ്യവസായ സ്ഥാപനങ്ങൾക്കൊപ്പം ഡൽഹിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, മെഡിമിക്സ്, സ്പൈസസ് ബോർഡ്, കയർ ബോർഡ്, നാളികേര വികസന ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളും സ്വദേശി വിജ്ഞാനമേളയിൽ അണിനിരക്കുന്നു.

ഭാരതത്തിന്റെ തനതായ കരകൗശല ഉല്പന്നങ്ങൾ, അതിന്റെ പിന്നിലുള്ള സാങ്കേതികത ഇവ പ്രദർശിപ്പിക്കുവാൻ കേന്ദ്ര കരകൗശല മന്ത്രാലയത്തിന്റെ കീഴിൽ ഒൻപത് സംസ്ഥാനങ്ങളിൽ നിന്നും അനവധി സ്ഥാപനങ്ങൾ എത്തുന്നു. കൈത്തറി, മറ്റ് ഗ്രാമീണ വ്യവസായങ്ങൾ എന്നിവയ്ക്കായി വിപുലമായ സജ്ജീകരണങ്ങളാണ് മേളയിൽ തയ്യാറാക്കിയിരിക്കുന്നത്. മേളയോടനുബന്ധിച്ച് യുവശാസ്ത്രപ്രതിഭകളെ കണ്ടെത്തുന്നതിനും അവരുടെ ഗവേഷണഫലങ്ങൾ പ്രദർശിപ്പിക്കുന്നതിനുമായി ദേശീയ ശാസ്ത്ര പ്രതിഭാ പ്രദർശനവും സംഘടിപ്പിച്ചിട്ടുണ്ട്. ഭൗതികശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം, വൈദ്യശാസ്ത്രം, എൻജിനീയറിങ്, സാങ്കേതികശാസ്ത്രം എന്നിവയിൽ യുവ ശാസ്ത്രകാരന്മാരും വിദ്യാർത്ഥികളും നടത്തിയിട്ടുള്ള ഗവേഷണങ്ങളുടെയും കണ്ടെത്തലുകളുടെയും മോഡലുകളുടെ മത്സരവും പ്രദർശനവും ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുന്നു. വിദ്യാർത്ഥികൾക്കായി ശാസ്ത്രവിഷയങ്ങളിലുള്ള ഉപന്യാസ മത്സരം, ക്വിസ് എന്നിവയും ഇതോടൊപ്പം സംഘടിപ്പിക്കുന്നു. രാജ്യത്തിന്റെ അഭിമാനസ്തംഭങ്ങളായ പ്രമുഖ ശാസ്ത്രകാരന്മാർ ഡോ. പി.കെ. അയ്യങ്കാർ, പ്രൊഫ. എം.ജി.കെ. മേനോൻ എന്നിവർ വിദ്യാർത്ഥികളും ശാസ്ത്രകാരന്മാരുമായി ആശയവിനിമയം നടത്തുന്നതും ഈ മേളയുടെ പ്രത്യേകതയാണ്.

കേരളത്തിന്റെ സാംസ്കാരിക തനിമയെ പ്രദർശിപ്പിക്കുന്ന കേളി, ശാസ്ത്രീയ നൃത്തം, കളരി, കരിന്തലക്കൂട്ടം, തായമ്പക, മുടിയേറ്റ് എന്നിവയും ഓരോ ദിവസങ്ങളിലായി മേളയിൽ അവതരിപ്പിക്കുന്നു.

'ശാസ്ത്രം സമഗ്ര പുരോഗതിക്ക്' എന്ന ലക്ഷ്യം മുൻനിർത്തി ആധുനികവും പരമ്പരാഗതവുമായ സ്വദേശി ശാസ്ത്ര സാങ്കേതിക വിദ്യയിലൂടെയുള്ള വ്യാവസായിക വികസനത്തിൽ ഊന്നി ദേശീയതലത്തിൽ ശാസ്ത്ര-സാങ്കേതിക രംഗത്ത് പ്രവർത്തിച്ചുവരുന്ന 'വിജ്ഞാന ഭാരതി'യുടെ സംസ്ഥാന ഘടകമായ 'സ്വദേശി ശാസ്ത്ര പ്രസ്ഥാന'മാണ് സ്വദേശി വിജ്ഞാനമേളയുടെ സംഘാടകർ. ■

MODERN BOOK CENTRE

NOW ON SALE

K C John :
BEYOND THE DEADLINE MEMOIRS
Rs. 100/-
Veteran Journalist K C John narrates the story of his times.....in his inimitable anecdotal style.

Oxford :
INDIA INFRASTRUCTURE REPORT 2002
Governance Issues for Commercialization
Rs. 495/-
An invaluable resource for those in government, academia, development, business, and finance.

Hari Singh Gour :
THE SPIRIT OF BUDDHISM
Rs. 295/-

R L Trask :
MIND THE GAFFE
The penguin Guide to common Errors in English
Rs. 250/-

MODERN BOOK CENTRE
G.P.O Jn., Trivandrum - 1
Tel: 331826, 331816 Fax: 333186
E-Mail: modern@techpark.net

പദ്ധതി	യഥാർത്ഥ വില	സ്പെഷ്യൽ ഓഫർ	ലാഭം	സമ്മാനം
3 വർഷം	1560 രൂപ	1200 രൂപ	360 രൂ.*	വിവാൾഡി ഷർട്ട്
2 വർഷം	1040 രൂപ	800 രൂപ	240 രൂ.	ടീ ഷർട്ട്
1 വർഷം	520 രൂപ	450 രൂപ	70 രൂ.	ഒരുജോഡി പാദുകം

വാരിക കിട്ടിത്തുടങ്ങാൻ മൂന്നാഴ്ച കാത്തിരിക്കുക. ഡ്രാഫ്റ്റ് **എക്സ്പ്രസ് പബ്ലിക്കേഷൻ (മധുരെ) ലി.** എന്ന പേരിൽ എറണാകുളത്ത് മാറത്തക്കവണ്ണം അയയ്ക്കുക. അയയ്ക്കേണ്ട വിലാസം: സീനിയർ സർക്കുലേഷൻ മാനേജർ, ദി ന്യൂ ഇന്ത്യൻ എക്സ്പ്രസ്, കല്ലൂർ കൊച്ചി - 17



വാരാണസി

എം.ടി. വാസുദേവൻനായർ

5

ഉറങ്ങാൻ കിടന്നപ്പോൾ നിശ്ചയിച്ചു. പിറ്റേന്ന് മണികർണ്ണികയിൽ പോണം. രാംലാലിനെ അന്വേഷിക്കണം.

ആദ്യമായി മണികർണ്ണികയിൽ പോകുമ്പോൾ രാംലാലും സുമിതയുമുണ്ടായിരുന്നു.

മഴക്കാലത്തിന്റെ അവസാനമായിരുന്നു. ആകാശത്തിലും കരിമേഘങ്ങൾ ഇഴഞ്ഞുനീങ്ങിക്കൊണ്ടിരുന്നു.

താഴെ നദീതടത്തിൽ ദഹിപ്പിക്കാൻ സ്ഥലമില്ല. വെള്ളം താണിട്ടില്ല. നദിയിലേയ്ക്ക് കെട്ടിയ മണ്ഡപത്തിനു മുകളിലാണ് മഴക്കാലം കഴിഞ്ഞ് കര തെളിയുംവരെ ദഹനം നടക്കുന്നതെന്ന് രാംലാൽ പറഞ്ഞു.

ഉച്ചസമയമായിരുന്നു. വിറകും പട്ടും മാലകളും വിൽക്കുന്ന കടകളിലെല്ലാം രാംലാലിന്റെ പരിചയക്കാരായിരുന്നു. പലരും ബന്ധുക്കളാണെന്ന് പിന്നീടാണറിയുന്നത്.

പടികൾ കയറി മണ്ഡപത്തിന്റെ മുകളിലെത്തിയപ്പോൾ സുമിത അത്ഭുതത്തോടെ പതുക്കെ ഒന്ന് ചൂളംവിളിച്ചു.

അഞ്ച് ചിതകൾ കത്തിയടങ്ങുന്ന ഘട്ടത്തിലാണ്. മറ്റാരുമില്ല. നദീമുഖത്തിന്റെ ആ അരച്ചുമരോട് ചേർന്നുനിന്ന് ആറേഴുവയസ്സായ ഒരു കുട്ടി പട്ടം പറപ്പിക്കുന്നു. അവൻ പിന്നിലെ കത്തുന്ന ചിതകളെ ശ്രദ്ധിക്കുന്നില്ല. വന്നുകയറിയവരെയും ശ്രദ്ധിക്കുന്നില്ല. പട്ടം കൂടുതൽ ഉയരത്തിലേയ്ക്കെത്തിക്കാൻ ചരടുവലിച്ച് ഇളക്കിക്കൊണ്ടുനിൽക്കുന്നു. ക്യാമറ സജ്ജീകരിക്കുന്ന സുമിതയോട് പതുക്കെ സുധാകരൻ പറഞ്ഞു: "ഈ ചിതകൾ, കുട്ടി, പട്ടം. വല്ലാത്തൊരു കോംപോസിഷനാവും അത്."

"കുട്ടിയെ കിട്ടും. കൈയിലെ ചരടും."

സുമിത പലേടത്തുംനിന്ന് ഫോട്ടോകളെടുത്തു. താഴേയ്ക്കിറങ്ങുമ്പോൾ രാംലാൽ പറഞ്ഞു:

"മരണം ഇവിടെ പേടിപ്പെടുത്തുന്ന ഒന്നല്ല."

ശരിയാണ്. ഇടവഴികളിലൂടെ, തെരുവിലൂടെ നടക്കുമ്പോൾ ശവശരീരങ്ങൾ തൊട്ടടുത്തുകൂടി കടന്നുപോകുന്നു.

താഴെ മൂന്ന് മൃതദേഹങ്ങൾ കാത്തുകിടക്കുന്നു. കൂടെ നടക്കുന്നവർ കരയാറില്ല. മോക്ഷം നേടിയവർ പരലോകത്തിലേയ്ക്ക് യാത്ര തിരിക്കുകയാണ്. അപ്പോൾ കരയരുത്.

ഉച്ചസമയമായതുകൊണ്ട് കുട്ടികൾ പുഴയിൽ നീന്തുന്നില്ല. ഹരിശ്ചന്ദ്രഘട്ടത്തിൽ കുട്ടികൾ ചിതാഭസ്മം തട്ടിയ സ്ഥലത്ത് മുങ്ങിത്തപ്പുന്ന ഫോട്ടോകൾ എടുത്തിട്ടുണ്ട് സുമിത.

രാംലാൽ ചിരിച്ചുകൊണ്ടു പറഞ്ഞു. "ചിലർ ശവത്തിന്റെ തുണിയിൽ ചില്ലറ നാണയങ്ങൾ പൊതിഞ്ഞുവയ്ക്കും. കടത്തുകൂലിയാണെന്നു സങ്കല്പം. കുട്ടിക്കാലത്ത് ഞാനൊരുപാട് മുങ്ങിത്തപ്പിയിട്ടുണ്ട്. ഒരിക്കൽ എനിക്കൊരു സ്വർണ്ണക്കാശു കിട്ടി. മൂന്നുതവണ സ്വർണ്ണം കെട്ടിച്ച പല്ലുകിട്ടി. ഞാനൊരു ഭാഗ്യശാലിയാണെന്നായിരുന്നു അമ്മയുടെ വിശ്വാസം."

സുമിത ചോദിച്ചു.

"എവിടെ തീയ്? ആ പ്രസിദ്ധമായ തീയ്?"

വെള്ളം പൊങ്ങിയപ്പോൾ കെട്ടിയുണ്ടാക്കിയ ടെന്റുകളിലൊന്നിൽ കനൽക്കട്ടകളുണ്ട്. അവിടെയും ഹരിശ്ചന്ദ്രഘട്ടത്തിലും. പുതിയ കരിക്കട്ടകൾ ചേർത്ത് തീ എരിയിച്ചുകൊണ്ടേ ഇരിക്കും. ഹരിശ്ചന്ദ്രന്റെ കാലംതൊട്ടേ എരിയുന്ന തീയാണെന്ന് ആളുകൾ വിശ്വസിക്കുന്നു.

"ഈ തീയിനെപ്പറ്റിയാണ് എന്റെ ചിന്ത."

രാംലാൽ പറഞ്ഞു:

"തീ കൊടുക്കുന്നത് ഞങ്ങൾ ദോമുകളാണ്. എല്ലാം തയ്യാറായി ബന്ധുക്കൾ വരുമ്പോൾ തീയിന് വിലപേശൽ നടക്കുന്നു. മൂന്നൂറ്, നാനൂറ്. ധനികരാണെന്നു കണ്ടാൽ ആയിരമോ രണ്ടായിരമോ ചോദിക്കാനും മടിക്കില്ല. കൃത്യമായ ഒരു നിരക്കില്ല."

കുടുംബക്കാരുടെ അവകാശമാണ്. അവർ തന്നെ തമ്മിൽ തർക്കിക്കാൻ തുടങ്ങിയപ്പോൾ മുത്തച്ഛൻ ഓരോ പക്ഷത്തിലും ഒരു താവഴിയ്ക്ക് തീ വിൽക്കാൻ അവകാശം കൊടുത്തു.

"ദോമുകൾക്ക് ഒരു രാജാവുണ്ടോ?"

സുമിത ചിലതെല്ലാം വായിച്ചിട്ടുണ്ട്.

"ആളുകൾ ദോംരാജ് എന്നു പറയും. ആ അർത്ഥത്തിൽ ഞാനും രാജകുടുംബാംഗമാണ്."

രാംലാൽ ചിരിച്ചു.

"എന്റെ വലിയച്ഛനാണ് ഇപ്പോഴത്തെ ദോംരാജ്. അച്ഛന്റെ ജ്യേഷ്ഠൻ."

കാശി രാജാവുമായി കേസ് നടത്തിയ ഒരു ദോംരാജാവിനെപ്പറ്റി സുമിത കേട്ടിട്ടുണ്ട്.

"അച്ഛന്റെയും വലിയച്ഛന്റെയുമൊക്കെ മുത്തച്ഛൻ."

പഴയ വീടിന്റെ പിന്നിൽനിന്ന് ഗംഗയിലേയ്ക്കു പടവുകൾ നിർമ്മിച്ചതും പിന്നിലെ കവാടത്തിൽ രണ്ട് സിംഹപ്രതിമകൾ വച്ചതും അദ്ദേഹമായിരുന്നുവത്രെ. ചണ്ഡാളൻ രാജചിഹ്നങ്ങൾ ഉപയോഗിക്കുന്നത് വിലക്കണമെന്നാവശ്യപ്പെട്ട് കാശി രാജാവ് കേസുകൊടുത്തു. കേസിൽ ആ മുത്തച്ഛൻ ജയിച്ചു. ഗംഗയുടെ മറുകരയാണ് രാജാവ് ഭരിക്കുന്നത്. ശ്മശാനഘട്ടം ഭരിക്കാനുള്ള അവകാശം ദോംരാജാവിനാണെന്ന വാദം കോടതി സ്വീകരിച്ചു.

•

തോണിക്കാരൻ ഒഴുക്കിനനുകൂലമായി തുഴഞ്ഞു. വൃദ്ധനായ തീർത്ഥാടകനോട് അയാൾ മിതമായ കൂലിയേ ആവശ്യപ്പെട്ടുള്ളു.

"അത് അഡി. അതാ വാരണ. വാരണയ്ക്കും അഡിക്കുമിടയിലുള്ള പ്രദേശം. ഇവിടെ ഗംഗ തെക്കുനിന്ന് വടക്കോട്ടൊഴുകുന്നു..."

അയാൾ പതിവുപോലെ സന്ദർശകർക്കായുള്ള വിവരണം തുടങ്ങിയപ്പോൾ സുധാകരൻ ചിരിച്ചുകൊണ്ട് പറഞ്ഞു:

"എനിക്കറിയാം. ഞാനിവിടെ വന്നിട്ടുണ്ട്." ദോംരാജിന്റെ ഭവനത്തിലേയ്ക്കുള്ള പടവുകളും സിംഹപ്രതിമകളെയും നോക്കിക്കൊണ്ട് ചോദിച്ചു:

"ഇപ്പോഴത്തെ ദോംരാജിന്റെ പേരെന്താണ്?"

പേരറിയില്ല. ദോംരാജ് എന്നേ അറിയൂ.

"ദോംരാജിന്റെ കുടുംബത്തിലൊരാൾ മുൻപ് തിരഞ്ഞെടുപ്പിൽ നിന്നില്ലെ?"

"ഉവ്വോ?"

തോണിക്കാരൻ ഗ്രാമത്തിൽനിന്ന് വാരാണസിയിലെത്തിയിട്ട് അഞ്ചുകൊല്ലമേ ആയുള്ളു. അയാളുടെ പേർ കരീംഖാൻ എന്നായിരുന്നു. മഴക്കാലത്ത് സിൽക്ക് ഫാക്റ്ററിയിൽ നെയ്ത്തുപണിയെടുക്കും.

മണികർണ്ണികയിൽ എത്ര ശവങ്ങൾ എരിയുന്നുണ്ട്?

അപ്പുറത്തെ കുളിക്കടവിൽ പല വർണ്ണങ്ങളിലുള്ള സാരികൾ ഉണങ്ങാനിട്ടിരിക്കുന്നു.

പഞ്ചഗംഗാഘട്ടത്തിലെത്തിയപ്പോൾ സുധാകരൻ പറഞ്ഞു: "മടങ്ങാം" ഒഴുക്കിനെതിരെ പ്രയാസപ്പെട്ടിട്ടാണ് അയാൾ തുഴഞ്ഞിരുന്നത്.

ഗയാഘട്ടത്തിലെത്തിയപ്പോൾ–

"അവിടെ അടുപ്പിച്ചോളൂ. ഞാനിറങ്ങാം." അതയാളുടെ തൊഴിലിലെ കുഴിവുകേടുകൊണ്ടാവുമോ എന്ന് സംശയിച്ച് കരീംഖാൻ ശക്തിയിൽ തുഴയാൻ തുടങ്ങി. അയാളുടെ തലയിൽക്കെട്ടിൽനിന്ന് വിയർപ്പുചാലുകൾ കവിളത്തേയ്ക്ക് ഒഴുകിക്കൊണ്ടിരുന്നു.

"എനിക്ക് വെയിലത്ത് അധികം ഇരിക്കാൻ വയ്യ. അതുകൊണ്ടാണ്."

തോണിക്കാരൻ സുധാകരനെ നോക്കി. മുക്കാലും നരച്ച താടി. വൃദ്ധൻ കാഴ്ചയ്ക്ക് രോ

ഗിയും അവശനുമാണ്.

ഇറങ്ങി പണം കൊടുക്കുമ്പോൾ കരീംഖാൻ പറഞ്ഞു. ദശാശ്വമേധഘട്ടത്തിന് തൊട്ടടുത്ത തോണികൾ റിപ്പയർ ചെയ്യാനിടുന്ന പ്രയാഗഘട്ടത്തിലാണ് അയാൾ സാധാരണ കാത്തുനിൽക്കുന്നത്. അപ്പുറം തോണിക്കാർ പിടിയും വലിയുമായി സന്ദർശകരെ കഷ്ടപ്പെടുത്തുന്നു.

അയാൾ പോക്കറ്റിൽനിന്ന് ഒരു കാർഡ് എടുത്തുനീട്ടി. സാരിക്കടയാണ്. മിതമായ വിലയ്ക്ക് ശുദ്ധ ബനാറസ് സാരികൾ വിൽക്കുന്ന ഇടം. കടയുടമസ്ഥന്റേതാണ് കരീംഖാൻ തുഴയുന്ന തോണി.

മുകളിലേയ്ക്ക് കയറി ഇടവഴിയിലൂടെ നടന്നു. ഈ വഴി മണികർണ്ണികയുടെ മുകളിലെത്തും. പിന്നെയും നടന്നാൽ വിശ്വനാഥക്ഷേത്രത്തിലെത്താം. നഗരത്തിലേയ്ക്കും കടക്കാം. ഭൂമിശാസ്ത്രം ഇപ്പോഴും ഓർമ്മിക്കുന്നു. ഗള്ളികൾക്കും തെരുവുകൾക്കും ഒരു മാറ്റവും വന്നിട്ടില്ല.

മണികർണ്ണികയിൽ മൂന്ന് ശവങ്ങൾ കത്തിക്കൊണ്ടിരുന്നു. പുതുതായി എത്തിയ ഒരു ശവത്തിന്റെ അന്ത്യവിധികൾ തുടങ്ങുന്നു. മുളന്തണ്ടിൽ വച്ചുകെട്ടിയ ശവം വെള്ളത്തിലിറക്കി മുക്കി കരയ്ക്കു കയറ്റിവച്ചു. നാലുപേർ ചേർന്നാണത് ചെയ്യുന്നത്. മക്കളായിരിക്കും. അല്ലെങ്കിൽ അടുത്ത ബന്ധുക്കൾ. ഒരിടത്ത് ശ്മശാന ജോലിക്കാർ വിറകുകൂട്ടാൻ തുടങ്ങിയിരുന്നു.

ആകെ വെള്ളത്തുണിയിൽ മൂടിയ രൂപം ചെറുതായിരുന്നു. സ്ത്രീയാവാം. അല്ലെങ്കിൽ വളരെ പ്രായംചെന്ന ഒരു വൃദ്ധനാവാം. വിറകിനുമുകളിൽ ശവം കിടത്തിയത് ബന്ധുക്കളാണ്. അവർ താഴെവീണ പൂമാലകൾ എടുത്ത് മുകളിലിട്ടു. വിറക് മുകളിൽ പരത്തിക്കഴിഞ്ഞപ്പോൾ കറുത്തുകുറിയ ദോം വിളിച്ചുപറഞ്ഞു.

"തീ കൊണ്ടുവരൂ."

കൂടാരത്തിലേയ്ക്ക് കയറിപ്പോയ ആൾ– മൂത്ത മകനായിരിക്കണം– ഒരുകെട്ട് ഉണക്കപ്പുല്ലിൽ തീക്കനലുമായി വന്നു.

ദോംരാജിന്റെ താവഴിക്കാർ എത്ര സംഖ്യ വാങ്ങിയിരിക്കും?

തീ മുകളിലേയ്ക്കിട്ടപ്പോൾ നീറിപ്പിടിച്ചു. കർപ്പൂരപ്പൊതി അഴിച്ചിട്ടപ്പോൾ കത്തിപ്പടർന്നു.

സുധാകരൻ നടന്നു. മറ്റൊരു ശവംകൂടി വരുന്നു.

രാം നാം സത്ഹെ.

രാം നാം സത്ഹെ.

ഇരുവശത്തും വിറക് അട്ടിയിട്ട ഷെഡ്ഡുകളിലൊന്നിൽ വലിയ തുലാസിനു താഴെയിരിക്കുന്ന കട്ടിമീശക്കാരൻ ചെപ്പിക്കോലിട്ട് ചെവിയിൽ ചുരണ്ടുകയാണ്.

സുധാകരൻ മുൻപിൽ നിന്നപ്പോൾ അയാൾ ചോദിച്ചു.

"എത്ര മന്ന്?"

"വിറകിനല്ല. എനിക്കൊരു വിവരം അറിയണം."

"പറഞ്ഞോളൂ."

"മുൻപ് കൌൺസിലറായി എലക്ഷന് നിന്നില്ലേ? രാംലാൽ. ദോംരാജിന്റെ കുടുംബത്തിൽപ്പെട്ട–"

"ഇലക്ഷൻ തോറ്റു. മേൽജാതിക്കാർ ചേർന്ന് പാർട്ടി മാറി വോട്ട് ചെയ്ത് തോല്പിച്ചു."

"എനിക്ക് രാംലാലിനെ ഒന്നു കാണണം."

അയാൾ വിറകുപുരയുടെ മറുവശത്തേയ്ക്കു വിളിച്ചു: "മുന്നാ!"

പിന്നിലെവിടെയോനിന്ന് ജീൻസും ടി ഷർട്ടുമിട്ട ഒരു ചെറുപ്പക്കാരൻ കടന്നുവന്നു.

അയാൾ ചോദിച്ചു:

"വാട്ട് ഡു യു വാൺട്?"

ഇംഗ്ലീഷിൽ മറുപടി പറഞ്ഞു.

എനിക്ക് രാംലാലിനെ കാണണം.

നിങ്ങൾക്കെങ്ങിനെ അറിയും?

ഞങ്ങളൊരുമിച്ചുണ്ടായിരുന്നു മുൻപ്. ഞാനിവിടെ സർവ്വകലാശാലയിൽ പഠിക്കുമ്പോൾ.

ചെറുപ്പക്കാരന്റെ മുഖത്ത് വളരെ നേർത്ത ഒരു ചിരി പരന്നുവെന്ന് തോന്നി.

"അദ്ദേഹം സ്ഥലത്തില്ല. അലാഹാബാദിൽ പോയിരിക്കുന്നു."

"എന്ന് മടങ്ങിവരും."

"പറയാനാവില്ല. ഒരുപക്ഷേ, ബുധനാഴ്ച."

ബുധനാഴ്ച എന്നുവച്ചാൽ മൂന്നു ദിവസങ്ങൾക്കുശേഷം. എത്ര ദിവസം ഇവിടെ നിൽക്കണം എന്ന് നിശ്ചയിച്ചിട്ടില്ല. അക്ക വരുന്ന തീയതിയെപ്പറ്റിയും ഉറപ്പില്ല.

തോണിക്കാരൻ കൊടുത്ത സാരിക്കടയുടെ കാർഡ് പോക്കറ്റിൽനിന്നെടുത്തു. അച്ചടിച്ച ഭാഗം വെട്ടി മറുവശത്ത് എഴുതി.

കെ.ജി.സുധാകരൻ,
റൂം നമ്പർ 7, ടൂറിസ്റ്റ് ബംഗ്ലാവ്. പരേഡ്കോത്തി.
വാരാണസി.

താഴെ അല്പം സ്ഥലത്ത് ചെറുതായി എഴുതി.

എന്നെ ഓർമ്മിക്കുന്നുവോ?

Remember me?

കാർഡ് ചെറുപ്പക്കാരനെ ഏല്പിച്ച് നടക്കുമ്പോൾ പറഞ്ഞു:

"ഞാൻ നാലുദിവസം കൂടിയുണ്ട്. കണ്ടാൽ സന്തോഷം എന്ന് പറയൂ."

പതുക്കെ നടന്ന് നഗരവീഥിയിലെത്തിയപ്പോൾ ആകെ ക്ഷീണിച്ചുപോയിരുന്നു. മുറിയിൽ ച്ചെന്ന് എന്തെങ്കിലും കഴിച്ച് കുറച്ചുനേരം കിടക്കണം.

●

ബിർളാ മന്ദിരത്തിലേയ്ക്ക് കടക്കുന്നേടത്ത് ഒരു ചെറിയ ചായക്കടയുണ്ടായിരുന്നു. അവിടത്തെ ചുമരുകളിലും തൂണുകളിലും, സർവ്വകലാശാലയിലെ വിദ്യാർത്ഥികൾ പരസ്യങ്ങൾ ഒട്ടിക്കാറുണ്ട്. പഴയ പുസ്തകങ്ങൾ വില്പനയ്ക്ക്.



ലൈബ്രറിയിൽനിന്ന് മടങ്ങുമ്പോൾ അവിടെ ചായ കുടിക്കാൻ കയറി. അപ്പോഴാണ് പരസ്യം കണ്ടത്.

Wanted Research scholar to share a room in the city. South Indians prefered. R.L.

പീടികക്കാരനോട് ചോദിച്ചു. ആരാണീ ആർ. എൽ.

"വരും. സ്കൂട്ടറെടുക്കാൻ വരും."

കഴുത്തിൽ സ്വർണ്ണംകെട്ടിച്ച ഒരു വലിയ രുദ്രാക്ഷം ചരടിൽ. ഉയരം കുറഞ്ഞ് തടിച്ച് ഇരുനിറമുള്ള ചെറുപ്പക്കാരൻ. കൈയില്ലാത്ത കറുത്ത ഷർട്ട്. മഞ്ഞനിറമുള്ള പാന്റ്. നടക്കുമ്പോൾ ചുമലിലെയും മേൽഭുജത്തിലെയും ഉറച്ച മാംസപേശികൾ ഇളകുന്നു. താഴോട്ട് വളച്ചുവെച്ച മീശ. പക്ഷേ. മുഖത്ത് ഒരു കുട്ടിയുടെ സൗമ്യഭാവമാണെന്ന് ശ്രദ്ധിക്കാതിരുന്നില്ല.

പീടികക്കാരൻ ഹിന്ദിയിൽ പറഞ്ഞു:

"ഇയാൾ മദ്രാസിയാണ്. റിസർച്ച് സ്റ്റുഡന്റാണ്."

അയാൾ സുധാകരനെ ഒന്നാകെ വിലയിരുത്തി.

"ഹിന്ദി അറിയുമോ?"

"കുറച്ചൊക്കെ."

അയാളുടെ സ്കൂട്ടറിന്റെ പിറകിലിരിക്കാൻ പറഞ്ഞു. നഗരത്തിലേയ്ക്ക്. ആൾത്തിരക്കിലൂടെ വാഹനങ്ങൾക്കിടയിലൂടെ അയാൾ സ്കൂട്ടറോടിച്ചു. നഗരത്തിൽനിന്ന് ഗള്ളിയിലേയ്ക്ക്. പശുക്കളും സൈക്കിൾറിക്ഷകളും കൈവണ്ടികളും വഴിവാണിഭക്കാരും എല്ലാമുള്ള ഗള്ളിയിലൂടെ പോകുമ്പോൾ ബംഗാളിയിലുള്ള പരസ്യപ്പലകകൾ കണ്ടു.

"ബംഗാളിത്തോല."

അയാൾ പറഞ്ഞു.

അവസാനം ഒരു പഴയ കെട്ടിടത്തിന്റെ മുൻപിൽ സ്കൂട്ടർ നിർത്തി അയാൾ കോണി കയറി. രണ്ടാം നിലയിലെത്തിയപ്പോൾ പഴയകാലത്ത് ഇടിഞ്ഞുപൊളിഞ്ഞുപോയ ഒരു കെട്ടിടത്തിന്റെ പായൽമൂടിയ അവശിഷ്ടങ്ങൾക്കു മുകളിലൂടെ ഗംഗ കാണാമായിരുന്നു.

അയാൾ മുറി തുറക്കുമ്പോൾ പറഞ്ഞു: "താഴെ ഹനുമാൻഘാട്ട്. അപ്പുറത്ത് ഹരിശ്ചന്ദ്രഘാട്ട്."

മുറിയിൽ കടന്നശേഷമാണ് പരിചയപ്പെടുന്നത്.

"ഞാൻ രാംലാൽ."

"ഞാൻ സുധാകർ."

മുറിയിൽ ഒരു കട്ടിലേയുള്ളൂ. അയലിൽ ഒരു ലുങ്കിയും ടർക്കി ടവലും രണ്ട് ചുവന്ന ലങ്കോട്ടികളും. ചെറിയൊരു മേശയും രണ്ട് കസേരകളുമുണ്ട്. അടച്ചിട്ട ജനാലയുടെ പടിമേൽ കുറച്ച് പുസ്തകങ്ങൾ. എണ്ണക്കുപ്പികൾ.

മുറിയോടു ചേർന്ന് ആസ്ബസ്റ്റോസ് വാതിലുള്ള ചെറിയൊരു കുളിമുറി.

സുധാകരൻ മുറിയിലെ സൗകര്യങ്ങൾ നോക്കി തിട്ടപ്പെടുത്തുമ്പോൾ രാംലാൽ പറഞ്ഞു:

"ഞാനിവിടെ കിടക്കാറില്ല. രാവിലെ എനിക്ക് ഗുസ്തിയുണ്ട്. അതുകഴിഞ്ഞാൽ വസ്ത്രം മാറ്റാൻ വരും. ഇടയ്ക്കിരുന്ന് വായിക്കാനും ഇതുപയോഗിക്കും. എന്റെ വീട്ടിൽ പതിനാറു മുറികളുണ്ട്."

സുധാകരന് വിശ്വസിക്കാൻ പ്രയാസം.

"പക്ഷേ, വല്ലതും വായിക്കാൻ ഇവിടെ വരണം."

പരസ്യത്തിൽ ദക്ഷിണേന്ത്യക്കാരൻ വേണമെന്നു പറഞ്ഞത്?''

ഓ, മുറി പങ്കിടാൻ പലരും വരും. ആദ്യം ചോദിക്കുന്നത് എന്റെ ജാതിയായിരിക്കും. ദക്ഷിണേന്ത്യക്കാർ ഇക്കാര്യത്തിൽ ഭേദമാണ്.

കബീറിനെപ്പറ്റി പഠിക്കുന്ന ജഗദീശ്മിശ്ര ആദ്യം വരാനാലോചിച്ചതാണ്. അയാൾക്ക് ജാതിപ്രശ്നമല്ല. പക്ഷേ. ഇടയ്ക്ക് ബിഹാറിൽനിന്ന് അച്ഛൻ വരും. മകൻ താമസിക്കുന്നത് ആരുടെയൊപ്പം എന്നറിഞ്ഞാൽ–

ഞങ്ങൾ ദേമ്മുകളാണ് എന്നുവച്ചാൽ ചണ്ഡാളന്മാർ. പണ്ട് ഹരിശ്ചന്ദ്രനെ ചുടലയിൽ ജോലിക്കുവച്ച വീരബാഹുവിന്റെ പിൻമുറക്കാർ.''

ഗവേഷണ വിദ്യാർത്ഥി വേണമെന്ന് നിശ്ചയിച്ചതിനും കാരണമുണ്ടായിരുന്നു. "സ്പോക്കൺ ഇംഗ്ലീഷ് മോശം. പറയാൻ സംശയം. നമ്മൾ സംസാരിക്കുന്നത് കഴിയുന്നതും ഇംഗ്ലീഷിലായിരിക്കണം എന്റെ ഭാഷ ഭേദപ്പെടാൻ."

അതും സുധാകരൻ സമ്മതിച്ചു.

വാടക പങ്കിടുന്ന കാര്യത്തിലെത്തിയപ്പോൾ രാംലാൽ പറഞ്ഞു: "അത് പിന്നെ നിശ്ചയിക്കാം. എപ്പോൾ വേണമെങ്കിലും ഇങ്ങോട്ട് മാറാം."

മുറിയുടെ രണ്ട് താക്കോലുകളിലൊന്ന് സുധാകരന്റെ കൈയിൽ ഏല്പിച്ച് രാംലാൽ സ്ഥലം വിട്ടു. അന്ന് സന്ധ്യയ്ക്ക് കുടുംബയോഗമുണ്ട്.

പതിനാറു മുറികളുള്ള വീട് എന്നത് ഒരതിശയോക്തിയായിരുന്നില്ല. അത് ദോംരാജിന്റെ കൊട്ടാരമായിരുന്നു. കാബൂദോമിന്റെ കാലത്തിനുശേഷം പിന്നെയും മുറികൾ കൂട്ടിച്ചേർത്തു.

സുമിതയ്ക്ക് ദോംരാജിന്റെ കൊട്ടാരം കാണണമെന്ന് നിർബന്ധമായിരുന്നു.

പുറത്തുനിന്ന് ഗള്ളികൾവഴി കയറിച്ചെല്ലാൻ മൂന്ന് ചെറിയ പടിവാതിലുകളുണ്ട്. കാറു പോകുന്ന വീതിയുള്ള വീഴി ചെല്ലുന്നേടത്താണ് രാംലാലിന്റെ വലിയച്ഛൻ. അവിടെ എപ്പോഴും ആൾത്തിരക്കായിരിക്കും. അന്നും കുറവുണ്ടായിരുന്നില്ല.

ഓംപ്രകാശ് വന്നില്ല. സുമിതയും ജഗദീശ്മിശ്രയും സുമിതയുടെ സൗഹൃദവലയത്തിലെത്തിപ്പെട്ട ഗംഗാപ്രസാദും കൂടെയുണ്ടായിരുന്നു.

ഫോട്ടോ എടുക്കാൻ ദോംരാജിന് സമ്മതമായിരുന്നില്ല.

വലിയ മുറിയുടെ ചുമരിനോടു ചേർത്തിട്ട കട്ടിലിൽ വലിയ തലയിണകൾവച്ച് അദ്ദേഹമിരുന്നു. കൈയിൽ മദ്യംനിറച്ച ഗ്ലാസ്. താഴെ ഒഴിഞ്ഞ കുപ്പികൾ.

അവർ ചെല്ലുമ്പോൾ കല്യാണം ക്ഷണിക്കാൻ വന്ന ഒരു കുടുംബമായിരുന്നു മുന്നിൽ.

"അടുത്തു വാ."

അവർ ഭയത്തോടെ അടുത്തേയ്ക്കു വന്നു. തൊഴുതുനിൽക്കുന്ന ഗൃഹനാഥനെ നോക്കി. കുറച്ചുനേരം ആലോചിച്ചു. പിന്നെ ഗ്ലാസ് ജനാലപടിമേൽവച്ച് തലയണയ്ക്കടിയിൽ കുറച്ചുനേരം തപ്പിക്കൊണ്ടിരുന്നു. പുറത്തേയ്ക്കുവന്ന കൈയിൽ ഒരുപിടി നോട്ടുണ്ടായിരുന്നു.

സുധാകരൻ ശ്രദ്ധിച്ചു. നൂറിന്റെ നോട്ടുകളാണ്.

"ഉം. കൈ നീട്ട്."

അദ്ദേഹം നീട്ടിയ കൈയിൽ നോട്ടുകളുടെ ചുരുൾവച്ച് ആശ്രിതന്റെ കൈമടക്കി.

"കല്യാണം നന്നായി നടക്കട്ടെ."

അവർ വന്ദിച്ചുകൊണ്ട് പുറത്തേയ്ക്ക് പോയപ്പോൾ രാംലാൽ മുൻപോട്ടുവരാൻ ആംഗ്യം കാട്ടി. അദ്ദേഹം വീണ്ടും ഗ്ലാസെടുത്ത് ഒരു കവിൾ കുടിച്ചു.

"ഇവരാര്?"

ഇനിയും
വിലക്കപ്പെടാത്ത കൃതി
ആർത്തി
ആസക്തി

ലോക പ്രശസ്ത എഴുത്തുകാരൻ ഹരോൾഡ് റോബിൻസിന്റെ അതി പ്രശസ്ത കൃതി The lonely lady യുടെ മലയാളം പരിഭാഷയുടെ മൂന്നാം പതിപ്പ്.



മലയാളത്തിൽ
രണ്ട് വർഷത്തിനുള്ളിൽ
മൂന്നാം പതിപ്പ് എന്ന സവിശേഷത.
500ൽ ഓളം പേജുകളുള്ള
200/– രൂപ വിലയുള്ള
ഈ ഗ്രന്ഥം
ഇപ്പോൾ
160 പ്രത്യേകവിലയിൽ രൂപ മാത്രം!!.
തപാൽ ചാർജ് പുറമെ.
(അവശേഷിക്കുന്ന ആയിരം കോപ്പികൾക്കു മാത്രം)

ഓസ്കാർ അവാർഡ് സ്വീകരിച്ചുകൊണ്ട്, അവാർഡിനുവേണ്ടി നിർമ്മാതാവിന്റെയും, നായകന്റെയും കൂടെ നടത്തിയ ലൈംഗിക കേളികളും. സംവിധായക പത്നിയുടെ കൂടെ നടത്തേണ്ടി വന്ന സ്വവർഗ്ഗരതിലീലകളും പരസ്യമായി അവാർഡ് ദാന ചടങ്ങിൽ വിളിച്ചു പറഞ്ഞ ജെറിലീ എന്ന യുവതിയുടെ രതിലീലകളുടെ സമൃദ്ധമായ വിവരണങ്ങൾ 500–ഓളം പേജുകളിൽ!. സിരകളെ ത്രസിപ്പിക്കുന്ന വായനാനുഭവം അവസാന പേജുവരെ ചൂടോടെ നിലനിർത്തുന്ന അപൂർവ്വ കൃതി.
പ്രസിദ്ധീകരിച്ച് പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും ലോകമെമ്പാടും ഇപ്പോഴും പ്രിയങ്കരമായ ഗ്രന്ഥം.

ലൈംഗികത വർണ്ണിക്കുന്നതിൽ ഏറ്റവുമധികം വിമർശനങ്ങളും, വിവാദങ്ങളും, അനുമോദനങ്ങളും ഏറ്റുവാങ്ങിയ Harold Robinsന്റെ തീവ്രമായ രതിവർണ്ണനകളുടെ ശൈലി ചോർന്നുപോകാതെ മലയാളത്തിൽ പകർന്നു നൽകുന്ന കൃതി 'ആർത്തി ആസക്തി'.

ഹരോൾഡ് റോബിൻസ്

ഇപ്പോൾ പണമടക്കേണ്ടതില്ല. നിങ്ങളുടെ വിലാസവും പുസ്തകത്തിന്റെ പേരും ഒരു Post Cardലോ ഇൻലന്റിലോ എഴുതി അയക്കുക. മടക്കതപാലിൽ V.P.P യായി പുസ്തകം ഭദ്രമായി പൊതിഞ്ഞ് അയച്ചുതരും.

ടെലിഫോണിലൂടെ ഓർഡർ നല്കുമ്പോൾ പോസ്റ്റ് കാർഡ് അയക്കേണ്ടതില്ല
പോസ്റ്റ് കാർഡ്/ഇൻലന്റ് അയക്കുന്നത് വിലാസം

PEN
പെൻ ബുക്സ് പ്രൈവറ്റ് ലിമിറ്റഡ്
P.B. NO. 143, പാലസ് റോഡ്, ആലുവ– 683 101
മലയാളികൾ 24 മണിക്കൂറും പ്രവർത്തിക്കുന്ന
പെൻ ടെലിഫോണിലേക്ക് വിളിക്കുക.

Phone: (0484) [illegible], കേരളത്തിലെവിടെ നിന്നും ലോക്കൽ കോൾ നിരക്കിൽ വിളിക്കാവുന്ന മൊബൈൽ നമ്പറുകൾ : [illegible]
[illegible] നേരിൽ വാങ്ങുന്നതിന് ശാഖകൾ:(ഞായറാഴ്ചകളിലും പ്രവർത്തിക്കുന്നു) എറണാകുളം (0484 370152) • ആലുവ (0484 620377), തിരുവനന്തപുരം (0471337322) • തൃശ്ശൂർ (0487 320574) • കൊട്ടയം (0481 303467) • കോഴിക്കോട് (0495 725017),(98470 58624) • 4th കോർണർ സ്റ്റ്രീറ്റ്,100 Ft. റോഡ്, ഗാന്ധിപുരം, കോയമ്പത്തൂർ(0422491741)

രാംലാൽ പറഞ്ഞു:

"എല്ലാവരും പഠിക്കുന്നവരാണ്."

സുമിതയെ നോക്കി കുറച്ചുനേരം.

"ഇവളും?"

രാംലാൽ പറഞ്ഞു:

"അവർ ഇംഗ്ലണ്ടിൽ പഠിപ്പിക്കുകയാണ്. കാശിയെപ്പറ്റി പഠിക്കാൻ വന്നതാണ്."

സുമിതയോട് ചോദിച്ചു:

"ഹിന്ദി അറിയുമോ?"

"അറിയും."

"കാശി സുഖിക്കേണ്ട നഗരമാണ്. വസ്തി, മൌജ്, ഫക്കർപ്പണ്. പറഞ്ഞുകൊടുക്ക്, അർത്ഥം പറഞ്ഞുകൊടുക്ക്."

വൃദ്ധൻ ഒന്ന് കുലുങ്ങിച്ചിരിച്ചു.

പ്രജകളുടെ മറ്റൊരു സംഘം വന്നപ്പോൾ അദ്ദേഹം രാംലാലിനോട് പറഞ്ഞു: "അകത്തുകൊണ്ടുപോയി വെള്ളം കുടിക്കാൻ കൊടുക്ക്."

അകത്തെ ഒഴിഞ്ഞ മൂന്നു മുറികൾ കടന്ന് മറ്റൊരു ഹാളിലെത്തി.

"ഈ ഭാഗത്താണ് എന്റെ അച്ഛനും അമ്മയും."

വടക്കെ പകുതിയിലെ വിറകു വ്യാപാരം മൊത്തമായി എടുത്തിരിക്കുന്നത് രാംലാലിന്റെ അച്ഛനാണ്. മരിച്ചുപോയ ഒരിളയച്ഛന്റെ മക്കൾക്കാണ് പൂവും പട്ടും. 'കൊള്ളിപ്പണം' കൃത്യമായി വലിയച്ഛന്റെ അടുത്തെത്തണം. രാംലാലിന് മൂന്നു തോണികളുണ്ട്.

നാരങ്ങവെള്ളവും ബിസ്കറ്റും ജിലേബിയും പരിചാരകൻ കൊണ്ടുവന്നു... ആർക്കും താല്പര്യമുണ്ടായിരുന്നില്ല. രാംലാൽ നിർബന്ധിച്ചപ്പോൾ നാരങ്ങാവെള്ളം കുടിച്ചു.

സുമിത ജഗദീഷിനോട് ചോദിച്ച് കുറിപ്പുകൾ എഴുതുകയായിരുന്നു. ലണ്ടൻ യൂണിവേഴ്സിറ്റിയിൽ ഓറിയന്റൽ സ്റ്റഡീസിൽ പഠിപ്പിക്കുന്ന സുമിതയ്ക്ക് രണ്ടുവർഷത്തേയ്ക്ക് ഒരു സ്കോളർഷിപ്പു കിട്ടിയിട്ടുണ്ട്.

പിന്നീട് മണികർണ്ണികാകുണ്ഡവും ചക്രപുഷ്കരണിയും വിഷ്ണുവിന്റെ കാലടികളും ജഗദീഷ് കാണിച്ചുതന്നു. വിഷ്ണു സുദർശനചക്രംകൊണ്ട് കുഴിച്ച കുളമാണതെന്ന് വിശ്വസിക്കുന്നു. ഇപ്പോൾ അത് ചളിമൂടിയിരിക്കുന്നു.

"വൃത്തിയാക്കുന്ന പണി ഉടനെ തുടങ്ങും."

രാംലാൽ പറഞ്ഞു.

"വിഷ്ണു ഉണ്ടാക്കിയ കുളത്തിൽ കുളിച്ചു കയറിയപ്പോൾ ശിവന്റെ ശിരോരത്നവും പാർവ്വതിയുടെ കാതിൽപ്പൂവും അതിൽ വീണുവെന്നാണ് കഥ. മഴക്കാലം കഴിഞ്ഞ് ചളി തേവിയെടുക്കുമ്പോൾ ഞങ്ങൾ കുട്ടികൾ നോക്കിയിരിക്കും. ചളിയുടെകൂടെ പഴയ ആഭരണങ്ങളെങ്ങാൻ പുറത്തുവന്നാലോ?"

രാത്രി എട്ടുമണി ആവുമ്പോഴേയ്ക്ക് ദശാശ്വമേധഘട്ടത്തിൽ ആളൊഴിയും. പകൽ പണിയെടുത്ത തോണികൾ വിശ്രമിക്കുന്നു. റാന്തൽ വിളക്കിൽ തോണിക്കാർ ചുരുണ്ടുകൂടിക്കിടക്കുന്നതുകാണാം. വൈകിയെത്തിയ വീട്ടുകാരിയെ ശകാരിച്ച് തോണിക്കൊമ്പിൽ നിഴൽപോലെ ഒരാൾ കയറിനിന്നു. തുണിയിൽ പൊതിഞ്ഞ ആഹാരം വാങ്ങി വീട്ടമ്മയുടെ ആവലാതികൾ കേൾക്കാതെ അയാൾ താഴേയ്ക്കിറങ്ങി.

പകൽ പണ്ഡമാർ ക്രിയകൾ നടത്തിയ പ്ലാറ്റ്ഫോമുകൾ ഒഴിഞ്ഞുകിടന്നു. അതിലൊന്നിൽ സുമിതയും ജഗദീഷും ഇരുന്നു.

തോണികളിലെ റാന്തൽവിളക്കുകളുടെ വെളിച്ചത്തിൽ വലിയ മീനുകൾ നീന്തിനടക്കുന്നത് നോക്കിക്കൊണ്ടുനിൽക്കുന്ന രാംലാലിനോട് സുധാകരൻ ചോദിച്ചു:

"എവിടെ നിന്റെ തോണികൾ?"

"ഇതിലുണ്ട്. പേരില്ല. നമ്പറേയുള്ളു. ഇരുട്ടിൽ കൃത്യമായി പറയാൻ പറ്റില്ല."

അപ്പോഴേയ്ക്കും ഓംപ്രകാശ് കുറേ കടലപ്പൊതികളുമായി വന്നു. ജുബ്ബ, തറ്റുടുത്ത വേഷ്ടി. തനി ഗ്രാമീണനായാണ് വരവ്.

"ഒരു ചെറിയ കഥാപ്രസംഗമുണ്ടായിരുന്നു." സുമിത വിളിച്ചു: "ഓംപ്രകാശ്, നമുക്ക് ആരതി ഒഴുക്കാം."

ഓംപ്രകാശ് പറഞ്ഞു: സന്ധ്യയ്ക്കാണ് ശരിയ്ക്ക് ആരതി നടത്തേണ്ടത്. ആ, ഗംഗാമാതാവിനുള്ള ഒരാരാധനയല്ലേ? എപ്പോൾ വേണമെങ്കിലും ഒഴുക്കാം.

സുമിത: കടകളൊക്കെ അടച്ചല്ലോ രാംലാൽ.

സുമിത ബ്രഹ്മപുത്രയുടെ കരയിലാണ് ജനിച്ചത്. വളർന്നത് ഷില്ലോംഗിൽ.

ഓർക്കുക, ഇന്ത്യയിൽ ആണായിട്ട് ഒരു നദിയേ ഉള്ളൂ. എന്റെ ബ്രഹ്മപുത്ര:

"സുധാകരാ ഇവിടെ വാ."

കടല കൊറിച്ചുകൊണ്ട് സുമിതയുടെ അടുത്തേയ്ക്കു നടന്നു.

"നീ ആസാം കണ്ടിട്ടുണ്ടോ?"

"ഇല്ല."

"നിന്റെ കേരളം പോലിരിക്കും. കേരളം ഞാൻ കണ്ടിട്ടില്ല. എന്നാലും അറിയാം. വാഴത്തോപ്പുകൾ, കവുങ്ങ്, വെറ്റിലക്കൊടികൾ. ഞങ്ങൾ അതിഥികൾക്ക് താമ്പാളമാണ് ശുഭസൂചകമായി കൊടുക്കുന്നത്."

വിദേശവകുപ്പിൽ ഉദ്യോഗസ്ഥനായതുകൊണ്ട് വിയന്നയിലും പിന്നെ ലണ്ടനിലും പഠിച്ചു. കാശിവാസത്തിനിടയ്ക്ക് ഒരിക്കൽ ഗൗഹാട്ടിയിൽ പോണമെന്നുണ്ട്. അവിടെയിപ്പോൾ ബന്ധുക്കളാരുമില്ല. അച്ഛന്റെ പേരു പറഞ്ഞാൽ ചിലർക്കറിയേണ്ടതാണ്.

ബ്രഹ്മാവിനുവേണ്ടി ദിവോദാസൻ ഇവിടെ പത്ത് അശ്വമേധയാഗങ്ങൾ നടത്തി. ഗൈഡുബുക്കിൽ സുധാകരൻ വായിച്ചിരുന്നു. കാശി ഉപേക്ഷിച്ചുപോയ ശിവൻ ദുഃഖിച്ചു. ദിവോദാസനെ പുറത്താക്കാൻ പല തന്ത്രങ്ങളുപയോഗിച്ചു.

ജഗദീഷ് പറയുകയുണ്ടായി.

"കുടിലതന്ത്രങ്ങളെല്ലാം മനുഷ്യർ ദേവന്മാരിൽ നിന്ന് പഠിക്കേണ്ടിയിരിക്കുന്നു."

സുമിത എഴുന്നേറ്റു: "പ്രൊഫസർ ദിവേദി പറഞ്ഞതാണ് വാസ്തവം. തീർത്ഥാടകരാണ് തീർത്ഥങ്ങളെ ഉണ്ടാക്കുന്നത്. ആയിരക്കണക്കിൽ, പതിനായിരക്കണക്കിൽ ആളുകൾ വന്ന് പ്രാർത്ഥിക്കുന്ന അനാദികാലംതൊട്ട്. ജഗദീഷ്, കബീർ കൃതികൾ ഇംഗ്ലീഷിലില്ലേ?"

"ഉണ്ടായിരിക്കണം. ചന്ദ്രമൗലിയോട് ചോദിച്ചുനോക്കൂ. ഏത് സെക്ഷനിൽ, എതൾമാരയിൽ, എത്രാമത്തെ വരിയിൽ, അദ്ദേഹം പറയും."

എന്നിട്ട് ജഗദീഷ് കബീറിന്റെ ഒരു ദോഹ ചൊല്ലി.

അവസാനിക്കാത്ത തീർത്ഥയാത്രകൾകൊണ്ടും എണ്ണിയാലൊടുങ്ങാത്ത സ്നാനങ്ങൾകൊണ്ടും തളർന്ന് ലോകം മരിച്ചു.



ഓംപ്രകാശ് മാത്രം ചിരിച്ചില്ല.

"കാശിയെപ്പറ്റി ചില ദോഹകളില്ലേ?"

സുമിത ചോദിച്ചു.

"ഓ, ധാരാളം. സുമിതാജി, നിങ്ങൾ കേൾക്കേണ്ടതാണ്. കാശിക്കപ്പുറം മഗഹർ എന്നൊരു ഗ്രാമമുണ്ട്. തോല്പുറയ്ക്കിടുന്ന സമുദായക്കാരാണധികം. ദുർഗന്ധമുള്ള മഗഹരിൽ മരിച്ചാൽ കഴുതകളായി പിറക്കുമെന്നാണ് പറഞ്ഞിരുന്നത്. കാശിയിൽ മരിച്ചാൽ പുണ്യം, പുനർജന്മത്തിൽനിന്ന് മോചനം. കബീർ പറഞ്ഞതെന്താണെന്നോ?

എന്റെ ജീവിതം മുഴുവൻ കാശിയിൽ കളഞ്ഞു.

അതുകൊണ്ട് മരണമടുത്തപ്പോൾ ഞാൻ മഗ്ഹറിലേയ്ക്കു നടന്നു.

ഓംപ്രകാശ് ജഗദീഷിന്റെ നെഞ്ചിൽ ചൂണ്ടുവിരൽ അമർത്തി.

"നീ ഉദ്ദേശിക്കുന്ന അർത്ഥമല്ല. കാശിയെ നിന്ദിച്ചതുമല്ല ജഗദീഷ്. എവിടെ മരിക്കുന്നു എന്നതിലല്ല മോക്ഷം കിടക്കുന്നത്. ദൈവമാണത് നിശ്ചയിക്കേണ്ടത്. മഗ്ഹറിലേയ്ക്കു പോകുന്നു എന്നുപറഞ്ഞത് അതുകൊണ്ടാണ്."

രാംലാൽ, നാലു ചെരാതുകളുമായി ഇറങ്ങിവന്നു. അയാൾ കയറിപ്പോയതുതന്നെ സുധാകരൻ ശ്രദ്ധിച്ചിരുന്നില്ല. സുമിത സിഗരറ്റു കളഞ്ഞ് ആവേശത്തിൽ പറഞ്ഞു: "ഓ കിട്ടിയല്ലോ."

സുമിതയുടെ ലൈറ്റർ വാങ്ങി രാംലാൽ ചെരാതുകൾ കത്തിച്ചു.

"എല്ലാവരും ഒഴുക്കണം. ആരുടെയാണ് ഏറ്റവും ദൂരത്തിലെത്തുന്നത് എന്നു നോക്കാം."

അപ്പോൾ സുമിതയ്ക്കു പൂത്തിരി കത്തിക്കാൻ കിട്ടിയ ഒരു കുട്ടിയുടെ ഉത്സാഹമായിരുന്നു. കത്തിച്ച ചെരാതിന്റെ വെളിച്ചത്തിൽ അവളുടെ ചിരി മനോഹരമാണെന്ന് തോന്നി.

തോണികൾക്കിടയിലൂടെ അലകൾ പ്ലാറ്റ്ഫോമിന്റെ കാലുകളിൽ വന്നടിക്കുന്നുണ്ടായിരുന്നു. നദിയിൽ നേർത്ത അലകളേ ഉള്ളൂ.

എല്ലാവരും ചെരാതുകൾ വെള്ളത്തിലിറക്കി. ഒരു തോണിപ്പള്ളത്തിൽ തട്ടി ജഗദീഷിന്റെ ചെരാത് ആദ്യംതന്നെ മറിഞ്ഞു. പിന്നെ മൂന്നെണ്ണം പിണങ്ങിപ്പിരിഞ്ഞപോലെ മൂന്നുവഴിക്ക്. ആരുടേതെന്നറിയില്ല. രണ്ടെണ്ണം മുങ്ങി. ഒന്നുമാത്രം കുറേ ദൂരം പിന്നെയും സഞ്ചരിച്ചു. കണ്ണെടുക്കാതെ നോക്കിനിന്ന സുമിത പറഞ്ഞു: "അതെന്റെയായിരുന്നു."

സുധാകരൻ തർക്കിച്ചില്ല. ഓംപ്രകാശിന് സംശയമുണ്ട്. അത് തന്റേതല്ലേ?''

രാംലാൽ പറഞ്ഞു: you are right.

It was your lamp.

പെട്ടെന്ന് രാംലാൽ ഇംഗ്ലീഷ് പറഞ്ഞപ്പോൾ എല്ലാവർക്കും അത്ഭുതം തോന്നി.

അവർ പടവുകൾ കയറി. പ്ലാസ്റ്റിക്ക് വിരികൾ താഴ്ത്തിയിട്ട പീടികകൾ കടന്ന് നിരത്തിലെത്തി. സുമിതയ്ക്ക് സൈക്കിൾ റിക്ഷ കിട്ടി. കന്റോൺമെന്റിലെ ഒരു ഒഴിഞ്ഞുകിടക്കുന്ന ബംഗ്ലാവിന്റെ ഔട്ട്ഹൗസാണ് അവൾ വാടകയ്ക്കെടുത്തിരിക്കുന്നത് എന്നറിയാം. ജഗദീഷും ഓംപ്രകാശും നടക്കാൻ നിശ്ചയിച്ചു. നഗരത്തിൽ അപ്പോഴും ആൾത്തിരക്കുണ്ട്. സ്നാനഘട്ടങ്ങളും ചന്തയും മാത്രമാണുറങ്ങുന്നത്. നഗരം ഉറങ്ങുന്നില്ല. കാലഭൈരവനും ഉറങ്ങാറില്ല.

രാംലാലിന്റെ നിർബന്ധംകൊണ്ട് വഴിവക്കിലെ ഒരു പീടികയിൽനിന്നും സുധാകരൻ പാനീപൂരിയും ഒരു ജിലേബിയും തിന്നു.

"സ്കൂട്ടറില്ല."

"നടക്കാം."

മുറിയിലെത്തിയപ്പോൾ അയാൾ പറഞ്ഞു:

"കിടന്നോളൂ. ഞാൻ കുറച്ചുകഴിഞ്ഞ് പോകും."

നനുത്ത തണുപ്പുണ്ടായിരുന്നു. ചുവരിനു നേരെ തിരിഞ്ഞുകിടന്നു.

"വിളക്ക് ശല്യമാവുന്നോ?"

ഇംഗ്ലീഷ് തിരുത്തി. ഈസ് ദി ലാംപ് എ പ്രോബ്ലം എന്നത് നല്ല പ്രയോഗമല്ല. ഈസ് ദി ലൈറ്റ് ബോതറിംഗ് യൂ? രാംലാൽ മന്ദഹസിച്ചു. അയാൾ ഒരു നോട്ടുപുസ്തകത്തിൽ എന്തോ എഴുതുകയായിരുന്നു.

"മിശ്രാജിയെപ്പോലെ കവിതയുടെ ഉപദ്രവം എനിക്കില്ല. ചില നോട്ടുകൾ കുറിച്ചിടുന്നു. ഇടയ്ക്ക് തോന്നുന്ന ചില സംശയങ്ങൾ. പിന്നെ വായിച്ചുതരാം."

അയാൾ പിന്നെ വായിക്കാൻ തുടങ്ങിയപ്പോൾ സുധാകരന് ഉറക്കം പിടിച്ചു.

രാംലാൽ എപ്പോഴാണ് പോയതെന്നറിയില്ല. ചാരിപ്പോയ വാതിൽ കാറ്റിലടഞ്ഞ് ശബ്ദമുണ്ടായപ്പോൾ ഉണർന്നു. നേരംപുലർന്ന് കുറച്ചുസമയമായി.

താഴെ ഇറങ്ങിവന്ന് പടവുകളിലൂടെ നടന്നു. ഹനുമാൻഘട്ടിൽ പലരും ഗുസ്തി അഭ്യസിക്കുന്നു. ഉയർന്ന പാറക്കെട്ടിനുമുകളിൽ ഒരു മദ്ധ്യവയസ്കനുമായി ഗുസ്തിപിടിക്കുന്നത് രാംലാലാണ്.

അപ്പുറത്ത് ദോബികൾ അലക്കുപണി തുടങ്ങിക്കഴിഞ്ഞിരുന്നു.

കുളിച്ച് വസ്ത്രം മാറാൻ രാംലാൽ മുറിയിലെത്തിയപ്പോൾ പറഞ്ഞു:

"നിങ്ങൾ പോകുന്നത് ഞാൻ കണ്ടു."

"കണ്ടില്ലെന്നാണ് ഞാൻ വിചാരിച്ചത്."

ഇംഗ്ലീഷുപേക്ഷിച്ച് രാംലാൽ പറഞ്ഞു: "കണ്ണു പതറിയാൽ മനസ്സ് പതറും. എന്റെ ഗുരുനാഥൻ മഹന്ത് സ്വാമിനാഥന്റെ ശിഷ്യനാണ്. അദ്ദേഹം പഠിപ്പിച്ച മദ്രാസി ഫയൽവാൻ രാമമൂർത്തി ആൾ ഇന്ത്യാ ചാമ്പ്യനായി."

"നീ മത്സരങ്ങൾക്ക് പോകുമോ? വലിയ മത്സരങ്ങൾക്ക്?"

രാംലാൽ ആലോചിച്ചു.

"ഇല്ല. ഒരു രസത്തിന് പഠിക്കുന്നു. അഖാഡകളിൽ ആർക്കും പഠിക്കാം. പേശിമിടുക്കും താല്പര്യവുമുള്ള ആർക്കും. ആരും ജാതി ചോദിക്കില്ല."

അയാൾ പുസ്തകങ്ങളെടുത്ത് പോവുമ്പോൾ പറഞ്ഞു: "സുമിതാജി കുറിച്ചുവയ്ക്കേണ്ട ഒരു കാര്യമുണ്ട്. സംഗീതം. ഗുസ്തി. വേശ്യാവൃത്തി– കാശിയിൽ ജാതിയും മതവുമില്ലാത്തത് ഈ മൂന്നിലുമാണ്. മൈ ഓൺ ഓബ്സർവേഷൻ!"

തുടരും

TATA



Start your day with the unique flavour of Kanan Devan Tea.

A steaming cup of Kanan Devan tea. Possibly the best way to start your day. And why not, when it's brought to you straight from the Kanan Devan Hills. So go ahead. Enjoy your cup of Kanan Devan tea. It's an experience that'll make your day. Everyday.

ലേഖനം

ഹിമാലയവും മുനിമടയും

താഹ മാടായി

പുല്ലാനിക്കുന്നിലെ മുനിമടയ്ക്കരികിൽ തൻെറ വിധിയിലും കർമ്മത്തിലും വിശ്വസിച്ച് കോവിലൻ ജീവിക്കുന്നു

അമ്പതുകളുടെ തുടക്കത്തിൽ മീററ്റിലായിരുന്നു കോവിലന്റെ ജീവിതം. സബ് ഏരിയാ സിഗ്നൽസിൽ. അവിടെ സ്റ്റാഫ് ഡ്യൂട്ടി തസ്തികയിൽ പാറപ്പുറത്തുമുണ്ട്. ഒരിക്കൽ ഒരു കഥയെഴുതിയ കുറ്റത്തിന് പിടിക്കപ്പെട്ടവനായി മേലധികാരികൾക്കു കീഴെ സംശയഗ്രസ്തമായ സാഹചര്യങ്ങളിൽ ആരോടും മിണ്ടാട്ടമില്ലാതെ തലകുനിച്ച് നടക്കുമ്പോൾ പാറപ്പുറത്ത് ചോദിക്കുന്നു.

കോവിലനാണല്ലേ?

കോവിലൻ അല്ലെന്നു തലയാട്ടി–

അയ്യപ്പൻ. വി.വി.അയ്യപ്പൻ.

വീണ്ടുമൊരിക്കൽ, ബാരക്കിൽ കയറിവന്ന് പാറപ്പുറത്ത് ആ ചോദ്യം ആവർത്തിച്ചു – സത്യം പറയൂ. കഥയെഴുതുന്ന കോവിലനല്ലേ?

ഒരാളെ മനസ്സിലാക്കാൻ തുടങ്ങുമ്പോൾ ആദ്യം പേരറിയുന്നു. അയാളെ അറിയുന്തോറും ആ പേര് മനസ്സിൽ ആഴുന്നു. നിറയുന്നു. വളരുന്നു.

വായനക്കാരുടെ മനസ്സിൽ ആഴുകയും പിന്നെ നിറഞ്ഞു വളരുകയും ചെയ്ത ആ പേര് കോവിലൻ എന്നാകുന്നു.

കോവിലൻ കഥയെഴുതാറുണ്ട്. എന്നാൽ വേഷപ്രച്ഛന്നനായി മലയാള സാഹിത്യലോകത്തേക്ക് മലയിറങ്ങിവന്ന ഈ അയ്യപ്പന് സാഹിത്യമെന്നാൽ വെറും വാചകമെഴുത്തല്ല. അതുകൊണ്ടാവാം കെ.പി.നാരായണപിഷാരോടി, പി.സി.വാസുദേവൻ ഇളയത്, ചെറുകാട്, എം.പി. ശങ്കുണ്ണിനായർ എന്നീ മഹാന്മാരായ അധ്യാപകരുടെ. വിനീതശിഷ്യനായ കോവിലന് ഒന്നും എഴുതാതിരിക്കുമ്പോഴും തന്റെ മുനിമടയിൽ ഒരു സന്ന്യാസിയെപ്പോലെ നിശ്ശബ്ദനായിരിക്കാൻ കഴിയുന്നത്. മനുഷ്യൻ ഒരിക്കലും ഒറ്റ മനുഷ്യനല്ല എന്ന് കോവിലന് അറിയാം. ഓരോ മനുഷ്യനും ഒറ്റജീവിതത്തിൽതന്നെ അനേകം ജന്മങ്ങൾ കൊണ്ടാടുന്നു. എഴുതാതിരിക്കുമ്പോൾ കോവിലൻ വെറും ഒരു മനുഷ്യനാണ്. അല്ലെങ്കിൽ അപകർഷതാബോധം പൂർണ്ണമായും മറികടക്കാൻ കഴിഞ്ഞിട്ടില്ലാത്ത ഒരു അവർണ്ണൻ. കോവിലൻ എന്ന പേര് തന്നെ ദ്രാവിഡപ്പഴമയുടെ ഒടുങ്ങാത്ത ഒരു ഓർമ്മയാണ്.

കോവിലന് സുഖമില്ല എന്നറിഞ്ഞിട്ടാണ് ഇവിടേക്ക് പുറപ്പെട്ടത്. പുറപ്പെടുമ്പോഴേ കോവിലൻ കളിയാക്കാറുള്ള 'അഭിമുഖവധം' വേണ്ട എന്ന് മനസ്സിലുറപ്പിച്ചിരുന്നു. എഴുത്തുകാരുടെ ജാതകത്തിലും സംഭാഷണങ്ങളിലും വിശ്വാസമുണ്ടെങ്കിലും കോവിലന് വയ്യാതിരിക്കുമ്പോൾ സംസാരിക്കാതിരിക്കുന്നതാണ് ഭംഗി എന്ന് മനസ്സിനെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു.

കണ്ടാണിശ്ശേരിയിലെത്തുമ്പോൾ കോവിലൻ കാത്തിരിക്കുന്നുണ്ടായിരുന്നു.

'അവർ (ശാരദ)പോയി. ഇപ്പോൾ എന്റെ ചങ്ങാതിമാർ വരുന്നു എന്നു പറഞ്ഞാൽ എനിക്ക് വളരെ വിഷമമാണ്. ചായയും ഊണും കൊടുക്കാൻ അവർ ഇല്ലല്ലോ?' കോവിലൻ ഭാര്യയുടെ വേർപാട് വീട്ടിലുണ്ടാക്കിയ മഹാശൂന്യതയോർത്ത് തെല്ലുനേരം നിശ്ശബ്ദനായി... 'വീട് എന്ന് പറഞ്ഞാൽ വളരെ വിശ്വസ്തമായ ഒരു സ്ഥാപനമാണ്. അവിടെ നാം ഒന്നും മറച്ചുവെക്കുന്നില്ല'. കോവിലൻ കൂട്ടിച്ചേർത്തു.

ഓരോ വാക്കും ഓരോ അക്ഷരവും സ്ഫുടമായും സത്യസന്ധമായും കോവിലൻ ഉച്ചരിക്കുന്നു. ആ ശബ്ദത്തിന് പഴയ ഗാംഭീര്യം ഇപ്പോഴുമുണ്ട്. എന്നാൽ അനങ്ങാൻ വയ്യ. അനങ്ങിപ്പോയാൽ ചുമ പൊട്ടും. സെർവ്വിക്കൽ സ്പോൺറിലൈറ്റിസ് എന്ന ദൈവാനുഗ്രഹം. തലകറക്കം. തിമിരത്തിൽ സർജറി ഉണ്ടായി. വിജയിച്ചില്ല. ശബ്ദം മാത്രം പണ്ടേപോലെ....

കോവിലൻ സംസാരിക്കുമ്പോൾ ഞാൻ കേൾവിക്കാരൻ മാത്രമായിരുന്നു. വയ്യാതിരിക്കുമ്പോഴും സ്നേഹത്തിന്റെ ചൂട് പകർന്നുകൊണ്ട് ജീവിതത്തെക്കുറിച്ച് കോവിലൻ വാചാലനായി.

യുദ്ധം

ഇന്ത്യയുടെയും പാകിസ്ഥാന്റേയും അതിർത്തി ഗ്രാമങ്ങളിൽ പടരുന്ന സംഘർഷത്തിൽ നിന്നാണ് സംഭാഷണത്തിന്റെ തുടക്കം. യുദ്ധത്തെക്കുറിച്ച് ഈ പഴയ പട്ടാളക്കാരൻ ഇങ്ങനെ വിലയിരുത്തുന്നു: 'യുദ്ധം എന്നു പറയുന്നത് ഒരു ജനതയുടെ ആഗ്രഹമല്ല. ഭരണകൂടത്തിന്റെ ആഗ്രഹമാണ്. ഭരണകൂടം എല്ലാ തോന്ന്യാസങ്ങളും രാഷ്ട്രത്തിന്റെ പേരിൽ തീഴെഴുതുന്നു. ഒരു കുടുംബത്തിന്റെ രണ്ടു താവഴികൾ തമ്മിലുള്ള യുദ്ധമാണ് മഹാഭാരതകഥ. അതാണ് നമ്മുടെ ഇതിഹാസം. സത്യത്തിൽ ഇതുതന്നെ ഒരു അസംബന്ധമല്ലേ? എന്നാൽ ഈയിടെ ഒരു ജർമ്മൻ കൃതി വായിച്ചു. ഒരു മഹാഭാരതപഠനം. അതിൽ വേറിട്ടൊരു കാഴ്ചപ്പാട് അവതരിപ്പിക്കുന്നുണ്ട്. കൃഷ്ണൻ, കൃഷ്ണ, കൃഷ്ണ ദൈപായനൻ– ഇവരെക്കുറിച്ചുള്ള ഒരു അവലോകനം... യുദ്ധത്തെക്കുറിച്ചാണല്ലോ പറഞ്ഞു വരുന്നത്. സുരക്ഷ എന്നു പറഞ്ഞാൽ ഒരു ജനതയെ ശരിക്കും ബാധിക്കുന്നതാണ്. നമ്മൾ ചെറിയ ക്ലാസിൽ പഠിക്കുമ്പോൾ പ്രകൃതിദത്തമായിത്തന്നെ ഇന്ത്യ സുരക്ഷിതമാണെന്നാണ് മനഃപാഠമാക്കിയത്. എന്നാൽ പട്ടാളക്കാരനായപ്പോൾ ഇന്ത്യയെപ്പോലെ അരക്ഷിതമായ ഒരു പ്രദേശമില്ല എന്ന് എനിക്ക് മനസ്സിലായി. നരവംശ ശാസ്ത്രമനുസരിച്ച് ഇന്ത്യയിലെ ആദിമ ജനത ആസ്ട്രോയിഡുകളും നിഗ്രോയിറ്റുകളുമാണ്. സുരക്ഷിതമായ പ്രകൃതിവലയമുണ്ടായിട്ടും ഇന്ത്യയെപ്പോലെ അധിനിവേശം വേറെ എവിടെയും ഉണ്ടായിട്ടില്ല. ഇന്ത്യയിൽ കോടികൾ വരും ദളിതർ. ചരിത്രം എന്നാൽ ഇന്ന് ആര്യന്മാരുടെ പേരിലാണ് എഴുതപ്പെട്ടിരിക്കുന്നത്. ദളിതരുടെ ഇന്ത്യ തമസ്കരിക്കപ്പെട്ടിരിക്കുന്നു. ഇതും ഒരു യുദ്ധതന്ത്രമാണ്. അതിർത്തി പ്രദേശങ്ങൾ എപ്പോഴും അരക്ഷിതമായിരിക്കും. കാരണം അതിർത്തിയിലെ ജനങ്ങൾ ഒറ്റ ദേശീയതയിൽ വിശ്വസിക്കുന്നില്ല. അവർ സങ്കരയിനം ജീവികളാകുന്നു. അതുകൊണ്ടുതന്നെ യുദ്ധമെന്നാൽ ഒരു ജനതയുടെ ആഗ്രഹമായിത്തീരുന്നില്ല...

പഴയ പട്ടാളക്കാരൻ തന്റെ യുദ്ധവിരുദ്ധമനോഭാവം മറച്ചുവെക്കുന്നില്ല.

പിഷാരോടി

കെ.പി.നാരായണപിഷാരോടി സാറാണ് കോവിലനെ ഉപന്യാസമെഴുതാൻ പഠിപ്പിച്ചത്. ശിഷ്യൻ മനസ്സാ ആരാധിക്കുന്ന ഈ വലിയ ഗുരുനാഥന്റെ പ്രേരണയാലാണ് കഥയെഴുതുവാനും തുടങ്ങുന്നത്. പാവറട്ടി സംസ്കൃത കോളേജിന്റെ ഇടനാഴിയിലൂടെ സന്ന്യാസം സ്വപ്നം കണ്ടുനടന്ന ഒരു വിദ്യാർത്ഥി. പതിനാറാമത്തെ വയസ്സിൽ മരണം നിഴലിക്കുന്ന ഒരു കവിതയെഴുതിയതിന്റെ പേരിൽ പിഷാരോടി സാർ കോവിലനെ ശാസിച്ചു.

'ഈ നല്ല ചെറുപ്രായത്തിൽ മരണത്തെക്കുറിച്ച് എഴുതരുത്'.

സിംബോളിക് കവിതയെഴുതാൻ വാക്കുകൾ തിരഞ്ഞുനടന്ന അയ്യപ്പന് പിഷാരോടി സാറിന്റെ ശകാരം പിന്നെപ്പിന്നെ വലിയൊരനുഗ്രഹമായി. ഗുരുവും ശിഷ്യനും അല്പാല്പം അടുക്കാൻ തുടങ്ങിയതും പിന്നെ വേർപിരിയാനാവാത്ത ഒരു ഗാഢബന്ധമായതും അങ്ങനെ...

"നിത്യവും പാടാറുണ്ടക്കോകിലം ശ്മശാനത്തിൽ

നിൽക്കും മാമരത്തിന്റെ കൊമ്പിന്മേലിരുന്നേവം.."

ഓർമ്മകൾക്കു മീതെ മഞ്ഞുവീഴ്ച തുടങ്ങിയിരിക്കുന്നു. ഹിമം കൊണ്ടുമൂടിയ മലനിരകൾ പോലെ കോവിലന്റെ ഓർമ്മകൾ...

കവിതയുടെ പേരിൽ ശാസിച്ച പിഷാരോടി സാർ അയ്യപ്പൻ എഴുതിയ ആദ്യനോവൽ വായിച്ച് അനുമോദനത്തിന്റെ പൂച്ചെണ്ടുകൾ നൽകി.

സാഹിത്യം കോവിലന് അനന്തമായ പ്രവാഹമാണ്

'നന്നായിട്ടുണ്ട്. ഭാവിയുണ്ട്.'

സ്നേഹം എന്നായിരുന്നു ആ നോവലിന്റെ പേര്. കേരളത്തിലും ബംഗാളിലും മറ്റും അന്നു നടന്ന കർഷക പ്രസ്ഥാനങ്ങളെക്കുറിച്ചെഴുതപ്പെട്ട ആ നോവലിലെ കഥ മുഴുവൻ കോവിലന് ഇന്ന് ഓർമ്മയില്ല. പിച്ചക്കാരും വിപ്ലവവും പൊലീസും നരനായാട്ടുമൊക്കെയുള്ള ആ നോവലെഴുതാനുള്ള മുഖ്യപ്രേരണ വിക്ടർ ഹ്യൂഗോയുടെ 'പാവങ്ങൾ' വായിച്ചപ്പോഴുണ്ടായ പ്രചോദനമാണ്. ഷാങ്വാൽഷാങ്ങിനെപ്പോലെ ഒരാളാണ് സ്നേഹത്തിലെ നായകൻ.

'പാവങ്ങൾ' ആണ് കോവിലന്റെ സാഹിത്യജീവിതത്തിലേക്ക് വഴി തുറന്നത്. എന്നുമെന്നും പാവങ്ങളുടെ ലോകത്തെക്കുറിച്ചാണ് കോവിലൻ എഴുതിക്കൊണ്ടിരുന്നതും....

എന്നാൽ ദസ്തയേവ്സ്കിയാണ് കോവിലന്റെ സ്വന്തം നോവലിസ്റ്റ്. 'കുറ്റവും ശിക്ഷയും' വായിച്ച് ഉറക്കം വിട്ടൊഴിഞ്ഞ രാത്രികൾ. അശാന്തമായ പകലുകൾ. ചുറ്റും പാവങ്ങൾ.

മനുഷ്യസമുദായങ്ങൾക്കുവേണ്ടി സോണിയയുടെ കാൽക്കൽ വീണ് എന്നേക്കുമായി മാപ്പിരന്ന റെസ്ക്കാൾ നിക്കാഫിനെപ്പോലെ. ദസ്തയേവ്സ്കിയുടെ കാൽക്കീഴിൽവീണ് കോവിലൻ മാപ്പിരന്നു. അങ്ങനെയാണ് 'തകർന്ന ഹൃദയങ്ങൾ' എന്ന നോവൽ എഴുതിയത്. ദസ്തയേവ്സ്കിയുടെ കാൽക്കൽനിന്ന് ഒരടി ദൂരംപോലും മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ലെന്ന് കോവിലൻ ഇപ്പോഴും വിശ്വസിക്കുന്നു.

തകർന്ന ഹൃദയം

'തകർന്ന ഹൃദയം' സ്വന്തം ചെലവിലാണ് അച്ചടിച്ചത്. ആരിൽ നിന്നൊക്കെയോ ചില്ലിക്കാശുകൾ സ്വരൂപിച്ചുണ്ടാക്കിയ പണം ഒറ്റയടിക്കു തീർന്നുകിട്ടി. 'തകർന്ന ഹൃദയങ്ങൾ' വിറ്റുപോയില്ല. പണം നശിപ്പിച്ചതിന്റെ പേരിൽ കുടുംബത്തിന്റെ മുഴുവൻ ചീത്തപ്പേരും കേട്ട് ഹൃദയം തകർന്നവനെപ്പോലെ ജീവിച്ച അഭിശപ്തമായ ദിവസങ്ങൾ. അയ്യപ്പന് ഭ്രാന്താണെന്ന് ചിലർ സ്വകാര്യം പറഞ്ഞ് രസിച്ചു. ആകെ നിരാശനായ അക്കാലത്ത് ഒരു ദിവസം ചങ്ങമ്പുഴ ഹൃദയം കൊണ്ടെഴുതിയ ഒരു കത്ത് അയ്യപ്പനെ തേടി വന്നു. 'എനിക്കിഷ്ടപ്പെട്ട രണ്ടോ മൂന്നോ മലയാള നോവലുകളിൽ ഒന്നാണ് 'തകർന്ന ഹൃദയങ്ങൾ'. ധൈര്യമായി എഴുതൂ'– സ്വന്തം ചങ്ങമ്പുഴ. ചങ്ങമ്പുഴ അന്നങ്ങനെ ഒരു കത്ത് എഴുതിയിരുന്നില്ലെങ്കിൽ കോവിലൻ എന്ന എഴുത്തുകാരനെ മലയാളികൾക്ക് നഷ്ടപ്പെട്ടുപോയേനെ. ആത്മഹത്യയെക്കുറിച്ചാലോചിച്ചാണ് അന്നൊക്കെ ഉറക്കമെണീറ്റത്. ചങ്ങമ്പുഴയുടെ വാക്കുകൾ ജീവിതത്തിലേക്ക് വീണ്ടും വലിഞ്ഞുകയറാൻ ഒരുപിടിവള്ളിയായി. കോവിലൻ എഴുതി...

ഇരുപതാമത്തെ വയസിൽ വയറ്റുപ്പിഴപ്പിനു വേണ്ടി അയ്യപ്പൻ വീടുവിട്ടു. കഥകൾ എഴുതി നിറച്ച നോട്ടു പുസ്തകങ്ങളും അച്ചടിച്ച പുസ്തകങ്ങൾ അടുക്കിവെക്കാൻ അച്ചരൻ പണികഴിപ്പിച്ച മേശയും വീട്ടിൽ നിന്ന് ഒരു നേരം കിട്ടാറുള്ള അന്നാഹാരവും ഉപേക്ഷിച്ച് അയ്യപ്പൻ മല

കയറി.

'സിംബോളിസം എഴുതാൻ ഹിമാലയത്തിൽ പോയി തപസ്സുചെയ്തു'

ശങ്കുണ്ണിമാസ്റ്റർ ഒരിക്കൽ പറഞ്ഞു. എന്നാൽ മല കയറുമ്പോൾ അയ്യപ്പന്റെ മനസ്സിൽ കവിതയുണ്ടായിരുന്നില്ല. കഥയുമുണ്ടായിരുന്നില്ല. തിളച്ചുമറിയുന്ന ജീവിതം മാത്രം...

ഹിമാലയത്തിലും താഴ്‌വരകളിലും ജീവിക്കാൻ കഴിഞ്ഞു എന്നതാണ് കോവിലന്റെ ജീവിതത്തിലെ അവിസ്മരണീയമായ അനുഭവം. ഹിമവാന്റെ മുകൾത്തട്ടിൽ കയറിനിന്ന് കാഞ്ചനഗംഗയും മഞ്ഞുമൂടിയ താഴ്‌വരകളും മതിമറന്നു കണ്ടു. പ്രകൃതിയുടെയും ജീവിതത്തിന്റെയും ഉന്നതികളും താഴ്ചകളും ശിവശക്തി ബോധവും കാളിദാസന്റെ കാല്പനികതയും ഹൃദയത്തെ വശീകരിച്ച നിമിഷങ്ങൾ. ഹിമവാന്റെ മുകൾത്തട്ടിൽ ഇതാ ഒരു മനുഷ്യൻ കാളിദാസൻ വർണ്ണിച്ച ഇന്ത്യ കണ്ടു നിൽക്കുന്നു. 'ജന്മാന്തരങ്ങൾ' എന്ന നോവലിൽ കോവിലൻ എഴുതി.

അമ്മയിൽ നിന്ന് ദുർഗയിലേക്കും ദുർഗയിൽ നിന്ന് ശിവനിലേക്കും ഹിമാലയത്തിൽ താമസിച്ചിരുന്നപ്പോഴാണ് എന്റെ മനസ്സ് സഞ്ചരിച്ചെത്തിയത്. അമ്മയും ദുർഗയും ശിവനും എനിക്കൊരിക്കലും കേവലസങ്കല്പങ്ങളല്ല. അതൊരു സത്യമാകുന്നു. ഈ സത്യം എന്റെ അനുഭവമാകുന്നു. അനുഭവിച്ചറിഞ്ഞതാകുന്നു...

പിന്നെ, ഞാവൽ മരങ്ങളുടെയും വിശാലമായ മൈതാനങ്ങളുടെയും നാടായ മീററ്റ്.

കണ്ടാണിശ്ശേരിയും പുല്ലാനിക്കുന്നും കഴിഞ്ഞാൽ കോവിലന്റെ പ്രിയങ്കരമായ ഇടം മീററ്റാണ്. അവിടെ പാറപ്പുറത്തുമുണ്ടായിരുന്നല്ലോ? പാറപ്പുറത്ത് ഭക്ഷണം കഴിച്ച മേശമേൽ ഭക്ഷണം കഴിച്ചിട്ടുണ്ട് എന്നത് കോവിലന് വലിയൊരോർമ്മയാണ് ഇന്നും.

കാന്റീനിൽ ചെന്നിരുന്നിട്ടാണ് കോവിലൻ അക്കാലത്ത് കഥകൾ എഴുതിയത്. ഏകാന്തതയിൽ മാത്രം എഴുതാൻ ശീലിച്ച കോവിലന് കാന്റീനിലെ കടുകെണ്ണയുടെയും കറിവേപ്പിലയുടെയും ഗന്ധത്തിലും വാക്കുകൾ പെറുക്കിവെക്കാൻ സാധിച്ചത് വലിയൊരത്ഭുതമായി ഇപ്പോൾ തോന്നുന്നു. അല്ലെങ്കിലും ഹിമാലയത്തിലെ അത്ഭുതങ്ങൾക്കുണ്ടോ വിരാമം? അത്ഭുതങ്ങൾക്ക് തുടക്കമോ ഒടുക്കമോ ഇല്ലാത്ത ഗിരിശൃംഗം.

ഹിമാലയത്തിലും ലക്നൗവിലും മിസ്സോറാമിലും അയ്യപ്പൻ ഇന്ത്യയുടെ കാവൽക്കാരനായി. ബാരക്കുകളിലെ ഈർപ്പം പിടിച്ച രാത്രികളിൽ അയ്യപ്പൻ കഥകൾക്കുവേണ്ടി കാതോർത്തു നിന്നു. ജീവിതത്തിന്റെ ബാരക്കുകളിൽ നിന്നും കഥയും കഥാപാത്രങ്ങളും അലറിവിളിച്ച് അയ്യപ്പനെത്തേടി മല കയറിവന്നു. വിശപ്പുകൊണ്ട് ചിന്നിച്ചിതറിയ മനുഷ്യരുടെ ഇടയിലിരുന്നുകൊണ്ടാണ് അയ്യപ്പൻ ഓരോ കഥയും എഴുതിയത്. എഴുതുന്നതൊക്കെ നന്നാവണമെന്ന് ആഗ്രഹിക്കാറുണ്ടെങ്കിലും എഴുതിയതെല്ലാം നല്ലതാണെന്ന ചിന്ത ഇപ്പോഴുമില്ല. എന്നാൽ, ജീവരക്തം കൊണ്ടാണ് കോവിലൻ എല്ലാ കഥകളും എഴുതിയത്. 'തോറ്റങ്ങളും'. 'ജന്മാന്തരങ്ങളും'. 'തട്ടകവും മരണമില്ലാത്ത മനുഷ്യനു'മെഴുതിയ കോവിലന് പകരം വെക്കാൻ മലയാളത്തിൽ വേറൊരാളില്ല. തീർച്ച. പാരമ്പര്യത്തിലും വിധിയിലും കോവിലന് വിശ്വാസമുണ്ട്. ഒരു മഹാസ്രോതസ്സായും അനശ്വരമായ പ്രവാഹമായും കോവിലൻ സാഹിത്യത്തെ കാണുന്നു. അതുകൊണ്ടുതന്നെ എഴുത്തുകാരോടെല്ലാം കോവിലന് ആരാധന കലർന്ന സ്നേഹമാണ്. എം.ടിയെ ഒന്നു കാണാൻവേണ്ടി മാത്രം കൂടല്ലൂരിൽ പോയിട്ടുണ്ട്. മുണ്ടിന്റെ തടിച്ചകര, ബീഡി വലിക്കുമ്പോഴുള്ള ചുണ്ടിന്റെ ഏങ്കോണിപ്പ് അതെല്ലാം ഒരു 'ബാലപംക്തി മനസ്സോ'ടെ നോക്കി നിന്നിട്ടുണ്ട്. കോവിലൻ 'ഉള്ളം കൈയിൽ വെച്ച് ആസ്വദിക്കുന്ന ഒരു പനിനീർപ്പൂവിന്റെ' പേരാണ് ഒ.വി.വിജയൻ. ശോകസാന്ദ്രമായ നാദം കേൾപ്പിക്കുന്ന പത്മനാഭൻ. വടകര-കൂടല്ലൂർ-തിരുവില്ലാമല-കുന്നം എല്ലായിടത്തും കോവിലൻ പോയിട്ടുണ്ട്. ഒരു മുതിർന്ന എഴുത്തുകാരൻ തനിക്കുപിമ്പേ വന്ന എഴുത്തുകാരുടെ നാടും വീടും തേടി ഇങ്ങനെയൊരു തീർത്ഥയാത്ര നടത്തിയിട്ടുണ്ടാവുമോ ആവോ.

കോവിലൻ താനൊരു മനുഷ്യനാണ് എന്ന് ആവർത്തിച്ചു പറയുന്നതിന്റെ പൊരുൾ വേറൊന്നുമല്ല. ഒരു പച്ച മനുഷ്യന്റെ സത്യസന്ധമായ അനുഭവചിത്രീകരണങ്ങളാണ് കോവിലൻ കൃതികൾ. എഴുതാതിരിക്കുമ്പോൾ മൗനിയായി. ഒരു വെറും മനുഷ്യനായി പുല്ലാനിക്കുന്നിലെ മുനിമടയ്ക്കരികിൽ തന്റെ വിധിയിലും കർമ്മത്തിലും വിശ്വസിച്ച് കോവിലൻ ജീവിച്ചുപോകുന്നു. കണ്ടാണിശ്ശേരി ദേശത്തിന്റെ വടക്കുകിഴക്കേ മൂലയായിട്ടുവരും മുനിമട. ഭൂമിയിലേക്ക് തുറന്നുകിടക്കുന്ന ഈ മുനിമട അതിപ്രാചീനമായ ഒരു സംസ്കാരത്തിന്റെ അവശിഷ്ടമാണ്. മുനിമടയിലേക്ക് നടക്കുമ്പോൾ കോവിലൻ അതിന്റെ ചരിത്രം പറഞ്ഞു. "ബൗദ്ധ-ജൈന സംസ്കാരത്തിന്റെ അടയാളമായിരിക്കണം ഇത്. ഇവിടെ ഒരു ജൈനമുനി താമസിച്ചിരുന്നതായി തോന്നുന്നു. ആത്മപീഢയിലൂടെ മോക്ഷം എന്നതാണല്ലോ ജൈനസിദ്ധാന്തം". മുനിമടയിലേക്ക് ക്ളേശമില്ലാതെ കടന്നുപോകാനാവില്ല...മുനിമടയിൽ കഷ്ടിച്ച് ഇരിക്കാവുന്ന പടവുകളും പ്രത്യേകമായ രീതിയിൽ നിർമ്മിച്ച ഓവുചാലുകളും കാണാം. ഒരു മഹാസംസ്കാരത്തിന്റെ അവശിഷ്ടം. ഊന്നുവടി കൊണ്ട് മുനിമടയുടെ അകത്തേക്ക് ചൂണ്ടി കഥയും ചരിത്രവും കടന്നുവന്ന വഴികളെക്കുറിച്ച് കോവിലൻ പറയുന്നു- ഒന്നും എഴുതാതിരിക്കുമ്പോഴും എനിക്ക് ശാന്തനായിരിക്കാൻ കഴിയുന്നുണ്ട്. ശാരദയ്ക്കുള്ള വീതംവെപ്പ് ദിവസവും മുടങ്ങാതെ നോക്കാറുണ്ട്. പിന്നെ കുറെ വായിക്കും. അല്ലെങ്കിൽ ശവം പോലെ ഇരിക്കും. മാർക്കേസിന്റെ കൃതികൾ ഈയിടെ വീണ്ടും വായിച്ചു. ലാറ്റിനമേരിക്കയിൽ നടക്കുന്നത് കേരളത്തിലും ഉണ്ട് എന്നു തോന്നും.... എം.ടി. യൊക്കെ എഴുതാറുള്ള മച്ചിലെ ഭഗവതി മനോഹരമായ ഒരു സങ്കല്പമല്ലേ? പിന്നെ ബലിക്കാക്കകൾ. ഒക്കെയും കഥയല്ലേ....

ഉച്ചയാകുന്നു. മൗനത്തിന്റെ അടരുകൾ മാറ്റി ക്ലേശം മറന്ന് പ്രിയപ്പെട്ടവർക്കുമുന്നിൽ എപ്പോഴും ഹൃദയം തുറക്കാറുള്ള കോവിലന്റെ വർത്തമാനം കേട്ട് പുറത്തിറങ്ങുമ്പോൾ എനിക്കൊന്നു മനസ്സിലായി, ബഹുകൃത വേഷധാരികളായ എഴുത്തുകാരിൽ നിന്ന് എത്രയോ വ്യത്യസ്തനാണ് കണ്ടാണിശ്ശേരിയുടെ പ്രിയപ്പെട്ട ഈ ദ്രാവിഡൻ■

ലേഖനം

ആഗോളവൽക്കരണത്തിനെതിരെ അർജന്റീനയിൽ ഉയർന്ന ജനകീയ പ്രതിഷേധത്തിൽനിന്ന്

ജനകീയപ്രതിരോധം ആഗ്രഹിക്കാം

ആഗോളവൽക്കരണത്തിനെതിരായ പ്രതിരോധം ജനങ്ങളിൽനിന്നും ഉയർന്നുവരുമോ?

2

സ്വകാര്യവൽക്കരണം ഉദാരവൽക്കരണം ആഗോളവൽക്കരണം

മുരളി

"The Asia that can say no" എന്നത് മലേഷ്യൻ പ്രധാനമന്ത്രി ഡോ.മഹത്യാർ മുഹമ്മദിന്റെ പുസ്തകമാണ്. അമേരിക്കയെയും യൂറോപ്പിനെയും ചെറുക്കാനുള്ള ഏഷ്യൻ മാതൃക മഹത്യാർ അവതരിപ്പിക്കുന്നു. (ഷിന്റരോ ഇഷിഹാരോയുടെ ജാപ്പനീസ് ബെസ്റ്റ് സെല്ലറായ The Japan that can say no എന്ന പുസ്തകത്തിന്റെ തലക്കെട്ട് മഹത്യാർ പകർത്തിയിരിക്കുന്നു) മഹത്യാറിന്റെ ആശയം വളരെ ലളിതമാണ്. ലോകത്തിലെ ഏത് മാർക്കറ്റിനോടും ഏഷ്യക്ക് മത്സരിക്കാനാകും. അതിന്റെ തനത് മൂല്യങ്ങൾ നഷ്ടപ്പെടുത്താതെതന്നെ. എന്താണീ ഏഷ്യൻ മൂല്യങ്ങൾ? ചിലർക്കത് കൺഫ്യൂഷനിസത്തിലടിയുറച്ചതാണ്. എന്നാലും അതൊരു സാമൂഹികവും നൈതികവുമായ പശ്ചാത്തലമൊരുക്കുന്നു. അതിനെ സാമ്പത്തിക വളർച്ചക്കു ഉപയോഗിക്കുക. എങ്ങിനെയാണ് പടിഞ്ഞാറിന്റെ കടന്നുകയറ്റത്തെ ചെറുക്കുക? ശക്തമായ ഗവൺമെന്റുകൊണ്ട് എന്നാണ് മഹത്യാറിന്റെ ഉത്തരം. പൗരസ്വാതന്ത്ര്യത്തിൽ വ്യക്തമായ വരമ്പുകൾ ഉണ്ടാകണം. നിയമമനുസരിച്ച് ജീവിക്കുന്ന പൗരന്മാർക്ക് ഗവൺമെന്റിനെ ഭയക്കേണ്ടതില്ല. മഹത്യാർ സാമ്പത്തിക വളർച്ചക്കും സാമൂഹ്യസ്ഥിരതയ്ക്കും ഉറച്ച ശക്തമായ ഗവൺമെന്റ് എന്ന് ഉദ്ദേശിക്കുന്നത് സ്വേഛാധിപത്യ സംവിധാനത്തെ തന്നെയാണ്. ആധുനിക സമൂഹങ്ങളുടെ മുന്നിലെ വെല്ലുവിളികൾ മഹത്യാർ ചൂണ്ടിക്കാണിക്കുന്നു. ഒന്നുകിൽ സാമൂഹ്യഭദ്രതയും നൈതികമൂല്യങ്ങളുമില്ലാത്ത സാമ്പത്തിക വളർച്ചയും രാഷ്ട്രീയ സ്വാതന്ത്ര്യവും കൈവരുത്താം. പടിഞ്ഞാറിലേതുപോലെ. ആഗോളവത്ക്കരണം അതാണ്. It is good for business, but had for civil society. മഹത്യാർ നിർദ്ദേശിക്കുന്ന ബദൽ ഇതാണ്. രാഷ്ട്രീയ സ്വാതന്ത്ര്യത്തിന് പരിധി ഏർപ്പെടുത്തുക, എന്നിട്ട് സാമൂഹ്യഭദ്രതയും സാമ്പത്തിക വളർച്ചയും നേടുക. വളരെ സങ്കീർണ്ണമായ ഒരു അവസ്ഥയാണിത്. മൂന്നാം ലോകത്തിലെ പെരുകുന്ന അരാജകത്വങ്ങൾക്ക് മഹത്യാറിന്റെ ബദൽ ഒരു മറുപടിയാകുമോ? ഏഷ്യൻ ആഫ്രിക്കൻ രാഷ്ട്രങ്ങളിലെ സ്വേഛാഭരണകൂടങ്ങളൊക്കെ മഹത്യാറിന്റെ ബദലിനെ സ്വാഗതം ചെയ്തേക്കും. മഹത്യാറിന്റെ ബദലിനെ ഒട്ടൊക്കെ ന്യായീകരിക്കുന്നതായ സമഗ്രാധിപത്യമല്ലേ ചൈനയിൽ നിലവിലുള്ളത്. പടിഞ്ഞാറൻ സമൂഹങ്ങളിലും സ്വേഛാധികാരത്തിനോടുള്ള താൽപ്പര്യം ഏറിവരുന്നുവത്രേ. അത്തരം സ്വേഛാധികാര സംവിധാനങ്ങളിൽ സ്വാഭാവികമായും മുതലാളിത്വ വിപണിക്ക് ആഗോളവത്ക്കരണത്തിന്റെ എല്ലാ സാധ്യതകളേയും പ്രയോജനപ്പെടുത്താൻ കഴിയും. മഹത്യാറിന്റെ ഏഷ്യൻ മോഡലിൽ രാഷ്ട്രീയ സ്വാതന്ത്ര്യമില്ല. ഗ്ലോബൽ ബിസിനസ്സിന് ഇതിൽ താൽപ്പര്യമുണ്ട്. ബിസിനസ്സിനെ ഏഷ്യയിലേക്ക് ആകർഷിക്കാനുള്ള ഒരു തന്ത്രമാണിത്. മലേഷ്യയിലും സിംഗപ്പൂരിലും ചൈനയിലുമുള്ള റെജിമെന്റ്സ് സംവിധാനങ്ങളിൽ വേരുറപ്പിച്ച് വളരാനാണ് ബഹുരാഷ്ട്ര കമ്പനികൾക്കും ഇഷ്ടം.

കവാത്ത് മറക്കുന്നവർ

പക്ഷേ, ഇത്തരം ഒരു പ്രവണത നിലനിൽക്കുമോ? ഇന്ത്യയെപ്പോലുള്ള മതനിരപേക്ഷ

ജനാധിപത്യ സംവിധാനങ്ങൾ ആഗോളവൽക്കരണവുമായി പാഞ്ഞു നടക്കുന്ന ബഹുരാഷ്ട്ര കുത്തകകൾക്ക് ഏറെയൊന്നും സ്വീകാര്യരാകാത്തത് ഈ പശ്ചാത്തലത്തിലാണ്. സ്റ്റേറ്റ് വളരെ റെഗുലേറ്റിമെന്റ്സ് ആവുക. ബിസിനസ്സിനെ കയറൂരി വിടുക. തൊഴിൽ മേഖലകളിലെ ചൂഷണവും ജനാധിപത്യ നിഷേധങ്ങളും കണ്ടില്ലെന്ന് നടിക്കുക. ഇത്തരമൊരവസ്ഥയാണ് ബഹുരാഷ്ട്രകുത്തകകൾ പ്രതീക്ഷിക്കുന്നത്. ഒരു കൂട്ടുകക്ഷി ഭരണസംവിധാനംപോലും അവർക്ക് സ്വീകാര്യമല്ല. അത്തരം സംവിധാനങ്ങളിൽ ഭരണ-പ്രതിപക്ഷങ്ങളിലുള്ള എത്രയേറെപ്പേരെയാണ് സംതൃപ്തിപ്പെടുത്തേണ്ടിവരിക. എൻറോണിന്റെ കഥയൊന്ന് ഓർത്തുനോക്കുക: ആദ്യത്തെ എതിർപ്പുകാർ പിന്നെ കൂട്ടാളികളായി. ആദ്യത്തെ കൂട്ടാളി പിന്നെ ശത്രുക്കളായി. ബഹുരാഷ്ട്ര കമ്പനി ബംഗാളിലേക്ക് വന്നാൽ മാർക്സിസ്റ്റുകാർ സ്വാഗതം ചെയ്യുന്നു. മറ്റെവിടെയും ബഹുരാഷ്ട്ര കമ്പനി സാമ്രാജ്യത്വകമ്പനിയാണവർക്ക്. ഭരണത്തിൽ വരുമുൻപ് ബി.ജെ.പി സ്വദേശി ആയിരുന്നു. ഇന്നിപ്പോൾ രാഷ്ട്രത്തെത്തന്നെ സ്വകാര്യവത്കരിക്കാനും ബഹുരാഷ്ട്രകമ്പനിക്കാർക്ക് വീതം വയ്ക്കാനും അവർ തയ്യാറാണ്. ഇത്തരം ജനാധിപത്യ അരാജകത്വങ്ങളിൽ എങ്ങിനെയാണ് ബഹുരാഷ്ട്ര കമ്പനികൾക്ക് നിലനിൽക്കാനാവുക? സ്വാഭാവികമായും മഹത്യാറിന്റെ ജനാധിപത്യത്തെ അവർ ഇഷ്ടപ്പെടും. എങ്കിലും നമ്മുടെ ജനാധിപത്യ അരാജകത്വങ്ങൾക്ക് ഒരു ഗുണമുള്ളതായി അവർ കരുതുന്നു. ആരോടും ഉത്തരവാദിത്വമില്ലാതെ പ്രവർത്തിക്കാൻ കഴിയും. സ്റ്റേറ്റ് വളരെ ദുർബ്ബലമാണ്. നിയമങ്ങൾ തീരെ നിർജ്ജീവവും. രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും ഒരുപോലെ അഴിമതിക്കാരും. ദേശീയത തീരെ മാറ്റാ ഒരു സമൂഹമായതുകൊണ്ട് ബഹുരാഷ്ട്രകമ്പനികളുടെ കടന്നുവരവ് വളരെ എളുപ്പമാകുന്നു. ചൈനയിലോ മറ്റ് റെഗുലേറ്റിമെന്റ്സ് സംവിധാനങ്ങളിലോ നിന്ന് വ്യത്യസ്തമായി കമ്പ

ഇടതുപക്ഷത്തും വലതുപക്ഷത്തുമുള്ള പരമ്പരാഗത രാഷ്ട്രീയ പ്രസ്ഥാനങ്ങൾ മേധയെപ്പോലുള്ളവരെ തീർത്തും അവഗണിക്കാൻ ശ്രമിക്കുന്ന നമ്മുടെ പശ്ചാത്തലം തന്നെയാണ് മൂന്നാംലോകത്തിൽ മുഴുവനുള്ളത്

നികളുടെ അജണ്ടകൾ പ്രകാരമാണ് അവരിവിടെ മുതലിറക്കുന്നത്. അവരുടെ കണ്ടീഷൻസ് നമ്മൾ അംഗീകരിച്ച് സ്വീകരിക്കുന്നു. കൊളോണിയൽ കാലത്തിലേതുപോലെതന്നെയാണ് സ്ഥിതി. ഇപ്പോഴും സായിപ്പിനെ കണ്ട് നമ്മൾ കവാത്ത് മറന്നു നിൽക്കുകയാണ്. നമുക്ക് ഒന്ന് ശ്രദ്ധിക്കപ്പെടണമെന്ന് മാത്രമേയുള്ളൂ. എങ്ങിനെയും ഒരു വ്യവസായം തുടങ്ങിക്കിട്ടണം. കുറച്ചു പേർക്ക് തൊഴിൽ. രാഷ്ട്രീയക്കാരനും ഉദ്യോഗസ്ഥരും രാജ്യതാൽപ്പര്യത്തേക്കാൾ കമ്മീഷനെപ്പറ്റി ആലോചിക്കുന്നു. ഇടതുപക്ഷവും വലതുപക്ഷവും പേരിൽമാത്രം. എന്തുചെയ്യണമെന്ന് അറിയാതെ അമ്പരന്ന് നിൽക്കുകയാണ് ട്രേഡ് യൂണിയനുകൾ.

പൊതുമേഖല മാത്രമല്ല ആഗോളവൽക്കരണത്തിലൂടെ ഇന്ത്യയിൽ തകർന്നത്. നമ്മുടെ രാജ്യത്തെ പഴയ പല വൻകിട സ്വകാര്യ കമ്പനികളും തകർന്നുകഴിഞ്ഞു. പലതിനെയും വിദേശകമ്പനികൾ വിഴുങ്ങുകയോ. അവയിലെ വിദേശ നിക്ഷേപം അൻപത്തിയൊന്ന് ശതമാനമാക്കുകയും ചെയ്തിരിക്കുന്നു. ആഗോളവത്ക്കരണം ആദ്യകാലത്ത് സ്വാഗതം ചെയ്ത ഇന്ത്യൻ മിർജാഫറെയും ക്ളൈവിനെയും പുകഴ്ത്തിയ പഴയ കോളനി മനോഭാവം അരങ്ങു തകർക്കുകയാണ്. ബ്രിട്ടീഷ് രാജിനെ വരവേൽക്കാനായി ഉയർത്തിയ മുദ്രാവാക്യം ഓർമ്മയില്ലേ, "dependence is golden and indipendence is burden". ഇംഗ്ലീഷ് വിദ്യാഭ്യാസത്തേയും മെക്കാളെ പ്രഭുവിനെയും എത്ര ആദരവോടെയാണ് നാം സ്വീകരിച്ചത്. ഇന്ന് അതേ രീതികൾ ടെലിവിഷൻ ചാനലുകളിലൂടെ. മാധ്യമങ്ങളിലൂടെ യൂണിവേഴ്സിറ്റികളിലൂടെ വിളംബരം ചെയ്യപ്പെടുന്നു. പത്രങ്ങളാകെ പരസ്യങ്ങളാണ്; മിച്ചിഗൺ, സ്കാൻഫോർഡ്, ഓക്സ്ഫോർഡ്, ലണ്ടൻ യൂണിവേഴ്സിറ്റികളുടെ. എൻ.ജി.ഒകൾക്ക് കൊയ്ത്തുകാലം. ചർച്ചും ഇസ്ലാമിക ഗ്രൂപ്പുകളും മാത്രമല്ല വിദേശപണത്തിൽ ആറാടിത്തിമിർക്കുന്നത്, ഒട്ടേറെ ഹൈന്ദവ പ്രസ്ഥാനങ്ങളിലേക്കും വിദേശപണം ഒഴുകിയെത്തുകയാണ്. സമ്പദ്വ്യവസ്ഥയിലും ധൈഷണിക വികാരമേഖലയിലും വൈദേശിക സ്വാധീനം ഒരുപോലെ പിടിമുറുക്കിക്കഴിഞ്ഞു. ചോംസ്കിയെപ്പോലൊരു അമേരിക്കൻ സായിപ്പ്, അയാൾ കമ്മ്യൂണിസ്റ്റ് വിരുദ്ധനായാലും വേണ്ടില്ല ഇ.എം.എസ് അക്കാഡമി ഉദ്ഘാടനത്തിന് അനുയോജ്യനെന്ന ഇടതുപക്ഷ ചിന്താഗതിവരെ നമ്മൾ ഓർക്കുക. സാമ്രാജ്യത്വം എത്രയേറെ ശക്തിപ്പെട്ടിരിക്കുന്നു. അമേരിക്കൻ വിമതനായത് കൊണ്ടുമാത്രം ചോംസ്കി നമുക്ക് ആരാധ്യനാവുകയല്ല, സായിപ്പായതുകൊണ്ടും നാം അദ്ദേഹത്തെ ആരാധിക്കുന്നു. ഇതേ മനസ്സുകൊണ്ടുതന്നെ ഗാന്ധിജിയെ വെറുമൊരു അരാജകത്വവാദിയായി നമ്മൾ മാറ്റിനിർത്തുകയും ചെയ്യുന്നു. നമ്മുടെ ചിന്തകളിലെ ഭയാനകമായ ഈ വൈരുദ്ധ്യമാണ് സാമ്രാജ്യത്വത്തിന്റെ ഇന്ത്യയിലെ ശക്തി.

സോവിയറ്റ് തകർച്ച

സോവിയറ്റ് തകർച്ചയോടെ ചരിത്രം അവസാനിച്ചുവെന്നത് വിവരദോഷമാണ്. ചരിത്രത്തിന്റെ എല്ലാ ദശകളിലും ഇതുപോലുള്ള ഉയർച്ചകളും തകർച്ചകളും അനുഭവിച്ചുപോരുന്നു. ഇന്ത്യയെപ്പോലുള്ള മൂന്നാംലോകത്തിന്റെ ശക്തി നമ്മുടെ ഗ്രാമങ്ങളിലെ മനുഷ്യജീവിതങ്ങൾ തന്നെയാണ്. ഈ മനുഷ്യശക്തിയെ അവഗണിക്കാനും ദേശീയത വളരാതിരിക്കാനും നമുക്കു മുന്നിലേക്ക് എത്രയെത്ര പ്രലോഭനങ്ങളാണ്. വിദേശപ്പണത്തിൽ അഭിരമിക്കുന്ന എൻ.ജി.ഒകളും യൂണിവേഴ്സിറ്റികളിലെ അക്കാമിക് സമൂഹവും മാധ്യമങ്ങളും ജനങ്ങളെ സ്വദേശീയമായ എല്ലാത്തിനോടും വെറുപ്പുള്ളവരാക്കി മാറ്റുന്നു. നമ്മുടെ മനുഷ്യർക്ക് മണ്ണുമായുള്ള ബന്ധം ഇല്ലാതാക്കാനുള്ള എത്രയേറെ ശ്രമങ്ങളാണ് നടക്കുന്നത്. നമ്മുടെ കാർഷിക സർവകലാശാലകൾ കർഷകനെ എത്ര പുച്ഛത്തോടെയാണ് കാണുന്നതെന്നോർക്കുക. വൈദേശിക താൽപ്പര്യങ്ങളുള്ള കാർഷിക ഗവേഷണ കേന്ദ്രങ്ങൾ നമ്മുടെ ഗ്രാമങ്ങളെയും പാവം കൃഷിക്കാരനയും ഇതുവരെ തിരിച്ചറിഞ്ഞിട്ടില്ല. കർഷകൻ ആദ്യം ചെയ്യേണ്ടത് ഇത്തരം ദേശീയവിരുദ്ധ സർവകലാശാലാ സംവിധാനങ്ങളെ തച്ചുടക്കുകയാണ്. സാംസ്കാരിക വിപ്ലവകാലത്ത് മാവോ സെതുങ് ചെയ്തതുപോലെ സർവകലാശാലകളിൽ നിന്നും സെക്രട്ടറിയേറ്റുകളിൽനിന്നും വെള്ളാനപ്പടകളെ ഗ്രാമങ്ങളിലേക്ക് അടിച്ചിറക്കി പണിയെടുപ്പിക്കണം.

വൈദേശികമായ എല്ലാറ്റിനോടും ആർത്തിയുണ്ടാക്കുക എന്ന ആഗോളവൽക്കരണ തന്ത്രം എത്ര വിജയകരമായാണ് മൂന്നാംലോകത്തിൽ അടിച്ചേൽപ്പിക്കുന്നത്. വിദേശീയമായ എല്ലാറ്റിനെയും നമ്മൾ ഇഷ്ടപ്പെട്ടു തുടങ്ങിയിരിക്കുന്നു, ഭാഷയും. സംസ്കാരവും, ആഹാരവും, വസ്ത്രവും എന്തിന് പട്ടികളെപ്പോലും. ഈ വിദേശിവൽക്കരണത്തിൽ ചർച്ചിനെപ്പോലുള്ള മതസംവിധാനങ്ങളുടെ പങ്ക് ഏറെ അറിയപ്പെടുന്നതാണ്. എന്നാൽ പ്രകടമായും അല്ലാതെയും ആയിരക്കണക്കിന് 'വോളണ്ടറി' ഏജൻസികളിലൂടെ ഇത്തരമൊരു ആഗോളവൽക്കരണം (അമേരിക്കാവൽക്കരണം) മൂന്നാംലോകത്തിലാകെ നടക്കുകയാണ്. നമ്മുടെ നാട്ടിൻപുറങ്ങളിലെ ഗ്രാമീണജീവിതത്തെക്കുറിച്ച് തികഞ്ഞ അജ്ഞതയും പുച്ഛവുമുള്ള അക്കാദമിക് സമൂഹങ്ങൾ വൈദേശിക പഠനങ്ങളിൽ എത്രയേറെ താൽപ്പര്യമുള്ളവരാണെന്നോ? ഗാന്ധിജി എന്നുകേട്ടാൽ അവർ പരിഹസിച്ചു ചിരിക്കും. യു.എൻ.സി.പി.യുടെ ഒരു കണക്കുപ്രകാരം മൂന്നാംലോക രാഷ്ട്രങ്ങളിൽ പ്രവർത്തിക്കുന്ന ഏതാണ്ട് അൻപതിനായിരം എൻ.ജി.ഒകൾക്കായി അമേരിക്കയിൽ നിന്നും യൂറോപ്പിൽ നിന്നുമായി ഏതാണ്ട് പത്ത് ബില്യൻ ഡോളർ വർഷംപ്രതി സാമ്പത്തിക സഹായമെത്തുന്നു. യജമാനന്മാരെ തൃപ്തിപ്പെടുത്താൻ സദാ സന്നദ്ധരായ ഇത്തരം പ്രസ്ഥാനങ്ങൾ സ്വദേശീയതകളുടെ വേരറുക്കുന്നതിൽ അതീവ ശ്രദ്ധ പുലർത്തുന്നു. ആഗോളവൽക്കരണത്തിലെ പടിഞ്ഞാറൻ താൽപ്പര്യങ്ങളുടെ ഏറ്റവും നല്ല സംരക്ഷകരും സന്ദേശവാഹകരുമാണിവർ. കോർപ്പറേറ്റ് എക്സിക്യൂട്ടീവുകൾക്ക് ലഭിക്കുംപോലെ മില്യൻ ഡോളർ പ്രതിഫലം വാങ്ങുന്ന എൻ.ജി.ഒ മാനേജർമാർ നമ്മുടെ പാവം ഗ്രാമഹൃദയങ്ങളിലൂടെ ടയോട്ടകളിൽ ഒഴുകി വരുന്നത് ശ്രദ്ധിച്ചിട്ടില്ലേ. എന്തൊക്കെ വേഷങ്ങളിലാണ് വരവ്. നമ്മുടെ ദുഃഖങ്ങളൊക്കെ അവരുടെ ക്യാമറകളിലേക്ക് നാം വാരി വിതറുന്നു. കോടികൾ മിന്നിമറയുന്ന അന്താരാഷ്ട്ര സെമിനാർ സർക്യൂട്ടുകളിൽ, ശീതീകരിച്ച മുറികളിൽ വിരുന്നുമേശകളിലേക്ക് നമ്മുടെ പട്ടിണി കടന്നുചെല്ലുന്നു. ഈ "ഗ്ലോബൽ ഗ്രാമ" സൃഷ്ടിക്കിടയിലൂടെ ചോർന്നുപോകുന്നത് മൂന്നാംലോകത്തിന്റെ നൈതികവും രാഷ്ട്രീയവുമായ ഇച്ഛകളാണ്. ഇടതുപക്ഷങ്ങൾപോലും ഇത്തരം എൻ.ജി.ഒമാരോടൊത്ത് സരണയങ്ങൾ പങ്കുവെക്കുമ്പോൾ ആരാണ് നമ്മുടെ ദേശീയതകളെ സംരക്ഷിക്കേണ്ടത്?



ഒഗോണി ഗോത്രത്തിൻെറ ഉൻമൂലനം തടുക്കാനായി ബഹുരാഷ്ട്ര കമ്പനിയായ റോയൽ ഷെല്ലിനെതിരെ ആഫ്രിക്കൻ ദേശീയതയുടെ പാട്ടുകാരനായിരുന്ന കെൻസാരോ വിവ നടത്തിയ ഐതിഹാസിക സമരം നമ്മുടെ കണ്ണുകളെ തുറപ്പിക്കേണ്ടതാണ്

മേധാപട്കറെപ്പോലുള്ള ഉത്തരങ്ങളാണ് മൂന്നാംലോകത്ത് ഇതിനെതിരെ ഉയരേണ്ടത്. നൈജീരിയയിലെ കെൻസാരോവിവായുടെ പാട്ടുകൾ നിങ്ങൾ മറന്നുകാണില്ല. ഒഗോണി ഗോത്രത്തിന്റെ ഉന്മൂലനം തടുക്കാനായി ബഹുരാഷ്ട്ര കമ്പനിയായ റോയൽ ഷെല്ലിനെതിരെ നടത്തിയ ഐതിഹാസികമായ സമരം നമ്മുടെ കണ്ണുകളെ തുറപ്പിക്കേണ്ടതാണ്. കെൻസാരോ വിവ ആഫ്രിക്കൻ ദേശീയതയുടെ പാട്ടുകാരനായിരുന്നു. അത്തരം ദേശീയതകളിലൂടെ മാത്രമേ നമുക്ക് ആഗോളവൽക്കരണത്തെ ചെറുക്കാൻ കഴിയൂ. പരമ്പരാഗത രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ സ്ഥാനത്ത് മേധയെപ്പോലുള്ളവരെ സ്വാഭാവികമായും ജനങ്ങൾ സ്വീകരിക്കുന്ന അവസ്ഥ ഇന്ത്യയിൽ വളർന്നു വരേണ്ടിയിരിക്കുന്നു. ഇടതുപക്ഷത്തും വലതുപക്ഷത്തുമുള്ള പരമ്പരാഗത രാഷ്ട്രീയ പ്രസ്ഥാനങ്ങൾ മേധയെപ്പോലുള്ളവരെ തീർത്തും അവഗണിക്കാൻ ശ്രമിക്കുന്ന നമ്മുടെ പശ്ചാത്തലം തന്നെയാണ് മൂന്നാംലോകത്തിൽ മുഴുവനുള്ളത്.

ഇന്ത്യയിലെ ഇടതുപക്ഷത്തെപ്പോലുള്ളവർ ആഗോളവൽക്കരണത്തിനെതിരെയുള്ള വിമർശനങ്ങൾ പ്രധാനമായും കേന്ദ്രീകരിച്ചിട്ടുള്ളത് ഐ.എം.എഫ്. ലോകബാങ്ക്. ബഹുരാഷ്ട്രക്കമ്പനികൾ. സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ എന്നിവയ്ക്കെതിരെയാണ്. ഇവയാണല്ലോ മൂന്നാംലോകത്തിന്റെ 'മാക്രോ ഇക്കണോമിക് അജണ്ഡ' നിർണ്ണയിക്കുന്നത്. തീർച്ചയായും ഇത് അതിപ്രധാനമായ മേഖലതന്നെയാണ്. പക്ഷേ. ഈ മാക്രോ ഇക്കണോമിക് അജണ്ടകൾ (സ്ട്രെക്ചറൽ അഡ്ജസ്റ്റുമെന്റുകൾ പോലെ) നടപ്പാക്കുന്നതിൽ എൻ.ജി.ഒമാർ മൂന്നാംലോക രാഷ്ട്രങ്ങളിൽ വഹിക്കുന്ന പങ്ക് വളരെയൊന്നും ശ്രദ്ധിക്കപ്പെടുന്നില്ല. വ്യവസായ തകർച്ചകളും. തൊഴിൽമേഖലയിലെ അസ്ഥിരതകളും. കുത്തനെ ഇടിയുന്ന ജീവിതനിലവാരങ്ങളും എൻ.ജി.ഒമാരുടെ ഇടപെടലിലൂടെ രാഷ്ട്രീയമല്ലാതായി മാറുകയാണ്.

അറുപതുകളിൽ. ശീതയുദ്ധകാലത്ത്. മൂന്നാംലോകത്തിന്റെ പ്രീതിക്കുവേണ്ടി ഗ്രാമീണ മേഖലയിൽ ഒഴുക്കിയ 'പാൽപ്പൊടി' (PL 480)യുടെ കഥ നമുക്ക് മറക്കാൻ കഴിയില്ലല്ലോ. അത്തരത്തിലുള്ള ഒരുപാട് 'പൊടികളിലൂടെ' 'സൗജന്യകമ്പ്യൂട്ടർ സാക്ഷരതകളിലൂടെ'. വിദേശയൂണിവേഴ്സിറ്റികളുടെ സൗജന്യ കിറ്റുകളിലൂടെ. നിരക്ഷരതാ നിർമ്മാർജ്ജനത്തിലൂടെ. റൂറൽ എംബവർമെന്റുകളിലൂടെ. വിമൻസ് എംബർമെന്റുകളിലൂടെ. നിരവധി ഇക്കോളജിക്കൽ പ്രോഗ്രാമുകളിലൂടെ എൻ.ജി.ഒമാർ അടിസ്ഥാനസമൂഹങ്ങളെ അരാഷ്ട്രീയമാക്കി തീർക്കുകയും ഒന്നാംലോകത്തിന്റെ ആശ്രിതരാക്കുകയും ചെയ്യുന്ന വിചിത്രവും ഭയാനകവുമായ അവസ്ഥയ്ക്കെതിരെ ഇടതുപക്ഷങ്ങൾ നിശ്ശബ്ദരാണ്. ഇക്കോളജിക്കേലുള്ള ഗൗരവമേറിയ വിഷയങ്ങളിൽ ഇനിയുമൊരു അജണ്ടയി

ഡോക്ടർ പാഷ കോട്ടയത്തും തിരൂരും തലശ്ശേരിയിലും



നിങ്ങൾക്കുണ്ടാകുന്ന എല്ലാവിധ ലൈംഗിക രോഗങ്ങൾ, മൂത്രാശയരോഗങ്ങൾ, കരൾ രോഗങ്ങൾ സിഫിലിസ്, ഗൂണോറിയ, ഹെർപ്പിസ്, വെള്ളപോക്ക്, ജലദോഷം, മെലിച്ചിൽ, **അലർജിക് ആസ്ത്മ, അർശ്സ്** (മൂലക്കുരു) തുടങ്ങിയ എല്ലാരോഗങ്ങൾക്കും ഫലപ്രദമായ **യൂനാനി ചികിത്സകൊണ്ട്** സുഖമാക്കുന്നു. രോഗികൾ **ഡോ. പാഷയെ** നേരിൽ സന്ദർശിക്കുക. സാധിക്കാത്തവർ രോഗവിവരം വിശദമായി എഴുതി മറുപടിക്ക് സ്റ്റാമ്പു സഹിതം **അയയ്ക്കുക. ചികിത്സാ** നിർദ്ദേശവും ഔഷധവും അയച്ചു തരുന്നതാണ്. (വിദേശത്തുള്ളവരും) **കത്തെഴുതുക.** നേരിൽ വരുന്നവർ **കോട്ടയം** (ട്രാൻസ്പോർട്ട് ബസ്സ്സ്റ്റാൻഡിന് **തെക്കുവശം** PWD ഓഫീസിനു എതിർവശമുള്ള **യൂനാനി മെഡിക്കൽ സെൻററിൽ** എത്തിച്ചേരുക. സമയം രാവിലെ 11 മണി മുതൽ 3 വരെ **ക്യാമ്പുകൾ**: എല്ലാ മാസവും രണ്ടാം ശനിയാഴ്ച തലശ്ശേരി കടൽപ്പാലത്തിന് സമീപം പിരോഡിലുള്ള (ബീച്ച് റോഡ്) **രാജധാനി ടൂറിസ്ററുഹോമിലും, പിറ്റേവർഷം** ഞായറാഴ്ച **തിരൂർ** റെയിൽവേസ്റ്റേഷനു സമീപമുള്ള **തിരൂർ ടൂറിസ്ററു ഹോമിലും** രാവിലെ 10മണി മുതൽ 5 മണി വരെ. ഡോക്ടർ ക്യാമ്പുചെയ്ത രോഗികളെ പരിശോധിച്ച് ഔഷധം നൽകുന്നതാണ്. (കോട്ടയം സെൻററിൽ ഞായർ അവധി)

Dr. K.Y. SULAIMAN PASHA UNANI MEDICAL CENTRE
Opp. PWD Office, P.B. No. 643, T.B. ROAD, KOTTAYAM-1, KERALA, S.INDIA,
Kottayam ☎ 0481-584299 (O), 599353 (R) Thalassery ☎ 0490-323589, Tiroor ☎ 0494-422571

എം. എം. മലയാളം

തപാൽപരിശീലനം

പഠനക്കുറിപ്പുകളും ഉത്തരങ്ങളും

പ്രോസ്പെക്ടസിന് 20 രൂപ ഡിഡി

മലയാളപഠനഗവേഷണകേന്ദ്രം
കുന്നത്തുമന ലെയ്ൻ,
നായ്ക്കനാൽ, തൃശ്ശൂർ 680001
0487 339468

ല്ലാത്ത നമ്മുടെ രാഷ്ട്രീയപ്രസ്ഥാനങ്ങൾ സ്വാഭാവികമായും ആഗോളവൽക്കരണത്തിലെ സാമ്രാജ്യത്വനിലപാടുകളെ അംഗീകരിക്കുകയാണ്. പടിഞ്ഞാറൻ ഇക്കോളജിസ്റ്റുകളും ഗ്രീൻമൂവ്മെന്റുകളും മൂന്നാംലോകത്തിന്റെ സങ്കീർണ്ണാവസ്ഥകളിലേക്ക് ഇറങ്ങിവരുന്നത് തീർത്തും സാമ്രാജ്യത്വ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിത്തന്നെയാണ്. മൂന്നാംലോകത്തിലെ ദാരിദ്ര്യത്തിന്റെ പരിസ്ഥിതി അവർക്കജ്ഞാതമാണ്. ടൺകണക്കിന് രാസവസ്തുക്കളും, കീടനാശിനികളും നമ്മുടെ വയലേലകളിലും പുഴയോരങ്ങളിലും നിക്ഷേപിക്കുന്ന ബഹുരാഷ്ട്രകമ്പനികൾക്കു വേണ്ടി എത്രയേറെ എൻ.ജി.ഒമാർ രംഗത്തുണ്ടെന്നറിയുമോ? ഭോപ്പാലിലെ യൂണിയൻ കാർബൈഡ് പോലുള്ള സംഭവങ്ങളിൽ നമ്മുടെ രാഷ്ട്രീയ താൽപ്പര്യങ്ങൾ എത്ര ദയനീയമായി പരാജയപ്പെട്ടുവെന്ന് നോക്കുക. പടിഞ്ഞാറിലെ ഒരു ഗ്രീൻമൂവ്മെന്റിനും അതൊരു വിഷയമായിരുന്നില്ല. എൻവയോൺമെന്റലിസവും, ഹ്യൂമൻറൈറ്റ്സും, വിമൻസ് എംബവർമെന്റും, റൂറൽ പോവർട്ടി ഇറാഡിക്കേഷനുമൊക്കെയായി വരുന്ന എൻ.ജി.ഒമാരെയും യൂണിവേഴ്സിറ്റി പ്രൊഫസർമാരെയും ഇനിയും ശ്രദ്ധിക്കാൻ നമ്മുടെ രാഷ്ട്രീയത്തിനായിട്ടില്ല. നമ്മുടെ കാർട്ടൂണിസ്റ്റ് അബു ഒരിക്കൽ പറഞ്ഞു. "ലണ്ടനും, ബോണും, വാഷിങ്ടൺനും നമ്മെ ഗാന്ധിസവും എൻവയോൺമെന്റലിസവും പഠിപ്പിക്കുമ്പോൾ എനിക്കു സംശയം തോന്നുന്നു, ഇവരെ സംശയിക്കണമെന്നു തന്നെ മനസ്സ് പറയുന്നു". ഇന്ത്യയെപ്പോലുള്ള സമൂഹത്തിൽ ഇവരുടെ വേര് വളരെ ആഴത്തിൽ എത്തിനിൽക്കുന്നു. സാക്ഷരതയും പ്രാഥമിക വിദ്യാഭ്യാസവും മുതൽ ഗവേഷണവും ഗവൺമെന്റുകളും വരെ തങ്ങളുടെ നീരാളിക്കയ്യിൽ ഒതുക്കുവാൻ ഇവർക്ക് കഴിഞ്ഞിരിക്കുന്നു. അക്കാഡമീഷ്യൻസും, ജേർണലിസ്റ്റുകളും, പ്രൊഫഷണലുകളും എൻ.ജി.ഒ പ്രസ്ഥാനങ്ങളിലെ ആകർഷകമായ 'സേവന' മേഖലകളിൽ മയങ്ങി വീഴുകയാണ്. ഇവരുടെ കഴിവുകളിലാണ് സാമ്രാജ്യത്വത്തിന്റെ നിലനിൽപ്പും വളർച്ചയും. നഗരങ്ങളിലെ അതിമനോഹരമായ വീടുകളിൽ താമസിക്കുകയും, മനോജ്ഞമായ കാറുകളിലൊഴുകുകയും ചെയ്യുന്ന ഇവരാണ് 'പോവർട്ടി ഇറാഡിക്കേറ്റ്' ചെയ്യുന്ന സാമ്രാജ്യത്വത്തിന്റെ സന്ദേശവാഹകർ. വാഷിങ്ടൺ, ബാങ്കോക്ക്, ടോക്കിയോ, ബ്രസ്സൽസ്, റോം' എന്നിവിടങ്ങളിലെ അന്താരാഷ്ട്ര സെമിനാറുകളിൽ ഇവർ നമ്മുടെ ക്രമത്തെക്കുറിച്ച് ചർച്ച നടത്തി കോടികൾ ഉണ്ടാക്കുന്നു. ഇവർക്ക് ദേശീയതകളും, ഗവൺമെന്റുകളുമില്ല. സാമ്രാജ്യത്വ ഏജൻസികളുടെ പണത്തിൽ ഇവർ മൂന്നാംലോകത്തെ അരാഷ്ട്രീയമാക്കുന്നു. ആരോ എഴുതിയപോലെ ' ഇവർ ഒരു 'Neo Comprador' ഗ്രൂപ്പാണ്, ഇവർ ഒന്നും ഉൽപ്പാദിപ്പിക്കുന്നില്ല. 'സൗജന്യമായി' സേവനങ്ങൾ വിതരണം ചെയ്യുന്നു, മൂന്നാംലോകത്തിലെ ദാരിദ്ര്യം വിറ്റ് ഇവർ കോടീശ്വരന്മാരാകുന്നു. ഇത്തരം റോട്ടറിയേന്മാരും, ലയൺമാരും തുടങ്ങി ലോകക്രിസ്ത്യൻ കൗൺസിലർമാർ വരെ നടത്തുന്ന ദേശീയവിരുദ്ധ പ്രവർത്തനങ്ങളാണ് ആഗോളവൽക്കരണത്തിനെതിരെയുള്ള ജനകീയ മുന്നേറ്റങ്ങളുടെ മുന്നിലെ പ്രധാന വെല്ലുവിളി. ഇതിൽനിന്ന് ജനങ്ങളെ സ്വതന്ത്രരാക്കേണ്ടത് ആരാണ്?

എൻ.ജി.ഒ കൾ

പൗരസമൂഹത്തിന്റെ നിലനിൽപ്പിനാണ് തങ്ങൾ വിയർപ്പൊഴുക്കുന്നതെന്ന് പ്രചരിപ്പിക്കാൻ ഇത്തരം എൻ.ജി.ഒകൾ സർവ്വഥാ ജാഗരൂകരാണ്. ഇവർ പൊതുവിൽ മുന്നോട്ടുവയ്ക്കുന്നത് ഒരു 'മൂന്നാം വഴി'യാണ്, സേഛാധികാര രാഷ്ട്രത്തിനും പ്രാകൃത മുതലാളിത്വ വിപണിക്കുമിടയിലെ മൂന്നാംവഴിക്കാർ. ഇവരൊക്കെ ചർച്ച ചെയ്യുന്നത് സിവിൽ സൊസൈറ്റിയെ നിലനിർത്താനുള്ള ബദൽ മാതൃകകളാണ്. മനുഷ്യചരിത്രത്തിലെ ഏറ്റവും ഭീകരമായ അടിച്ചമർത്തലുകൾ നടത്തിയ മുതലാളിത്വ വിഭാഗങ്ങളെ ഇവർ വെള്ളപൂശിക്കാണിക്കും, കൊള്ളപ്പലിശകൾക്കൊണ്ട് കടക്കെണികൾ ഒരുക്കി സാമൂഹ്യജീവിതങ്ങളെ ആത്മഹത്യകളിൽ താഴ്ത്തുന്ന ബാങ്കിങ്ങ് സംവിധാനങ്ങൾക്ക് ഇവർ സ്തോത്രം പാടും, കൃഷിയിടങ്ങളിൽനിന്ന് കർഷകരെ പിഴുതെറിയുന്ന ജന്മിമാരെ ഇവർ ആശിർവദിക്കും. തൊഴിലാളികളെ പട്ടിണിയിലാഴ്ത്തുന്ന വ്യവസായികൾക്കു ഇവർ കിന്നരം പാടും. സിവിൽ സൊസൈറ്റിയെപ്പറ്റി വാതോരാതെ സംസാരിച്ച് വർഗാധിപത്യങ്ങളെ ഇവർ അരക്കിട്ടുറപ്പിക്കുന്നു. പട്ടിണിക്കാരന് പാൽപ്പൊടി നൽകി ഇവർ വ്യവസായികളെയും ബാങ്കർമാരെയും സാമൂഹ്യ അക്രമങ്ങളിൽനിന്ന് സംരക്ഷിക്കുന്നു. സാമൂഹ്യ ജീവിതത്തിന് ശക്തിനൽകാനുള്ള എല്ലാ ദേശീയ പ്രവർത്തനങ്ങളെയും രാഷ്ട്രീയപ്രവർത്തനങ്ങളെയും ഇവർ പ്രചണ്ഡമായ മാധ്യമപ്രചരണങ്ങളിലൂടെ തടയും. മൂന്നാംലോകത്തിലെ മാധ്യമങ്ങളെയൊക്കെയും വരുതിയിൽ നിർത്താൻ ഇവർക്കു കഴിയുന്നു. ഇത്തരം എൻ.ജി.ഒകളുടെ വളർച്ച പരിശോധിച്ചാൽ ഇവർ എക്കാലത്തും പെറ്റുപെരുകുന്നത് സാമ്രാജ്യത്വങ്ങൾക്കെതിരായ ജനകീയ മുന്നേറ്റങ്ങൾ ഉയർന്നുവരുന്ന കാലങ്ങളിലാണെന്ന് കാണാം. ജനകീയ മുന്നേറ്റങ്ങൾക്ക് തീ പകരേണ്ട രാഷ്ട്രീയക്കാരെയും സാമൂഹ്യശാസ്ത്രജ്ഞന്മാരെയും ഇവർ പ്രലോഭിപ്പിച്ച് പാട്ടിലാക്കുന്നു. ഫെല്ലോഷിപ്പുകളും പ്രോജക്ടുകളും വാഗ്ദാനം ചെയ്യപ്പെടുന്നു. അക്രമത്തെക്കുറിച്ചുള്ള പ്രഭാഷണങ്ങളും പഠനങ്ങളും നിരന്തരമായി പുറത്തുവരുന്നു. വിദേശ യൂണിവേഴ്സിറ്റികളും ഫണ്ടിങ്ങ് ഏജൻസികളും, ബഹുരാഷ്ട്രക്കമ്പനികളും പരിധിയില്ലാതെ പണമൊഴുക്കുകയായി. 1983-86 ൽ ചിലിയിലെ ബഹുജനപ്രക്ഷോഭകാലത്ത് അമേരിക്കൻ ഫണ്ടിങ്ങ് ഏജൻസികൾ പണമൊഴുക്കിയ ഒരു പ്രോജക്ടാണ് 'Propensity for violence in urban slum areas'. ജനങ്ങളെ സ്വയംതൊഴിലധിഷ്ഠിത മേഖലകളിലേക്ക് പിന്തിരിപ്പിച്ച്, സാമൂഹ്യമാറ്റത്തെ തടുക്കുക എന്ന തന്ത്രം, വിപ്ലവപ്രവർത്തനങ്ങൾക്ക് പിന്നിലേക്ക് ഊറിക്കൂടുന്ന ആശയാടിത്തറകളെ ചിതറിപ്പിക്കുക. എഴുപതുകളിൽ ഇന്തോനേഷ്യയിലേക്കും തായ്‌ലന്റിലേക്കും, പെറുവിലേക്കും കോടിക്കണക്കിനു ഡോളർ എൻ.ജി.ഒകൾ വിതറി. 80 കളിൽ നിക്കാരാഗ്വയിലും, ചിലിയിലും, ഫിലിപ്പൈൻസിലും ഇതാവർത്തിച്ചു. '90കളിൽ എൽസാൽവദോറിലും ഗാട്ടിമാലയിലും കൊറിയയിലും ജനകീയ മുന്നണികൾക്ക് തറയിട്ടതും എൻ.ജി.ഒകളിലൂടെ ഒഴുകിയെത്തിയ പണമാണ്. എല്ലായിടത്തും എൻ.ജി.ഒകളുടെ ഒരു പൊതുജോലി 'തീയണയ്ക്കുക' യെന്നതാണ്. വൈവിദ്ധ്യങ്ങളുള്ള നിർമ്മാണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ട് അവർ ആശയസ്മരങ്ങളെ തകർക്കുന്നു, ഗ്രാമീണ സമൂഹങ്ങളിൽ ഇടപെട്ടുകൊണ്ട് വിഭാഗീയതകളെ ശക്തിപ്പെടുത്തുന്നു. സാക്ഷരതാ പ്രവർത്തനത്തിലൂടെ മലപ്പുറത്തെ ആയിഷാ ഉമ്മയെയും പാഠശാലയിലെ ദേവസഹായത്തേയും ആംസ്റ്റർഡാമിലെ കോൺഫറൻസ് ഹാളിലെത്തിക്കുന്നത് വ്യക്തമായ ലക്ഷ്യത്തോടെയാണ്. പാവപ്പെട്ടവരിൽ അവർ ഒരുപാട് വിഭാഗീയതകൾ സൃഷ്ടിക്കുന്നു. സ്ത്രീകൾ, വൃദ്ധന്മാർ, ചെറുപ്പക്കാർ, ന്യൂനപക്ഷങ്ങൾ, തൊഴിലെടുക്കുന്നവർ, ബീഡിതൊഴിലാളികൾ, കരകൗശലക്കാർ തുടങ്ങി എത്രയെങ്കിലും വിഭാഗങ്ങൾ. ഓരോ ഗ്രൂപ്പും പരസ്പരം ബന്ധപ്പെടാതെ ഉള്ളിൽ പരസ്പര വൈരവുമായി ജീവിക്കാൻ ഇവർ സാഹചര്യമൊരുക്കുന്നു. ദാരിദ്ര്യം ഗ്രാമങ്ങളെ മുഴുവൻ വേട്ടയാടുമ്പോൾ ഇവർ നിലനിൽപ്പു തന്ത്രങ്ങൾ ആവിഷ്കരിക്കുന്നു, പൊതുസമരങ്ങളെ നിരുത്സാഹപ്പെടുത്തുന്നു, പൊതുപ്രക്ഷോഭങ്ങളെ തള്ളിപ്പറയുന്നു. എൻ.ജി.ഒകൾക്ക് പ്രോജക്ടുകളിലാണ് താൽപ്പര്യം, പ്രക്ഷോഭങ്ങളിലല്ല.

ലോകമെമ്പാടും, ആയിരക്കണക്കിന് ഹൈഫ്രീക്വൻസി പി.സി.കൾക്ക് മുന്നിലിരുന്ന് അവർ ദാരിദ്ര്യം പരിഹരിക്കാനും സാമൂഹ്യസുരക്ഷക്കുമായുള്ള പ്രോജക്ട് പ്രൊപ്പോസലുകൾ തയ്യാറാക്കി പരസ്പരം കൈമാറുന്നു, അന്താരാഷ്ട്ര കോൺഫറൻസുകൾ സംഘടിപ്പിച്ച് പരസ്പരം ഫണ്ടിങ്ങ് ഏജൻസികളുടെ പണം പങ്കുവയ്ക്കുന്നു. സാമൂഹ്യ അവസ്ഥകളെക്കുറിച്ച് അതിമനോഹരമായ ബുള്ളറ്റിനുകൾ പ്രസിദ്ധീകരിച്ച് ജനങ്ങൾക്കിടയിൽ സൗജന്യമായി വിതരണം ചെയ്ത് അവരെ ബോധവാന്മാരാക്കുന്നു. എത്ര ചിട്ടയായ മെഷനറികളാണെന്നു ആലോചിക്കുക. ഫണ്ടിങ്ങ് ഏജൻസികൾ ആവശ്യപ്പെടുമ്പോൾ അവരെ 'Exposure Tour'കൾക്കു കൊണ്ടുപോകുന്നു, മീഡിയയെ വാത്സല്യത്തോടെ ലാളിക്കുന്നു. ഇടതുപക്ഷത്തിന്റെ ഒരുപാട് ജാർഗണുകളെ ഇവർ പരിവർത്തനപ്പെടുത്തിയിരിക്കുന്നു: 'Popular Power', 'empowerment', 'gender equality', 'sustainable developement', 'bottom-up leadership' അങ്ങിനെ പലതും. ഇവർ പ്രവർത്തിക്കുന്നത് അടിസ്ഥാന രോഗങ്ങളെ ചികിത്സിക്കാനല്ല. ഇവർ മരുന്നുകച്ചവടക്കാരെപ്പോലെ, സാമ്രാജ്യത്വ ഏജൻസികളുടെ താൽപ്പര്യങ്ങൾ വിറ്റഴിക്കുന്നു. പാർശ്വവൽക്കരിക്കപ്പെടുന്നവരെയും, അധോലോകത്തെയും അടിച്ചമർത്തപ്പെട്ടവരെയും അമേരിക്കയുടെ നിയോ ലിബറൽ അജണ്ടയുടെ ഭാഗമാക്കുകയാണ് ഇവരുടെ ദൗത്യം. ഇന്ത്യയിലെ ഫെമിനിസ്റ്റുകളെ നിങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ. നഗരങ്ങളിലെ പോഷ് ഫ്ലാറ്റുകളിൽ ജീവിച്ചുകൊണ്ട്, ആഴ്ചയിൽ ഏഴു ദിവസവും പണിയെടുക്കുന്ന തന്റെ പാചകക്കാരിയെക്കാളും അൻപതോ നൂറോ ഇരട്ടി ശമ്പളം പറ്റി സ്ത്രീവിമോചനത്തിനുവേണ്ടി നടത്തുന്ന ഇ-മെയിൽ പ്രചരണങ്ങൾ, കോൺഫറൻസുകളിൽ ഒഴുകി നടക്കുന്ന ഇത്തരം ലിപ്സ്റ്റിക്കുകൾ നമ്മുടെ സാമൂഹ്യജീവിതത്തിന്റെ തകർച്ചയിൽ വലിയ പങ്കുവഹിക്കുന്നു. ചേരികളിലേയും ഗ്രാമങ്ങളിലേയും സാധു കുടുംബങ്ങളിൽ ഇവർ വിളമ്പുന്ന ഫെമിനിസം പാവം കർഷകസ്ത്രീയെ ഭർത്താവിന്റെ ശത്രുവാക്കുന്നു, ദാരിദ്ര്യത്തിന്റെ പരിവട്ടത്തിൽ കഴിയുന്ന ഇവരുടെ മുന്നിൽ അച്ഛനും ഭർത്താവും മകനും പ്രധാന വില്ലന്മാരായി മാറുന്നു. കിഴക്കൻ സമൂഹങ്ങളിലെ കുടുംബജീവിതങ്ങളെ തകർക്കുകയെന്ന സാമ്രാജ്യത്വലക്ഷ്യങ്ങളുടെ ഏജന്റുമാരാണ് ലിപ്സ്റ്റിക്കുകൾ.

പ്രതിരോധങ്ങൾ

വീണ്ടും ആലോചിക്കുക, ആഗോളവൽക്കരണത്തിനെതിരെയുള്ള നമ്മുടെ പ്രതിരോധങ്ങൾ എന്തുകൊണ്ട് ശക്തമാകുന്നില്ല. വിചിത്രമാണ് നമ്മുടെ കാലത്തെ പ്രതിരോധങ്ങൾ. ലിബറലൈസേഷന്റെ എല്ലാ ആനുകൂല്യങ്ങളും അനുഭവിക്കുന്ന പത്രമുതലാളി ഗാട്ടിന്റെ കാണാച്ചരടുകളെപ്പറ്റി എഴുതുന്നു, അമേരിക്കൻ ഗ്രാമങ്ങളിലെ ദാരിദ്ര്യത്തെപ്പറ്റി എഴുതുന്നു. ലിബറലൈസേഷന്റെ സൃഷ്ടിയായ ഇടതുപക്ഷ ചാനൽ ബോണക്കാട്ട് പട്ടിണിമരണം ഉണ്ടായപ്പോൾ നിശ്ശബ്ദമായിരുന്നു, ഇപ്പോൾ ദിനംപ്രതി ആത്മഹത്യാക്കഥകളാണ്; വയനാട്ടിലും, അട്ടപ്പാടിയിലും സ്ഥിരം ക്യാമറയൂണിറ്റുകൾ തന്നെ സ്ഥാപിച്ചിരിക്കുന്നു, ഇടതുപക്ഷത്തിന്റെ ബുദ്ധിജീവികൾ ആകെ സന്തോഷവാന്മാരാണ്. ആഗോളവത്ക്കരണത്തെക്കുറിച്ച് എത്രയെത്ര സെമിനാറുകൾ, എന്തുമാത്രം പണം: ഒരുപാട് യാത്രകളും, തടിച്ചുവീർക്കുന്ന ബയോഡാറ്റയും, ഉന്നത ബ്യൂറോക്രസിയും, അക്കാഡമീഷ്യന്മാരും പതിവുപോലെ ദാരിദ്ര്യത്തെക്കുറിച്ച് ശീതീകരിച്ച മുറികളിലിരുന്ന് ചർച്ച ചെയ്യുന്നു, പണമുണ്ടാക്കുന്നു. ഗ്ലോബലൈസേഷന്റെ എല്ലാ ആനുകൂല്യങ്ങളും ആസ്വദിച്ചുകൊണ്ട് ചെങ്കൊടികൊണ്ട് പ്രതിരോധമുയർത്താൻ കഴിയുമോ? ഡി.വൈ.എഫ്.ഐ സമ്മേളനങ്ങളിൽ പെപ്സിയും കൊക്കോകോളയും കുടിച്ചുകൊണ്ട് പ്രമേയങ്ങൾ പാസാക്കിയാൽ തകരുന്നതല്ല ആഗോളവൽക്കരണം. അമേരിക്കയെന്നു കേട്ടാൽ കോൾമയിർ കൊള്ളുന്ന യു.ജി.സി ബുദ്ധിജീവിക്ക് ആശയപരമായി ആഗോളവൽക്കരണത്തെ നേരിടാൻ കഴിയില്ല. ബോണക്കാട്ട് പട്ടിണിമരണമുണ്ടായപ്പോൾ 'മാനവീയം' കൊണ്ടാടിയ രാഷ്ട്രീയ പ്രസ്ഥാനത്തിന് കർഷകരേയും, തൊഴിലാളികളേയും വീണ്ടും അണിചേർക്കാൻ കഴിയുമെന്ന വിശ്വാസംതന്നെ അബദ്ധമാണ്. ക്യൂബയിലെ തൊഴിലാളികൾക്ക് സഹായം എത്തിക്കാൻ വെമ്പൽ കാണിച്ച വിദ്യാർത്ഥി- യുവജന- എൻ.ജി.ഒ സംഘടനകൾ ബോണക്കാട്ടേക്ക് തിരിഞ്ഞുനോക്കിയില്ല. നമ്മുടെ ഗ്രാമങ്ങളിൽ പട്ടിണിയുണ്ടെന്ന് അംഗീകരിക്കുന്നത് നാണക്കേടാണെന്നു കരുതുന്ന ഇടതുപക്ഷം വളർന്നിരിക്കേ ആരാണ് നമുക്കുവേണ്ടി പ്രതിരോധം ഉയർത്തുക.

കാട്ടുകിഴങ്ങ് കൊത്തിത്തിന്ന് ജീവിക്കുന്ന തെണ്ടിവർഗങ്ങൾ ഇല്ലെങ്കിലും തങ്ങളുടെ രാഷ്ട്രീയാധികാരം ഭദ്രമാണെന്ന ഈ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ചിന്തയാണ് ആഗോളവൽക്കരണത്തിന്റെ ശക്തി. വേൾഡ് ചർച്ച് കൗൺസിലിൽനിന്നും ഒരു റിട്ടയേർഡ് പ്രൊഫസറും, വയനാട്ടിൽ നിന്ന് മത്തായി നൂറനാലും വന്നാൽ ഇടതുപക്ഷമല്ല ശക്തിപ്പെടുക, സാമ്രാജ്യത്വമാണെന്ന തിരിച്ചറിവ് ഇല്ലാതെപോകുന്ന ഒരു പ്രസ്ഥാനത്തിന് ജനങ്ങൾക്കുവേണ്ടിയുള്ള പ്രതിരോധം ഉയർത്താനുള്ള കെൽപ്പുണ്ടാവില്ല. ആരാണ് പിന്നെ നമുക്ക് മുന്നിലേക്ക് വരേണ്ടത്. ഇടതുപക്ഷ ബുദ്ധിജീവികൾ പുച്ഛത്തോടെ കാണുന്ന ആ പഴയ ഗാന്ധിയെന്ന ആശയം തന്നെയല്ലേ ഇന്ത്യയുടെ ഉത്തരം. വിദേശ വസ്ത്രം ബഹിഷ്കരിക്കാൻ പറഞ്ഞ ആ ഗാന്ധിജിയുടെ കാലം എന്നേ കഴിഞ്ഞുപോയത്രെ. വിദേശ നിർമ്മിത ഷർട്ടുമിട്ട് കണ്ണൂരിലെ നെയ്ത്തുമേഖലയിലെ ദാരിദ്ര്യത്തിനിടയിൽ നിന്നു പ്രസംഗിക്കുന്ന സഖാവിന് ഗാന്ധിജി പഴഞ്ചനാണ്. ഉപ്പുസത്യാഗ്രഹം ഒരു സിംബലായിരുന്നല്ലോ, നമുക്കിനിയും അതു മനസ്സിലായിട്ടില്ലേ. സൈബർ യുഗത്തിൽ 'ഇ-സഖാവിന്' ചർക്ക എത്ര പഴയ ഒരു സിമ്പലും ആയുധവുമാണ്. ഗാന്ധിജി തന്നെയാണ് ആഗോളവൽക്കരണത്തിനെതിരെയുള്ള ഏറ്റവും വലിയ പ്രതിരോധമെന്ന തിരിച്ചറിവ് നമുക്കുണ്ടാകാൻ ഇനിയും കാലമെടുത്തെന്നു വരും. ആനിബസന്റല്ല, സോണിയ എന്ന തിരിച്ചറിവ് കോൺഗ്രസുകാരന് ഉണ്ടാവാത്തിടത്തോളം ആഗോളവൽക്കരണം അവർക്കൊരു ചിന്താവിഷയമേ ആകാനിടയില്ല. അയോധ്യയ്ക്കപ്പുറം ഇന്ത്യയുണ്ടെന്ന ചിന്ത ബി.ജെ.പിക്കുണ്ടാവാത്തിടത്തോളം ആഗോളവൽക്കരണം അവരെയും അലട്ടുകയില്ല. ആരാണപ്പോൾ ഗാന്ധിജിയെന്ന ആശയം ഏറ്റെടുക്കുക? ആരാവും രണ്ടാം സ്വാതന്ത്ര്യസമരത്തിന്റെ കാഹളം മുഴക്കുക? സൈബർ യുഗത്തിൽ പുതിയൊരു 'ദണ്ഡിയാത്ര' ആരാവും നയിക്കുക?

അവസാനിച്ചു

കോൺഗ്രസുകാരനും ബി.ജെപി.ക്കാരനും ആഗോളവത്കരണം ഒരു ചിന്താവിഷയമേ അല്ലാതാകുന്നു. ആരാണപ്പോൾ ഗാന്ധിജിയെന്ന ആശയം ഏറ്റെടുക്കുക? ആരാവും രണ്ടാം സ്വാതന്ത്ര്യസമരത്തിന്റെ കാഹളം മുഴക്കുക? സൈബർ യുഗത്തിൽ പുതിയൊരു 'ദണ്ഡിയാത്ര' ആരാവും നയിക്കുക?

LENDING THESE TOO.....

Title	Author
Selected Short Sories	James Joyce
The Eastern Stories	Joseph Conrad
The Poems of John Keats	John Keats
Jackdaws	Ken Follett
The Sigma Protocol	Robert Ludlum
Actionscripting in Flash	Phillip Kerman
C++ for VB Programmers	Jonathan Morrison
Book of Nothing	John. D. Barrow
Nehru : A Biography	B.N. Pandey
The Power Laws of Business	Richard Koch
Chocolate for a Woman's Heart	Kay Allenbaugh
Going to the Movies	Syd Field
ESPN Sports Quiz Book	Joy Bhattacharya
2002 Year Book of Astronomy	Patrick Moore

ELOOR
LENDING LIBRARIES
Kiliparamba Lane, Off Link Road, Kozhikode, Ph:703472; Press Club Road, Emakulam, Ph : 363539; Spencer-Vanrose Road, Thiruvananthapuram,Ph: 326926; Bangalore Ph: 5591408;Chennai, Ph : 8282876, Calcutta Ph: 4402842
OPEN ON ALL DAYS NOW

കുറിപ്പ്

ഇടിഞ്ഞുവീണ പോസ്റ്റോഫീസും കുറെ കത്തെഴുത്തുകാരും

രേഖ.കെ

ഒരു പഴയകാല ഓർമ്മ. നല്ലതെല്ലാം കാലത്തിലൂടെ നഷ്ടപ്പെടുന്നതിലുള്ള വിഷാദം

'പ്രിയപ്പെട്ട മകൾ ചന്ദ്രിക വായിച്ചറിയുവാൻ അമ്മയും അച്ഛനും എഴുതുന്നത്. നിന്ക്കവിടെ സുഖമെന്നു കരുതുന്നു. ഇവിടെ ഒരു വിധം സുഖം. മീനത്തിൽ മഴ പെയ്തതുകൊണ്ട് ഇത്തവണ കൃഷിയെല്ലാം വെള്ളത്തിലായി. ആകെ മുപ്പതു പറയാണ് കിട്ടിയത്. കഴിഞ്ഞ യാഴ്ച കുമരഞ്ചിറ ഭരണിയായിരുന്നു. കൈയിൽ പൈസയില്ലാത്തതുകൊണ്ട് പോയി നിന്റെ പേരിൽ ഒരു പുഷ്പാഞ്ജലി കഴിക്കണമെന്നു കരുതിയിട്ടും നടന്നില്ല.

മോളെ നിന്റെ അച്ഛനെക്കൊണ്ട് തോറ്റു. എപ്പോഴും കുടിയും ശീട്ടുകളിയുമാണ്. വീട്ടിലെ ഒരു കാര്യം നോക്കില്ല...

"അയ്യോ അതെങ്ങനെ എഴുതും ഏടത്തി, നിങ്ങൾ രണ്ടുപേരുംകൂടി എഴുതുന്ന കത്താണെന്നല്ലേ ആദ്യമേ പറഞ്ഞത്...?" എഴുത്തു നിറുത്തി അമ്മ ഞെട്ടലോടെ ചോദിച്ചു.

"ഓ... അല്ലെങ്കിലും നിങ്ങൾ അവരുടെ പക്ഷത്താണ്. കുടിക്കാൻ കാശും ചോദിച്ചുവരുമ്പോൾ നിങ്ങൾ കൊടുക്കുന്നത് ഞാൻ അറിയുന്നില്ലെന്നു കരുതേണ്ട."

വലിയമ്മ ചന്ദ്രഹാസമിളക്കാൻ തുടങ്ങി. കത്തിന്റെ തുടർച്ച പറയാതെ പരിഭവവുമായി. കത്തെഴുത്ത് പാതിവഴിയിൽ. അമ്മ അസ്വസ്ഥയായി.

ആദ്യം അച്ഛനുമമ്മയും ചേർന്നെഴുതിത്തുടങ്ങി, ഒടുവിലൊടുവിലാവുമ്പോൾ അമ്മയുടെ മാത്രം ഗദ്ഗദവും പരിഭവവും സങ്കടവുമായി മാറുന്ന വലിയമ്മയുടെ കത്തുപറച്ചിലും എഴുത്തിനിടെയുള്ള അമ്മയുടെ സംശയം ചോദിക്കലും വലിയമ്മ കോപഗ്രസ്തയാവുന്നതുമെല്ലാം നിത്യസംഭവംതന്നെ. എന്തുകൊണ്ടും കുടുംബത്തിലെ പിന്നോക്കക്കാരിയായിരുന്നു വലിയമ്മ. എഴുതാനും വായിക്കാനും അറിഞ്ഞുകൂടാ. സമ്പത്തില്ല. പ്രൗഢിയില്ല. കുടുംബത്തിലെ പലരുടെയും കുട്ടികളൊക്കെ വലിയ നിലയിലെത്തിയപ്പോഴും വലിയമ്മയുടെ മക്കൾ ഡ്രൈവറും തുണിമിൽ തൊഴിലാളിയും തയ്യൽക്കാരിയുമൊക്കെയായി. താൻ ചെറുതാണെന്ന ബോധത്താലോ എന്തോ കുടുംബചടങ്ങുകളിലൊക്കെ വലിയമ്മ മുക്കിലും മൂലയിലുമായി ഒതുങ്ങിനിന്നു. വലിയമ്മയുടെ വീടും നാട്ടിലെ ഒരു മുക്കിലായിരുന്നു. അതുകൊണ്ടാവണം വലിയമ്മയ്ക്ക് മുക്കിലെ വലിയമ്മ എന്ന പേരു വീണത്. കനത്ത ശബ്ദവും തടിച്ച ശരീരവും ഒത്ത പൊക്കവും. വയറോളം ചാഞ്ഞു കിടക്കുന്ന മുലകളും, ഒരുവശം വീർത്തുപൊങ്ങിയ വയറും ഉള്ള എഴുപതുകാരി. കണ്ണിലെഴുതിയ മഷി കവിളിൽ മുഴുവൻ പരന്നിരിക്കും. കരിപടർന്ന പീളകളും നെറ്റി നിറയെ പടർന്ന ഭഗവതിയുടെ മഞ്ഞൾപ്രസാദവും കൂടിയായാൽ വല്യമ്മവിവരണം പൂർണമാവും.

കത്തെഴുതാൻ ആഴ്ചയിലൊരിക്കലുള്ള വരവിനു പുറകിൽ ഞങ്ങടെ വീട്ടിൽനിന്ന് പ്രാതൽ, ഉച്ചയൂണ് തുടങ്ങിയവ കഴിക്കുകയെന്നുള്ള ചില ഹിഡൻ അജണ്ട കൂടിയുണ്ട്. ആ നിഷ്കളങ്കമായ ശുണ്ഠിക്കിടയിലും വലിയമ്മയെ എനിക്കിഷ്ടമായിരുന്നു. കത്തെഴുത്ത് കഴിഞ്ഞാൽ ഞങ്ങടെ പറമ്പിലെ കവുങ്ങിൽ പടർത്തിയിട്ട വെറ്റിലക്കൊടിയാണ് വലിയമ്മയുടെ ലക്ഷ്യം. വെറ്റിലവള്ളിയിൽ തൂങ്ങി വലിയമ്മ നിൽക്കുമ്പോൾ വയറോളം ചാഞ്ഞ മുലകളിൽ തൂങ്ങിയാടാൻ എനിക്ക് നല്ല രസം. അപ്പോൾ ബഹളംവയ്ക്കുമെങ്കിലും വലിയമ്മയ്ക്കും ആ കുട്ടിക്കുറുമ്പ് ഇഷ്ടമായിരുന്നു. വലുതായപ്പോൾ കൂടെനടന്ന് കുറുമ്പൊപ്പിക്കാൻ ഞാൻ വരാതാവുമ്പോൾ വലിയമ്മ കുസൃതിഭാവത്തിൽ ഭൂതകാലം അയവിറക്കാറുണ്ട്.

വയറിലെ വലിയ മുഴ വലുതായി വലുതായി കുഞ്ഞിരാമൻ വൈദ്യരുടെ കഷായത്തിനും പിടിച്ചുനിറുത്താനാവാത്തവിധം വേദനിപ്പിക്കാൻ തുടങ്ങിയപ്പോഴാണ് വലിയമ്മ ദൈവത്തിനു കത്തെഴുതാൻ തുടങ്ങിയത്. മക്കളെല്ലാം അന്യദേശത്തു കിടക്കുമ്പോൾ എന്നെയിങ്ങനെ ഒറ്റയ്ക്കിട്ടു നരകിപ്പിക്കല്ലേന്ന് വലിയമ്മ പറഞ്ഞത് കേട്ടെഴുതാൻ ആരുമില്ലായിരുന്നെങ്കിലും ദൈവത്തിന് ആ കത്ത് കിട്ടി, ഉടൻ മറുപടി വരികയും ചെയ്തു (ദൈവം മക്കളെപ്പോലെയല്ലല്ലോ!)

വേറെയും കത്തെഴുത്ത് ആവശ്യക്കാർ അമ്മയെ സമീപിച്ചിരുന്നു. ഇന്റർമീഡിയറ്റോടെ പഠനം അവസാനിപ്പിച്ച് പോരുമ്പോൾ ഒരു വാശിക്ക് അമ്മ ഉള്ളിലെ കവിയെയും കുഴിച്ചുമൂടിയിരുന്നു. അകാലത്തിൽ വിരമിച്ചു വിശ്രമിക്കേണ്ടിവന്ന ഉള്ളിലെ കവിക്ക് അല്പമെങ്കിലും ആശ്വാസം ഈ കത്തെഴുത്തുകളിലൂടെ ലഭിച്ചിരിക്കണം.

സുലോചന അക്കൂട്ടത്തിലൊരാളാണ്. മകനുള്ള സുലോചനയുടെ കത്തെഴുത്ത് ഇങ്ങനെ:

പ്രിയപ്പെട്ട മകൻ വസന്താ,

അയച്ച അഞ്ഞൂറു രൂപ കിട്ടി. കത്തും. ഇപ്രാവശ്യം കശ്നണ്ടി (കശുവണ്ടിയെന്ന് മലയാളം) വിറ്റിട്ട് 375 രൂപ കിട്ടി. നാളികേരത്തിന് വില കുറഞ്ഞു. അതുകൊണ്ട് വില കൂടുന്നതുവരെ ഇട്ടിരിക്കുകയാണ്. ഒരു പത്തുനൂറെണ്ണമുണ്ട്. അമ്മൂമ്മയ്ക്ക് ചെമയും (ചുമ) പനിയുമായിരുന്നു. ഡാക്ടറെ കാട്ടി. മരുന്നിന് 50 രൂപയായി. ഡാക്ടർക്ക് 25-ഉം കൊടുത്തു. ആ ടിക്കറ്റ്വച്ച് ഇനി മൂന്നുമാസം ഡാക്ടറെ കാണാംന്ന് പറയുന്നു. പണം പലിശയ്ക്കു കൊടുത്തതിന് 130 രൂപയേ പലിശ കിട്ടിയുള്ളു. അമ്മ നൂറ്റ്ക്ക് അഞ്ചിനാണ് പലിശയ്ക്കു കൊടുക്കുന്നതെങ്കിലും ആരും. കൃത്യായിട്ട് തരുന്നില്ല. കോഴികൾ മുട്ടയിടുന്നുണ്ട്. രോഗം പിടിക്കുന്നെന്ന് കണ്ട ഒന്നുരണ്ടെണ്ണത്തിനെ വിറ്റു. (ഇത് കേട്ടയുടൻ കത്തെഴുത്തുകാരി ഒന്നു ഞെട്ടുന്നു. കഴിഞ്ഞ യാഴ്ച സുലൂന്റെ കൈയീന്ന് വാങ്ങിയ കോഴി രോഗം ബാധിച്ചതായിരുന്നോ...! ഞെട്ടൽ പുറത്തുകാട്ടാതെ വീണ്ടും കത്തെഴുത്ത്.)

നീ പ്രഭയുടെ ഫണ്ടിൽനിന്ന് (പ്രോവിഡണ്ട് ഫണ്ട് എന്ന് ഇംഗ്ലീഷ്) വായ്പയെടുത്ത പണം എന്തു ചെയ്തു?

വേറെ വിശേഷമൊന്നുമില്ല. മുറയ്ക്ക് പണമയയ്ക്കണം.

സ്വന്തം അമ്മ സിലു.

പ്രായോഗികതയുടെ ഈ വസന്തം വസന്തന് പിടിക്കാതിരിക്കുന്നതുകൊണ്ടോ എന്തോ വസന്തന്റെ മറുപടി മണിയോർഡർ ഫോമിലെ നാലുവരിയായി ഒതുങ്ങി.

അപ്പോൾ മാത്രം സുലു ദുഃഖത്തോടെ അമ്മയോടു പറയും: മേന്റും കർളു് (കരൾ) കഴയ്ക്ക്ണ്... ചെക്കനെന്താ കത്തയക്കാത്തേ...? മേന്റും അട്രസ്സെഴുതിയത് തെന്യോ...? (സംശയം മേന്റത്തിന്റെ നേർക്ക്... എൽ.പി. സ്കൂൾ അദ്ധ്യാപികയായിരുന്ന അമ്മയെ 'മാഡം' ലോപിച്ചുണ്ടായ മേന്റും എന്ന വാക്കാലാണ് സുലു സംബോധന ചെയ്തിരുന്നത്.)

നാട്ടിൽ സാക്ഷരതായജ്ഞം തകർക്കുമ്പോൾ സുലുവും വലിയമ്മയും അക്ഷരം പഠിക്കരുതേയെന്നായിരുന്നു എന്റെ പ്രാർത്ഥന. അവർ അക്ഷരം പഠിച്ചാൽ എനിക്ക് നഷ്ടമാവുന്നത് ഒരു കുസൃതി കിളിവാതിലായിരുന്നു.

അടുത്ത കത്തെഴുത്തുകാരൻ വല്ലപ്പോഴുമേ വരാറുള്ളു. വേലായുധേട്ടൻ- കൽക്കട്ടയിലാണ് പുള്ളിക്ക് ജോലി. നാട്ടിൽ അവധിക്ക് വരുമ്പോൾ ബംഗാളിലുള്ള മുതലാളി മറാത്തി കുൽക്കർണിക്ക് അവധി നീട്ടാനും മറ്റും പറഞ്ഞുള്ള കത്താണെഴുതേണ്ടത്. ഇന്റർമീഡിയറ്റ് ഇംഗ്ലീഷിൽ അമ്മ എഴുതും ഡിയർ സർ, ഐ ഗോട്ട് യുവർ ലെറ്റർ (ഓർ ടെലിഗ്രാം). ഹിയർ വി ആർ വെരി വെൽ. വാട്ട് എബൗട്ട് യു? കൈൻഡ്ലി എക്സ്റ്റെൻഡ് മൈ ലീവ്...

കത്തിൽ തൊഴിലാളി-മുതലാളി കത്തുകളിൽ ഉണ്ടായിരിക്കേണ്ട ഭവ്യതയ്ക്കു പകരം പനിപിടിച്ച് സ്കൂളിൽ പോവാത്ത കുട്ടി അദ്ധ്യാപകനെഴുതുന്ന ലീവ് ലെറ്ററിന്റെ സ്വഭാവം വന്നാലും കുൽക്കർണി മുതലാളി പാവമായതുകൊണ്ട് ലീവ് നീട്ടും. ജന്മനാട്ടിൽ തിരിച്ചെത്തുമ്പോഴുണ്ടാകുന്ന മടിപ്പനി പുള്ളിക്കും ഊഹിക്കാവുന്നതാണല്ലോ.



കത്തെഴുത്ത് ഇല്ലാതാകുമ്പോൾ അസ്തമിക്കുന്നത് ഒരു സംസ്കാരമാണ്

വേലായുധേട്ടനെപ്പറ്റി ഒരു കഥയുണ്ട്. ഒരിക്കൽ കൽക്കട്ടയിൽ തിരിച്ചെത്തിയപ്പോൾ മുപ്പർക്ക് താൻ ഭാര്യയെ സ്നേഹിക്കുന്നതുപോലെ, ഭാര്യ തിരിച്ചു സ്നേഹിക്കുന്നുണ്ടോ എന്നൊരു സംശയം. ഉടൻ നാട്ടിലേയ്ക്ക് ഒരു ടെലഗ്രാമടിച്ചു-വേലായുധൻ മരിച്ചു. ആക്സിഡന്റായിരുന്നു. ഇവിടെ സംസ്കരിച്ചു- കുൽക്കർണി. അതുകഴിഞ്ഞ് ടിയാൻ നാട്ടിലേയ്ക്കു തിരിക്കുകയും ചെയ്തു. വീട്ടിലെത്തിയപ്പോൾ സഞ്ചയനദിവസം നടക്കുന്ന ചടങ്ങുകളാണവിടെ. ഭാര്യയും കുഞ്ഞുങ്ങളും കരഞ്ഞുകണ്ണുവീർത്ത് ഒച്ചയില്ലാതെ തളർന്നുകിടക്കുന്നു. അഗ്നിപരീക്ഷയിൽ ഭാര്യ നേടിയ വിജയത്തിൽ സന്തോഷിച്ച് കക്ഷി തൃപ്തനായി മടങ്ങിയെങ്കിലും പിന്നീടൊരിക്കലും ഭാര്യ വേലായുധേട്ടന്റെ കൽക്കട്ട (കൊൽക്കത്ത) കത്തുകൾക്കായി പോസ്റ്റുമാനെ കാത്തുനിന്നില്ല. നാട്ടുകാർ മരിച്ച് വേലായുധേട്ടൻ എന്നൊരു ഓമനപ്പേരും ചാർത്തി.

ഇരിങ്ങാലക്കുടയ്ക്കും കാട്ടൂരിനുമിടയിലുള്ള ഒരു ഓണംകേറാമൂലയാണ് ഞങ്ങളുടെ നാട്. ഇവിടത്തുകാരോട് നാടെവിടെയെന്നു ചോദിച്ചാൽ മേല്പറഞ്ഞ സ്ഥലനാമങ്ങളല്ലാതെ കൃത്യസ്ഥലപ്പേര് പറയില്ല.

അക്കാലത്ത്, ഇവിടെ പോസ്റ്റോഫീസ് എന്നൊരു പേര് മാത്രമേയുള്ളു- പോസ്റ്റുമാനും. പോസ്റ്റുമിസ്ട്രസും മാത്രമുള്ള ഇടിഞ്ഞുവീഴാറായ ആ കെട്ടിടത്തിനുള്ളിൽ മഴക്കാലത്ത് വിശ്വസിച്ചുനിൽക്കാൻതന്നെ ഭയപ്പെടണം. ഇത്രയും 'ഉൾവലിവുള്ള' നാട്ടിൽ ഇടിഞ്ഞുവീഴാറായ ഒരു പോസ്റ്റോഫീസെങ്കിലും ഉണ്ടല്ലോന്ന് കരുതി എല്ലാവരും തൃപ്തിയടയും.

പെൻഷൻ കാത്തിരിക്കുന്ന ചില റിട്ടയേർഡ് ഉദ്യോഗസ്ഥർ (പട്ടാളക്കാർക്ക് മുൻഗണന), മക്കളുടെ മണിയോർഡർ കാത്തിരിക്കുന്നവർ, ഇവരുടെ സംഗമസ്ഥലം കൂടിയായിരുന്നു പോസ്റ്റ് ഓഫീസ്; അക്കാലത്ത് നാട്ടിലുള്ള മൂന്നു സ്ഥാപനങ്ങളിലൊന്നും. ഹംസയുടെ തയ്യൽക്കട, രാമേട്ടന്റെ പലചരക്ക് കം പലിശയ്ക്ക് പണം കൊടുക്കൽ കട എന്നിവയായിരുന്നു മറ്റു രണ്ടു സ്ഥാപനങ്ങൾ. കൊച്ചുരാമൻ വൈദ്യരുടെ സഞ്ചരിക്കുന്ന വൈദ്യശാലയ്ക്കും സിദ്ധേട്ടൻ കുന്നിൻ പുറത്തെ നിഗൂഢസ്ഥലങ്ങളിലിരുന്ന് കശുമാങ്ങയിൽനിന്നും പൂവൻപഴത്തിൽനിന്നും ഉല്പാദിപ്പിക്കുന്ന പാനീയത്തിനും, വ്യാവസായിക അംഗീകാരം ലഭിച്ചിരുന്നില്ല; ഇത്തിരി ലഹരിയുണ്ടെന്നു മാത്രം.

ഷേക്സ്പിയർ കടമെടുത്താൽ പോസ്റ്റ് ഓഫീസ്- കവി, കാമുകൻ, ഏകാകി (ഭ്രാന്തൻ) എന്നിവരുടെ ആശ്രയകേന്ദ്രമായിരുന്നു. കുട്ടിക്കവിതകളെഴുതിയയച്ചു കാത്തിരിക്കുമ്പോഴും, പ്രണയകാലത്ത്- പോസ്റ്റുമാന്റെ ശുഭവസ്ത്രത്തിന്റെ ഇത്തിരിക്കാഴ്ചയ്ക്കായി ഒത്തിരി കാത്തിരിക്കാനാവാത്തതുകൊണ്ടും പോസ്റ്റ് ഓഫീസ് യാത്ര ഒരു ശീലമായിരുന്നു.

കുസൃതിച്ചങ്ങാതിമാർ എന്റെ പോസ്റ്റ് ഓഫീസ് ബന്ധം തകർക്കാൻ "നീ പറയാറുള്ളപോലെ നിന്റെ കത്തുകൾ കട്ടെടുത്ത് വായിക്കുന്ന പോസ്റ്റുമാന്റെ തല പൊട്ടിത്തെറിക്കട്ടെ" എന്ന് പോസ്റ്റുകാർഡിലെഴുതി പാരവച്ചിട്ടും തകർക്കാൻ പറ്റാത്ത വിശ്വാസമായി അതങ്ങനെ നിലകൊണ്ടു.

സീനിയർ സിറ്റിസൺസിന്റെ ചർച്ചകളിൽ ഭാഗഭാക്കാകാൻ കഴിയാറുള്ളത് അങ്ങനെയായിരുന്നു. രാഷ്ട്രീയവും മനുഷ്യബന്ധങ്ങളുമായിരുന്നു അവരുടെ ചർച്ചകളുടെ മുഖ്യവിഷയം, പിന്നെ പട്ടാളക്കാരുടെ പതിവ് വെടിപൊട്ടിക്കൽ, പെൻഷനേഴ്സ് അസോസിയേഷൻ ധർണ, ഡി.എ വർദ്ധന എന്നിവയും.

ഇടയ്ക്ക് അക്ഷരശ്ലോകം... പന്ത്രണ്ടാൽ മസജം സതംതം... കൊച്ചുണ്ണിത്തമ്പുരാനെപ്പോലെ ശാർദ്ദൂലവിക്രീഡിതത്തിൽ സംസാരിക്കാൻ കഴിവുള്ള ശ്ലോകജ്ഞരും കൂട്ടത്തിലുണ്ട്. ഇടയ്ക്ക് കുടുംബത്തിൽ നേരിടുന്ന അവഗണനയിലേയ്ക്ക് ഊളിയിട്ട് ചിലർ സെന്റിമെന്റലാകും.

പത്രത്തിൽ കാണുന്ന ഒഴിവുകൾക്കെല്ലാം അപേക്ഷിച്ച് നിരാശനായി എന്നും പോസ്റ്റോഫീസ് കയറിയിറങ്ങുന്ന ജയകൃഷ്ണനായിരുന്നു അവിടെ നിത്യസന്ദർശകനായ ഏക യുവതുർക്കി. കാത്തിരിപ്പ് അവസാനിപ്പിച്ച ജയകൃഷ്ണൻ ഡൽഹിയിൽ പോയതും അവിടെവച്ച് കാണാതായതും പറയാൻ മറന്നതല്ല...

ജയകൃഷ്ണന് ഓർമ്മകളിലെ വേദനകളിൽ ഇരിപ്പിടം, തിരിച്ചുപിടിക്കാനാവാത്ത സൗഹൃദപ്പൊൻതൂവലായി അതങ്ങനെ...

കേട്ടുകേട്ടിരിക്കെ കാലം നീങ്ങുകയായിരുന്നു. കൂട്ടത്തിലെ അംഗസംഖ്യ കുറഞ്ഞുകുറഞ്ഞുവന്നു. ഞങ്ങടെ ശുഭ്രവസ്ത്രധാരിയായ പോസ്റ്റുമാന് പകരം യൂണിഫോമിട്ടയാൾ വന്നു. നാടു വികസിച്ചപ്പോൾ പോസ്റ്റ് ഓഫീസും ഒരു കെട്ടിടത്തിന്റെ രണ്ടാം നിലയിലേയ്ക്കു മാറി. അവിടെ കയറിയിറങ്ങാൻ പ്രായമായവർക്കും കഴിയാതായി. ശ്ലോകത്തിന്റെ തുടർച്ച കിട്ടാതെ വരുമ്പോഴുള്ള അതേ വിമ്മിട്ടം അവരുടെ സന്തതസഹചാരിയായി.

വസന്തൻ നാട്ടിൽ തിരിച്ചെത്തുകയും, കുൽക്കർണി മുതലാളി വേലായുധേട്ടനെ കുലുക്കിയെറിയുകയും ചെയ്തതോടെ അമ്മയെ തേടിയുള്ള കത്തെഴുത്തുകാരുടെ വരവും നിലച്ചു.

ശ്രദ്ധിച്ചല്ലോ- ഞാനിനിയും ഞങ്ങളുടെ നാടിന്റെ പേരു പറഞ്ഞില്ല- അതെങ്ങനെ പറയും? ഞാനിപ്പോൾ ആ നാട്ടുകാരിയല്ലല്ലോ...!!! ■

ലേഖനം

വാർഗ്രൂപ്പിന്റെ സിംഹം

ആർ.തുളസീദാസ്

ആന്ധ്രയിലെ നക്സൽ പ്രസ്ഥാനത്തിന്റെ സ്ഥാപകനായ കൊണ്ടപ്പള്ളി സീതാരാമയ്യയുടെ സാഹസജീവിതം

ആന്ധ്രപ്രദേശിലെ ഇനകോടികളുടെ മനോമുകുരത്തിൽ എന്നും ഒരു ചുവപ്പുനക്ഷത്രമായി കത്തിജ്വലിച്ചുനിൽക്കുന്ന വിപ്ലവപുരുഷനാണ് ഇവിടുത്തെ 'പീപ്പിൾസ് വാർ ഗ്രൂപ്പ്' എന്ന ശക്തമായ തീവ്രവാദി പ്രസ്ഥാനത്തിന്റെ ആദിപിതാവായ കൊണ്ടപ്പള്ളി സീതാരാമയ്യ. കാരണം, എവിടെ പൗരാവകാശം ധ്വംസിക്കപ്പെടുന്നുവോ, അവിടെ പാവപ്പെട്ടവന്റെ കണ്ണീരൊപ്പാൻ തികഞ്ഞ ഒരു ആത്മസുഹൃത്തായി അദ്ദേഹം നിർഭയം കടന്നുചെല്ലുന്നു! എവിടെ നിരപരാധികളായ സ്ത്രീകൾ ക്രൂശിക്കപ്പെടുന്നുവോ, അവിടെ അവരുടെ അംഗരക്ഷകനായി കൊണ്ടപ്പള്ളി പാഞ്ഞെത്തുന്നു!! എവിടെ ഗവൺമെന്റും പൊലീസും ചേർന്ന് അദ്ധാനിവർഗ്ഗത്തിന്റെ അവകാശസമരങ്ങളെ തോക്കും ലാത്തിയും ഉപയോഗിച്ച് അടിച്ചമർത്താൻ ശ്രമിക്കുന്നുവോ, അവിടെ സുശക്തമായ ഒരു പ്രതിരോധനിര പടുത്തുയർത്തിക്കൊണ്ട് സീതാരാമയ്യ ചീറി അടുക്കുന്നു!!! ഇത്തരം കറയറ്റ ആത്മാർത്ഥതയും അർപ്പണമനോഭാവവുമാണ് ഇവിടുത്തെ ജനങ്ങൾ അദ്ദേഹത്തെ ആദരിക്കാൻ പ്രേരിതരാകുന്നതിന്റെ മുഖ്യധാര. ഇവിടത്തെ തീവ്രവാദികളുടെ ഭീകരപ്രവർത്തനവും ഭരണകൂടത്തിനും ഭൂപ്രഭുക്കൾക്കും എതിരെയുള്ള തുറന്ന വെല്ലുവിളികളുടെയും ചരിത്രപരമായ സന്ദർഭവും സാഹചര്യവും ചികഞ്ഞുനോക്കിയാൽ പീപ്പിൾസ് വാർ ഗ്രൂപ്പിനെ അക്രമരാഹിത്യത്തിലേയ്ക്ക് പ്രേരിപ്പിക്കുന്നതിന്റെ യഥാർത്ഥ ഉത്തരവാദികൾ ആരൊക്കെയാണെന്ന് നിഷ്പ്രയാസം ആർക്കും മനസ്സിലാക്കാൻ വലിയ ബുദ്ധിമുട്ട് ഉണ്ടാവില്ല. ഗവൺമെന്റും രാഷ്ട്രീയ പാർട്ടികളും സാധാരണ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ വീഴ്ച വരുത്തുകയും അവരുടെ വിപ്ലവബോധത്തെ വളർത്തി മുന്നോട്ടു കൊണ്ടുപോകുന്നതിൽ തീർത്തും പരാജയപ്പെടുകയും ചെയ്യുമ്പോഴാണല്ലോ തീവ്രവാദികൾ ജനകീയ ഐക്യത്തെ തകർത്തുകൊണ്ട് സമൂഹത്തിൽ വേരോടിത്തുടങ്ങുന്നത്. വർഗ്ഗശത്രുവിനോട് നേരിട്ട് ഏറ്റുമുട്ടാനും സമരം ചെയ്യാനുമുള്ള ഒരു പുതിയ വിപ്ലവബോധമായി അത് രൂപകൊള്ളും. ആന്ധ്രയിൽ സീതാരാമയ്യയുടെ സംഘടന തഴച്ചുവളരാനിടയായ സംഭവവികാസവും ഇതുതന്നെയാണ്. സംസ്ഥാനത്ത് മാറിമാറി അധികാരത്തിൽ വരുന്ന ഭരണകൂടം മുഴുവനും അഴിമതിയിൽ മുങ്ങിക്കുളിച്ച് 'പുതിയ നാടുവാഴി' പ്രമത്തതയുടെ ശവമഞ്ചം ചുമക്കുന്ന പതാകാവാഹകന്മാരായി അധഃപതിക്കുന്നതോടെ താഴെക്കിടയിലെ അദ്ധാനിവർഗ്ഗം മുഴുവൻ ഗവൺമെന്റ് മെഷിണറിക്ക് എതിരെ തിരിയുകയും മോചനത്തിനുവേണ്ടി സംഘടിതമായി അവർ പുത്തൻ വിപ്ലവബോധത്തിന്റെ മന്ത്രാക്ഷരിയും ഉരുവിട്ടുകൊണ്ട് സ്വമേധയാ തീവ്രവാദിപാളയത്തിൽ ചെന്ന് അഭയം തേടുകയും ചെയ്യുന്നു. സീതാരാമയ്യ രൂപം നൽകിയ നക്സൽ പ്രസ്ഥാനത്തിന്റെ ഉദയംതന്നെ ആ വിധത്തിലാണ്.

അല്പം ചരിത്രം

1951-ലാണ് ആന്ധ്രയിൽ ആദ്യമായി മാവോ അനുകൂലികളായ ഒരു വിഭാഗം ശീഘ്രവിപ്ലവകാരികൾ സംഘടിച്ച് 'തെലുങ്കാന സായുധസമരപോരാട്ട'ത്തിന് സ്വയം സന്നദ്ധരാകുന്നത്. അതിനെ തുടർന്ന്, 1968-ലെ ഗുടികൊണ്ടാബിലം പാർട്ടി സമ്മേളനത്തിൽവച്ച് സി.പി.ഐ (മാവോയിസ്റ്റ്- ലെനിനിസ്റ്റ്) എന്ന ഒരു പുതിയ വിപ്ലവഷണറി പാർട്ടി രൂപീകൃതമായി. 1970-ൽ ഈ സംഘടനയുടെ ഇന്ത്യൻ നേതാവായ ചാരുമസൂംദാരുടെ കുറേ അനുയായികൾ, ഇവിടത്തെ ഗതുദാബദ്ര ഗ്രാമത്തിൽവച്ച് ചരിത്രപ്രസിദ്ധമായ 'ശ്രീകാകുളം കർഷക വിമോചനസമര'ത്തിന് തിരികൊളുത്തി. ദുഷിച്ചുനാറിയ കോൺഗ്രസ് ദുർഭരണത്തിനും, സംസ്ഥാനത്തെ മുഴുവൻ അടക്കിവാഴുന്ന കൊഴുത്തുതടിച്ച സെമിന്ദാരി വർഗ്ഗത്തിനും എതിരെ നടത്തിയ ഐതിഹാസികമായ ആ പോരാട്ടത്തിൽ സംഘടനയിലെ ചൂടും ചൂരും ചുവയും ചുവപ്പുമുള്ള നിരവധി ചെറുപ്പക്കാരും അവരോടൊപ്പംനിന്ന് മോചനത്തിനുവേണ്ടി പോരാടിയ ആയിരക്കണക്കിന് കർഷകത്തൊഴിലാളികളും രക്തസാക്ഷികളായി. അന്ന്, അവരുടെ ചങ്കിൽനിന്ന് തെറിച്ചുവീണ ചുടുചോരയുടെ നിണമുത്തുകൾ ഇപ്പോഴും അവിടുത്തെ കൃഷിപ്പാടങ്ങളുടെ വരമ്പുകളിൽ കറപിടിച്ച് ഉറഞ്ഞുകിടപ്പുണ്ട്. ഇനിക്കാനിരിക്കുന്ന അടുത്ത തലമുറയ്ക്ക് സമ്മാനിക്കാൻ! സായുധസേനയുമായിട്ട് ഏറ്റുമുട്ടിയ ആ പൊരിഞ്ഞ സമരത്തിന്റെ ഫലമായി 600 ഏക്കറോളം ഭൂമി അവർക്ക് പിടിച്ചെടുക്കാനും ഭൂരഹിതരായ പാവപ്പെട്ട കർഷകർക്ക് അവ വീതിച്ചുകൊടുക്കാനും കഴിഞ്ഞു. അതോടെ, പ്രസ്തുത ജില്ല ഒരു നക്സൽ ബാധിതപ്രദേശമായി ഗവൺമെന്റ് പ്രഖ്യാപിക്കുകയും സംഘടനയ്ക്ക് എതിരെ പൊലീസിനെയും പട്ടാളത്തെയും കയറൂരി വിടുകയും ചെയ്തു. തന്നിമിത്തം, 1970-കളിൽ അവരുടെ തലയെടുപ്പുള്ള അനവധി നേതാക്കൾ സായുധസേനയുമായിട്ടുള്ള ഗറില്ലാ യുദ്ധത്തിൽ വീരമൃത്യു വരിച്ചു. അക്കാലത്ത് ആന്ധ്രയിൽ ഏകദേശം 43 തീവ്രവാദി ഗ്രൂപ്പുകൾ വിവിധ പേരുകളിൽ പ്രവർത്തിച്ചിരുന്നു. പക്ഷേ, ഓരോ കൊല്ലം കഴിയുന്തോറും അവയെല്ലാം ആശയസംഘട്ടനത്തിന്റെ പേരിൽ പൊട്ടിപ്പിളരുകയും, ഒടുവിൽ 13 എണ്ണത്തിൽ കൊണ്ട് എത്തിക്കുകയും ചെയ്തു. എന്നാൽ, 1971-72 കളിലെ മാവോയിസ്റ്റ്-ലെനിനിസ്റ്റ് ഗ്രൂപ്പിലെ ഉരുൾപൊട്ടൽമൂലം ഇവിടുത്തെ തീവ്രവാദികൾ ചാരുമസൂംദാരുടെ സംഘടനയിൽനിന്ന് വിട്ടുമാറുകയും സ്വന്തമായി 'പീപ്പിൾസ് വാർ ഗ്രൂപ്പ്' എന്ന ഒരു പുതിയ നക്സൽഗ്രൂപ്പിന് ബീജാവാപം നൽകുകയും ചെയ്തു. അങ്ങനെയാണ് 1977-ൽ 'ആന്ധ്രാമാവോ' എന്ന പേരിൽ അറിയപ്പെടുന്ന കൊണ്ടപ്പള്ളി സീതാരാമയ്യ അതിന്റെ മുഖ്യസാരഥിയായി അവരോധിക്കപ്പെടുന്നത്. അവിടം മുതൽക്കാണ് ആന്ധ്രപ്രദേശിലെ തീവ്രവാദി പ്രസ്ഥാനത്തിന്റെ യഥാർത്ഥചരിത്രം തുടങ്ങുന്നത്.

പോരാട്ടത്തിന്റെ നാളുകൾ

കൊണ്ടപ്പള്ളിയുടെ ആദ്യസംരംഭം അഭ്യസ്തവിദ്യരായ മുഴുവൻ ചെറുപ്പക്കാരെയും സെമിന്ദാരിവർഗ്ഗത്തിന്റെ കാൽച്ചുവട്ടിൽക്കിടന്ന് ഞെരിഞ്ഞമർന്ന് മോചനത്തിനുവേണ്ടി ദാഹിക്കുന്ന കർഷകത്തൊഴിലാളികളെയും ബോധവൽക്കരിച്ച് ഒന്നിച്ചു കൂട്ടിയിണക്കി സംഘടനകെട്ടിപ്പടുക്കുക എന്നുള്ളതായിരുന്നു. പൊതുവെ, ഗവൺമെന്റിന്റെ പിടിപ്പുകേടിലും നയത്തിലും അസംതൃപ്തരായി കഴിയുന്ന യുവതലമുറ സീതാരാമയ്യയുടെ ഈ പുതിയ ആശയത്തെ വേണ്ട ഗൗരവത്തോടെ ഉൾക്കൊള്ളുകയും ആയിരക്കണക്കിന് യുവതീയുവാക്കൾ പ്രസ്തുത സംഘടനയിലേയ്ക്ക് സ്വയം ആകൃഷ്ടരാവുകയും ചെയ്തു. തൽഫലമായി, 1980-ൽ കൊണ്ടപ്പള്ളി ചൈന സന്ദർശിക്കുകയും കൂടുതൽ അറിവും ആശയങ്ങളുമായി തിരിച്ചെത്തുകയും ചെയ്തു. പിന്നീട്, അദ്ദേഹം സംഘടന പോഷിപ്പിക്കുന്നതിൽ അതീവതല്പരനായി. അങ്ങനെയാണ്, 1987-ൽ ആന്ധ്രയിലെ പൊലീസ് സംവിധാനത്തെയും ഇന്റലിജൻസ് വിംഗിനെയും നിഷ്പ്രഭമാക്കിയ, അരഡസനിലേറെ ഐ.എ.എസ് ഉദ്യോഗസ്ഥന്മാരെ തട്ടിക്കൊണ്ടുപോകുന്ന സംഭവം ആസൂത്രണം ചെയ്തത്. സംസ്ഥാനത്ത് ഒന്നാകെ കോളിളക്കം സൃഷ്ടിച്ച പ്രമാദമായ സംഭവമാണത്. പ്രസ്തുത ബ്യൂറോക്രാറ്റുകളെ മോചിപ്പിക്കുന്നതിനുവേണ്ടി, വർഷങ്ങളായി ജയിലിനുള്ളിൽ കഠിനതടവിന് ശിക്ഷിക്കപ്പെട്ടുകഴിയുന്ന നിരവധി തീവ്രവാദി നേതാക്കളെ ഗവൺമെന്റിന് മോചിപ്പിക്കേണ്ടിവന്നു. അതുപോലെ 1991-ൽ കോൺഗ്രസ് നേതാവും മുൻ കേന്ദ്രമന്ത്രിയുമായിരുന്ന പി.ശിവശങ്കറിന്റെ മകൻ സുധീർകുമാറിനെ പട്ടാപ്പകൽ സ്വന്തം വസതിയിൽ നിന്നും അംഗരക്ഷകനെ വെടിവച്ചു വീഴ്ത്തിയിട്ട് തട്ടിക്കൊണ്ടുപോയതിന്റെ പിന്നിലും പ്രവർത്തിച്ചത് കൊണ്ടപ്പള്ളിയായിരുന്നു. ആന്ധ്രപ്രദേശിൽ മറ്റൊരു ചുഴലിക്കാറ്റ് ഊതിവിട്ട ആ സംഭവത്തിൽ, ഭീമമായ ഒരു തുക പ്രതിഫലം നൽകിയതിന്റെ ഫലമായി ഒടുവിൽ സുധീർകുമാറിനെ വിട്ടയയ്ക്കുകയായിരുന്നു.

ഈ വിധത്തിലുള്ള പരീക്ഷണം ഉദ്ദേശിച്ച തിലുപരി വൻവിജയം കൈവരിച്ചെന്ന് കണ്ടതോടെ സീതാരാമയ്യ പൊലീസുമായിട്ടുള്ള തുറന്ന ഏറ്റുമുട്ടലിനുവേണ്ടി രണഭൂമിയിൽ ഇറങ്ങി. തൽഫലമായി 1991 മുതൽ 1992 പകുതി വരെയുള്ള കാലഘട്ടത്തിൽ ഇവരുടെ ഒളിപ്പോരിനെ നേരിടുന്നതിൽ ഗവൺമെന്റും പൊലീസും അമ്പേ പരാജയപ്പെട്ടു. അക്കാരണത്താൽ, ഒരു ഡി.ജി.പി ഉൾപ്പെടെ 184 പൊലീസ് ഉദ്യോഗസ്ഥന്മാരുടെ ജീവൻ നഷ്ടപ്പെട്ടു. അതോടൊപ്പം, പൊലീസ് സ്റ്റേഷനുകൾ കടന്നാക്രമിച്ച് ലക്ഷക്കണക്കിന് രൂപ വിലപിടിപ്പുള്ള ആയുധങ്ങളും വെടിക്കോപ്പുകളും അപഹരിച്ചെടുക്കാനും കഴിഞ്ഞു. ഇത്തരത്തിലുള്ള അപ്രതീക്ഷിതമായ മിന്നൽ ആക്രമണങ്ങൾ നീണ്ട മാസങ്ങളോളം നിർബാധം തുടർന്നു. അതോടെ, ഇവിടുത്തെ തീവ്രവാദിപ്രസ്ഥാനം തികച്ചും ഒരു കീറാമുട്ടിയായി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്ക് അനുഭവപ്പെട്ടു. തീവ്രവാദികളെ അമർച്ച ചെയ്യാൻ വേണ്ടി ഇവർ ഒറ്റയ്ക്കും കൂട്ടായും നിയമിച്ച പാരാ മിലിട്ടറിസേനകൾ മുഴുവൻ തീർത്തും പരാജയപ്പെട്ടതായി പിന്നീടുള്ള ഏറ്റുമുട്ടലുകളും അനിഷ്ട സംഭവങ്ങളും തെളിയിച്ചു. കൊണ്ടപ്പള്ളിയുടെ ഈ ചലനം മഹാരാഷ്ട്ര, ഒറീസ, ബീഹാർ, മദ്ധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിലേയ്ക്കും മാറ്റൊലിക്കൊണ്ടു. ആഫ്രിക്കൻ പായൽ മാതിരി അത് അവിടങ്ങളിൽ പടർന്നുപിടിച്ച് ഭൂവുടമകൾക്ക് എതിരെ തിരിഞ്ഞു. മാവോവെ, ഗവൺമെന്റിന്റെ പിടിപ്പുകേടിലും നയത്തിലും അസംതൃപ്തരായി കഴിയുന്ന യുവതലമുറയെത്തെ ചോദ്യം ചെയ്യുകയും അനീതിക്കും അധർമ്മത്തിനും എതിരെ പോരാടുന്ന തീവ്രവാദികളെ യഥാർത്ഥ 'രാജ്യസ്നേഹി'കളായി നോക്കിക്കാണുകയും ചെയ്തു. ഈ സത്പ്രവർത്തി കൊണ്ടപ്പള്ളിയെ അക്രമരാഹിത്യത്തിൽനിന്ന് ഒരു പരിധിവരെയെങ്കിലും പിൻതിരിയാൻ സ്വയം പ്രേരിപ്പിച്ചു. തുടർന്ന്, അദ്ദേഹം ശീഘ്രവിപ്ലവ പ്രസ്ഥാനത്തിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് നേരിയ 'സോഷ്യലിസ്റ്റ് ചിന്താഗതി'യോടെ മാവോയിസ്റ്റ്- ലെനിനിസ്റ്റ് സിദ്ധാന്തത്തിൽ അല്പം വീര്യം കുറച്ച് ഇന്ത്യയിലെ മുഴുവൻ കമ്മ്യൂണിസ്റ്റ് പാർട്ടികളെയും ഒരു കുടക്കീഴിൽ അണിനിരത്തിക്കൊണ്ട് ദുഷിച്ചുനാറിയ കേന്ദ്ര- സംസ്ഥാന പെറ്റിബൂർഷ്വാ ഭരണകൂടത്തിന് എതിരെ വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെ നേരിടാനുള്ള ഒരു സംഘടിത വിപ്ലവാത്മകമായ 'മൂന്നാംചേരി' കെട്ടിപ്പടുക്കാനുള്ള കരടുരേഖ തയ്യാറാക്കി. പക്ഷേ, ഈ നടപടി അക്രമരാഹിത്യത്തിലും 'തോക്കിൻ കുഴലിലൂടെ വിപ്ലവം' എന്ന മാവോ സിദ്ധാന്തത്തിലും അടിയുറച്ച് അന്ധമായി വിശ്വസിച്ചുകഴിയുന്ന അദ്ദേഹത്തിന്റെ പാർട്ടിയിലെ സെൻട്രൽ കമ്മിറ്റി സീനിയർ മെമ്പറായ മുപ്പല ലക്ഷ്മണറാവു ഗണപതി നിഗൂഢമായ ഒരു അട്ടിമറിയിലൂടെ 1992-ൽ കൊണ്ടപ്പള്ളിയെ സംഘടനയിൽനിന്ന് ആധികാരികമായി പുറംതള്ളി. ഗണപതി, പ്രസ്ഥാനത്തിന്റെ പരമോന്നത പദവി സ്വയം ഏറ്റെടുത്തു. അങ്ങനെ, 1993 മാർച്ച് 30-ാം തീയതി ഗുഡിവാഡ ഗ്രാമത്തിൽവച്ച് ആന്ധ്രയിലെ പീപ്പിൾസ് വാർഗ്രൂപ്പ് എന്ന സുശക്തമായ തീവ്രവാദി പ്രസ്ഥാനത്തിന്റെ ആദിപിതാവും ധിഷണാശാലിയുമായ കൊണ്ടപ്പള്ളി സീതാരാമയ്യയെ പൊലീസ് രഹസ്യാന്വേഷണ വിഭാഗം അധികാരികൾ ദുരൂഹമായ ഒരു അന്തർനാടകത്തിലൂടെ വലയിൽ കുടുക്കി അറസ്റ്റ് ചെയ്ത് തുറുങ്കിൽ അടച്ചു. അതോടെ, മൂന്നു വ്യാഴവട്ടക്കാലം തുടർച്ചയായി ഒരു സംസ്ഥാനത്തെ മുഴുവൻ കിടുകിടാ വിറകൊള്ളിച്ചുകൊണ്ട്, പാവപ്പെട്ടവന്റെ പടനായകനായി മാത്രം ജീവിച്ച ആ കർമ്മയോഗിയുടെ നീണ്ട 50 വർഷത്തെ ഒളിവുജീവിതത്തിന് തിരശ്ശീല വീഴുകയും ചെയ്തു.



തടവിൽനിന്നും മോചിതനായ കൊണ്ടപ്പള്ളി സീതാരാമയ്യ തിരിച്ചുവരവിനുള്ള ശ്രമത്തിലാണോ?

ഇനിയൊരു ഉദയമുണ്ടോ?

1995 ജനുവരി 27-ാം തീയതി എൻ.ടി.രാമറാവു നിലവിലുള്ള കേസുകൾ പിൻവലിച്ചിട്ട്, 76 വയസ്സുകഴിഞ്ഞ കൊണ്ടപ്പള്ളിയെ തടങ്കലിൽ നിന്ന് വിമോചിതനാക്കി. അതിനുശേഷമുള്ള അദ്ദേഹത്തിന്റെ പ്രവർത്തനമേഖലയെക്കുറിച്ച് ആർക്കും ഒരറിവുമില്ല. ഇനി ഒരുവേള, ഇപ്പോൾ അദ്ദേഹം അക്രമരാഹിത്യം നിശ്ശേഷം ഉപേക്ഷിച്ച് തീർത്തും വ്യത്യസ്തവും സമാധാനപരവുമായ ഒരു ഏകാന്തജീവിതം നയിക്കുകയാണോ? അതോ, വാർദ്ധക്യം ബാധിച്ചിട്ടും തളരാത്ത മനസ്സും ഉറങ്ങാത്ത മസ്തിഷ്കവുമായി യുവതലത്തിന്റെ ചുറുചുറുക്ക് കാത്തുസൂക്ഷിക്കുന്ന ക്രാന്തദർശിയായ ഈ 'ആന്ധ്രാ മാവോ' ഒരു പുതിയ തിരിച്ചുവരവിനുള്ള പണിപ്പുരയിലാണോ?

കൃഷ്ണ ഗോപാൽകൃഷ്ണ

പല തലങ്ങളുള്ള ചലച്ചിത്രമാണ് ബാലചന്ദ്രമേനോൻെകൃഷ്ണ ഗോപാൽകൃഷ്ണ

എം.മുകുന്ദൻ

സാഹിത്യകാരന്മാർ സിനിമയെക്കുറിച്ച് എഴുതാറുണ്ട്. പക്ഷേ, ആർട്ട് ഫിലിമുകളെക്കുറിച്ചായിരിക്കും അത്. അങ്ങനെ എഴുത്തുകാർ അടൂർ ഗോപാലകൃഷ്ണന്റെയും ജി.അരവിന്ദന്റെയും ഷാജിയുടെയും മറ്റും ചിത്രങ്ങളെക്കുറിച്ച് ഉപന്യാസങ്ങളും പഠനങ്ങളും എഴുതിയിട്ടുണ്ട്. ജനപ്രീതി നേടിയ സംവിധായകരുടെ ചിത്രങ്ങളെക്കുറിച്ച് എഴുതുന്നത് അന്തസ്സിന് ചേരാത്തതായി സാഹിത്യകാരന്മാർ കരുതുന്നു.

എന്നാൽ ഈയിടെ ജനപ്രീതി നേടിയ ഒരു സംവിധായകന്റെ ഒരു പുതിയ ചിത്രത്തെക്കുറിച്ച് സക്കറിയ ഉപന്യസിക്കുകയുണ്ടായി. ബാലചന്ദ്രമേനോന്റെ 'കൃഷ്ണ ഗോപാൽകൃഷ്ണ' എന്ന പുതിയ ഫിലിമിനെക്കുറിച്ചായിരുന്നു അത്. വഴിമാറി നടക്കുന്ന ഒരെഴുത്തുകാരനായതുകൊണ്ടാണോ സക്കറിയ ഈ ഫിലിമിനെക്കുറിച്ച് എഴുതിയത് എന്ന് ഞാൻ സ്വയം ചോദിക്കുകയുണ്ടായി. അങ്ങനെയിരിക്കവെ ഈ ഫിലിം ഡൽഹിയിൽവച്ച് കാണുവാനും ഡൽഹിയിലും ചണ്ഡീഗഡിലുംവച്ച് ബാലചന്ദ്രമേനോനുമായി അതിനെക്കുറിച്ച് സംസാരിക്കുവാനും എനിക്ക് ഒരവസരം ലഭിച്ചു. ചണ്ഡീഗഡിൽ മലയാളികളുടെ ഒരു സമ്മേളനത്തിൽ പങ്കെടുക്കുവാൻ പോയതായിരുന്നു ഞങ്ങൾ.)

'കൃഷ്ണ ഗോപാൽകൃഷ്ണ' കണ്ടപ്പോൾ അതിനെക്കുറിച്ചും അതിന്റെ പരിസരത്തിൽ നമ്മുടെ സിനിമയെക്കുറിച്ചു പൊതുവായും ആലോചിക്കുവാൻ തോന്നി. അന്നേരം എന്റെ മനസ്സിലൂടെ കടന്നുപോയ ഒരാലോചന ഒരു ചോദ്യമായിരുന്നു. സാഹിത്യകാരന്മാർ എന്തിന് ഫിലിമിനെക്കുറിച്ച് എഴുതണം എന്ന ചോദ്യമായിരുന്നു അത്. ചെറിയവരും വലിയവരുമായ ഒട്ടേറെ സാഹിത്യകാരന്മാർ ഒട്ടേറെ ചിത്രങ്ങളെക്കുറിച്ച് എഴുതി. എന്നാൽ ഏതെങ്കിലും ഒരു ചലച്ചിത്ര സംവിധായകൻ ഏതെങ്കിലും ഒരു സാഹിത്യകാരന്റെ ഒരു പുസ്തകത്തെക്കുറിച്ച് ഇന്നുവരെ എഴുതിയോ?

ബാലചന്ദ്രമേനോന്റെ പുതിയ ഫിലിമിനെക്കുറിച്ച് എഴുതുവാനുള്ള മുഖ്യപ്രേരണ അത് ഒരു ആർട്ട് ഫിലിം അല്ല എന്നതാണ്. ആർട്ട് ഫിലിമുകളുടെ സഹായമില്ലാതെ ദേശീയതലത്തിൽ അംഗീകാരം നേടുവാൻ തനിക്ക് കഴിയുമെന്ന് ബാലചന്ദ്രമേനോൻ 'സമാന്തരങ്ങളി'ലൂടെ തെളിയിച്ചിട്ടുണ്ട്. ആർട്ട് ഫിലിം സങ്കല്പത്തിന്റെ അതിരുകളിലൂടെ സഞ്ചരിച്ച ഒരു ചിത്രമായിരുന്നു 'സമാന്തരങ്ങൾ.' 'കൃഷ്ണ ഗോപാൽകൃഷ്ണ' യാകട്ടെ, ആർട്ട് ഫിലിമിന്റെ ശാഠ്യങ്ങളെ ധിക്കരിക്കുന്ന ഒരു ചിത്രമാണ്. കമേർഷ്യൽ ഫിലിമിന്റെ ശാഠ്യങ്ങൾക്കും ബാലചന്ദ്രമേനോൻ കീഴ്വഴങ്ങുന്നില്ല. അപ്പോൾ അദ്ദേഹത്തിന്റെ 'കൃഷ്ണ ഗോപാൽകൃഷ്ണ' എവിടെ ചെന്നുനിൽക്കുന്നു?

അറുപതുകളുടെ സൃഷ്ടിയായ ആർട്ട്ഫിലിം എന്ന പ്രയോഗം ഇന്ന് ഒരു ക്ലിഷേയാണ്. ആർട്ട് ഫിലിം, കമേർഷ്യൽ ഫിലിം എന്ന വിഭജനം സിനിമയെക്കുറിച്ചുള്ള ആലോചനകളിൽ ഒന്നും ഇന്ന് കടന്നുവരാറില്ല. ആർട്ട് ഫിലിമിനും കമേർഷ്യൽ ഫിലിമിനും ഇടയിലുള്ള അതിരുകൾ മായ്ച്ചുകളയുന്ന ഒരു ചിത്രമാണ് 'കൃഷ്ണ ഗോപാൽകൃഷ്ണ' എന്ന് നിസ്സംശയം പറയാവുന്നതാണ്. ഈ ഫിലിമിന്റെ ഒരു പ്രത്യേകതയും അതാണ്. അതുകൊണ്ടുതന്നെ സാമ്പ്രദായികമല്ലാത്ത ഒരു കാഴ്ചപ്പാടിലൂടെ വേണം ഈ ഫിലിമിനെ നോക്കിക്കാണുവാൻ.

പടത്തിന്റെ ശീർഷകം സൂചിപ്പിക്കുന്നതുപോലെ ഇത് കൃഷ്ണന്റെ കഥയാണ്. എന്നാൽ ഈ കൃഷ്ണൻ വിഷ്ണുവിന്റെ ഒമ്പതാമത്തെ അവതാരമായ ഭൂദേവിയുടെ സങ്കടങ്ങൾ തീർക്കുവാൻവേണ്ടി കംസാദിദുഷ്ടരെ നശിപ്പിക്കുവാനായി പിറന്ന, കുരുക്ഷേത്രത്തിൽ അർജ്ജുനന് ഗീതോപദേശം നൽകിയ ശ്രീകൃഷ്ണ ഭഗവാനല്ല; ഉത്തരാധുനിക കൃഷ്ണനായ ഗോപാലകൃഷ്ണനാണ്. പണം പലിശയ്ക്കു കൊടുക്കുന്ന ഒരു പരുക്കൻ മനുഷ്യന്റെ മകനായാണ് ഗോപാലകൃഷ്ണൻ പിറന്നത്. എല്ലാ കഥകളിലും എന്നതുപോലെ ഈ കഥയിലും അച്ഛൻ ദുഷ്ടനും അമ്മ നല്ലവളുമാണ്. അമ്മ മടിയിലിരുത്തി പറഞ്ഞുകൊടുത്ത ശ്രീകൃഷ്ണഭഗവാന്റെ കഥയും കേട്ടുകൊണ്ടാണ് അവൻ വളർന്നത്. അമ്മ ചിലപ്പോൾ അവനെ ഉണ്ണികൃഷ്ണന്റെ വേഷം കെട്ടിക്കുന്നു. ശ്രീകൃഷ്ണനെപോലെ വളർന്ന ഗോപാലകൃഷ്ണന് സ്വാഭാവികമായും പശുക്കളെയും പെൺകുട്ടികളെയും ഇഷ്ടമായിരുന്നു. വീട്ടുപണി ചെയ്യുന്ന രാധ ഗോപാലകൃഷ്ണന്റെ കൗമാരസ്വപ്നമായിരുന്നു. ഒരു ഡയറിഫാം തുടങ്ങി പശുക്കളെ പോറ്റി, രാധയെ വിവാഹം കഴിച്ച് സുഖമായി ജീവിക്കുക- അതായിരുന്നു ഗോപാലകൃഷ്ണന്റെ ജീവിതലക്ഷ്യം. എത്രയോ ലളിതമായ ഒരു ജീവിതസങ്കല്പം.

പക്ഷേ, വിധി ഗോപാലകൃഷ്ണനെ അവന്റെ ലക്ഷ്യത്തിൽനിന്നു തട്ടിത്തെറിപ്പിച്ചുകളഞ്ഞു. നാട്ടിൽ ഡയറിഫാം തുടങ്ങുന്നത് സ്വപ്നംകണ്ട ഗോപാലകൃഷ്ണൻ അമേരിക്കയിൽ വ്യവസായം ആരംഭിച്ചു. മറ്റൊരു പെൺകുട്ടിയെ വിവാഹം ചെയ്തു. മുന്നോട്ടുള്ള യാത്രയിൽ അയാൾ മദ്യപാനിയും സ്ത്രീലമ്പടനുമായിത്തീർന്നു. സ്വന്തം നവവധുവിനെ ആദ്യരാത്രിതന്നെ അവഹേളിക്കുവാനും പീഡിപ്പിക്കുവാനും അയാൾക്ക് വിഷമം തോന്നിയില്ല. അവസാനം ഉടലും മനസ്സും തകർന്ന്, രോഗിയായി. ഗോപാലകൃഷ്ണൻ ഒരു സ്വാമിജിയുടെ അരികിൽ അഭയം കണ്ടെത്തുന്നു.

ഇത് പുതുമ അവകാശപ്പെടാൻ കഴിയാത്ത കഥയായി തോന്നിയേക്കാം. ഇതേ കഥ പല ചേരുവകളോടെയും നാം പല ഫിലിമുകളിൽ കണ്ടിട്ടുണ്ടെന്നു വരാം. ജനപ്രിതിയുള്ള ആഴ്ചപ്പതിപ്പുകളിലെ നീണ്ട കഥകളിൽ വായിച്ചെന്നുവരാം. പക്ഷേ ഈ കഥ തികച്ചും വ്യത്യസ്തമായ രീതിയിൽ തനേതായ ഒരു ശൈലിയിൽ, ബാലചന്ദ്രമേനോന് ആവിഷ്കരിക്കുവാൻ കഴിഞ്ഞു എന്നതാണ് അദ്ദേഹത്തിന്റെ നേട്ടം. സിനിമയിലായാലും നോവലിലായാലും എല്ലാ കഥകളും അന്യവിശകലനത്തിൽ ഇതിനുമുൻപ് പറഞ്ഞുകേട്ട കഥകളാണ് എന്ന് തിരിച്ചറിയുവാൻ കഴിയും. ഒരു കഥയും പൂർണ്ണമായും ഒറിജിനലല്ല. കഥയുടെ ഭാഷ്യമാണ് അതിനെ വേറിട്ടു നിർത്തുന്നത്. ശ്രീകൃഷ്ണനുമായി ഗോപാലകൃഷ്ണനെ ബന്ധപ്പെടുത്തുന്ന ഒരു രചനാരീതി ഉപയോഗിച്ചതുകൊണ്ടാണ് 'കൃഷ്ണ ഗോപാൽകൃഷ്ണ' വേറിട്ടുനിൽക്കുന്ന ഒരു ഫിലിമായി മാറുന്നത്. ഈ ഫിലിമിന് പല തലങ്ങളുണ്ട്. പലവിധത്തിലുള്ള വ്യാഖ്യാനങ്ങൾ ഇതിനു നൽകാം. ഇത് ഒരേ സമയം ലളിതവും അഗാധവുമാണ്. ഒരേ സമയം എല്ലാതരത്തിലുള്ള സിനിമാപ്രേമികൾക്കും ഒന്നിച്ചിരുന്ന് കാണാവുന്നതാണ്. വിമർശകർക്ക് വിമർശിക്കുവാൻ ധാരാളം സാദ്ധ്യതകൾ ഈ ചിത്രത്തിലുണ്ട്. അതേപോലെ വാനോളം പുകഴ്ത്തുവാനുള്ള അവസരങ്ങളും ഇത് നൽകുന്നു. ഒരു നിമിഷംപോലും മടുപ്പ് തോന്നിക്കാതെ കാണികളെ അവരുടെ സീറ്റിൽ പിടിച്ചിരുത്തുവാൻ 'കൃഷ്ണ ഗോപാൽകൃഷ്ണ'യ്ക്കു കഴിയും. അതാണ് ഈ ഫിലിമിന്റെ ഒരു നേട്ടം.

'സമാന്തരങ്ങളി'ലൂടെ ഒരു പുതിയ അഭിനയശൈലി അവതരിപ്പിച്ച് ദേശീയ പുരസ്കാരം നേടിയ ബാലചന്ദ്രമേനോൻ, ഒരിക്കൽകൂടി മികച്ച അഭിനയമാണ് ഗോപാലകൃഷ്ണന്റെ വേഷത്തിൽ ഇവിടെ അവതരിപ്പിക്കുന്നത്.■

ബാലചന്ദ്രമേനോൻ, ശ്രീക്കുട്ടി

ബാലചന്ദ്ര മേനോൻ, ഇന്ദ്രജ

ലേഖനം

അക്രമത്തിന്റെ ഗൃഹപാഠങ്ങൾ

സി.സദാനന്ദൻ

ആൺമാതൃകയുടെ ആധിപത്യത്തിൻെറ ചരിത്രം

പി.ഇ. ഉഷ ഒരിക്കൽകൂടി ആന്റിഹരാസ്മെന്റ് കമ്മിറ്റിക്കുമുൻപിൽ പരാജയപ്പെട്ടിരിക്കുകയാണ്. പ്രതിക്കെതിരെയുള്ള ആരോപണങ്ങൾ (കുറ്റങ്ങൾ) തെളിയിക്കാനായില്ല. എല്ലാ ആന്റി ഹരാസ്മെന്റ് കമ്മിറ്റികളിലും ലൈംഗിക പീഡനക്കേസുകളിലും സംഭവിക്കാറുള്ളതുപോലെ ഇര തനിക്കേറ്റ അപമാനം വീണ്ടും വീണ്ടും ആവർത്തിക്കുകയും പ്രതി തന്റെ അപ്രമാദിത്വം കൂടുതൽ ധാർഷ്ട്യത്തോടെ തെളിയിക്കുകയും ചെയ്യുന്നു. പെണ്ണിനുമേൽ ആണിന് ലൈംഗിക മേൽക്കോയ്മ അനുവദിക്കുന്ന ഒരു സാമൂഹിക രാഷ്ട്രീയ സാംസ്കാരികാന്തരീക്ഷത്തിൽ താൻ ഈ ലൈംഗികാതിക്രമം 'ശുദ്ധമായി' ആസ്വദിച്ചുവെന്ന കുറ്റത്തെ 'വസ്തുതാപര'മായി നിഷേധിക്കേണ്ട സാഹചര്യവും ഇര നേരിടുന്നുണ്ട്. ഫലത്തിൽ അപമാനിതർ പിന്നെയും അപമാനിതരാവുകയും ആൺ അധികാരമൂല്യങ്ങൾ– സദാചാരസങ്കല്പങ്ങൾ– പ്രബലമാവുകയും ചെയ്യുന്നു. കുറ്റവാളിയുടെ പക്ഷത്തുനിന്നുള്ള എല്ലാ ന്യായവാദങ്ങളും പ്രോത്സാഹനങ്ങളും ലൈംഗികതയ്ക്കുമേലും ദുർബലർക്കുമേലുമുള്ള ആധിപത്യത്തിനുള്ള അനുമതികളാണ്; ഒരു സമൂഹത്തിന്റെ അനാരോഗ്യകരമായ അവസ്ഥയുടെ അനാവരണമാണ്. ഇതിന്റെ മറുപുറമാണ് ഒരു ലൈംഗിക കുറ്റവാളി സ്വന്തം കുറ്റം സമ്മതിക്കുകയോ സമ്മതിക്കപ്പെടുകയോ ചെയ്താൽ അയാളനുഭവിക്കേണ്ടിവരുന്ന ഒറ്റപ്പെടൽ.

ഒരു കുറ്റവും ഒരു വ്യക്തിയുടെ സ്വകാര്യപ്രശ്നമല്ല. ഒരുപാടു വിശ്വാസങ്ങളും ശീലങ്ങളും സ്വാധീനങ്ങളും അതിനുപിന്നിലുണ്ട്. ഇത് അക്രമത്തെ ന്യായീകരിക്കുകയല്ല. ഫെമിനിസത്തെ സംബന്ധിച്ചിടത്തോളം ലൈംഗികാതിക്രമം ചെയ്യുന്നവർ ഒരു തിയറിപോലെയാണ് മനസ്സിലാക്കപ്പെടുന്നത്. അതിനപ്പുറം ആ പ്രശ്നത്തെ സമീപിക്കാനോ വിശകലനം ചെയ്യാനോ പരിമിതികളുണ്ട്. ഇത് ലോകത്താകമാനം ഫെമിനിസ്റ്റുകളും മനുഷ്യാവകാശ പ്രവർത്തകരും നേരിടുന്ന പ്രശ്നമാണ്. ഒരുവശത്ത് ലൈംഗികാതിക്രമത്തിനെതിരെ കടുത്ത സമരത്തിലേർപ്പെടുമ്പോഴും മറുവശത്ത് ലൈംഗിക കുറ്റവാളികൾ വാഴ്ത്തപ്പെടുകയും അതൊരു കുറ്റമാണെന്ന് തോന്നാത്തവിധം സമൂഹം അവരെ പൊതിഞ്ഞു സംരക്ഷിക്കുകയും ചെയ്യുന്നു. എല്ലാ ബോധവത്കരണ പ്രക്രിയകൾക്കും മുന്നേറ്റങ്ങൾക്കും അതീതരാണവർ.

ലൈംഗിക കുറ്റവാളി

ഒരു ലൈംഗിക കുറ്റവാളി താൻ തെറ്റുകാരനാണെന്ന് സമ്മതിക്കുകയില്ല. ഇത് ശക്തമായ ആണത്തമാതൃകയ്ക്ക് എതിരാണ്. കുറ്റം ഏറ്റുപറഞ്ഞ് മറ്റുള്ളവരുടെ മുൻപിൽ തരംതാഴാനും ഒറ്റപ്പെടാനും ഒരാണും തയ്യാറാകില്ല. അതു വരുത്തിവയ്ക്കുന്ന 'അധികാരമില്ലായ്മ' ആണിനെ സംബന്ധിച്ചിടത്തോളം ഭീതിദമായ സ്വപ്നമാണ്. (മിക്കവാറും ഇരകൾ ഈ അവസ്ഥയിൽ ജീവിതം തള്ളിനീക്കുന്നു എന്നത് അത്യസാധാരണമായ വസ്തുതയുമല്ല.) മതം, കുടുംബം, വിദ്യാഭ്യാസം എന്നീ ഘടകങ്ങളിലൂടെ ഊട്ടിയുറപ്പിക്കപ്പെടുന്ന ആണത്ത സങ്കല്പങ്ങളെ എതിർക്കാൻ കുറച്ചൊരു ഉൾക്കാഴ്ചയുടെയും നട്ടെല്ലുറപ്പിന്റെയും ആവശ്യമുണ്ട്. അപ്പോൾ മാത്രമായിരിക്കും ആധിപത്യത്തിന്റെ വിധ്വംസകത്വത്തിനപ്പുറം സർഗാത്മകസാദ്ധ്യതകൾ കണ്ടെത്താനാവൂ.

ലൈംഗിക കുറ്റവാളിയെ, വികലവ്യക്തിത്വത്തിനുടമയാണ് അയാളെന്ന് ആരും പറഞ്ഞു ബോദ്ധ്യപ്പെടുത്താറില്ല. വികലവ്യക്തിത്വങ്ങൾക്ക് എപ്പോഴും ആവശ്യം ചുറ്റും സമാനവ്യക്തിത്വങ്ങളാണ്. ലൈംഗികാതിക്രമത്തിലൂടെ പെണ്ണിന്റെ ശരീരവും ആത്മാവും തകർത്ത് സാധാരണ ജീവിത സാഹചര്യത്തിൽനിന്ന് വിച്ഛേദിച്ച് ഒറ്റപ്പെടുത്തുന്നു. ഇവരെ ഇരയായി പരിഗണിച്ച് സഹതപിക്കാനോ സഹായിക്കാനോ ഐക്യദാർഢ്യം പ്രഖ്യാപിക്കാനോ കഴിയുമെന്നല്ലാതെ കുറ്റവാളിയെ സ്വയം വിമർശനത്തിനു വിധേയമാക്കാനോ മാറ്റാനോ നിയമപരമോ രാഷ്ട്രീയപരമോ ആയ സംവിധാനങ്ങളില്ല. മറിച്ച് ഈ കുറ്റവാളിയെ സംരക്ഷിച്ചും പ്രോത്സാഹിപ്പിച്ചും പുരോഗമനത്വം നിലനിർത്താവുന്നവിധം വഴങ്ങുന്നതാണ് ('സാംസ്കാരികമായി അധഃപതിച്ച' എന്ന സ്ഥിരം പല്ലവി ഇവിടെ അനുയോജ്യമല്ല) നിലനിൽക്കുന്ന സാമൂഹിക രാഷ്ട്രീയ സാംസ്കാരികാന്തരീക്ഷം.

ആക്രമിച്ച് മുന്നേറി ഒന്നാമതാകാനും വികാരശൂന്യനാകാനും ദേഷ്യം മുഖമുദ്രയാക്കാനും ആണിനെ പ്രേരിപ്പിക്കുന്ന ഒരു കുടുംബമത വിദ്യാഭ്യാസഘടനയിൽ അക്രമസംസ്കാരം പതിയിരിക്കുന്നു. ക്യാപിറ്റൽ, ഉപരിവർഗ്ഗ താല്പര്യങ്ങളും മുന്നോട്ടുവയ്ക്കുന്നത് ഈ ആൺമാതൃകതന്നെയാണ്. തിരക്കുപിടിച്ച ബിസിനസ് എക്സിക്യൂട്ടീവാകുക. ബൈക്കിൽ ഹെൽമറ്റ് ധരിച്ച് ചീറിപ്പായുക. ഈ കാറു സ്വന്തമാക്കുന്നത് നീയീ സുന്ദരിയെ സ്വന്തമാക്കുന്നതിനു തുല്യമാണ്. അക്രമവും നിഷ്ക്രിയതയും– ആണും പെണ്ണും യഥാക്രമം പ്രതിനിധാനം ചെയ്യുന്ന ഒരു സാമൂഹ്യഘടനയിൽ 'പെണ്ണാവാതിരിക്കാൻ' ആണിനു വികാരങ്ങളെയും വിചാരങ്ങളെയും (ഏകാന്തത, പേടി, ദൗർബല്യം, അരക്ഷിതത്വം) കർശനമായി നിയന്ത്രിക്കേണ്ടിവരുന്നു. സ്നേഹം, കരുണ, പരിചരണം തുടങ്ങിയ ഗുണങ്ങൾ പെണ്ണിനു കല്പിച്ചുകൊടുത്തിരിക്കുന്നതുകൊണ്ട് അവയിൽനിന്ന് സൂക്ഷ്മമായ അകലം പാലിക്കാനും ശീലിക്കേണ്ടിവരുന്നു. മദ്യം, മയക്കുമരുന്ന് എന്നിവ ഈ വികാര-വിചാരങ്ങളെ മയക്കി 'ധൈര്യം' നൽകാൻ സഹായിക്കുന്നതുകൊണ്ട് ആണത്തത്തിലേയ്ക്കുള്ള വഴികളായി പരിഗണിക്കുന്നു. പൊതുവെ, വികാരവിചാരങ്ങളുടെ സത്യസന്ധമായ ആവിഷ്കാരം ആണിന് സാദ്ധ്യമല്ലാതാകുന്നു. സ്വീഡനിലെ സ്കൂൾ പാഠ്യപദ്ധതിയിൽ കുട്ടികൾക്കു കൊടുക്കുന്ന നിർദ്ദേശം അക്രമാസക്തനാകുമ്പോഴെല്ലാം തുറന്നു സംസാരിക്കുവാൻ ശ്രമിക്കുക എന്നാണ്. കൂട്ടുകാരൻ/ കൂട്ടുകാരിയോട് വിരോധം തോന്നുമ്പോൾ അവരുടെ ദൗർബല്യം പുറത്തെടുത്ത് അടിച്ചു വീഴ്ത്താൻ ശ്രമിക്കാതെ മനസ്സു തുറക്കുക. ഇത് ആണത്തത്തിന്റെ പരമ്പരാഗത ശീലങ്ങൾക്കെതിരാണ്; മറ്റുള്ളവരുടെ ഭാഗം കേൾക്കാൻ നിന്നുകൊടുക്കുക. സ്വന്തം വികാരവിചാരങ്ങളിൽ നിന്ന് അകലം പാലിക്കാൻ ശീലിക്കുന്ന ഒരാൾക്ക് മറ്റൊരാളുടെ വികാരവിചാരങ്ങൾ മനസ്സിലാക്കാൻ കഴിയില്ല. അവരെ പുച്ഛിക്കാനും അടിച്ചമർത്തി ജേതാവാകാനുമാണ് പരിശീലനം കിട്ടിയിട്ടുള്ളത്. ദേഷ്യവും വെറുപ്പും മുഖംമൂടിയായി അണിഞ്ഞ് രക്ഷപ്പെടുകയും ചെയ്യാം.

വ്യക്തിത്വം

നമുക്ക് കുട്ടികൾക്കുമുൻപിൽ സർഗ്ഗാത്മക വ്യക്തിത്വത്തിനു മാതൃകയായി എന്താണ് വയ്ക്കാനുള്ളത്? ടി.വിയും ആക്ഷൻ (അക്രമം എന്നു പര്യായം) ചിത്രങ്ങളും സിനിമാറ്റിക് ഡാൻസും ഇന്റർനെറ്റും പുതിയ തലമുറയെ വഴിതെറ്റിക്കുന്നുവെന്നു പറയുന്നവർതന്നെ അവർക്ക് ആധിപത്യത്തിന്റെ ഗൃഹപാഠങ്ങൾ കൊടുക്കുന്നില്ലേ? കളിയാക്കിയും ഭീഷണിപ്പെടുത്തിയും വാക്കുകളിലൂടെ പീഡിപ്പിച്ചും അവരെ ഒന്നാമതാക്കാനുള്ള സമ്മർദ്ദം കൊടുക്കുന്നില്ലേ? മറ്റുള്ളവരുടെമേൽ അധികാരം നേടി ഒന്നാമതാകുക. ദുർബ്ബലനുമേൽ, ദളിതനുമേൽ, പാവപ്പെട്ടവനുമേൽ, പെണ്ണിനുമേൽ– അധികാരം നേടുക. ആണാണെന്നു തെളിയിക്കുക. അധികാരം പങ്കിടാനുള്ളതാണെന്നും ആധിപത്യം സ്ഥാപിക്കാനുള്ളതല്ലെന്നും പഠിപ്പിക്കുന്ന ഒരു കുടുംബവിദ്യാഭ്യാസ മതസംവിധാനം ഇവിടെയില്ല. അധികാരത്തിന്റെ വിനാശകരമായ പാതകൾ വെട്ടിത്തുറന്ന് വരുംതലമുറകളെ ആണത്തമുള്ളവരാക്കാൻ പഴയ തലമുറ ജാഗരൂകരായിരിക്കുന്നിടത്തോളം ആധിപത്യസംസ്കാരം തുടരും. ചില സമുദായങ്ങളിൽ ആത്മപരിത്യാഗങ്ങളും കൊലയും ആണിനു നിർബന്ധമായും പാലിക്കേണ്ട കടമകളാണ്. അല്ലെങ്കിൽ ഒറ്റപ്പെടലും അപമാനവും സഹിച്ച് ഓടിപ്പോകേണ്ടിവരും. ആഫ്രിക്കയിലെ ആൺകുട്ടികളെ ഏറ്റെടുത്ത് പരിശീലിപ്പിക്കുന്ന മുതിർന്ന തലമുറയെക്കുറിച്ച് നെൽസൺ മണ്ടേല ആത്മകഥയിൽ പറയുന്നുണ്ട്. മുതിർന്ന ആണുങ്ങൾ ആണത്തത്തിന്റെ പാഠശാലകളാണ്.

ഭൂരിഭാഗം ആണുങ്ങളും നോക്കിലോ വാക്കിലോ അതുവരെയുള്ള ജീവിതകാലത്തിൽ, ലൈംഗികാതിക്രമത്തെ സഹായിച്ചിട്ടുള്ളവരാണ്. പെണ്ണുങ്ങളെക്കുറിച്ചുള്ള കമന്റുകൾ കേട്ടുനിന്നോ, ദുർബ്ബലനെ ആക്രമിക്കുന്നതു എതിർക്കാതെയോ, ബലാത്സംഗ സീനുകൾ ഉള്ള സിനിമകൾ കണ്ടോ അവർ അക്രമത്തിനു സാക്ഷികളാകുന്നു. ലൈംഗികാതിക്രമത്തെക്കുറിച്ചുള്ള ഏതു ചർച്ചയും വിചാരണയും അവനിൽ കുറ്റബോധമുണർത്തുന്നുണ്ട്. ഇത് മറച്ചുവയ്ക്കാൻ രൂക്ഷമായ വെറുപ്പോ വിമർശനമോ അവൻ കൂട്ടുപിടിച്ചെന്നും വരാം. എവിടെ മേൽക്കോയ്മയുടെ സുരക്ഷിതത്വം ഛേദിക്കപ്പെടുന്നുവോ അവിടെ അവൻ അക്രമാസക്തനാകും. അധികാരം അർഹമാകുന്നത് അനുഭവിക്കലാണ് ആണിന്റെ ജീവിതചക്രം. വർഗം, ജാതി, വിദ്യാഭ്യാസം, ശക്തി എന്നീ വ്യത്യാസങ്ങളുടെ അടിസ്ഥാനത്തിൽ അധികാരത്തിനും ഏറ്റക്കുറച്ചിലുണ്ടാകും. സവർണ്ണസ്ത്രീയുടെയും കുട്ടിയുടെയും മുൻപിൽ അധികാരമില്ലാത്ത ദളിത് ആണുങ്ങൾ ഇന്നും യാഥാർത്ഥ്യമാണ്. വെളുത്ത സ്ത്രീക്കും അവരുടെ കുട്ടികൾക്കും ശേഷമാണ് ഇന്നും കറുത്ത ആഫ്രിക്കൻ ആണിന്റെ സ്ഥാനം. ഇത്തരം അധികാര ശ്രേണിയുടെ ഏതറ്റത്തുനിന്നാലും സ്വന്തം ഭാര്യയുടെയും കുട്ടികളുടെയും മേലുള്ള അധികാരം ആണിനു അർഹതപ്പെട്ടതാണ്. ഏതെങ്കിലും വിധം അധികാരം നഷ്ടപ്പെടുന്നുവെന്നു തോന്നുമ്പോൾ ആണുകൾ അക്രമാസക്തരായി അധികാരം തിരിച്ചുപിടിക്കാൻ ശ്രമിക്കും. അക്രമവും ആണത്തവും ഇഴപിരിയാത്തതാണ്. അക്രമം അധികാരം നഷ്ടപ്പെടുന്നു എന്ന ഭീതി കൊണ്ടല്ല. അധികാരമില്ലായ്മ എന്ന അറിവിൽ നിന്നാണ്. ഫെമിനിസത്തോടും ഫെമിനിസ്റ്റുകളോടും അക്രമാസക്തമായ അകലം സൂക്ഷിക്കുന്നതും ഈ അറിവിൽനിന്നാണ്. ആണ്ത്വവും ലൈംഗികതയുമായി അഭേദ്യമായ ബന്ധമുണ്ടെന്ന് ധരിക്കുന്നതുകൊണ്ട് അധികാരമില്ലായ്മ ഷണ്ഡത്വമായാണ് അവന് അനുഭവപ്പെടുന്നത്. ഇത് വ്യക്തിപരമോ സംഘടിതമോ ആകാം. ആതായത്, ആണെന്ന അധികാരം ചോദ്യം ചെയ്യപ്പെടലായോ നേതൃത്വപരമായ അധികാരം ചോദ്യം ചെയ്യപ്പെടലായോ ആകാം. ഒരു ലൈംഗിക കുറ്റവാളിയെ സഹായിക്കുകയെന്നാൽ തീർച്ചയായും ഒരു ആൺ ആധിപത്യ സംസ്കാരത്തിന് കൂട്ടുനിൽക്കുകയാണ്. ഇത് അക്രമസംസ്കാരത്തെ പ്രോത്സാഹിപ്പിക്കുന്നു. ഇത്തരത്തിലുള്ള ഒരു രാഷ്ട്രീയമനസ്സിന് ഒരു യുദ്ധത്തെയും അപലപിക്കാനുള്ള ധാർമ്മികമായ അവകാശമില്ല. അല്ലെങ്കിൽ ഈ അക്രമസംസ്കാരത്തെ ഭാവിതലമുറയെക്കരുതി സർഗ്ഗാത്മകമാക്കി തിരിച്ചുവിടണമെന്ന് പറയണം.

"യുദ്ധത്തിൽ പങ്കെടുത്ത് മരിക്കേണ്ടിവരും എന്നു ഭയന്നുകഴിയുന്ന ആണുങ്ങളും ഏതു നിമിഷവും ബലാത്സംഗത്തിനിരയാകേണ്ടിവരും എന്നു വിചാരിച്ചുകഴിയുന്ന പെണ്ണുങ്ങളും ഒരുപോലെയാണ്. രണ്ടു കൂട്ടരുടെയും ശരീരവും മനസ്സും ഛിന്നഭിന്നമാക്കപ്പെടുന്നു. കൂട്ടബലാത്സംഗത്തിലൂടെ ആണുങ്ങൾ യോദ്ധാക്കളാകുന്നു. യുദ്ധം ആണുങ്ങളെ കൂട്ടബലാത്സംഗം ചെയ്യുന്നു. സ്ത്രീകൾ കരയാനും യുദ്ധമെന്ന വ്യവസ്ഥാപിതമായ ആക്രമണം മൂലം ആണുങ്ങളുടെ ആത്മാവും ശരീരവും ശിഥിലമാകുന്നതിന്റെ തുല്യ ഉത്തരവാദിത്വം ഏറ്റെടുക്കാനും തയ്യാറാകുന്നു. എന്നാൽ ആണുങ്ങൾ തങ്ങളുടെ കുറ്റബോധം തുറന്നു പ്രകടിപ്പിക്കാനോ കരയാനുള്ള ആർജ്ജവത്വം തിരിച്ചുപിടിക്കാനോ ബലാത്സംഗത്തിനും സാമ്പത്തിക അസമത്വത്തിനും ഇരയാകുന്ന സ്ത്രീകളുടെ ഉത്തരവാദിത്വം ഏറ്റെടുക്കാനോ തയ്യാറല്ല" (കീൻ എസ്, 1991).

ആണത്തത്തെക്കുറിച്ചും അക്രമത്തെക്കുറിച്ചുമുള്ള ചർച്ചകളും ചിന്തകളും ബാറിനു നടുക്കുള്ള മദ്യനിരോധന പ്രസംഗംപോലെ തോന്നാം. പക്ഷേ. ഇന്നത്തെ ആൺമാതൃകയുടെ ആധിപത്യസ്വഭാവം രൂപപ്പെട്ടതിനുപിന്നിൽ ചരിത്രപരമായ സാധീനങ്ങളുള്ളതുകൊണ്ട് അതെന്നെന്നും മാറ്റമില്ലാതെ തുടരും എന്നു വിശ്വസിക്കേണ്ട കാര്യമില്ല. കാഴ്ചപ്പാടിന്റെ ചെറിയൊരു തിരിച്ചിടലിൽ ആണത്തത്തെ കുറച്ചുകൂടി ജനാധിപത്യപരവും ധാർമ്മികവുമാക്കി മാറ്റാനാകും വരുംകാലങ്ങളിൽ.■

ഖോർഫക്കാനിലെ കാക്കകൾ

കൃഷ്ണദാസ്

ഗൾഫ് നാടുകളിൽ കാക്കകളില്ല. പക്ഷേ, ഖോർഫക്കാനിൽ കാക്കകളുണ്ട്

കടൽത്തീരങ്ങളെ തൊട്ടുരുമ്മുന്ന പർവ്വതങ്ങളും താഴ്‌വാരങ്ങളും പച്ചപ്പും നിറഞ്ഞ ഈ ഭൂപ്രകൃതിയിൽ ആരാണ് കാക്കകളെ തുറന്നുവിട്ടത്? റാൻ ഓഫ് കച്ചിൽനിന്ന് വന്നെത്തിയ ഏതോ ഇന്ത്യൻ പത്തേമാരിക്കാരാണ് ഈ കൃത്യം നിർവ്വഹിച്ചതെന്ന് ഖോർഫക്കാന്റെ ചരിത്രവും ഊടുവഴികളും പഠിച്ചുവെച്ച സുനിൽ പറയുന്നു. പറയിപെറ്റ ഒരു പന്തിരുകുലമായി കാക്കകൾ ഈ താഴ്‌വാരങ്ങളെ സ്വന്തമാക്കിയത് പിൽക്കാലകഥകൾ. ഈയിടെ എന്റെ സുഹൃത്ത് പ്രസാദ് ഖോർഫക്കാനിൽ നിന്ന് എഴുതി: ഖോർഫക്കാനിലും, സമീപപ്രദേശമായ ഫ്യുജീറായിലും ഇപ്പോൾ കാക്കകൾ നിറഞ്ഞിരിക്കുന്നു. മരുഭൂമിയിൽ പടർന്നു പിടിക്കുന്ന ഒരിനം മരത്തിലാണ് അവറ്റകൾ കൂടുകൂട്ടുന്നത്.

•

ഒരു പ്രഭാതത്തിൽ ഖോർഫക്കാനിലെ കാക്കകൾ കരഞ്ഞപ്പോൾ ഞാനുണർന്നു. പീലി വിടർത്തി നിൽക്കുന്ന ഈന്തപ്പനകളിലും വിശറികൾപോലെ ഇലവിടർത്തി നിൽക്കുന്ന ബദാം മരക്കൊമ്പുകളിലും അവ ചാഞ്ഞും ചെരിഞ്ഞും തഞ്ചം നോക്കിയും വന്നിരിപ്പുണ്ടായിരുന്നു. തണ്ണിമത്തനും ചോളവും കരിമ്പും വിളയുന്ന താഴ്‌വാരങ്ങളിലും കാക്കകളുണ്ടായിരുന്നു. ഡീസൽ എഞ്ചിനുകൾ ശബ്ദമുഖരിതമാക്കിയ കൃഷിയിടങ്ങളിൽ വെള്ളച്ചാലുകൾ ഒഴുകിയപ്പോൾ അവിടെ ഈർപ്പം പടരുന്ന മണ്ണിലേക്ക് ഉറ്റുനോക്കിക്കൊണ്ട് കാക്കകൾ കരിമ്പുമരങ്ങളിലിരുന്നു. കരിമ്പുകൾ ആടിയുലഞ്ഞപ്പോൾ ഖോർഫക്കാനിൽ പ്രഭാതം പൊട്ടിവിടരുന്നേ ഉണ്ടായിരുന്നുള്ളൂ. മഞ്ഞിൻവിരിയിട്ട പ്രഭാതത്തിലേക്ക് മലകൾക്കിടയിൽ മറഞ്ഞുനിന്നുകൊണ്ട് സൂര്യൻ തന്റെ തങ്കരശ്മികൾ പായിച്ചുകൊണ്ടിരുന്നു. അപ്പോൾ ഞാൻ പിന്നെയും കാക്കകളെ കണ്ടു. ഏതൊക്കെയോ താഴ്‌വാരങ്ങളിൽ നിന്ന് അവ പിന്നെയും ഘനന്നുവന്നുകൊണ്ടിരുന്നു. തൊണ്ണൻകാക്കകളും പൊണ്ണൻ കാക്കകളും സുന്ദരന്മാരും സുന്ദരികളും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു.

മലയാളിയുടെ ഗൃഹാതുരത്വത്തിൽ കാക്കയുടെ സ്ഥാനം എവിടെയാണ്? വൈലോപ്പിള്ളി ശ്രീധരമേനോന്റെ ഇഷ്ടപക്ഷിയായിരുന്നുവത്രെ കാക്ക. കാക്കയെപ്പറ്റിയുള്ള എല്ലാ തിന്മകളും വൈലോപ്പിള്ളി സ്വന്തം കവിതയിൽ നന്മയാക്കി മാറ്റി എന്ന് പ്രശസ്ത നിരൂപകനായ എം.എൻ. വിജയൻ എഴുതിയിട്ടുണ്ട്. എന്തായാലും പ്രവാസത്തിലെ ഈ കാക്കകൾ എന്റെ മനസ്സ് നുകർന്നു. എന്റെ മലയാളിത്തമുണരുന്നു. വർഷങ്ങൾക്കുശേഷം തേച്ചുമിനുക്കുന്ന ഒരു പഴയ സൗഹൃദത്തിന്റെ കണ്ണികളെപ്പോലെ ഇതാ ഖോർഫക്കാനിലെ കാക്കകൾ. സ്നേഹവും ആർദ്രതയും നിറഞ്ഞ മിഴികളോടെ ഞാൻ അവയെ നോക്കി. കാക്കയുടെ കണ്ണുകളിലൂടെ ഞാനെന്റെ വിദൂരമായ തൊടികളും തൊടിയിലെ കിണറും, കുളവും, ഫലവൃക്ഷങ്ങളും, പടർപ്പുകളും, കറുത്ത മണ്ണും കണ്ടു. അവയ്ക്കിടയിൽ എന്റെയമ്മയും വന്നു നിന്നു. ഞാൻ കാക്കകൾ കൊണ്ടു വന്നനൊസ്റ്റാൾജിയയെക്കുറിച്ചോർക്കാൻ തുടങ്ങി:

എന്റെ കാക്കേ, ഒരു കുറുക്കൻ പറ്റിച്ച കഥയിലെ മണ്ടിക്കാക്കയായി വന്ന് നീ തന്നെയല്ലേ എന്റെ ബാല്യകൗമാരങ്ങളെ ഭാവനാപൂർണ്ണമാക്കിയത്? വിദൂരതയിലെ എന്റെ വാഴമരക്കൊമ്പിലിരുന്ന് വിരുന്നുകാരനെ കുറുകി വിളിച്ചതും നീ തന്നെയായിരുന്നില്ലേ? മൺമറഞ്ഞുപോയ ഞങ്ങളുടെ പിതാമഹന്മാരെ ആവാഹിച്ചുകൊണ്ടുവരുന്ന ബലിക്കാക്കയും നീ തന്നെയല്ലേ? നീ തന്നെയല്ലേ? ബാല്യം മനസിന്റെ ഭിത്തിയിൽ കോറി വരച്ചിട്ട പ്രശസ്തമായ ആ ഈരടികൾ എന്റെ ചുണ്ടിലെത്തി–

"കാക്കേ, കാക്കേ കൂടെവിടെ?
കുട്ടിനകത്തൊരു കുഞ്ഞുണ്ടോ?

അപ്പോൾ പ്രസാദ് എന്നെ ഓർമ്മിപ്പിച്ചു: സുഹൃത്തേ, ഇത് നമ്മുടെ കാക്കയല്ല: അറബിക്കാക്കയാണ്. എനിക്ക് ഗൗനിക്കാനാകുന്നില്ല. എന്നിട്ട് ഒരാലാപനം പോലെ ഞാൻ കാക്കയോട് പറഞ്ഞുകൊണ്ടിരുന്നു:

നഗരജീവിതം എനിക്ക് മടുത്തതും, കോൺക്രീറ്റ് ഗോപുരങ്ങൾ എന്നെ വീർപ്പുമുട്ടിച്ചതും, ഫ്രീസറിൽ കുത്തിനിറച്ച മത്സ്യമാംസാദികൾ എന്റെ രുചികളെ കീഴ്മേൽ മറിച്ചതും, നഗരത്തിന്റെ കൃത്രിമ വെളിച്ചങ്ങൾക്കിടയിൽ നിലാവും നക്ഷത്രങ്ങളും പിണങ്ങിപ്പോയതും, ചന്ദ്രന്റെ വിളറിയ മുഖം എന്നെ ദു:ഖിപ്പിച്ചതും, വായുസഞ്ചാരം കൊട്ടിയടച്ച ഫ്ലാറ്റിലെ മുറിയ്ക്കുള്ളിൽ ഹോം തീയേറ്ററുകളും, ചാനലുകളും തുറന്നിട്ടു തന്ന കൃത്രിമ ജാലകങ്ങൾ എന്നെ മടുപ്പിച്ചതുമായ കഥകൾ.

എന്നിട്ട് ഞാനുറക്കെ വിളിച്ചു പറഞ്ഞു:

ഇതാ, ഒരു മാറ്റത്തിനുവേണ്ടി ഞാൻ ഖോർഫക്കാനിലെ കാക്കകളിലേക്ക് മടങ്ങുന്നു.

വേരിക്കോസ് ഞരമ്പുകൾ

വിരസമായ ഗ്രീഷ്മത്തിന്റെയും ഭീതിദമായ ശിശിരത്തിന്റെയും ഇടയിലൂടെ ജീവിതം ഒരു തീവണ്ടിയെപ്പോലെ ഇഴഞ്ഞു പോകുമ്പോൾ ഇനിയെന്ത് എന്നൊരു ചോദ്യം. പകൽ വെളിച്ചത്തെ കടിച്ചു ചവച്ചുകൊണ്ട് ഇനിയെന്ത് എന്നൊരു ചോദ്യം. നാളേക്കായി ഒന്നും അവശേഷിപ്പിക്കാത്ത ഇന്നുകൾ. എന്നിട്ടവ വീടുകളേയും മലർവാടികളേയും കുറിച്ചുള്ള ഇന്നലെകളുടെ അവശിഷ്ടങ്ങളെ താലോലിക്കാനൊരുങ്ങുന്നു. ഇനിയെന്ത് എന്ന ചോദ്യത്തിൽ ഞാനെന്റെ ദിവസങ്ങൾ ഹോമിക്കുകയായിരുന്നു....

നഗരത്തിന്റെ ജാലകങ്ങൾ എനിക്കായി ഒരു കവിത സമ്മാനിക്കുമ്പോൾ കൂട്ട അവധികൾ കടന്നുവരികയും പ്രസാദ് എന്നെ ഖോർഫക്കാനിലേക്ക് വിളിക്കുകയും ചെയ്യുന്നു. ഹ്രസ്വമായ പകലുകളും, കുളിരാർന്ന രാവുകളും സമ്മാനിക്കുന്ന ഒരു ശരത്കാലത്തിലൂടെ നീന്തി പടിഞ്ഞാറൻ ഹൈവേകൾ താണ്ടി ഞങ്ങൾ കിഴക്കോട്ടെത്തുന്നു. പ്രവാസത്തിന്റെ ഇന്നലെകളിലെ ഊഷ്മളമായ സായാഹ്നങ്ങൾ. രാജപാതയുടെ സൗഖ്യം നുകർന്നുകൊണ്ട് നഗരങ്ങളിൽ നിന്ന് നഗരങ്ങളിലേക്ക് സഞ്ചരിച്ചുകൊണ്ട്, അബുദാബിയുടെയും ദുബായുടെയും ഷാർജയുടെയും ദേയിദിന്റെയും വഴിയോരക്കാഴ്ചകൾ നുകർന്നുകൊണ്ട് മാനം മുട്ടിനിൽക്കുന്ന നഗരജീവിതത്തിൽ നിന്ന് ഞങ്ങൾ താഴേക്കിറങ്ങി വരുന്നു. വഴിയോരക്കാഴ്ചകളിൽ മരുഭൂമിയും ഒട്ടകവും ഈന്തപ്പനയും മണൽകൂനകളുമുണ്ട്. എണ്ണപ്പാടങ്ങളിലെ ബേണിങ് പിറ്റിൽ നിന്ന് രാപകലുയരുന്ന തീജ്വാലകളുണ്ട്. വാസ്തുശില്പകലയുടെ സൗന്ദര്യമോതുന്ന പുതിയ മാതൃകകളുണ്ട്. പച്ചക്കറികൾ വിളയുന്ന ഗ്രീൻഹൗസുകളുണ്ട്. അമേരിക്കയുടെയും യൂറോപ്പിന്റെയും ചീറിപ്പായുന്ന വാഹനസഞ്ചയങ്ങളുണ്ട്. ഈ ഹൈവേകൾ ഇപ്പോൾ കാലിഫോർണിയയിൽ നിന്ന് ലോസ് ഏഞ്ചൽസിലേക്കുള്ള ഒരു യാത്രയെ ഓർമ്മിപ്പിക്കുന്നുവെന്ന് എന്റെ സുഹൃത്ത് പറയാറുണ്ടായിരുന്നു. ഹേംബർഗറും കെന്റുക്കി ചിക്കനും ഫ്രഞ്ച് ഫ്രൈയും വിറ്റഴിക്കുന്ന ഫാസ്റ്റ്ഫുഡ് ചെയിനുകളും, കൊക്കോകോള പരസ്യങ്ങളും ഇപ്പോൾ ഈ മരുഭൂമികളിൽ നിറഞ്ഞിരിക്കുന്നു.

അവധികളിൽ ഹൈവേയിൽ വാഹനങ്ങളുടെ തിരക്കാണ്. കൂടുതലും യൂറോപ്യന്മാർ. ജീൻസും ഷർട്ടുമണിഞ്ഞ് ഐസ്ബോക്സിൽ അടുക്കിവച്ച ബിയർ ടിന്നുകളും വർണ്ണ കുടകളുമേന്തി കടൽത്തീരങ്ങളിൽ ജീവിതത്തിന് വർണ്ണപ്പകിട്ട് നൽകുന്നവർ. കടൽത്തീരം വെയിൽ സ്നാനങ്ങൾക്കായി അവരെ കാത്തിരിക്കുന്നു. എന്നിട്ടവർ ഉപ്പുവെള്ളത്തിലേക്ക് ഊളിയിടുന്നു.

സൂര്യവെളിച്ചവും ഉപ്പുവെള്ളവും അവരുടെ ചർമ്മത്തെ ആപ്പിൾ പോലെ ചുവപ്പിക്കുന്നു. പിന്നെ ഒരാഴ്ചക്കാലം, ചൈതന്യം നിറഞ്ഞ അവധിദിവസങ്ങളെയും പേറി തങ്ങളുടെ ആപ്പിൾ മുഖവും പ്രദർശിപ്പിച്ച് നടക്കുന്നു.

ഭൂപ്രകൃതികൾ മാറുന്നു. മരുഭൂമികളുടെ മൈതാനക്കാഴ്ചകൾ അപ്രസക്തമാകുന്നു. ദെയ്ദിൽ നിന്നുള്ള ദൂരക്കാഴ്ചകൾ വെരിക്കോസ് ഞരമ്പുകൾ പോലെ ഭൂമിയിൽ തിണർത്തു കിടക്കുന്ന നീലമലകളിലേക്ക് നയിക്കുന്നു. ഹജ്ജാർ പർവ്വതങ്ങളുടെ നീണ്ടുപോകുന്ന കൈവഴികളാണവ. ഒരു സൗകര്യത്തിനുവേണ്ടി അതങ്ങളവയെ ഖോർഫക്കാൻ മലകൾ എന്നുവിളിക്കുന്നു.



നീലിച്ച പർവ്വതക്കൂട്ടങ്ങളിലേക്ക് വിരൽചൂണ്ടി എന്റെ കൊച്ചുമകൾ ചോദിക്കുന്നു. "അച്ഛാ ഈ മലയിൽ ആനയും പുലിയും സിംഹങ്ങളുമുണ്ടോ?"

"ഇല്ല മകളെ, ഒരു പക്ഷേ, കുറുക്കന്മാരേയോ, കാട്ടുപൂച്ചകളേയോ നിനക്ക് കണ്ടെത്താം. അതല്ലെങ്കിൽ ഏതാനും മുൾപ്പടർപ്പുകൾ മാത്രം എഴുന്നുനിൽക്കുന്ന ഭൂമിയുടെ വരണ്ട പാറക്കൂട്ടങ്ങൾ മാത്രമാണവ" എന്ന് ഞാൻ മറുപടി പറയുന്നു.

പിന്നെ ഞങ്ങൾ 'വാദികൾ' കാണുന്നു. വരണ്ടുപോയ നദീതടങ്ങളാണ് വാദികൾ. ഏതോ പുരാതനകാലത്ത് ഇതിലൂടെ ഒരു നദിയൊഴുകിയിരുന്നു. ഈ നദിയുടെ തീരങ്ങളിൽ വൻകാടുകളുണ്ടായിരുന്നു. കാടുകളിൽ വന്യമൃഗങ്ങൾ വിഹരിച്ചിരുന്നു. കാലത്തിന്റെയും പ്രകൃതിയുടെയും വികൃതികളിൽ ഈ നദികൾ ഓരോർമ്മ മാത്രമായി മാറിയതും. വൻകാടുകൾ നിലനിന്നിരുന്ന നദീതടങ്ങൾ വരണ്ടുപോയതും നിന്നെ ദു:ഖിപ്പിക്കുന്നുണ്ടോ എന്ന് കൊച്ചുമകളോട് അവളുടെ ശൈശവത്തിന്റെ ഭാഷയിൽ ഞാൻ ആരായുന്നു. എന്നിട്ട് അവളുടെ ഭാവനയിലെ സിംഹങ്ങളുടെയും, പുലികളുടെയും, കാലടിപ്പാടുകൾ ഇവിടെ പതിഞ്ഞുകിടപ്പുണ്ടെന്ന് അവളോട് പറയുന്നു.

ഈ വാദികൾക്കിടയിൽ വെള്ളത്തിന്റെ അമൂല്യമായ കരുതൽശേഖരമുണ്ട്. ഹ്രസ്വമായ മഴക്കാലങ്ങളിൽ ഇന്ത്യാസമുദ്രത്തിലെ കരിങ്കാറുകൾ പർവ്വതശിഖരങ്ങളിലൂടെ ആർത്തലക്കുമ്പോൾ വെള്ളം 'വാദി'യുടെ ഗർഭങ്ങളിൽ കരുതൽ ശേഖരമാകുന്നു. അതുകൊണ്ട് വടക്കൻ എമിറേറ്റുകളിൽ കടൽവെള്ളം ശുദ്ധീകരിക്കുന്നില്ല. ഈ ഭൂഗർഭജലം തന്നെയാണ് കുടിവെള്ളമായി മാറുന്നത്.

ഈ പാറകൾ ചുണ്ണാമ്പുകല്ലുകളാണെന്ന് ജിയോളജിക്കൽ സർവ്വേകൾ പറയുന്നു. അവിടവിടെ സിമന്റുണ്ടാക്കുന്ന ഫാക്ടറികളുടെ പുകക്കുഴലുകൾ ഉയർന്നു നിൽക്കുന്നുണ്ട്. അതുപോലെ താഴ്‌വാരങ്ങളിൽ നിരുറവകളുണ്ട്. മിനറൽ ജലം തീർക്കുന്ന പ്ലാന്റുകളുണ്ട്. ചൂടുകാലത്ത് ചുണ്ണാമ്പുമലകൾ പഴുക്കുകയും, അന്തരീക്ഷത്തിൽ തിനാമ്പുകളുടെ തരംഗങ്ങൾ നിറയുകയും ചെയ്യുമ്പോൾ പ്രസാദ് ഖോർഫക്കാനിൽ നിന്ന് വിളിക്കുന്നു.

"ജീവിതം ദുസ്സഹമായിരിക്കുന്നു സുഹൃത്തേ. ഇപ്പോൾ വാതിൽ തുറന്നാൽ തീക്കാറ്റാണ്".

പർവ്വതങ്ങളുടെ നിമ്നോന്നതങ്ങളിലൂടെ കടന്നുപോയിരുന്ന ദുഷ്ക്കരമായ ഒരു ഖോർഫക്കാൻ പാതയുടെ ഓർമ്മ ഇപ്പോൾ ഏതോ ചരിത്രാതീത കാലങ്ങളിലേക്ക് പിൻവാങ്ങിയിരിക്കുന്നത്രെ. ഇപ്പോഴും അങ്ങനെയുള്ളവർ ഉണ്ടെന്നാണ് പ്രസാദ് പറയുന്നത്. അവരിപ്പോഴും ഒരു പ്രാകൃതശിലാ സംസ്കാരത്തിലെന്നപോലെ പുറംലോകവുമായി കൂടുതൽ കൊടുക്കൽവാങ്ങലുകളൊന്നുമില്ലാതെ – എന്റെ ഉദ്വേഗം പത്തിവിടർത്തുന്നതുകണ്ടപ്പോൾ പ്രസാദ് പറഞ്ഞു: "ഒരു പക്ഷേ. രാജനായിരുന്നു നിനക്ക് ഇതൊക്കെ പറഞ്ഞുതരാൻ ഏറ്റവും വലിയ യോഗ്യൻ".

രാജൻ. പാലക്കാട്ടുകാരൻ മലയാളി അയ്യർ. എമിറേറ്റിന്റെ കിഴക്കൻ തീരങ്ങളിലെ ജിയോളജിക്കൽ സർവ്വേകളിൽ ഏറ്റവും കൂടുതൽ പങ്കു വഹിച്ച രാജൻ ഇവിടത്തെ പ്രകൃതിയുടെയും ഭൂമിശാസ്ത്രത്തിന്റെയും വക്താവായിരുന്നു. മിനിസ്ട്രിയിലെ മേലുദ്യോഗസ്ഥന്മാരുടെ പ്രശംസ പിടിച്ചുപറ്റിയവൻ. പക്ഷേ തന്റെ ഔദ്യോഗിക ജീവിതത്തിലെ കൃത്യനിർവ്വഹണത്തിനിടയിൽ ഈ ഖോർഫക്കാൻ മലകൾ തന്നെ രാജനെ കൊണ്ടുപോയി. ഉയരങ്ങളിലെവിടെയോ വാഹനം നിർത്തിയിടുമ്പോൾ താഴ്‌വാരങ്ങളിലേക്ക് മറിഞ്ഞുവീഴുകയായിരുന്നുവത്രെ. ഒരപമൃത്യു. ദു:ഖിച്ചവർ ഏറെയുണ്ടായിരുന്നു.

പത്രപംക്തികളിൽ ഒട്ടേറെ അനുസ്മരണക്കുറിപ്പുകൾ വന്നു. ഖോർഫക്കാൻ മലകളുടെ ഊടുവഴികൾ തൊട്ടറിഞ്ഞവൻ എന്നായിരുന്നു രാജന്റെ ഖ്യാതി.

വിജനമായ പാതയോരത്ത് ഒരു ബധുവിയിരിക്കുന്നു. അവന്റെ പ്രാകൃത വേഷത്തിനുമുമ്പിൽ നിരത്തിവെച്ച കുറെ സ്ഫടികക്കുപ്പികൾ. കാട്ടുതേൻ വിൽക്കുന്ന ബധുവി. സൂപ്പർമാർക്കറ്റുകളിലെ കമനീയമായ പാക്കറ്റുകളിൽ എല്ലാ ഭൂഖണ്ഡങ്ങളിലേയും തേനുകൾ വിൽപനയ്ക്കെത്തുന്നുണ്ട്. എന്നാൽ ഖോർഫക്കാൻ താഴ്‌വരകളിലെ കാട്ടുകടന്നലുകൾ ശേഖരിക്കുന്ന സ്വാഭാവികമായ കാട്ടുതേനിലേക്ക് ഒരാക്രാന്തി. തേൻകൊതിയുമായി ഞാൻ വില ചോദിക്കുന്നു. "തിമാനിയേൻ ദിർഹം"–ഞാൻ വിലകേട്ട് ഞെട്ടുന്നു; പിൻവലിയുന്നു. അപ്പോൾ തന്റെ "നമ്പർ വാഹത്" ഉല്പന്നത്തെപ്പറ്റി അവൻ തന്റെ വക്രിച്ച ശൈലിയിൽ പറയാനാരംഭിക്കുന്നു. എന്നിട്ട് കുപ്പി തുറന്ന് തന്റെ ചൂണ്ടാണിവിരൽ തേനിൽ മുക്കി എന്നോട് നക്കാൻ ആജ്ഞാപിക്കുന്നു. അവന്റെ പ്രാകൃതവും, പരുഷവുമായ രീതികളോട് അല്പം അമ്പരപ്പോടെയും, അറപ്പോടെയും വിടപറഞ്ഞ് ഞാൻ കാറിൽ കയറുന്നു.

വണ്ടി പിന്നെയും മുന്നോട്ട് നീങ്ങുമ്പോൾ പാതയുടെ മിനുസം നഷ്ടപ്പെടുന്നു. ഉരുളൻ കല്ലുകളും, കുഴികളും നിറഞ്ഞ ഒരു പരുക്കൻ പ്രദേശം പിന്നിടുന്നു. പിന്നെ വീണ്ടും പാതയുടെ മിനുസത്തിലേക്ക്. കഴിഞ്ഞുപോയത് ഒമാൻ എന്ന ഒരു അയൽരാജ്യത്തിന്റെ അതിർത്തികളെ

ത്തെ പർവ്വതസാനുക്കൾക്കിടയിൽ ആരൊക്കെയോ വരച്ചിട്ട വിചിത്രമായ അതിർത്തിരേഖകൾ. ഇവിടെ ഗോത്രവർഗ കുടിപ്പകകൾ ഒരനുഷ്ഠാനമെന്നോണം അരങ്ങേറുന്നുണ്ടെന്ന് പ്രസാദ് പറയാറുണ്ടായിരുന്നു. അപ്പോൾ ഖോർഫക്കാൻ ഹൈവേയിൽ മണിക്കൂറുകളോളമോ. ദിവസങ്ങളോളമോ ഗതാഗതം സ്തംഭിക്കുന്നു. ആർമി ബാരക്കുകളിൽ നിന്ന് പട്ടാളവണ്ടികൾ ഇരച്ചുവരികയും. സംഘർഷത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുകയും ചെയ്യുന്നു. ഈ മലമടക്കുകൾക്കിടയിൽ നിന്ന് തേനിച്ചകളെപ്പോലെ ഗോത്ര ബന്ധുവികൾ ഇളകി വരുന്നു. 'അന്റാറയുടെ പടപ്പാട്ടുകളുമായാണ് അവർ വരുന്നത്. അവരുടെ കൈകളിൽ തോക്കും വാളുമുണ്ട്. ചോരയ്ക്കു ചോര. ജീവന്നു ജീവൻ എന്നാണവർ ആക്രോശിക്കുന്നത്. തലമുറകളിലൂടെ കൈമാറിയ അവരുടെ കവിതകളിൽ കുലമഹിമകളുടെയും ആത്മധൈര്യത്തിന്റെയും ഉദാരതയുടെയും വീരഗാഥകളാണ്.

മണ്ണിലുറപ്പിച്ച കണ്ണാവും
താരങ്ങൾ പൂക്കും ശിഖരവും
നേത്രങ്ങൾ തോൽക്കുമുയരവു-
മുള്ളൊരു പർവ്വതത്തിൻ കീഴെ
വസിപ്പവർ ഞങ്ങൾ.
ആഭിജാത്യം പേറും ഞങ്ങളി-
ലൊഴുകുന്നു ഖഡ്ഗങ്ങൾ
ചാവേർ നയിച്ചിടും സയ്യിദുകൾ
പുനർജനിതേടും സയ്യിദുകൾ
പക തൻ സമരാഗ്നിയിലു-
മവരെത്ര സംപൂജ്യർ!
ഞങ്ങൾ തൻ എരിയും നെരിപ്പോടി-
ലണയുന്നു രാത്രിസഞ്ചാരികൾ.

സംഘർഷങ്ങളും വികാരങ്ങളും ഉച്ചസ്ഥായിയിലെത്തി. പിന്നെ സ്വാഭാവികമായ ഒരു ശാന്തിയിലേക്ക് ഉൾവലിയുമ്പോൾ ഗോത്രബന്ധുവികൾ ഒമാനിലേയും ഖോർഫക്കാനിലേയും മലമടക്കുകളിലേക്ക് പിൻവലിയുന്നു. മഴയും വെയിലുമേറ്റ് ഖോർഫക്കാൻ മലകൾ കാലത്തിന്റെ അനന്തതയിലൂടെ കടന്നുപോകുന്നു.

ഞങ്ങൾ ഖോർഫക്കാൻ പട്ടണത്തിലെത്തുന്നു. ഒരു മദ്ധ്യകാലപട്ടണത്തിന്റെ ഛായകളിൽ നിന്ന് ഖോർഫക്കാൻ ഇപ്പോൾ കൂടുതൽ വിടുതൽ നേടിയിരിക്കുന്നു. എവിടെയും ഉയരുന്ന പുതിയ കെട്ടിടങ്ങൾ. ഉടച്ചുവാർക്കപ്പെടുന്ന തുറമുഖം. അകലെ നങ്കൂരമിട്ട കപ്പലുകൾ. ജീവിതത്തിന്റെ അനന്തതയെ ഓർമ്മിപ്പിക്കുന്ന കടൽ സന്ധ്യാപ്രകാശത്തിന്റെ വെയിൽ തിളക്കങ്ങളേറ്റുവാങ്ങി നീണ്ടു പരന്നു കിടക്കുന്നു. ഈ കടൽ കൺതുറക്കുന്നത് ഇന്ത്യാ സമുദ്രത്തിലേക്കാണ്. കടലിൽ മീൻപിടുത്തബോട്ടുകളും പത്തേമാരികളും കടൽക്കാക്കകളും വിഹരിക്കുന്നുണ്ട്. കടൽക്കരയിൽ ഒരു ഹോളിഡേ ഇൻ ഹോട്ടൽ. പാറക്കൂട്ടങ്ങൾ കടലിലേക്കുന്തി നിൽക്കുന്നുണ്ട്. നിഗൂഢമായ ഒരു ചൂളംവിളിയോടെ കാറ്റിരമ്പുന്നുണ്ട്. ആ ഇരമ്പം ഭൂതകാലങ്ങളിലേക്കാണ്ടിറങ്ങുന്നതുപോലെ.

ഖോർഫക്കാൻ തീരങ്ങൾ

(ചന്ദ്രമോഹൻ പറഞ്ഞത്)

കാറ്റിരമ്പുന്ന ഖോർഫക്കാൻ തീരങ്ങൾ പഴംകഥകൾ മൊഴിയുന്നു. പ്രളയത്തെ അതിജീവിക്കാൻ നോഹയുടെ പേടകത്തിലേറിയ പുതിയ മനുഷ്യരുടെ കഥകളാണവ. അവരുടെ തുഴകൾ സുവർണ്ണഭൂമിയെക്കുറിച്ചുള്ള കനൽത്തിളക്കങ്ങളായിരുന്നു. അവർ തിരമാലകളോടൊപ്പമാണ് പോയിക്കൊണ്ടിരുന്നത്. പക്ഷേ, അവർക്കുമുകളിൽ ആകാശം മരിച്ചവരുടെ പാശം പോലെ തൂങ്ങിക്കിടന്നിരുന്നു. കടൽ പ്രക്ഷുബ്ധമായിരുന്നു. ഉദ്വേഗവും ആശങ്കയും പരിഭ്രാന്തിയും കലർന്ന സ്വരത്തിൽ അവർ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ദൈവമേ, നീ ഞങ്ങളെ എവിടേക്കാണ് കൊണ്ടുപോകുന്നത്? മരണത്തിന്റെ കരിയിലകളിലേക്കോ ജീവിതത്തിന്റെ ഇളംകാറ്റിലേക്കോ?

"നോഹയുടെ പേടകം വന്നിറങ്ങുന്നത് ഖോർഫക്കാനിലായിരുന്നു" ചന്ദ്രമോഹൻ പറഞ്ഞു.

"കടൽ ജീവിതം ചവച്ചുതുപ്പിയ കുറെ ചണ്ടികളായിരുന്നു ഞങ്ങൾ. കടൽചൊരുക്കും പട്ടിണിയും ബാധിച്ചവർ, കുളിക്കാതെയും ചീകാതെയുള്ള ചൃപതലമുടിയും ഒട്ടിയ കവിളും കുഴിയി



ലേക്കിറങ്ങിയ ദൈന്യമാർന്ന കണ്ണുകളുമുള്ള കുറെ മനുഷ്യർ. കൂട്ടത്തിൽ നിന്നൊറ്റപ്പെട്ട ഞാൻ കടൽത്തീരത്തെ ഈർപ്പം നിറഞ്ഞ മണ്ണിലൂടെ ഏകനായി നടന്നു. കടൽത്തീരത്ത് അറബിക്കുട്ടികൾ പന്തുകളിച്ചുകൊണ്ടിരുന്നു. എന്നെ നോക്കി അവർ ആർക്കുകയും എനിക്കജ്ഞാതമായ ഭാഷയിൽ അട്ടഹസിക്കുകയും ചെയ്തു. പിന്നെ ചില കല്ലുകൾ എനിക്കു നേരെ പറന്നു വന്നു. ജീവിതത്തിന്റെ ശിക്ഷകളിൽ നിന്നോടിയൊളിക്കാൻ ഞാൻ ആ കടൽത്തീരത്തുകൂടി ഓടി. ഉയരത്തിലേക്കു പോകുന്ന ആ പാത കടലിലേക്കുന്തി നിൽക്കുന്ന കുറെ പാറകളിൽ അവസാനിച്ചു. അവിടെ ഞാൻ ഏകനായി ഒരു പാറമേൽ ചാരിയിരുന്നു. എനിക്കു പുറകെ കടൽ പ്രക്ഷുബ്ധമായിരുന്നു. തിരമാലകൾ പാറക്കൂട്ടങ്ങളിൽ തലതല്ലുന്നുണ്ടായിരുന്നു. കാറ്റിന്റെ മുഴക്കം ഒരു ഇരമ്പലായി ചുറ്റും നിറയുന്നുണ്ടായിരുന്നു. ഒരു സിംഫണിപോലെ മുഴക്കങ്ങളെ പാറക്കൂട്ടങ്ങൾ അകലേക്കു കൊണ്ടുപോയി".

പട്ടണത്തിലെ മാലിന്യങ്ങൾ അവിടെ കൂട്ടിയിട്ടിരുന്നു. മാലിന്യങ്ങൾ കൊത്തിവലിച്ചുകൊണ്ട് അവിടെ കാക്കകളുണ്ടായിരുന്നു.

വികാരങ്ങൾ അന്യമാക്കപ്പെട്ട അവസ്ഥയിൽ ഞാൻ ഏറെ നേരമങ്ങനെയിരുന്നു.

പിന്നെ ലക്ഷ്യമില്ലാതെ വീണ്ടും ഇറങ്ങി നടന്നു. ആരുടെയൊക്കെയോ സഹായഹസ്തങ്ങളിൽ പിന്നീട് ഖോർഫക്കാനിൽ കുറച്ചു കാലം തങ്ങി. കടൽജീവിതത്തിലെ നീണ്ട പട്ടിണി കാരണം വെള്ളവും ഭക്ഷണവും എത്രയോ നാൾ ആർത്തിയോടെയല്ലാതെ കഴിക്കാൻ സാധിച്ചിരുന്നില്ല. ചെറിയ ചെറിയ ജോലികൾ കിട്ടി. ആദ്യത്തെ ജോലി ഒരു ഇഷ്ടികക്കളത്തിലായിരുന്നു. അവിടെ പണിതുവെച്ച ഇഷ്ടികകളിൽ കാക്കകൾ വന്നിരുന്ന് കാഷ്ടിക്കുകയും ഇഷ്ടികമേൽ പാടുകൾ തീർക്കുകയും ചെയ്തിരുന്നു. അവയെ ആട്ടിയോടിക്കലായിരുന്നു എന്റെ പ്രധാന ജോലി.

പ്രഭാത കൃത്യങ്ങൾക്കു കടപ്പുറം തന്നെയായിരുന്നു ശരണം. ഞങ്ങൾ പുറംനാട്ടുകാരും അറബികളും കടപ്പുറത്ത് നിരന്നിരുന്നു. അവരിൽ സ്ത്രീകളും പുരുഷന്മാരും ഉണ്ടായിരുന്നു. അറബികൾ ഞങ്ങളെപ്പോലെതന്നെ ദരിദ്രരായിരുന്നു. അവരിൽപ്പലരും കടലിലേക്ക് പോകുന്നവരായിരുന്നു. പടഞ്ഞാറുനിന്ന് ഖോർഫക്കാനിലേക്ക് നീളുന്ന ഹൈവേയുടെ പണി തുടങ്ങിക്കഴിഞ്ഞിരുന്നു. പാറകൾ തുരന്നും പാലങ്ങൾ കെട്ടിയും മലമടക്കുകൾക്കിടയിലൂടെ അനായാസമായ ഒരു രണ്ടുവരിപ്പാത. ഞങ്ങളുടെ ഒട്ടേറെ നവാഗത സുഹൃത്തുക്കൾ പിക്കാസും മൺവെട്ടികളുമേന്തി റോഡുപണിക്കാരായി. യുദ്ധത്തിലും സമാധാനത്തിലും ജീവിതത്തിന്റെ ദുഷ്ക്കരമായ പാതകൾ വെട്ടിത്തെളിയിക്കുന്ന ആസാം പണിക്കാരുടെ പിൻമുറക്കാർ. ചിലരൊക്കെ ടൈം കീപ്പർമാരായി. കാലത്ത് കമ്പനി വണ്ടിയുടെ പിക്കപ്പിലേറി അവർ സൈറ്റിലിറങ്ങി. വൈകുന്നേരങ്ങളിൽ ഖോർഫക്കാനിലേക്ക് തിരികെ വന്നു. ഹിന്ദിപ്പടങ്ങൾ കളിച്ചിരുന്ന ഒരു ഓപ്പൺ തീയേറ്ററായിരുന്നു ഖോർഫക്കാനിലെ ആകെയുള്ള വിനോദോപാധി. ടെലിവിഷൻ പ്രചാരത്തിലായിരുന്നില്ല.

പുതിയ ഹൈവേ നിർമ്മാണത്തിൽ റോഡുപണിക്കാരനായി എന്റെ അയൽപക്കക്കാരനായിരുന്ന ബാബുവുമുണ്ടായിരുന്നു. അവനെപ്പോഴും വെളിപാടുകളായിരുന്നു. രണ്ടു മാസം ഷേവൽ ഏന്തിയ ബാബു മിച്ചപ്പണം കൊണ്ട് അലക്കുകടയിൽ നിന്ന് ഒരു പഴയ സൂട്ട് മേടിച്ചു. ടൈയും സൂട്ടുമണിഞ്ഞുകൊണ്ടാണ് അവൻ ദുബായിലേക്ക് പോയത്. അവിടെച്ചെന്ന് ഒരു സായ്പിനെപ്പോലെ ജീവിക്കാനാകുമെന്നായിരുന്നു അവന്റെ വെളിപാടുകൾ. (ഒരു ദിനം ദുബായ്പ്പുഴയോരം വിട്ട് അവൻ നാട്ടിലെത്തി. കുറെനാൾ മാനസികരോഗാശുപത്രിയിലായിരുന്നു. ഒരു വെളിപാടിന്റെ അവസാനം അവൻ മുറ്റത്തെ മാവിൻകൊമ്പിൽ തൂങ്ങി.) സ്വാതന്ത്ര്യത്തിന്റെ അർദ്ധശതാബ്ദികളും പുതിയ സഹസ്രാബ്ദങ്ങളും വിരിയുമ്പോൾ നാം പിന്നിലേക്ക് ഒരാചാരമെന്നോണം തിരിഞ്ഞുനോക്കുന്നു. പക്ഷേ, തൊഴിൽ തേടിയെത്തിയ പ്രവാസിക്കൂട്ടങ്ങളുടെ പഴംകഥകൾ ആരും പറയാത്തതെന്തേ?

തുടരും

സാംസ്കാരിക പഠനം

മാതൃവിലാപവും കടൽ തുറമുഖവും

കിരൺ പ്രഭാകർ

മുതാക്കര ക്രൈസ്തവരുടെ സാംസ്കാരികസ്വത്വവും മതാത്മക വ്യവഹാരവുമാണ് ഇവിടെ ചർച്ച ചെയ്യുന്നത്

എഴുതപ്പെട്ട ചരിത്രപാഠങ്ങൾ ഉന്നയിക്കുന്ന ധാരണകളുടെയും സാമാന്യബോധത്തിന്റെയും ഭദ്രതയിൽനിന്നും, പൂർവ്വകാലത്തിന്റെ തീർശേഷിപ്പുകൾ എന്നു വിശേഷിപ്പിക്കാവുന്ന ഒറ്റപ്പെട്ട ചില സാംസ്കാരികാസ്തിത്വങ്ങൾ (Cultural entities) സാമൂഹികമായ തിരിച്ചറിവിന്റെ പ്രശ്നമണ്ഡലങ്ങളിലേയ്ക്ക് നമ്മെ വിളിച്ചുണർത്തുന്നു. ചരിത്രപരമായ ഇത്തരം സാംസ്കാരിക സ്വഭാവങ്ങൾ പ്രദാനം ചെയ്യുന്ന ധാരണകൾ കേവലം വെളിപാടുകൾപോലെ അവശേഷിക്കുന്നവയുമല്ല. മറിച്ച് ചരിത്രധാരണകളും വീവരണങ്ങളും രൂപപ്പെടുന്ന സാമൂഹിക സാഹചര്യങ്ങളെയും സാംസ്കാരികധാരകളെയും സമ്പന്ധിച്ച കാര്യകാരണബന്ധമായ അറിവുകളിലേയ്ക്കുള്ള സൂചകങ്ങളാണവ. കൊല്ലം നഗരത്തിന്റെ അതിർത്തിയിലുള്ള 'മുതാക്കര' എന്ന പഴക്കമേറിയ ക്രൈസ്തവ അധിവാസഭൂമി, അതിന്റെ തനതായ സാംസ്കാരികസ്വത്വത്തിന്റെ അടിസ്ഥാനത്തിൽ, ഈവിധം ലിഖിതചരിത്രത്തിന്റെ സാമാന്യധാരണകളിൽനിന്നും നമ്മെ വീണ്ടെടുക്കുന്നു.

ഐക്യകേരളത്തിന്റെ ദേശീയ ഭൂപടം ഭാഷയെ അടിസ്ഥാനമാക്കിയുള്ളതാണ്. എന്നാൽ ദേശീയ സംസ്കൃതിയുടെ ഭാഷാപരമായ ഏകതാനതയിൽനിന്നും വേറിട്ടുനിൽക്കുന്ന ചില ഭൂവിഭാഗങ്ങൾ കേരളത്തിൽ ഇപ്പോഴും അങ്ങിങ്ങായി കണ്ടെത്താനാവും. വടക്കുപടിഞ്ഞാറൻ തീരദേശം മുതൽ കൊല്ലംവരെയും– പിന്നീട് കോറമാൻഡൽ തീരംവരെയും നൈരന്തര്യമില്ലാതെ അവർത്തിതമായി കാണപ്പെടുന്ന ഒട്ടേറെ തമിഴ് ഭാഷാപ്രവിശ്യകൾ. അവയുടെ സാമാന്യസ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ ചില ചരിത്രപരമായ പ്രശ്നങ്ങൾ ഉന്നയിക്കുന്നുണ്ട്. ഭാഷാടിസ്ഥാനത്തിൽ വ്യത്യയാത്മകമായി നിലകൊള്ളുന്ന ഈ ദേശങ്ങളെ രേഖീയമായി ബന്ധിപ്പിച്ചുകൊണ്ട്, ക്രൈസ്തവ മതകോളനിവത്കരണത്തിന്റെ ഒരു ഭൂപടം നമുക്ക് വരച്ചുണ്ടാക്കാനാവും. വൈദേശിക മതത്തിന്റെ ഭാഷാടിസ്ഥാനത്തിലെ തനത്വത്കരണത്തിൽനിന്നും (indiginisation) രൂപംകൊണ്ട ഈ ക്രൈസ്തവ ഭൂപടം കേരളത്തിന്റെ പൊതു സംസ്കാരധാരകളിൽനിന്നും വേറിട്ടുനിൽക്കുന്നു. തമിഴിനെ വ്യവഹാരഭാഷയായും മതഭാഷയായും സ്വീകരിച്ച ഈ ഭൂവിഭാഗങ്ങൾ ദേശീയ സംസ്കൃതിയുടെ മണ്ഡലത്തിൽ പ്രാന്തവൽകൃതമായി കാണപ്പെടുകയും ചെയ്യുന്നു. സാമാന്യവീക്ഷണത്തിൽ മുതാക്കരയും ഇത്തരത്തിലെ ക്രൈസ്തവ ഭൂപടത്തിലെ ഒരു സാംസ്കാരിക പ്രവിശ്യയാണ്. എന്നാൽ സൂക്ഷ്മനിരീക്ഷണത്തിൽ, ഇത്തരം ഒരു ക്രൈസ്തവ ഭൂപടത്തിലും മുതാക്കര വ്യത്യയാത്മകമായാണ് നിലകൊള്ളുന്നത് എന്നു കാണാനാവും. മതാത്മക വിശ്വാസത്തിന്റെ പ്രത്യക്ഷതകളിൽ, സമൂഹസമ്മതികളിൽ (social sanctions) ആചാരാനുഷ്ഠാനങ്ങളിൽ, രാഷ്ട്രീയഘടനയിൽ, വംശബോധത്തിൽ– ഒക്കെ ഇവിടെയും മുതാക്കര വേറിട്ടുനിൽക്കുന്നു. അതുകൊണ്ടുതന്നെ മുതാക്കരയുടെ സവിശേഷമായ സാംസ്കാരിക സ്വഭാവം അപഗ്രഥനത്തിൽ ഒട്ടേറെ സങ്കീർണ്ണതകൾ സൃഷ്ടിക്കുന്നുണ്ട്.

മുതാക്കര ക്രൈസ്തവർ

ലത്തീൻ കത്തോലിക്ക സമുദായത്തിന്റെ ഒരു സംയുക്ത മതാത്മകധാരയെപ്പോലും മുതാക്കര സ്വീകരിക്കുന്നത് തികച്ചും മൗലികമായ രീതിയിലാണ്. ക്രൈസ്തവ മതവിശ്വാസം മറ്റേത് ജനവിഭാഗങ്ങളുടേതിനേക്കാളും അഗാധമാണ് മുതാക്കരയിൽ എന്നത് ഇവിടെ വിസ്മരിച്ചുകൂടാ. ഉണ്ണിയീശോ ഒരു ദരിദ്രബാലനായി തങ്ങളുടെ പുരാതന ദേവാലയത്തിലെത്തിയെന്നും. പിന്നീട് അരൂപിയായി തങ്ങളുടെ ഇടയിൽ ജീവിക്കുന്നുവെന്നും മുതാക്കരക്കാർക്കിടയിൽ ഒരു വിശ്വാസമുണ്ട്. (മുതാക്കരയിലെ സ്ത്രീകൾ ദേവാലയത്തിൽനിന്ന് ഇന്നും ഉണ്ണിയീശോയുടെ ശബ്ദം കേൾക്കുന്നു.) ഈവിധം. മാനുഷികബന്ധങ്ങളുടെ വിനിമയതലത്തിൽ ഇടം കണ്ടെത്തുന്ന, ജീവിക്കുന്ന പ്രകാശനങ്ങളാണ് മുതാക്കരക്കാരുടെ വിശ്വാസപ്രത്യക്ഷങ്ങളൊക്കെയും. വാത്സല്യഭക്തിയുടെ സ്വഭാവമുള്ള ഈശ്വരബന്ധം സൃഷ്ടിക്കുന്ന ഒരു ബാലപ്രതിരൂപമായാണ് യേശുവിനെ അവർ വാഴ്ത്തുന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ദുഃഖവെള്ളിയാഴ്ചയോടനുബന്ധിച്ച് മുതാക്കരയിൽമാത്രം കാണപ്പെടുന്ന സവിശേഷമായ ഒരു മാതൃവിലാപ അനുഷ്ഠാനവും ഇക്കാര്യമാണ് വെളിവാക്കുന്നത്. എന്നാൽ സംരക്ഷണശുശ്രൂഷയുടെ സ്വഭാവമുള്ള ഈ ഭക്തിബന്ധത്തിൽനിന്നും ഭിന്നമായി മറ്റൊരു അനുഷ്ഠാന പ്രതിരൂപവും മുതാക്കരയുടെ സമൂഹമനസ്സിൽ കുടിയിരിക്കുന്നുണ്ട്. പ്രഥമദൃഷ്ടിയിൽ ഇത് ക്രൈസ്തവമതത്തിൽ സാമാന്യമായി കണ്ടുവരുന്ന 'രക്ഷകൻ' എന്ന നിലയിലെ ദൈവപ്രതിനിധാനമായിത്തോന്നാം. ദൈവകോപത്തെ സംബന്ധിച്ച സമൂഹവിശ്വാസം. മുതാക്കരക്കാർക്കിടയിൽ പ്രവർത്തിക്കുന്നത് ഇവിടെ ശ്രദ്ധേയമാണ്. ഈശ്വരകോപത്തെ മുൻനിർത്തിയുള്ള വിശ്വാസങ്ങൾ യഥാർത്ഥത്തിൽ അതിനു മറുപുറമായ ദൈവസംരക്ഷണയുടെ ആശയങ്ങളിൽനിന്നുമാണ് ഉയിർക്കൊള്ളുന്നത്. അസുഖങ്ങൾക്ക് ശമനം വരാനും രോഗപീഡകളുണ്ടാ

കാതിരിക്കാനും ശിരസ്സ് മുണ്ഡനം ചെയ്യുന്ന ആചാരം (ഇത് സെന്റ് ആന്റണിയെ അനുസ്മരിച്ചുകൊണ്ടുള്ളതാണെന്ന് മുതാക്കരക്കാർ പറയുന്നു), കരയുടെ രക്ഷയ്ക്കായി കത്തോലിക്കാ പുരോഹിതന്റെ സഹായത്തോടെ അനുഷ്ഠിക്കുന്ന 'കടൽ തുറക്കൽ' എന്ന അനുഷ്ഠാനം തുടങ്ങിയവയുടെ അടിസ്ഥാനം ഈശ്വരപ്രീതിയാണ്. കൂടാതെ ദുഃഖവെള്ളിയാഴ്ചകളിൽ ഒരു രാത്രി മുഴുവൻ നിണ്ടുനിൽക്കുന്ന മുതാക്കരയിലെ വിലാപപ്രാർത്ഥനയിലും. ഈശ്വരൻ പ്രതിനിധാനം ചെയ്യപ്പെടുന്നത് ഇത്തരത്തിലെ രക്ഷാസങ്കല്പത്തിൽത്തന്നെയാണ്. രക്ഷിത/രക്ഷക പ്രതിരൂപങ്ങളുടെ അടിസ്ഥാനത്തിലെ ഇത്തരം വിശ്വാസബോധം ഗോത്രദൈവസങ്കല്പത്തിൽനിന്നും ഉയിർകൊള്ളുന്നതാണ്. മുതാക്കരയിലെ ക്രിസ്തു, പലപ്പോഴും അവരുടെ വിശ്വാസഗതികളിൽ കുലദൈവസങ്കല്പത്തിന്റെ നിലകളിൽ, മാനുഷികബന്ധ ശ്രേണികളുടെ കേന്ദ്രമാക്കപ്പെടുന്നു.

തീരദേശ ക്രൈസ്തവരുടെ മിശ്രിതമതാവബോധത്തെ സംബന്ധിച്ച സാംസ്കാരിക പഠനങ്ങൾ ഒട്ടേറെ ലഭ്യമാണ്. ബഹുദൈവവിശ്വാസം (polytheism) ഇവർ വൈദേശിക മതത്തെ ഉൾക്കൊണ്ട വ്യാകരണമാണെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുമുണ്ട്. എന്നാൽ മുതാക്കരയുടെ ക്രൈസ്തവവിശ്വാസത്തെ ഈവിധം വിലയിരുത്തുക സാദ്ധ്യമല്ല. (പിൽക്കാലത്ത് വന്നുചേർന്ന പ്രാന്തവാസികളായ തമിഴ് ക്രൈസ്തവർ ഈവിധത്തിലുള്ള വിശ്വാസസംഹിതകൾ പിൻതുടരുന്നുണ്ടാവാം.) തനത് വിശ്വാസധാരകളിലെ ഒരുതരം ആദേശമാണ് മുതാക്കരയിലെ ക്രൈസ്തവ വിശ്വാസത്തിന്നാധാരം. തികച്ചും ക്രൈസ്തവം എന്ന നിലയിലേയ്ക്കുള്ള മതാത്മകമായ ഒരു പരിണാമം എന്ന് ഇതിനെ വിശേഷിപ്പിക്കാം. അതായത്, ചരിത്രപരമായ തനത് വിശ്വാസപ്രമാണങ്ങളുടെയും ആചാരഘടനകളുടെയും ഏകകേന്ദ്രം എന്ന നിലയിലാണ് ഇവിടെ ക്രിസ്തുവിശ്വാസം കുടികൊള്ളുന്നത്. എന്നാൽ, മതാത്മകമായ സമൂഹക്രമങ്ങളെ മുതാക്കര പിൻതുടരുന്നില്ല എന്നതും ശ്രദ്ധേയമാണ്. ക്രൈസ്തവവത്കരിക്കപ്പെട്ട സമൂഹരീതികളെ നിഷേധിക്കുകയും തങ്ങളുടെ സമൂഹവിശ്വാസത്തെ ക്രിസ്തുഭക്തിയിൽ ഉള്ഞാനസ്നാനം ചെയ്യുകയും ചെയ്യുന്ന ഒരു സവിശേഷരീതിയാണ് മുതാക്കരയുടേത്. മതപരമായ സാമൂഹിക സംഹിതകളെ വിശ്വാസത്തിൽനിന്നും ഒഴിച്ചുനിർത്തുന്ന ഈ പ്രത്യേകത എന്തുകൊണ്ട് നിലനിൽക്കുന്നു എന്നത് അന്വേഷിക്കേണ്ടതുണ്ട്.

സമൂഹക്രമം

സുഘടിതമായ ഒരു സമൂഹക്രമം മുതാക്കരയിൽ നിലനിൽക്കുന്നുണ്ട്. എന്നിരിക്കിലും സമൂഹരൂപീകരണത്തെ സംബന്ധിച്ച ഏത് വിവരണാത്മക അപഗ്രഥനങ്ങളും മുതാക്കര സമൂഹത്തിന്റെ ഭിന്നാത്മകതയിൽ (heterogenity) അടിയുറച്ചതായിരിക്കുകയും ചെയ്യും. വിവിധങ്ങളായ സാമൂഹികസംഘാതങ്ങളുടെ (social bands) ശക്തിമത്തായ ഒരു ഏകാത്മകതയാണ് ഇവിടെ കാണപ്പെടുന്നത്. തൊഴിൽ തുടങ്ങി അനേകം തരത്തിലെ സാമൂഹികധർമ്മങ്ങളുടെ അടിസ്ഥാനത്തിൽ വിവിധങ്ങളായി മനസ്സിലാക്കാവുന്ന ഈ കൂട്ടങ്ങൾ വിവാഹം, ആചാരബന്ധങ്ങൾ, അന്യോന്യാധികാരങ്ങൾ എന്നിങ്ങനെ ഒട്ടേറെ ഘടകങ്ങളുടെ സഹായത്തോടെ ഒന്നാക്കപ്പെട്ടിരിക്കുന്നു.

മരുമക്കത്തായം പിൻതുടരുന്ന അപകേന്ദ്രിതമായ ഒരു സമൂഹഘടനയാണിതെന്ന് സാമാന്യമായി പറയാം. സാമൂഹിക നിയമങ്ങളുടെ നിശിതമായ പ്രയോഗത്തിലൂടെ കൈവരുന്ന ഒരു സംയുക്തതയല്ല മുതാക്കരയിലുള്ളത്. മുൻകാലങ്ങളിൽ ഒരു സമുദായ അദ്ധ്യക്ഷൻ ഉണ്ടായിരുന്നെന്നും അയാൾ 'മൂത്തോര്' എന്നാണ് അറിയപ്പെട്ടിരുന്നതെന്നും മുതാക്കര നിവാസികൾ അനുസ്മരിക്കുന്നുണ്ട്. (ഇദ്ദേഹത്തിനെ 'കുഞ്ഞാലിപ്പട്ടം' എന്നും വിളിച്ചിരുന്നു). എന്നാൽ 'മൂത്തോര്' എന്നത് കർക്കശമായ ഒരു ആധികാരിക സ്ഥാനമായിരുന്നില്ല. കരയിലെ ഏകാദ്ധ്യാപക വിദ്യാലയത്തിൽ പഠിപ്പിക്കുക, ദേവാലയത്തിലേയ്ക്കുള്ള ഗീതികളും പ്രാർത്ഥനകളും സംവിധാനം ചെയ്യുക, പ്രാർത്ഥനവേദി ഒരുക്കുക തുടങ്ങിയവയായിരുന്നു മൂത്തോരുടെ കടമകൾ. യഥാർത്ഥത്തിൽ മുതാക്കരയിലെ കൂട്ടായ്മകളെ, രീതിവൈവിദ്ധ്യങ്ങൾക്കുപരി കോർത്തിണക്കുന്നത് സമൂഹസമ്മതികൾ (social sanctions) ആണ്. അന്യജനവിഭാഗങ്ങളോടും ബാഹ്യമായ രാഷ്ട്രീയ- മതഘടനകളോടും പ്രതിപ്രവർത്തിക്കുമ്പോൾ, ഇത്തരത്തിലെ സമൂഹസമ്മതികളുടെ ബലതന്ത്രം കൂടുതൽ വ്യക്തമാകുന്നതാണ്.



മുതാക്കര പള്ളി

മുതാക്കരയെ ഘടനാപരമായി ഏകീകരിക്കുന്ന ഈ സമൂഹസമ്മതികൾ, പൊതുവായ ഒരു സംസ്കാരധാരയുടെ പൗരാണിക സ്വത്വത്തിന്റെ (Archaeological identity) പ്രജ്ഞാബോധത്തിൽനിന്നുമാണ് രൂപംകൊള്ളുന്നത്. മുതാക്കരയെ ചൂഴ്ന്നുനിൽക്കുന്ന എന്തിനുമുണ്ട് ഇങ്ങനെ ചരിത്രപരതയുടെ ഒരു പരിവേഷം എന്നത് ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്. തികച്ചും തനത് എന്നു വിശേഷിപ്പിക്കാവുന്ന ഒരു പാരമ്പര്യബോധമാണ് ഇത്തരത്തിലെ ചരിത്രപരമായ സാമൂഹികധാരണയ്ക്ക് ആധാരമായ വസ്തുത. മാതൃഭാഷയെക്കുറിച്ചുള്ള മുതാക്കര ക്രൈസ്തവരുടെ വാദമുഖങ്ങളെ പിൻതുടർന്നാൽ ഈ പാരമ്പര്യബോധത്തെക്കുറിച്ചുള്ള സങ്കല്പനങ്ങൾ വെളിവാകും. തങ്ങളുടെ ഭാഷ 'മുത്തമിഴാ'ണെന്നതാണ് മുതാക്കര നിവാസികളുടെ വാദം. മുത്തമിഴെന്നാൽ, മലയാളവും തമിഴും ചേർന്ന ഒരു മിശ്രിതഭാഷയല്ലെന്നും, അത് മുൻതമിഴാണെന്നും അവർ പറയുന്നു. മുൻതമിഴ്- എന്നതുകൊണ്ട് വിവക്ഷിക്കുന്നത് പൊതുവായ ഒരു തായ്ഭാഷ (proto language) ആണ്. ഭാഷാപരമായ ഈ ആദിസംസ്കാരബോധംതന്നെയാണ് സാമൂഹിക വ്യവഹാരത്തിന്റെ മണ്ഡലത്തിൽ മുതാക്കരയുടെ സ്വത്വം രൂപീകരിക്കുന്ന സുപ്രധാന ഘടകവും. മുതാക്കരയിലെ 'ചങ്ങാത്തം' മറ്റൊരു സംഘത്തെയോ സമൂഹത്തെയോ സ്വീകരിക്കുന്നതും നിരസിക്കുന്നതും ഈ ആദിബോധത്തിന്റെ അടിസ്ഥാനത്തിലാണ്. സാമ്പത്തികവും സാമൂഹികവുമായ സമാനവർഗ്ഗങ്ങളെ മുതാക്കര പലപ്പോഴും നിരസിക്കുന്നതിന് കാരണമിതാണ്. (സാമ്പത്തികമായി ഒരേ വർഗ്ഗത്തിൽപ്പെടുത്താവുന്ന തമിഴ് ക്രൈസ്തവരുടെ ഒരു അയൽസമൂഹത്തെ മുതാക്കര തികച്ചും നിഷേധിക്കുന്നത് ഇതിന് ഒരു ദൃഷ്ടാന്തമാണ്.) മുതാക്കരയിൽ പിൽക്കാലത്തു നടന്ന കുടിയേറ്റങ്ങളുടെ ചരിത്രവും രീതിയും അന്വേഷിക്കുമ്പോഴും ഇക്കാര്യം കൂടുതൽ പ്രസക്തമായിത്തീരുന്നു. കുടിയേറ്റക്കാരൻ യഥാർത്ഥത്തിൽ പുത്തൻ സംസ്കൃതിയുടെ അന്യമണ്ഡലത്തിലേയ്ക്കല്ല ഇവിടെ എത്തപ്പെടുന്നത്. (മുതാക്കരയിലെ ഒരു വൃദ്ധൻ പാടിയ പാട്ടിൽ തെങ്കായൂരും (?) കടന്ന് പരതവന്മാർ വരുന്നതായി ഒരു സൂചനയുണ്ട്. അതിൽ തേടി വരുന്ന ഭൂമി (?) വംശശ്രേണിയിൽ പറഞ്ഞുവച്ച പെണ്ണായാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്.) കുടിയേറ്റങ്ങൾ മാത്രമല്ല, മുതാക്കരയിലെ വിവാഹങ്ങൾ, തൊഴിൽബന്ധങ്ങൾ, കച്ചവടവിനിമയങ്ങൾ എന്നിവയിലെല്ലാം ചരിത്രപരമായ ഈ വംശബോധത്തിന്റെ പശിമയുണ്ട്.

സമൂഹക്രമത്തെ നിർണ്ണയിക്കുന്ന ഈ പൗരാണികബോധത്തെ ചരിത്രകാലങ്ങളിലൂടെ തനതായ സമൂഹഘടന പ്രതിപ്രവർത്തനാത്മകമായി സംരക്ഷിക്കുന്നതും കാണാം. ക്രൈസ്തവ സമൂഹപ്രമാണങ്ങൾക്ക് നിരക്കാത്ത ഒട്ടേറെ ആചാരാനുഷ്ഠാനങ്ങൾ (പുളികുടികല്യാണം, വളയിടൽ, പൊന്നുരുക്കൽ, കോടിയിടൽ, താലിയറുപ്പ്...) മുതാക്കരയിൽ നിലനിൽക്കുന്നതിന് നിദാനമായ വസ്തുതയും ഇതുതന്നെ.■

തുടരും

അംഗവൈകല്യം ആനുകൂല്യമല്ല

കെ.ആർ. ഉപേന്ദ്രവർമ്മ

അക്തറിൻെറയും മുരളീധരൻെറയും ബൗളിംഗ് പാകപ്പിഴകളെപ്പറ്റി

രണ്ടുപേർ കൂടിയാൽ, ഒരു കാര്യത്തിന് മൂന്നഭിപ്രായമുണ്ടാവുമെന്നു തീർച്ചയാണ്. അതുകൊണ്ട് സമൂഹത്തിന്റെ സുഗമമായ ഗതിക്ക് സാമാന്യബുദ്ധിയും നീതിബോധവും ഒരളവുവരെ പ്രായോഗികതയുമൊക്കെ കണക്കിലെടുത്ത് സമൂഹംതന്നെ ചില നിയമങ്ങൾക്കു രൂപം നൽകും. അതനുസരിച്ച് ജീവിക്കുകയാണ് അരാജകത്വത്തിൽനിന്നു രക്ഷപ്പെടാൻ നാം കണ്ടുപിടിച്ചിട്ടുള്ള ഒരു പ്രധാന ഉപാധി.

പക്ഷേ, അനുഭവത്തിൽനിന്ന് ഒന്നു നാം മനസ്സിലാക്കിയിട്ടുണ്ട്. പലപ്പോഴും ഇത്തരം നിർദ്ദേശരേഖകൾ അവ എന്തിനെ പരിഹരിക്കാനുദ്ദേശിക്കപ്പെട്ടവയാണോ ആ ലക്ഷ്യം കൈവരിക്കുന്നില്ല എന്ന്. പ്രശ്നങ്ങൾ കൂടുതൽ വഷളാക്കുകയാണ് ഇവ അപൂർവ്വമായെങ്കിലും ചെയ്യുക. പലപ്പോഴും ഒരു നിയമത്തിന്റെ ചട്ടക്കൂട്ടിനുള്ളിൽനിന്നാണ് നാം പ്രവർത്തിക്കുന്നത് എന്ന ഒരു വ്യാജസുരക്ഷാബോധം മാത്രമാണ് ഇത്തരം നിയമങ്ങൾ നമ്മിലുളവാക്കുക.

ജീവിതത്തിലെന്നപോലെ ക്രിക്കറ്റിലും ഇത്തരം സന്ദർഭങ്ങളുണ്ടാകാറുണ്ട്. അവയിലൊന്നാണ്, നോബാൾ നിയമം. പോഷിംഗ്, റിട്ടേൺക്രീസുകളുമായി ബന്ധപ്പെട്ട നോബാളല്ല വിഷയം. വർദ്ധിച്ച പ്രയോജനത്തിനായോ കൃത്യമായും ആ ലക്ഷ്യമില്ലാതെയോ ബൗളർ കൈമടക്കി പന്തെറിയുന്ന സന്ദർഭമാണ് വിഷയം.

ഇടയ്ക്കിടയ്ക്ക് അന്താരാഷ്ട്രതലത്തിൽ ചില ബൗളർമാർ ഇത്തരം ആരോപണത്തിന് വിധേയരാകാറുണ്ട്. പലതരത്തിലാണ് ആ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാറുള്ളത്. പണ്ടൊക്കെ ബൗളറോട് ആക്ഷൻ മാറ്റാനാവശ്യപ്പെടുമായിരുന്നു. അതു വിജയകരമായി സാധിക്കാത്ത ബൗളർമാർ ക്രമേണ തങ്ങളുടെ ഫലപ്രാപ്തി നഷ്ടപ്പെട്ട് അരങ്ങൊഴിഞ്ഞുകൊടുക്കും. ഇപ്പോൾ കാര്യങ്ങൾക്ക് ചെറിയൊരു വ്യത്യാസമുണ്ട്. ഒരു ബൗളർ കൈമടക്കിയെറിയുന്നുവെന്ന് ഒരു അമ്പയർ വിധിച്ചാൽ, ആ അമ്പയർ വില്ലനായി മാറുകയാണ് ആദ്യഘട്ടം. (മനപ്പൂർവ്വം പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന അമ്പയർമാരില്ല എന്ന് എനിക്ക് അഭിപ്രായവുമില്ല.)

ആ ബൗളറുടെ ക്രിക്കറ്റ് ബോർഡും ആ രാജ്യത്തിലെ മാദ്ധ്യമങ്ങളും ആ ബൗളർ തെറ്റുകാരനല്ലെന്നും ഇതെല്ലാം ആ അമ്പയറുടെയും അയാൾ പ്രതിനിധാനം ചെയ്യുന്ന രാജ്യത്തിന്റെയും ഗൂഢാലോചനയാണെന്നും സ്ഥാപിക്കും. അതു സ്വാഭാവികം. കാരണം, വർദ്ധിച്ച ആനുകൂല്യം ലഭിക്കുന്ന ഒരു ബൗളർ കൂടുതൽ ഫലപ്രാപ്തിയുള്ള ബൗളറാകുന്നു എന്നതുകൊണ്ടു തന്നെ ഒരു ടീമിൽ അയാളുടെ പ്രസക്തി വർദ്ധിക്കുന്നു എന്നത് വ്യക്തം. വ്യത്യസ്താഭിപ്രായമുള്ളവർ ആ രാജ്യത്തുണ്ടെങ്കിൽപോലും, ഇന്ന് സർവ്വസാധാരണമായ ഒരു ഫാഷിസ്റ്റ് പ്രചരണതന്ത്രം തന്റെ ജീവിതം നശിപ്പിക്കേണ്ടെന്നു കരുതി അവർ നിശ്ശബ്ദരാവുകയാണ് പതിവ്.

മുത്തയ്യ മുരളീധരൻ, ഷുഹൈബ് അക്തർ, ബ്രെറ്റ്ലീ, ഹർബജൻസിംഗ് തുടങ്ങി പലരെപ്പറ്റിയും പരാതിയുണ്ടെങ്കിലും ഈ ലേഖനപരിധിയിൽ ഞാൻ മുരളീധരനെയും അക്തറിനെയും മാത്രമേ ഉൾപ്പെടുത്തുന്നുള്ളു. അതിനു കാരണവുമുണ്ട്. ആ കാരണത്തിലേയ്ക്കു കടക്കും മുൻപ് ഈ വിഷയത്തെക്കുറിച്ചുള്ള നിയമമെന്താണെന്നു നമുക്കൊന്നു നോക്കാം. ബൗൾ ചെയ്യുമ്പോൾ ഓവർ ആം ആയി എറിയണമെന്നു പോലും നിയമമില്ല. റൗണ്ട് ആം ആകാം. ഏതാനും വർഷംമുൻപ് ട്രെവർ ചാപ്പൽ എറിഞ്ഞ അണ്ടർ ആമുമാകാം. അതുപോലെ കൈമടക്കി എറിയരുതെന്നുമില്ല. പക്ഷേ, ഒന്നുണ്ട്. കൈമടക്കിയെറിയാൻ ഒരുങ്ങുന്ന ഒരാൾ പന്തു ഡെലിവർ ചെയ്യുന്നതിനു തൊട്ടുമുൻപായി കൈ നിവർത്തരുത്. അതാണ് നിയമം. അത്രയ്ക്ക് സിംപിൾ. അങ്ങനെ ചെയ്താൽ ബൗളർക്ക് വർദ്ധിച്ച ആനുകൂല്യം കിട്ടുമെന്നു അനുഭവം ഈ നിയമം തയ്യാറാക്കിയവരെ ബോദ്ധ്യപ്പെടുത്തിക്കാണണം. എന്തായാലും ഡെലിവറിക്കു തൊട്ടുമുൻപായി കൈ നിവരാൻ പാടില്ല.

അക്തർ



മുരളീധരൻ

തങ്ങൾ നോബാൾ വിളിക്കുന്ന ബൗളർമാരെല്ലാം ഇങ്ങനെ ചെയ്യുന്നുവെന്നാണ് അമ്പയർമാരുടെ വിശ്വാസം. തങ്ങളുടെ ബൗളർമാർ അങ്ങനെ ചെയ്യുന്നില്ലെന്നു ആ നാട്ടുകാർക്ക് ഉറപ്പാണുതാനും. ഇന്ന് ടെക്നോളജിയുടെ ശല്യം മൂലം പലപ്പോഴും സത്യം ബോദ്ധ്യമാവുമ്പോൾ വാദത്തിന്റെ രീതിയൊന്നു മാറും. തന്റേടമായി പ്രശ്നങ്ങളെ നേരിടാൻ കഴിവില്ലാത്ത ഐ.സി.സി-നമ്മുടെ ജഗ്മോഹൻ ഡാൽമിയയുടെ മുൻപിൽപോലും മുട്ടുവിറച്ച ഐ.സി.സി- ആണ് അത്തരമൊരു ഗതിമാറ്റത്തിന് വഴിമരുന്നിട്ടത്.

ഒരു ബൗളർ 'ചക്ക്' ചെയ്യുന്നുവെന്ന്- കൈ മടക്കുന്നുവെന്ന്- അമ്പയർമാർ പരാതിപ്പെട്ടാൽ ഐ.സി.സി ഇപ്പോഴൊരു പുതിയ പരിപാടി ചെയ്യും: ഒരു വിദഗ്ദ്ധപാനലിനെ നിയമിക്കും. സത്യം കണ്ടുപിടിക്കാൻ. ആ കമ്മിറ്റിയിൽ കളിയറിയുന്ന വിദഗ്ദ്ധരാണെങ്കിൽ മനസ്സിലാക്കാം. പക്ഷേ, പ്രാധാന്യം ഓർത്തോപീഡിക്സിൽ സ്പെഷ്യലൈസ് ചെയ്തവർക്കാണ് എന്നതാണ് ഏറ്റവും രസകരമായ വസ്തുത. കൈ മടങ്ങുന്നുണ്ടോ എന്നു കണ്ടുപിടിക്കലല്ല അവരുടെ ജോലി, ആ കമ്മീഷന്റെ അടിസ്ഥാനലക്ഷ്യം അതായിരിക്കണമെങ്കിലും.

മുരളീധരന്റെയും അക്തറിന്റെയും കാര്യത്തിലെങ്കിലും ഈ ഓർത്തോ വിദഗ്ദർ വിധിയെഴുതി, അവർ ഡെലിവറിക്കു തൊട്ടുമുൻപായി കൈ മടക്കുന്നുണ്ട് എന്നത് ശരിയാണ്. പക്ഷേ, അത് അവരുടെ കുറ്റമല്ല. ദൈവം അവരുടെ കൈ ഉണ്ടാക്കിയിരിക്കുന്നത് അങ്ങനെയാണ്. അവർക്കങ്ങനെ മാത്രമേ എറിയാൻ കഴിയൂ. അതുകൊണ്ട് അവർ തെറ്റു ചെയ്യുന്നില്ല. അതുവഴി അവർക്കും രാജ്യത്തിനും കിട്ടുന്ന നേട്ടം ഒരു ബോണസായി കരുതുക. (ഐ.സി.സി ഉറങ്ങുന്ന ഭീകരനായി തുടരട്ടെ!)

കൈമടക്കാതെ എറിയാൻ മുരളിക്കും അക്തറിനും കഴിയുന്നില്ലെങ്കിൽ, അവരുടെ കാര്യത്തിൽ എനിക്ക് വിഷമമുണ്ട്. പക്ഷേ, അവർ ഇത്രവലിയ ബൗളർമാരായതിനു ഒരു മുഖ്യകാരണം ഈ ന്യൂനതയാണ് എന്നതു മറക്കരുത്. അതിനെ ന്യായീകരിക്കാൻ ശ്രമിച്ചാൽ ക്രിക്കറ്റിന്റെ സ്പിരിറ്റിനെ നാം അവഹേളിക്കുകയാവും ഫലം. കൈ മടക്കാതെ ബൗൾ ചെയ്യാനാകാത്തവർ ക്രിക്കറ്റ് കളിക്കാൻ ഇന്നത്തെ നിയമമനുസരിച്ച് യോഗ്യരല്ല. തേമ്പിയ കൈയും ചട്ടുകാലും ജന്മനായുള്ള വൈകല്യങ്ങളാണെന്നു കരുതി ആരെയും നാം പട്ടാളത്തിലെടുക്കാറില്ലല്ലോ.

അതുകൊണ്ടുതന്നെ മുരളിയുടെ വൈവിധ്യത്തെയും അക്തറിന്റെ വേഗത്തെയും ആദരിച്ചുകൊണ്ടുതന്നെ നമുക്കു വിധിയെഴുതേണ്ടിയിരിക്കുന്നു. അവർ ഈ ക്രിക്കറ്റ് കളിക്കരുതെന്ന്. അവരെന്നല്ല അവരുടെ എല്ലാ പിൻഗാമികളും.■

കുറിപ്പ്

ചില സാംസ്കാരിക വാർത്തകൾ

കല്പറ്റ നാരായണൻ

സാംസ്കാരിക ജീവിതത്തിലെ കാണാപ്പുറങ്ങൾ

'ഗൗരവം' എന്ന അപ്രതിക്ഷിതമായ പേര്. കാതു പൊത്തിപ്പിടിച്ച് കുനിഞ്ഞിരിക്കുന്ന ബുർക്ക ധരിച്ച ഒരു യുവതി(!)യുടെ ഫോട്ടോ. കവർ. ഗൗരവം ശബ്ദത്തിലാണ് എന്ന തിരിച്ചറിവാണ് ഭാഷയെ മാദ്ധ്യമമാക്കി സ്വീകരിക്കാൻ കാരണം എന്ന് ആമുഖക്കുറിപ്പിൽ. അറുപതു പേജോളം വരും. ആദ്യലക്കമായിരിക്കാം. കുത്തഴിഞ്ഞ നിലയിൽ. ആളുകൾ മാറിമാറിയിരുന്നതിന്റെ പാടുകളോടെ. തിരുവനന്തപുരം-മംഗലാപുരം എക്സ്പ്രസിലെ രണ്ടാംക്ലാസ് കമ്പാർട്ടുമെന്റിൽ ആരോ മറന്നിട്ട രൂപത്തിൽ കണ്ടെത്തി. കേരളത്തിലെ സമകാല സാംസ്കാരിക ജീവിതമാണ് ഉള്ളടക്കത്തിന്റെ പശ്ചാത്തലം. സാംസ്കാരിക വാർത്താപത്രിക എന്ന് ഇടതുമൂലയിൽ. തിയതിയോ സ്ഥലമോ വിലയോ പത്രാധിപരുടെ പേരോ ഇല്ല. കേരളീയ ഭൂപ്രകൃതി മാർക്കേസിനെ വെല്ലുവിളിക്കുന്നു എന്നതാണ് മുഖ്യവാർത്ത. ചുവപ്പ്മഴ. മഞ്ഞമഴ. രാവിലെ വെള്ളം കോരാൻ ഭാവിക്കുമ്പോൾ അപ്രത്യക്ഷമാവുന്ന കിണറുകൾ. കുഴിക്കാതെ പൊന്തിവരുന്ന കിണറുകൾ. ഉള്ളിൽ അടങ്ങാത്ത തിരയടിയുള്ള കിണറുകൾ. അകാലത്ത് ഇലപൊഴിക്കുന്ന മരങ്ങൾ... മാർക്കേസ് മലയാളിയാണെന്ന് വീമ്പടിച്ച മലയാളികൾക്ക് പ്രകൃതി നൽകിയ ചുട്ട മറുപടി. ദൂരെ ഗുജറാത്തിൽ ജീവിതങ്ങൾ പിടിച്ച് മറിച്ചിടുമ്പോൾ ഇവിടെ അത് കലാകാരന്മാരെ ഭാവന പഠിപ്പിക്കുന്നു.

'തെങ്ങുമൊഴിയെ' പാർട്ടി അപലപിച്ചു എന്നതാണ് മുൻപേജിലെ ശ്രദ്ധേയമായ ഒരു വാർത്ത. പി.പി.രാമചന്ദ്രന്റെ 'തെങ്ങുമൊഴി' പാർട്ടിയണികൾക്കിടയിൽ വ്യാപകമായ പ്രതിഷേധമുണ്ടാക്കിയിരിക്കുന്നു. കേരളത്തിലെ തെങ്ങുകളെ ദോഷകരമായി ബാധിച്ചത് ഇ.എം.എസ്സാണെന്ന ആരോപണം 'തങ്ങൾക്ക് വിഴുങ്ങാൻ പറ്റുകയില്ല എന്ന് മലപ്പുറം ജില്ലാ കമ്മിറ്റി. പാർട്ടി തുടക്കാലത്ത് തെങ്ങുകളോട് കൈക്കൊണ്ട ശത്രുതാമനോഭാവത്തിന്റെ താത്ത്വികമായ അടിത്തറ പി.പി.രാമചന്ദ്രന് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. "അന്ന് സഖാവെന്റെ മെയ്യിൽ/ ചാരിനിന്ന ഭാഗം/ ഇന്ന് ചിതലേറി ഉള്ള്/ പൊള്ളയായിക്കാണാം." എങ്ങിനെയൊക്കെ വളർന്നുതുടങ്ങിയ തെങ്ങിനെയാണ് ഇ.എം.എസ് ബാധിച്ചതെന്ന് രാമചന്ദ്രൻ പാടുന്നു. 'കേരളത്തിന്റെ എറ്റിമോളജിയെ നശിപ്പിച്ചത് മണ്ഡരിയാണെന്ന ലളിത വസ്തുത പോലും രാമചന്ദ്രൻ മനഃപൂർവ്വം വിസ്മരിക്കുന്നു.

ഇക്കുറിയത്തെ 'യഥാർത്ഥ' അവാർഡുകൾ മാധവനും മേതിലിനും എന്നതാണ് മറ്റൊരു വലിയ വാർത്ത. "മനുഷ്യന്റെ ഏറ്റവും വലിയ വേഗവും ഉയരവും ശക്തിയും ട്രാക്കിലല്ല. തീപിടിച്ചുതുടങ്ങിയ ഫ്ലാറ്റിലോ യുദ്ധമുഖത്തോ ഭക്ഷണപ്പൊതികൾ ഹെലികോപ്റ്ററിൽനിന്ന് വിതറുന്നിടത്തോ ആണ്. 'കവിത' എന്ന ബ്രാന്റ് നെയിമിന് കീഴെ കവിത സാദ്ധ്യമാണോ. അതിനാൽ ഞങ്ങൾ ഇക്കുറിയും പതിവുപോലെ അനൗപചാരികമായി അവാർഡുകൾ നിർണ്ണയിച്ചിരിക്കുന്നു." മലയാളത്തിലെ ഏറ്റവും മികച്ച ചലച്ചിത്രകാരനുള്ള അവാർഡാണ് മാധവന്. മാധവന്റെ കഥകൾക്കുള്ള ദൃശ്യബോധം. അദ്ദേഹത്തോളം മികച്ച ഒരു ചലച്ചിത്രകാരനെ മലയാളി പരിചയപ്പെട്ടിട്ടില്ലെന്ന് നിസ്സംശയം തെളിയിക്കുന്നു. മുയൽവേട്ടയിലെ ഒരു സീൻ ജൂറി എടുത്തുകാട്ടുന്നു. "വാതിലിന്റെ എതിരെയുള്ള ജനലിന്റെ കട്ടളയിൽ ആണിയടിച്ച് തൂക്കിയിട്ടിരിക്കുന്ന കണ്ണാടിയിൽ മുഖംനോക്കി പൊലീസുകാർ ഓരോരുത്തരായി അകത്തുകയറി." മേതിൽ രാധാകൃഷ്ണനാണ് മികച്ച കവി. അദ്ദേഹത്തിന്റെ കവിതകൾ ഇതിനായി പരിഗണിച്ചിട്ടേ ഇല്ല. ഉപന്യാസങ്ങൾ. നോവലുകൾ. കഥകൾ, ശാസ്ത്രോപന്യാസങ്ങൾ എന്നിവ മുൻനിർത്തിയാണ് അവാർഡ്. "പെൺകുട്ടികൾക്ക് നെടുവീർപ്പിടാനാണ് മുലകൾ" പോലെയുള്ള ചില വാക്യങ്ങൾ ജൂറി എടുത്തുകാട്ടിയിട്ടുണ്ട്. വരുംവർഷങ്ങളിൽ അവാർഡ് കിട്ടാനുള്ള കവികളുടെ പരിശ്രമത്തെ മേതിൽ കഠിനമാക്കി എന്നാണ് കമ്മിറ്റിയുടെ ഏകകണ്ഠമായ അഭിപ്രായം.

ആദ്യപേജിൽതന്നെ കവി അയ്യപ്പന് നൽകുന്ന ധനസഹായത്തിന് ഇൻകംടാക്സ് ഇളവ് എന്ന അറിയിപ്പുണ്ട്. സെക്ഷൻ 88 പ്രകാരം മുതലിൽനിന്ന് മുഴുവൻ സംഖ്യയും നേരിട്ട് കുറയ്ക്കാവുന്നതാണ്. ഈ തീരുമാനത്തിലൂടെ സർക്കാരിന് ഗണ്യമായ സംഖ്യ നഷ്ടം വരുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. യഥാസമയം ഒഴിഞ്ഞുമാറാൻ കഴിയാത്ത കാലിനുള്ളക്കോ ഓർമ്മക്കുറവോ ഉള്ള മലയാളികൾക്ക് വലിയ അനുഗ്രഹമായിരിക്കും ഈ ഓർഡർ.

എം.പി.വീരേന്ദ്രകുമാറിനെക്കുറിച്ച് നാലുകോളത്തിൽ ഒരു സചിത്രഫീച്ചറുണ്ട്. രണ്ടാംപേജിൽ. യു.ആർ. അനന്തമൂർത്തിയുടെ സുഹൃത്തും കാപ്പിക്കുരുവിന്റെ പ്രഭുവുമായ എം.പി.വീരേന്ദ്രകുമാറിന്റെ പ്രതിഭയുടെ 'റേഞ്ച്' അപാരമാണെന്ന് ലേഖനത്തിൽ. സാമ്പത്തികശാസ്ത്രം മുതൽ വേദാന്തംവരെ എന്നാണ് ശീർഷകം. വ്യത്യസ്തമായ അഭിരുചിയും വ്യത്യസ്തമായ സാംസ്കാരിക പശ്ചാത്തലവും ഉള്ള. തമ്മിൽ യാതൊരടുപ്പവുമില്ലാത്ത അഞ്ചോ ആറോ വ്യക്തികൾ എഴുതിയപോലെ വൈവിദ്ധ്യമാർന്നവയാണ് അദ്ദേഹത്തിന്റെ രചനകൾ എന്ന് സയുക്തികം തെളിയിച്ചിട്ടുണ്ട് ലേഖകൻ.

സച്ചിദാനന്ദന്റെ കവിതകൾ കണ്ടുകെട്ടി എന്ന ഒരു സംഭ്രമജനകമായ വാർത്തയുമുണ്ട്. നോട്ടടിക്കുന്നതിന് ചെറിയ ഒരനുപാതം സ്വർണ്ണം നിക്ഷേപിക്കണമെന്ന്. പ്രതിസന്ധിഘട്ടത്തിലും ഇന്ത്യയിൽ നിയമമുണ്ട്. എന്നാൽ തികച്ചും അടിസ്ഥാനരഹിതമായി കവിതകൾ നിർമ്മിച്ചുകൂട്ടുകയാണ് ഈ കവി. സത്യത്തിന്റെ ചെറിയൊരനുപാതംപോലും അദ്ദേഹത്തിന്റെ രചനകളിലില്ല. ഫാനിടുമ്പോൾ സച്ചിദാനന്ദന്റെ പുസ്തകത്തിൽനിന്ന് കവിതകൾ പറന്നുപോവുന്നു. എന്ന പരാതി വ്യാപകമായ സാഹചര്യത്തിലാണ് ഈ നിയമനടപടി. കേരളത്തിൽ വൃക്ഷങ്ങൾക്ക് വേരുകളില്ലേ എന്നൊരു നിരൂപകൻ ഏറ്റവും പുതിയ വിദേശയാത്രയ്ക്കിടയിൽ സച്ചിദാനന്ദനോട് നേരിട്ട് ചോദിച്ചു എന്ന വാർത്തയും അനുബന്ധമായി കൊടുത്തിരിക്കുന്നു.

ടി.പത്മനാഭന്റെ കഥകളിൽ 1,84,718 കുത്തുകൾ എന്നതാണ് പാനീയമായ ഒരു വാർത്ത. ടി.പത്മനാഭന്റെ കുത്തുകളിൽ ഗവേഷണം നടത്തിയ ഒരു യുവതിയാണ് ഈ പ്രധാനപ്പെട്ട കണ്ടെത്തലിനു പുറകിൽ. അതിവൈകാരികതയുള്ള തുടക്കക്കുത്തുകൾ, ക്രമേണ വികാരഭാരം അതിലും കൂടുന്ന കുത്തുകൾ, ഒടുവിലെത്തുമ്പോൾ വികാരഭാരംകൊണ്ട് പുലമ്പുന്നവ ഇങ്ങനെ പത്മനാഭന്റെ കുത്തുകളെ വർഗ്ഗീകരിച്ചിട്ടുണ്ട് പ്രസ്തുത ഗവേഷണ പ്രബന്ധത്തിൽ. കുത്തുകൾമാത്രം ഉപയോഗിച്ചുകൊണ്ട് പത്മനാഭൻ കഥകളെഴുതാത്തത് അതിശയമാണെന്ന് പഠനത്തിൽ പറയുന്നു. അത്രയ്ക്ക് വാചാലവും കാവ്യാത്മകവുമാണത്രെ ആ കുത്തുകൾ.

വി.കെ.എന്ന് എഴുപത്തിമൂന്ന് എന്ന ശീർഷകത്തിനു കീഴിൽ അദ്ദേഹവുമായി ഒരിന്റർവ്യൂ. വി.കെ.നാരായണൻകുട്ടി സ്ത്രീലിംഗ പ്രത്യയത്തിൽ അവസാനിക്കുന്നതിലെ അപമാനഭാരം കളയാൻവേണ്ടിയാണ്- അക്കാലത്ത് സാനിട്ടറി നാപ്കിനുകൾ സാർവ്വത്രികമായിട്ടില്ല, തിരുല്ലാമലയിൽ കോറത്തുണി വലിയ ഒച്ചയിൽ ചെറിയ നാടകളായി കീറിയെടുത്താണ് ഉപയോഗിച്ചിരുന്നത്- വി.കെ.എൻ എന്ന പുല്ലിംഗാന്ത നാമരൂപം സ്വീകരിച്ചതെന്ന് ഇന്റർവ്യൂവിൽ അദ്ദേഹം വെളിവാക്കുന്നുണ്ട്. അക്കാലത്ത് നടപ്പായിരുന്ന കൈയിലൊട്ടിപ്പിടിക്കുന്ന ജാതിദുഃഖമുള്ള ഒരു കഥയാണത്രെ അദ്ദേഹം ആദ്യമെഴുതിയത്. കഴുകിയിട്ടും ദുഃഖം കൈയിൽനിന്ന് പോവാത്തതിനാൽ വലിയ ജാള്യത തോന്നിയപ്പോൾ ആണത്രെ കഥാകഥനം മാറ്റിയത്. ഉത്തേജകമരുന്ന് കഴിച്ചിട്ടെഴുതിയ കഥകൾ എന്ന നിലയിൽ തന്റെ കൃതികൾ നിരോധിക്കപ്പെടാനുള്ള നീക്കം കഴിഞ്ഞ ഒളിമ്പിക് കാലത്തുണ്ടായെങ്കിലും എഴുതാത്തപ്പോഴും ഉത്തേജകമരുന്ന് കഴിച്ച് താൻ തന്റെ ഉദ്ദേശശുദ്ധി വെളിവാക്കി രക്ഷപ്പെടുകയായിരുന്നത്രെ. ■

ആത്മകഥ

ജനശ്രദ്ധ ആകർഷിച്ച വാദം

ജി.ജനാർദ്ദനക്കുറുപ്പ്

കോക്കേഴ്സ് കേസിൽ പ്രോസിക്യൂഷൻ നടത്തിയ സാഹസികമായ പരിശ്രമങ്ങളെപ്പറ്റി

70 എന്റെ ജീവിതം

സത്യം മറച്ചുവച്ച് ഒരു കള്ളം പറഞ്ഞാൽ പിന്നെ അതിനെ സാധൂകരിക്കാൻ നിരവധി കള്ളങ്ങൾ പറയേണ്ടിവരും എന്നും അയാൾ കള്ളനായ ഒരു കായംകുളം കൊച്ചുണ്ണിയായിത്തീരുമെന്നും കോടതിമദ്ധ്യത്തിലും പൊതുജനമദ്ധ്യത്തിലും അയാളുടെ ചിത്രം വികൃതമായി വരച്ചുകാട്ടപ്പെടേണ്ടിവരുമെന്നും ഞാൻ ഹെൻട്രി ജോൺസണ് മുന്നറിയിപ്പു നൽകി. എന്റെ ചികിത്സ ഫലിച്ചു. മറ്റു ചില പൊലീസ് ഓഫീസർമാർ പറയുന്നതുപോലെ കയ്യിൽനിന്ന് ഉള്ള ഒരു കള്ളവും അയാൾ പറഞ്ഞില്ല. അബദ്ധം വന്നത് അബദ്ധമായിത്തന്നെ സമ്മതിച്ചാൽ ഒരു ആപത്തുമില്ലെന്ന് ഞാൻ അയാൾക്കു പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു. ഞാനെപ്പോഴും പറയാറുള്ളതുപോലെ സത്യത്തിനു സാമർത്ഥ്യത്തേക്കാൾ സൗന്ദര്യം ഉണ്ട്. പക്ഷേ. ഭൂമിയിൽ സത്യം വിരളമാണ്. സ്വർഗവാതിൽപക്ഷിക്കുപോലും അക്കാര്യത്തിൽ സംശയമാണ്. ഈ കഥാകഥനത്തിനിടയിൽ മൺമറഞ്ഞ ആ മഹാകവിയുടെ കവിതാശകലം ഞാൻ പാടിക്കൊടുത്തു.

"സ്വർഗവാതിൽ പക്ഷി ചോദിച്ചു
ഭൂമിയിൽ സത്യത്തിനെത്ര വയസ്സായി"

സ്വർഗത്തോ സത്യമില്ല. ഭൂമിയിൽ സത്യമുണ്ടെങ്കിൽ അതിനെത്രവയസായെന്നാണ് സ്വർഗവാതിൽപക്ഷി ചോദിക്കുന്നത്. നമ്മുടെ നാട്ടിൽ നടക്കുന്ന പ്രോസിക്യൂഷൻ കേസുകളിലും ഡിഫൻസുകളിലും ധാരാളം അസത്യങ്ങൾ കടത്തിവിടാറുണ്ട്. സംഭവം ചിലപ്പോൾ ശരിയായേക്കാം. പക്ഷേ അതു തെളിയിക്കുന്നതിന് വ്യാജരേഖകളാണ് പൊലീസ് ഉപയോഗിക്കുന്നത്. അതിനെ നേരിടുന്നതിന് പ്രതിഭാഗവും കൃത്രിമമായ തെളിവുകൾ സംഭരിക്കും. ഈ രണ്ടു കൃത്രിമങ്ങളുടെ സംഘട്ടനത്തിൽ സത്യം കുരിശിലേറും. ഇതൊക്കെ ആലോചിച്ചുകൊണ്ടുതന്നെയാണ് എന്റെ മുന്നിൽ വന്ന പലകേസുകളിലും ഞാൻ സ്വയം പ്രോസിക്യൂഷൻ തെളിവുകൾ ശേഖരിച്ചത്. വ്യാജമായ ഒരു തെളിവിനെയും ഞാനിതുവരെ ആശ്രയിച്ചില്ല. പക്ഷേ. എന്റെ ഈ സത്യവാങ്മൂലം വളരെയേറെ ആളുകൾ വിശ്വസിക്കില്ല. അയാൾ ഒരു സത്യവാദി എന്നു പലരും മനസ്സിൽ മന്ത്രിക്കുന്നുണ്ടാവും. ഞാൻ ഒറ്റയ്ക്കൊരു ധർമ്മിഷ്ഠനെന്നവകാശപ്പെടുന്നില്ല. പ്രതികളെ രക്ഷിക്കുവാൻ വേണ്ടി ..... ഉദ്യോഗസ്ഥന്മാർ പ്രോസിക്യൂഷനെ സാരമായി ബാധിക്കുന്ന രേഖകൾ ചമച്ചുവയ്ക്കും. ഞാൻ അതൊക്കെ മാറ്റും. ചില കേസ് ഡയറി സ്റ്റേറ്റ്മെന്റുകൾ അവഗണിക്കും. പക്ഷേ. വ്യാജമായ രേഖകൾ പ്രതിയ്ക്കെതിരായി ഒരു കാലത്തും ഞാൻ ചമച്ചിട്ടില്ല. ചമയ്ക്കുകയും ഇല്ല. ഒരുപക്ഷേ. എന്റെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയും അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ മോചനത്തിനുവേണ്ടിയും വളരെനാളായി ഞാൻ സ്വീകരിച്ച എന്റെ സംസ്കാരം എന്റെ എല്ലാ മേഖലകളിലും കൂട്ടുനിന്നിട്ടുണ്ട്. നിൽക്കുന്നുമുണ്ട്. നിങ്ങളെന്നെ കല്ലെറിഞ്ഞ് കൂക്കുവിളിക്കണ്ട. ഞാനെന്റെ ജീവിതകഥ തുടരാം. അദ്ദേഹം സ്വരൂപിച്ച സെക്ഷൻ 27 റിക്കവറി തെളിവ് ഞാൻ അവഗണിച്ചു. അയാളുടെ തെളിവിൽ അതൊരു ദുർബ്ബലമായ കണ്ണിയായിരുന്നു. എന്റെ സമീപനം കൊണ്ട് ആ ഭാഗത്തും അയാൾക്ക് ക്രോസ് എക്സാമിനേഷൻ നേരിടേണ്ടിവന്നില്ല.

വ്യാജരേഖകൾ

ഇതൊക്കെ ഞാൻ പറയുമെങ്കിലും ധാരാളം കൃത്രിമങ്ങളും വ്യാജ രേഖകളും നിർമ്മിച്ചാണ് ഞാനീ പ്രോസിക്യൂഷൻ കേസ് നടത്തിയതെന്നായിരുന്നു പ്രതിഭാഗം അഭിഭാഷകരുടെ ഏകകണ്ഠമായ അഭിപ്രായം. മജീദെന്ന സാക്ഷിയെ തോമസ് വി.ജോസഫ് വിസ്തരിക്കുമ്പോൾ ഒരു അത്യപൂർവ്വമായ സംഭവം ഉണ്ടായി. അയാളുടെ വീട്ടിലെ എമർജെൻസി ലൈറ്റിനെപ്പറ്റിയായിരുന്നു സംവാദം. അങ്ങനെ ഒരു ലൈറ്റ് ഇല്ലായിരുന്നു എന്നും അഥവാ ലൈറ്റ് ഉണ്ടായാൽ പോലും മുറ്റത്തെ കിഴക്കരികിലെ ഗേറ്റിന്റെ മറവുനിമിത്തം റോഡിലേക്ക് ആ വെളിച്ചം എത്തുകയില്ലെന്നും വക്കീൽ ജോസഫ് പ്രഖ്യാപിച്ചു. അതു ശരിയല്ല. ഗേറ്റ് ഗ്രില്ലിട്ടതായിരുന്നതുകൊണ്ട് അതിനിടയിൽ കൂടി വെളിച്ചം വെളിയിൽ എത്തുമെന്നും ഇപ്പോൾ എമർജൻസി ലൈറ്റ് എന്റെ വീട്ടിൽ ഉണ്ടെന്നും ആ സാക്ഷി ദൃഢസ്വരത്തിൽ മറുപടി പറഞ്ഞു. ഇപ്പോൾ തന്നെ പോയി ആ ലൈറ്റ് കോടതിയിൽ ഹാജരാക്കാമോ എന്ന ചോദ്യത്തിന് അയാൾ "ശരി" എന്നു മറുപടി പറഞ്ഞു. ഡിഫൻസിനുവേണ്ടി തെളിവു ഹാജരാക്കാൻ പ്രോസിക്യൂഷൻ ഭാഗത്തിനു ഒരു ബാദ്ധ്യതയുമില്ല എന്നു ഞാൻ പറഞ്ഞു. സാക്ഷി ഹാജരാക്കാൻ തയ്യാറാണെങ്കിൽ പ്രോസിക്യൂഷൻ അതിനെ എന്തിന് എതിർക്കുന്നു എന്ന് ജഡ്ജ് എന്നോടു ചോദിച്ചു. സാക്ഷിക്ക് അതിനു ബാധ്യതയില്ല. അതു തെറ്റായ ഒരുകീഴ്വഴക്കം സൃഷ്ടിക്കും. പ്രതിയുടെ വീട് ക്ലോസ് ചെയ്ത് ഒരു കമ്മീഷനെ നിയമിക്കാൻ അവർക്ക് വേണമെങ്കിൽ കോടതിയിൽ ബോധിപ്പിക്കാം എന്നായി എന്റെ മറുപടി. ഉടനെതന്നെ മജീദ് കൂട്ടിൽ നിന്ന് എന്റെ വീട്ടിൽ എമർജൻസി ലൈറ്റ് ഉണ്ട് എന്നും വേണമെങ്കിൽ എടുത്തുകൊണ്ടുവരാം എന്നും സ്വകാര്യമായി പറഞ്ഞു. ജഡ്ജിയും ആ സ്വകാര്യം കേട്ടു. അപ്പോഴേക്കും വിളക്കെടുപ്പിക്കണമെന്ന അപേക്ഷ ജോസഫ് വക്കീൽ സമർപ്പിച്ചു കഴിഞ്ഞു. ജഡ്ജി ഉത്തരവിട്ടു. കോടതി ലഞ്ചിനു പിരിഞ്ഞു. ഒരു ടാക്സിയിൽ സാക്ഷി മജീദും. കോടതിയിലെ ബെഞ്ച് ക്ലാർക്കും നേരെ മട്ടാഞ്ചേരിയിലുള്ള പ്രതിയുടെ വീട്ടിൽ പോയി. കൂടെ എന്റെ ജൂനിയറും. പ്രതിയുടെ ഒരാളും. സാക്ഷിയുടെ വീട്ടിലേക്ക് തിരിച്ചു. അരമണിക്കൂറിനുള്ളിൽ വലുതും ചെറുതുമായ രണ്ട് എമർജൻസി ലാമ്പ് അവർ കൊണ്ടുവന്നു. കോടതി കൂടി. വിളക്കുകൾ കോടതിയുടെ മുൻപിൽ ഹാജരാക്കി. ജഡ്ജി തന്നെ രണ്ടു വിളക്കുകളുടെ വിവരണം സ്വന്തം കൈയക്ഷരത്തിൽ എഴുതി. അവിടെ തന്നെ വാദ-പ്രതിഭാഗത്തെപ്പറ്റിയും. വിളക്കുകൊണ്ടുവന്നതിനെപ്പറ്റിയും ഒരു സംക്ഷിപ്ത റിപ്പോർട്ട് കോടതി തയ്യാറാക്കി അതിൽ ബഞ്ച് ക്ലാർക്കും. പ്രതിഭാഗം വക്കീൽ ജോസഫും ഞാനും. സാക്ഷിയും ഒപ്പുവച്ചു.

ലൈറ്റ് കൊണ്ടുവരുന്നതിനു വേണ്ടിയുള്ള ജോസഫ് തോമസിന്റെ എടുത്തുചാട്ടം പ്രതിഭാഗത്തിന് കനത്ത തിരിച്ചടിയായി. അപ്പോഴേക്കും മജീദിന്റെ വിസ്താരം തുടർന്നു. അയാൾ കൊടുത്ത വിളക്കിന്റെ വിവരണത്തിൽ അല്പം പിശകുണ്ടായിരുന്നു. അതിനെച്ചൊല്ലിയായിരുന്നു പിന്നത്തെ തർക്കം. ജോസഫ് തോമസിന്റെ അനുവാദത്തോടുകൂടി പ്രതിഭാഗത്തിന്റെ കഥാനായകനായ സാക്ഷാൽ കുഞ്ഞിരാമമേനോൻ രംഗപ്രവേശം ചെയ്തു. സാങ്കേതികമായി അദ്ദേഹത്തിന് അതിന് അവകാശമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ക്രോസ് വിസ്താരം കഴിഞ്ഞിരുന്നു. തോമസിന്റെ ക്രോസ് വിസ്താരത്തിനിടയിൽ ആ ഭീഷ്മാചാര്യർക്ക് തന്റെ വില്ലുകുലയ്ക്കാനോ അസ്ത്രം തൊടുക്കാനോ അവകാശമില്ലായിരുന്നു. എന്നെ ഹേമാലസ്ലി സാകൂതം ഒന്നു നോക്കി. കേസു വിചാരണയുടെ അവസാനഘട്ടമായപ്പോൾ ഗുരുനാഥന്റെ ചേരിയിൽ നിന്നും ആ ജഡ്ജികൂറുമാറിയിരുന്നു. വാസ്തവത്തിൽ അദ്ദേഹം എന്നേക്കാൾ അനുഭവസമ്പന്നനായിരുന്നു. ബഹുമാന്യനായിരുന്നു. സാധാരണ വിസ്താര വേളയിൽ പ്രോസിക്യൂഷൻ ഒരു പതിഞ്ഞ വ്യക്തിത്വമാണ് കാഴ്ചവെയ്ക്കുക. ഞാനാണെങ്കിൽ ഫുട്ബാൾ ടീമിലെ അജയ്യനായ ഒരു സെന്റർ ഫോർവേഡായി കളിക്കുകയായിരുന്നു. അതുകൊണ്ട് മഹാനായ കുഞ്ഞിരാമമേനോന്റെ വ്യക്തിത്വത്തിന് ചെറിയ ഉടവും തട്ടിയിരുന്നു. മാത്രവുമല്ല അജ

യ്യനായ തന്റെ ഹിയറിംഗ് കഴിവിനെ അപേക്ഷിച്ച് അദ്ദേഹം ക്രോസ് എക്സാമിനേഷനിൽ ഒരു അജാതശത്രുവായി പരിണമിച്ചിരുന്നില്ല. (അന്തരിച്ചുപോയ ആ മഹാത്മാവിനോടു മാപ്പ്) അതുകൊണ്ട് മജീദിന്റെ സത്യസന്ധമായ മൊഴിയെ അപകീർത്തിപ്പെടുത്താൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ ക്രോസ്വിസ്താരം ഒരു ആന്റി ക്ളൈമാക്സ് ആയി പരിണമിച്ചു. ഇനി കേസിന്റെ അവസാനത്തെ ഹിയറിംഗ് ആയി. ഇപ്പോൾത്തന്നെ മലമ്പാമ്പുപോലെ നീണ്ടുപോയ കേസിന്റെ കഥാകഥനം ഇവിടെ ഞാൻ നിർത്തുന്നു. എന്റെ വായനക്കാരുടെ ക്ഷമയെ ഞാൻ ഇനിയും പരീക്ഷിക്കുന്നില്ല. കേസിന്റെ വാദം അല്പം ദീർഘിച്ചുപോകും അതിനെന്റെ അവധിയ്ക്കപേക്ഷ.

വാദം

കോടതിയിൽ ആദ്യം വാദം ആരംഭിച്ചത് സ്പെഷ്യൽ പ്രോസിക്യൂട്ടറായ ഞാനായിരുന്നു. കൊലയുടെ ഉദ്ദേശ്യം, കൊലപാതകം നടന്ന സ്ഥലം, അബ്ദുൾറഹ്മാനെന്ന ഏക സാക്ഷിയുടെ മൊഴി, മജിസ്ട്രേറ്റിന്റെ മുൻപിൽ സാക്ഷികളുടെ വേർതിരിച്ചറിഞ്ഞ ഐഡന്റിഫിക്കേഷൻ പരേഡ്, സംഭവസ്ഥലത്തെ വെളിച്ചം, ഇങ്ങനെ നിരവധി തെളിവിനങ്ങൾ ഞാൻ കോടതിയുടെ പരിഗണനയ്ക്ക് നിരത്തിവച്ചു. സാധാരണ പ്രോസിക്യൂഷൻ കേസുവാദത്തിൽ നിന്ന് 'നിതരാ' വ്യത്യസ്തമായ ഒരു സമീപനരീതിയിലാണ് ഞാനന്നു വാദം പറഞ്ഞത്. തെളിവിനങ്ങളുടെ സംക്ഷിപ്തരൂപം നൽകിയതിനുശേഷം അവർക്കെതിരായി പ്രതിഭാഗത്തുനിന്നുന്നയിക്കാവുന്ന വാദമുഖങ്ങൾ ഓരോന്നോരോന്നായി ഖണ്ഡിച്ചുകൊണ്ടാണ് ഞാൻ ഹിയറിംഗ് നടത്തിയത്. പ്രതിഭാഗം അഭിഭാഷകർക്ക് അവരുടെ വാദം ഞാൻ മുൻകൂട്ടിപ്പറയുന്നതിനെ തടയാൻ ആവില്ലല്ലോ. പ്രോസിക്യൂഷൻ തെളിവിനെ എതിർത്തുകൊണ്ടുള്ള അവരുടെ വാദത്തിന്റെ പുത്തരിസ്വഭാവം ഞാൻ ഇല്ലാതാക്കും. അതിലവർക്ക് ബുദ്ധിമുട്ടുണ്ടാകും. അപ്പോൾ പ്രതിഭാഗത്തിന് എന്റെ മറുപടിയ്ക്കു മറുപടി പറയാൻ ബാധ്യത ഉണ്ടായി. ആദ്യമായി കോൺസ്പെറൻസി തെളിയിക്കാൻ പ്രത്യക്ഷ തെളിവുകളെ ആശ്രയിക്കേണ്ടി വരുന്നത് പ്രോസിക്യൂഷനു സുഗമമല്ല. അതിനു ഉപോത്ബലകമായി ഇന്ദിരാഗാന്ധി വധക്കേസിലെ ശേഖർസിംഗിന്റെ കേസാണ് ഞാൻ ആശ്രയിച്ചത്. വളരെ നിസ്സാരമെന്നു തോന്നാവുന്ന ആ സാഹചര്യത്തെളിവുകൾ വിവിധ കണ്ണികളുമായി യോജിപ്പിക്കുമ്പോൾ മാരകമായ തെളിവുകളായി രൂപാന്തരപ്പെട്ടു.

ഇന്ദിരാഗാന്ധി വധം അറിഞ്ഞപ്പോൾ ശേഖർസിംഗ് പൊട്ടിച്ചിരിച്ചു. അതിനുമുമ്പൊരു ദിവസം ഇന്ദിരാഗാന്ധിയെ വെടിവച്ച പ്രതിയുമായി വീട്ടുകാരിൽ നിന്നകന്ന് മറ്റൊരു ഒഴിഞ്ഞ കോണിലിരുന്ന് ദീർഘനേരം സംസാരിച്ചു. ഇന്ദിരാഗാന്ധി കേസിൽ അറസ്റ്റു ചെയ്യപ്പെട്ട അയാളെ ജയിലിൽ പോയി കാണാൻ ശ്രമിച്ചു. ഇങ്ങിനെയുള്ള ചില രേഖകളായിരുന്നു കോൺസ്പെറൻസിയിൽ അയാളും അംഗമായിരുന്നു എന്നു സ്ഥാപിക്കാനുള്ള തെളിവുരേഖ. അതിനെയപേക്ഷിച്ച് എത്രയോ വിപുലമായ സാഹചര്യതെളിവുകൾ ഈ കേസിന്റെ ഗൂഢാവസ്ഥ തെളിയിക്കാൻ നിരന്നു നിൽക്കുന്നുവെന്ന് ഞാൻ പ്രസ്താവിച്ചു. ഒറ്റയ്ക്കൊറ്റക്കെടുക്കുമ്പോൾ ഈ തെളിവുകൾ അപ്രധാനമെന്നുതോന്നും, അപ്രസക്തമെന്നും തോന്നാം. അങ്ങിങ്ങായി ചിന്നിച്ചിതറിക്കിടക്കുന്ന കണ്ണികളെ വേവ്വേറെ നോക്കിയാൽ അവയ്ക്കു പ്രാധാന്യം കാണുകയില്ല. എന്നാൽ അവയെല്ലാം സംയുക്തമാകുംവണ്ണം ഒത്തുചേർക്കുമ്പോൾ അവ ഒരു പൂർണ്ണമായ ചങ്ങലയാകും. പ്രതികളുടെ കുറ്റം ആ ചങ്ങലയാൽ വിജയപ്രദമായി ബന്ധിക്കാൻ കഴിയും. അതിനുള്ള സാഹചര്യത്തെളിവുകൾ ഞാൻ കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ആ സമയത്തും കൂടക്കൂടെയും പ്രതികൾ അബ്ദുള്ളയുടെ ലോഡ്ജിൽ വന്നു താമസിച്ചതും അവിടെ താമസിച്ച നാലാം പ്രതിയെ കണ്ടതും അബ്ദുള്ളയുടെ വീട്ടിൽ അവർ ചെന്നതും, അതിനുള്ള പ്രാരംഭമായിരുന്നു. ആ ലോഡ്ജിൽ വച്ചു നടന്ന സംഭവങ്ങൾ മറ്റൊരു ചങ്ങലത്തെളിവിലെ കണ്ണികളാണ്. രണ്ടു തവണ 1-4 വരെ പ്രതികൾ അബു ജോലി ചെയ്തിരുന്ന തീയേറ്ററിന്റെ മുൻപിലെ തട്ടുകടയിൽ പോയി ചായ കുടിച്ചതും അതിനടുത്തുള്ള മറ്റൊരു കടയിൽ കാത്തു നിന്നതും മറ്റൊരു സാഹചര്യത്തെളിവാണ്. അഞ്ചാം പ്രതി കുന്നുംപുറം റോഡിൽ വച്ച് അസീസിനോട് അബുവിന്റെ വീട് എവിടെയാണെന്ന് ചോദിച്ചതും മറ്റൊരു ചങ്ങലക്കണ്ണിയാണ്. അഞ്ചാം പ്രതി സിയാദ്കോക്കറുടെ വീട്ടിലേക്ക് രണ്ടു തവണ പോയെന്നു പറഞ്ഞ തെളിവും അങ്ങിനെ പോയിട്ടില്ല എന്ന് അഞ്ചാം പ്രതി നിഷേധിച്ചതും ഗൂഢാലോചനയല്ല. അയാളും പങ്കുചേർന്നു എന്ന സാഹചര്യതെളിവാണ്. ഇങ്ങനെ ഓരോരുത്തരും മറ്റു പ്രതികളറിയാതെ കൂടിക്കാഴ്ച നടത്തുന്നത് ക്രിമിനൽ കോൺസ്പെറൻസിയിലെ കൊച്ചുകൊച്ചു സന്ദർഭങ്ങളാണ്. എവിഡൻസ് ആക്ട് സെക്ഷൻ 10ന്റെ പ്രാബല്യത്തിൽ ഇവയൊക്കെ വ്യാഖ്യാനിക്കപ്പെട്ടാൽ പിന്നെ തെളിവു ഭാരം പ്രതികൾക്കാണ്. അതവർ പാടെ നിഷേധിയ്ക്കുകയല്ലാതെ, തെളിയിച്ചിട്ടില്ല.

സമാഗമങ്ങൾ

അബ്ദുള്ളയുടെ വീട്ടിൽ രഹസ്യസമാഗമം നടത്തിയതിനുള്ള സമൂർത്ത തെളിവാണ് സമദ് നൽകിയത്. അങ്ങിനെ കൂടിയത് മറ്റു ചില കാര്യങ്ങൾക്കാണെന്ന് വിശദീകരണം നൽകാതെ അത് പാടെ നിരാകരിക്കുകയാണ് പ്രതിഭാഗം ചെയ്തിട്ടുള്ളത്. ആ നിരാകരണം അസത്യമാണെന്നു തെളിഞ്ഞാൽ കോൺസ്പെറൻസി സത്യമാണെന്നും തെളിയും. അങ്ങനെ സമദിന്റെ തെളിവ് അസ്വാഭാവികമാണെന്ന് എന്റെ സ്നേഹിതർ വാദിക്കാനുള്ള സാധ്യത ഞാൻ തള്ളിക്കളയുന്നില്ല. അബ്ദുള്ളയുടെ വീട്ടിൽ ഈ പ്രതികൾ രഹസ്യകൂടിക്കാഴ്ച നടത്തി എന്ന വിവരം അസന്നിഗ്ധമായി സമദ് മൊഴി തന്നിട്ടുണ്ട്. അവിടെ പോകാനുള്ള സാഹചര്യം എന്താണെന്ന് അയാൾ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. ഒരു കാരണവുമില്ലാതെ അയാളോടു പരുഷമായി പെരുമാറിയ കാര്യവും സംഗതമാണ്. അയാളവിടെ ചെല്ലുന്നതിനുള്ള കാര്യവും അപ്രസക്തമല്ല. പിന്നീട് പൊലീസ്സ്റ്റേഷനിൽ ചെന്നപ്പോൾ സബ് ജയിലിൽ നിന്നും ഇറങ്ങിവരുന്ന പ്രതികളെ കണ്ടതും അവർ അബു വധക്കേസിലെ പ്രതികളാണെന്ന് ഇൻസ്പെക്ടർ പറഞ്ഞപ്പോൾ പണ്ടയാൾ അവരെ ഒരുമിച്ചു കണ്ടത് ഓർത്തത് മനുഷ്യസഹജമായ വാസനാവൈഭവവും കൊണ്ടാണെന്ന് എന്റെ വാദം. ചിലപ്പോൾ സത്യം കെട്ടുകഥയെക്കാൾ വിചിത്രമായിത്തീരും. പൊലീസ്സ്റ്റേഷനിൽ ചെല്ലാൻ അയാൾക്കു സാഹചര്യമില്ലെന്ന് പ്രതിഭാഗം സമർത്ഥിച്ചിട്ടില്ല. അബു വധക്കേസ് അയാളുടെ സ്ഥലത്ത് പ്രചാരം കിട്ടിയ സംഭവമാണ്. ഈ പ്രതികൾ അബുവിനെ വധിക്കുന്നതയാൾ കണ്ടിട്ടില്ല. അവർ ഒരു സ്ഥലത്തുവച്ചു രഹസ്യമായി സംസാരിച്ചു എന്ന സംഗതി അപ്പോൾ പൊലീസ്സ്റ്റേഷനിൽ പോയിപറയേണ്ട പ്രചോദനം അയാൾക്കുണ്ടായില്ല. എന്നാൽ ജയിലിൽ നിന്നിറങ്ങി വരുന്നതു കണ്ടപ്പോൾ അയാൾ ഈ രണ്ടു സംഭവങ്ങളും ഒരുമിച്ചു കൂട്ടിവായിച്ചു. പിന്നീട് ഒട്ടും താമസിച്ചില്ല. ആ കേസ് അന്വേഷിക്കുന്ന ഇൻസ്പെക്ടർ അയാളുടെ മുൻപിലുണ്ട്. പണ്ടൊരിക്കൽ അവരുടെ രഹസ്യാലോചന കാണാനിടയായ സാക്ഷി അപ്പോൾത്തന്നെ അത് ഇൻസ്പെക്ടറോടു പറഞ്ഞില്ലെങ്കിലേ ആ സാക്ഷിയുടെ സ്വഭാവം വിചിത്രം എന്നു പറയാനാവൂ. പൗരമുന്നണി ഓഫീസുമായി ബന്ധമുണ്ടെന്നോ, പൗരമുന്നണി ഓഫീസിൽ അയാളെ കണ്ടെന്നോ പൗരമുന്നണി നേതൃത്വം കൊടുക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അയാൾ പ്രവർത്തിച്ചിട്ടുണ്ടെന്നോ ആയ യാതൊരു തെളിവുകളും പ്രതിഭാഗത്തിനു സമർപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. സിയാദ്കോക്കറെപ്പറ്റി അബു പറഞ്ഞതായ ഉമ്മയുടെയും ഭാര്യയുടെയും മൊഴി സിയാദിനും കൂട്ടർക്കും കൊലയുമായി ബന്ധമുണ്ടെന്ന് നിസ്സന്ദ്രമായി തെളിയിക്കുന്നുണ്ട്. മാത്രവുമല്ല കേസിന്റെ ദൃക്സാക്ഷിയായ അബ്ദുൾ മജീദിന്റെ തെളിവിൽ സ്യൂപ്രീംകോർട്ട് നിർദ്ദേശിച്ചിട്ടുള്ള ഏകസാക്ഷിത്തെളിവിനുള്ള എല്ലാ ഗുണങ്ങളും തിളങ്ങി നിൽക്കുന്നു. അയാളുടെ തെളിവിനെതിരായി ഒരു പോറൽപോലും ഏൽപ്പിക്കാൻ പ്രതിഭാഗത്തിനു കഴിഞ്ഞില്ല. അതുകൊണ്ട് കൊലപാതകം നടന്നസ്ഥലത്ത് വെളിച്ചം ഉണ്ടായിരുന്നുവെന്ന തെളിവിനെ പ്രബലമാക്കാൻ മൂന്നു സാക്ഷികളെ പ്രോസിക്യൂഷൻ അവതരിപ്പിച്ചിട്ടുണ്ട്. ഇറച്ചിവെട്ടു കടയിലുള്ള പെട്രോമാക്സ് ലൈറ്റും വായനശാലയ്ക്കു കിഴക്കുള്ള കൊഞ്ചുപിടിത്തക്കാരന്റെ വീട്ടിലെ പെട്രോമാക്സ് ലൈറ്റും മജീദിന്റെ വീട്ടിലെ എമർജൻസിലൈറ്റും സംഭവസ്ഥലത്തേക്ക് അസാമാന്യമായ വെളിച്ചം എത്തിച്ചിരുന്നു എന്ന് ആ മൂന്നു സാക്ഷികളുടെയും മൊഴികൾ ഭദ്രമായി തെളിയിച്ചിട്ടുണ്ട്. അത് പ്രോസിക്യൂട്ടർ ഉണ്ടാക്കിയ കൃത്രിമ തെളിവാണെന്ന വാദം നിരർത്ഥകമാണ്. അന്വേഷണ ഉദ്യോഗസ്ഥനുവേണമെങ്കിൽ ആ മൂന്നു സാക്ഷികളെയും സ്റ്റേറ്റ്മെന്റിനു മുൻ തീയതിവച്ച് രേഖപ്പെടുത്താൻ സാധിക്കുമായിരുന്നു. അവർ അങ്ങിനെ ചെയ്തില്ല.

കേസ് ഡയറി പ്രോസിക്യൂട്ടർ വായിച്ചപ്പോൾ ഈ മൂന്നു പേരുടെയും വീട്ടിൽ ലൈറ്റ് ഉണ്ടായിരുന്നുവെന്ന് പ്രോസിക്യൂട്ടർ കണ്ടുപിടിക്കുകയും അതിന്റെ വെളിച്ചത്തിൽ സാക്ഷികളെ നേരിൽകണ്ട് സ്റ്റേറ്റ്മെന്റ് വാങ്ങുകയും അവരെ അഡീഷണൽ സാക്ഷികളായി ഉൾപ്പെടുത്തുകയുമാണുണ്ടായത്. പ്രതിഭാഗം അഭിഭാഷകൻ സത്യവും അസത്യവും തമ്മിൽ വേർതിരിച്ചറിയാനുള്ള ശാരീരിക വൈഷമ്യം കൊണ്ടാകാം ആ മൂന്നു സാക്ഷികളുടെയും തെളിവ് പ്രോസിക്യൂട്ടർ കൃത്രിമമായി ഉണ്ടാക്കിയതെന്ന് ആരോപണം പുറപ്പെടുവിക്കുന്നത്. യേശുക്രിസ്തു പറഞ്ഞപോലെ "പ്രിയപ്പെട്ട പിതാവേ ഇവർക്കു മാപ്പുകൊടുക്കേണമേ, ഇവർ പറയുന്നത് ഇവർക്കു മനസ്സിലാകുന്നില്ല" കുറെയൊക്കെ പരിഹാസനിർഭരവും ആവേശഭരിതവുമായി ഞാൻ പ്രസംഗിച്ചത് ഒരു പക്വമായ പ്രോസിക്യൂഷൻ വാദമല്ല എന്നെനിയ്ക്കിപ്പോൾ തോന്നുന്നു. അന്നു ഞാൻ വാശിയുടെ വേലിയേറ്റത്തിലായി. നിയമദൃഷ്ടിയിൽ ഒരു പ്രോസിക്യൂട്ടർക്ക് വികാരരഹിതമായ വസ്തുകഥാ കഥനമാണ് വേണ്ടത്. പ്രതികളെ ശിക്ഷിക്കാനുള്ള തെളിവു നിരത്തുകയല്ലാതെ അതിൽ ഉത്കണ്ഠാകുലമായ നുരഞ്ഞു പൊങ്ങൽ അനാവശ്യമാണെന്നാണ് പൊതുസിദ്ധാന്തം. ഞാനന്ന് പൂർണ്ണമായും നിഷ്പക്ഷനായിരുന്നില്ല. ഒരു പാവം ഉമ്മയുടേയും വിധവയാക്കപ്പെട്ട ഒരു യുവതിയുടേയും നിരാധാരരായ കുഞ്ഞുങ്ങളുടെയും രൂപം എന്റെ മനസ്സിൽ നിറഞ്ഞു നിന്നു. വർഷങ്ങളായി തൊഴിലാളി പ്രവർത്തനം നടത്തിയ ഒരു വിപ്ലവസംസ്കാരവും എന്നിൽ നിന്നുമാഞ്ഞുപോയിട്ടില്ല.

എതിർവാദം

ഒരു യൂണിയൻ പ്രവർത്തകനെ അകാരണം കൊണ്ടു കൊല്ലിക്കുന്ന മുഷ്ക്കനായ മുതലാളിയെയും അയാളുടെ ഗുണ്ടകളെയും ആണ് ഞാൻ പ്രതികളിൽ ദർശിച്ചത്. അതുകൊണ്ട് എന്റെ അമാന്തംകൊണ്ട്, അലസതകൊണ്ട്, ബുദ്ധിമോശംകൊണ്ട് പ്രതികൾ രക്ഷപ്പെടരുത് എന്ന ഒരു വാശി എന്നിൽ നിറഞ്ഞുതുളുമ്പുന്നുണ്ടായിരുന്നു. അതൊക്കെ ഞാനറിയാതെ തന്നെ എന്റെ വാദത്തിൽ പ്രതിഫലിച്ചിരിക്കാം. പ്രതിഭാഗം അഭിഭാഷകർ എന്നെ അതിക്രൂരമായി ഭർത്സിച്ചിരുന്നു. അതിൽ പ്രകോപിതനായി സത്യവിരുദ്ധങ്ങളായ വാദമുഖങ്ങൾ ഉന്നയിച്ച് പ്രതികളെ ശിക്ഷിപ്പിക്കുവാനുള്ള യാതൊരു ശ്രമവും ഞാൻ നടത്തിയിട്ടില്ല.

തിളച്ചുപൊന്തിയ എന്റെ വാദങ്ങൾക്കൊന്നും തന്നെ കുഞ്ഞിരാമമേനോന്റെയും ടി.വി.പ്രഭാകരന്റെയും വാദമുഖങ്ങളെ തളർത്താനായില്ല. അബ്ദുൾ ഖാദർ തെളിവ് പൂർണ്ണമായും നിരാകരിയ്ക്കപ്പെടണമെന്ന് വളരെ സമയം കുഞ്ഞിരാമമേനോൻ വാദിച്ചു. സാധാരണ ഒമ്പതുമണിക്ക് കടപൂട്ടി പോകാറുള്ള അബ്ദുൾ ഖാദർ പത്തര മണിവരെ കുത്തിയിരുന്നത് പതിനൊന്നു മണിയോടെ കുത്തുകൊണ്ട അബുവിനെ നേരിട്ടു കണ്ടു എന്നുപറയാനുള്ള സൗകര്യത്തിനാണ് എന്ന് ആവർത്തിച്ചു വാദിച്ചു. അയൽക്കാരനും വാടകക്കാരനുമായ ഖാദർ നിന്നിടത്തു തന്നെ നിന്നതും പിന്നീട് ആൾക്കൂട്ടം കൂടിയതിനുശേഷം കുരിശടിയിലെത്തിയതും അസ്വാഭാവികമെന്നാണ് അവർ ആവർത്തിച്ചു വാദിച്ചത്. കൃത്യം കണ്ട ഏക സാക്ഷിയായ അയാൾ അന്നു തന്നെ പൊലീസ്സ്റ്റേഷനിൽ പോയി പ്രഥമ വിവരം നൽകേണ്ടതായിരുന്നു. അയൽപക്കക്കാരനായ അബുവിനെ ആശുപത്രിയിൽകൊണ്ടുപോകാതെ മടങ്ങിയത് അവിശ്വസനീയമായ കാര്യമാണ്. ഉമ്മയുടെയും ഭാര്യയുടെയും മൊഴി താമസിച്ചാണ് നൽകിയത്. സിയാദ്കോക്കറുടെ അബുവിനെ കൊല്ലാനുള്ള മോഹം (പ്രേരണ) യൂണിയൻ പ്രവർത്തനത്തിൽ നിന്നാണുത്ഭവിച്ചത് എന്നു പറയാൻ സാധ്യമല്ല. യൂണിയൻ പ്രവർത്തനം ഒരു തൊഴിലാളിയുടെ അവകാശമാണെന്നു വരുത്താൻ സാമാന്യബുദ്ധിയുള്ള ഒരു മുതലാളിയും താൽപ്പര്യപ്പെടുകയില്ല. കുഞ്ഞിരാമമേനോന്റെ നിരർഗ്ഗളമായ വാഗ്പ്രവാഹം രണ്ടു ദിവസം നീണ്ടുനിന്നു. മറ്റുള്ള അഭിഭാഷകന്മാരുടെ സമ്മതത്തോടുകൂടിയായിരുന്നു കുഞ്ഞിരാമൻമേനോൻ വാദം ഏറ്റെടുത്തത്. കന്നു പോച്ച തിന്നതുപോലെയായിരുന്നു അദ്ദേഹത്തിന്റെ വാദം. കന്നു പോച്ചതിന്നാൽ പിന്നെ ആ സ്ഥലത്ത് ഒന്നും അവശേഷിക്കുകയില്ല. പോച്ച തന്നെ വേണമെന്ന് അതിനു നിർബന്ധവുമില്ല. തിന്നുന്ന മദ്ധ്യേയുള്ള എല്ലാ ചെടികളും അത് ആഹരിക്കും. അതുപോലെയാണ് കുഞ്ഞിരാമമേനോൻ എന്തെല്ലാം വാദമുഖങ്ങളുണ്ടോ അതെല്ലാം തിന്നു തീർത്തുകൊണ്ടാണ് ആ മഹാമനുഷ്യൻ വാദമുഖങ്ങൾ അവസാനിപ്പിച്ചത്. ബാക്കി വാദം പറയാനുള്ള വകകളൊന്നും അദ്ദേഹം വിട്ടിട്ടില്ലായിരുന്നു. പക്ഷേ ടി.വി. പ്രഭാകരനും രാമൻപിള്ളയും വളരെ സാമർത്ഥ്യത്തോടെ അവരുടെ വാദമുഖങ്ങൾ അവതരിപ്പിച്ചു. പ്രോസിക്യൂഷന്റെ തിയറിയേയും സമദിന്റെ തെളിവിനെയും അദ്ദേഹം നഖശിഖാന്തം എതിർത്തു. ഡോക്ടറുടെ തെളിവുവച്ച് നോക്കിയാൽ കുത്തേറ്റതിനുശേഷം എന്തെങ്കിലും സംസാരിക്കാനുള്ള ശക്തി അബുവിൽ ശേഷിച്ചിട്ടില്ലായിരുന്നുവെന്നും അതുകൊണ്ടയാളുടെ ഡയിംഗ് ഡിക്ലറേഷൻ നിരാകരിയ്ക്കേണ്ടതാണെന്നും പ്രഭാകരൻ വാദിച്ചു. അഞ്ചാം പ്രതി ദൂരസ്ഥലത്തുള്ളവനാണ്. കോക്കറിന്റെ വീട്ടിലേക്കുള്ള വഴിയേ പോയാൽ വേറെയും വീടുകളുണ്ട്. പ്രതി കോക്കറിന്റെ വീട്ടിലേക്കു തന്നെയാണ് കയറിയതെന്ന് പറയാൻ സാധിച്ചിട്ടില്ല. 18-ാം പ്രതിക്ക് പുല്ലേപ്പടിയിൽ വർക്കുഷോപ്പുണ്ടെന്നു തെളിയിക്കാൻ യാതൊരു രേഖയുമില്ല. ലൈസൻസ് ഇല്ല. അഞ്ചാം പ്രതി അവിടെ ചെന്നതിനോ പണി ചെയ്തിച്ചതിനോ രേഖകളൊന്നും തന്നെയില്ല. സിയാദ് വലിയ വ്യവസായി ആണ്. അയാൾ പലരെയും കാണും. പലർ അയാളെയും കാണും. അതൊക്കെ കൊലപാതകത്തിനുള്ള ഗൂഢാലോചനയ്ക്കു വേണ്ടിയാണെന്ന് എവിഡൻസ് ആക്ട് സെക്ഷൻ 10 പ്രകാരം തെളിയിക്കാൻ പറ്റില്ല. ഐഡന്റിഫിക്കേഷൻ പരേഡിലുള്ള അപാകതകളെപ്പറ്റിയാണ് ബി.രാമൻപിള്ള വാദിച്ചത്. ഐഡന്റിഫിക്കേഷൻ പരേഡ് നടത്തുന്നതിനുള്ള മാർഗദർശകരേഖ കാണിച്ചു കൊണ്ട് നേരത്തെതന്നെ അദ്ദേഹം മജിസ്ട്രേറ്റിനെയും അന്വേഷണ ഉദ്യോഗസ്ഥനേയും വിസ്തരിച്ചിരുന്നു. സൂക്ഷ്മനിരീക്ഷണവും കാർക്കശ്യവും ആ വിസ്താരത്തിൽ സർവ്വത്ര പ്രതിഫലിച്ചിരുന്നു. ഐഡന്റിഫിക്കേഷനു തിരഞ്ഞെടുത്ത ആളുകളെ മുമ്പേകൂട്ടി പ്രതികൾക്ക് പരിചയപ്പെടുത്തിക്കൊടുത്തിരുന്നു എന്നായിരുന്നു രാമൻപിള്ളയുടെ വാദം. സമാനമായ പൊക്കവും രൂപസാദൃശ്യവുമുള്ളവരെയല്ല ഐഡന്റിഫിക്കേഷനു നിരത്തിയിരുന്നതെന്ന് രാമൻപിള്ള ആരോപിച്ചു. അങ്ങിനെ ഐഡന്റിഫിക്കേഷനു കൊണ്ടുവന്ന സാക്ഷികളെയെല്ലാം പൗരമുന്നണിക്കാർ ഏർപ്പാടു ചെയ്തുകൊണ്ടുവന്നതാണെന്നും രാമൻപിള്ള ആരോപിച്ചു. മജിസ്ട്രേറ്റു കോടതിയിൽ അവരെ കൊണ്ടുവന്നു നിർത്തിയിരുന്ന സ്ഥലത്തുകൂടിയാണ് പ്രതികളെ നടത്തിച്ചുകൊണ്ടു വന്നതെന്നും രാമൻപിള്ള പറഞ്ഞു. ഈ ആരോപണങ്ങൾ അടിസ്ഥാനരഹിതമായിരുന്നു. എങ്കിലും മജിസ്ട്രേറ്റിന്റെ മൊഴിയെപ്പിടിച്ച് രാമൻപിള്ള വാദം പറഞ്ഞപ്പോൾ ഐഡന്റിഫിക്കേഷൻ പരേഡിൽ എന്തോ പന്തികേടുണ്ടായിട്ടുണ്ടെന്ന് ജഡ്ജിക്കും തോന്നി. ഐഡന്റിഫിക്കേഷൻ പരേഡിനെപ്പറ്റിയുള്ള പ്രതിഭാഗം ആരോപണങ്ങൾക്കെതിരായി എന്തെങ്കിലും പറയാനുണ്ടെങ്കിലാവാം എന്നായി ജഡ്ജി. ആരോപണങ്ങളല്ലാതെ അതിനുവേണ്ട തെളിവു നേടിയെടുക്കാൻ പ്രതിഭാഗത്തിനു കഴിഞ്ഞിട്ടില്ല. ഐഡന്റിഫിക്കേഷൻ പരേഡിൽ മജിസ്ട്രേറ്റ് നടത്തിയത് നിയമവിരുദ്ധമായിട്ടാണെന്നും തെളിയിച്ചിട്ടില്ല. ഐഡന്റിഫിക്കേഷനു സാക്ഷികളല്ലാതെ കൊണ്ടുനിർത്തിയ ആളുകൾ ഒരേ രൂപത്തിലും ഭാവത്തിലും പൊക്കത്തിലും വണ്ണത്തിലുമുള്ളവർ ആയിരുന്നില്ല എന്നത് സത്യമാണ്. അങ്ങിനെ ഒരു അച്ചിൽ വാർത്തരൂപങ്ങളെ ഒരു ഫാക്ടറി പ്രോഡക്ട് ആയി കൊണ്ടുനിർത്തി ഒരു ഐഡന്റിഫിക്കേഷൻ പരേഡും നാളിതുവരെ നടത്തിയതായി എനിക്കറിവില്ല. പഴം നല്ലതാണ് പക്ഷേ, തൊലി മോശം എന്നാണ് വാദം. പഴം തൊലിയോടുകൂടി ആരും തിന്നുകയില്ല. ഐഡന്റിഫിക്കേഷൻ തെളിവ് മറ്റു തെളിവുകളെ പിൻബലപ്പെടുത്താനേ സഹായിക്കൂ. അതൊറ്റയ്ക്ക് തെളിവായി ഉപയോഗിക്കുവാൻ സാധ്യമല്ല. ഇതു വാസ്തവത്തിൽ ഒരു നിഴൽയുദ്ധമാണ്. ഈ യുദ്ധത്തിലും പ്രതികൾക്കു ജയിക്കാൻ സാധ്യമല്ല. അങ്ങിനെ 6-7 ദിവസം നീണ്ടു നിന്ന കോക്കേഴ്സ് വാദം ഉപസംഹരിക്കപ്പെട്ടു. ഈ ഏഴുദിവസങ്ങളിലും ആയിരക്കണക്കിനാളുകൾ കോടതി വളപ്പിലെ വിശാലമായ ഗ്രൗണ്ടിൽ തടിച്ചുകൂടിയിരുന്നു. മൈക്രോഫോൺ ഉള്ളതിനാൽ വാദം എല്ലാവർക്കും കേൾക്കാൻ സാധിച്ചു. കോടതിമുറിയും വരാന്തയും തിങ്ങിനിറഞ്ഞിരുന്നു. ഒരുത്സവത്തിന്റെ പ്രതിച്ഛായ. കേസു വാദത്തിൽ ഉൾക്കൊണ്ടിരുന്നു. പൂർണ്ണഗർഭിണിയായിരുന്ന ഹേമലസ്ലി ആ നിയമ കലാപരിപാടികളിൽ മുഴുകിക്കഴിഞ്ഞിരുന്നു. രണ്ട് ആഴ്ച കഴിഞ്ഞ് വിധിപറയാൻ കേസുമാറ്റിവച്ചു. കേസു വിധിപറയുന്ന ദിവസം രാവിലെ കോടതിയിൽ പോകാൻ എനിക്കു കഴിഞ്ഞില്ല.■

തുടരും

വിശ്വാസ്യഗമനം

കെ.എ. സെബാസ്റ്റ്യൻ

ലോകവ്യാപാര കേന്ദ്രത്തിന്റെ ഇരട്ടഗോപുരങ്ങൾ പഞ്ചഭൂതങ്ങളിലൊന്നായ ആകാശത്തിന്റെ ഘനനീലിമയിൽ ബാബേൽ പോലെ ഉയർന്നുനിൽക്കുന്നത് ശ്യാമളൻ കണ്ടു. മൂന്നാമത്തെ സിഗരറ്റിന് തീപിടിപ്പിച്ചുകൊണ്ട് കമ്പ്യൂട്ടർ എൻജിനീയറായ ശ്യാമളൻ ടി.വി കാണുകയായിരുന്നു. അയാൾ ഇടയ്ക്കിടെ അടുക്കളയിലേക്ക് അക്ഷമയോടെ നോക്കുന്നുണ്ടായിരുന്നു. മേശപ്പുറത്തിരുന്ന ഫോൺ ഒച്ചവെക്കാൻ തുടങ്ങിയപ്പോൾ അയാൾ നിർദ്ദയം അതിന്റെ കഴുത്ത് ഞെരിച്ചു. വീണ്ടും ടി.വിയിലേക്ക് നോക്കുമ്പോൾ ഒരു വിമാനം വെള്ളിൽ പക്ഷിയെപ്പോലെ വെട്ടിത്തിളങ്ങിക്കൊണ്ട് വടക്കേ ഗോപുരത്തിലേക്ക് പറക്കാൻ തുടങ്ങിയിരുന്നു. ഗോപുരത്തിന്റെ 80-ാം നിലയിൽ അത് ചേക്ക കയറിയപ്പോൾ പഞ്ചഭൂതങ്ങളിൽ മറ്റൊന്ന് കൂടി ആകാശത്തിൽ പിറവിയെടുത്തു; അഗ്നി- അല്പനേരം കഴിഞ്ഞപ്പോൾ തെക്കേ ഗോപുരത്തിനും തീപിടിച്ചു. ടി.വിയുടെ ചില്ലിൽ തീ മാത്രം പടരുമ്പോൾ ശ്യാമളന്റെ ശരീരം ഹിമംപോലെ തണുക്കാൻ തുടങ്ങി. മൊസേയ്ക്കിട്ട തിണ്ണയിൽ ചവുട്ടിയ കാല്പാദങ്ങൾ തൊട്ടു ശിരസ്സുവരെ മരവിക്കുമ്പോൾ കലാമണ്ഡലം കൃഷ്ണൻനായരുടെ ചുണ്ടപ്പൂവിട്ട കണ്ണുകളിൽ നിന്നെന്നപോലെ ശ്യാമളൻ ഒരേ ഒരു രസം മാത്രം വായിച്ചെടുത്തു; ഭയാനകം. പേടി കൂടിയപ്പോൾ അയാൾ അടുക്കളയിലേക്ക് നോക്കി പതിയെ വിളിച്ചു: "രജനീ നീയിത് കണ്ടോ?"

തിളപ്പിച്ചാറ്റിയ വെള്ളത്തിൽ ഹോർലിക്സ് കലക്കുന്നതിനിടയിൽ ശ്രീരഞ്ജിനി ഉറക്കെ വിളിച്ചുപറഞ്ഞു: "ഇപ്പ വരാം" ഗ്ലാസിലെ വെള്ളത്തിന് തവിട്ടുനിറമായപ്പോൾ അവൾ ശ്യാമളന്റെ മുറിയിലേക്ക് ചെന്നു. ടി.വിയിൽ ഉരുക്കും കോൺക്രീറ്റും ചന്ദനമുട്ടികൾ പോലെ കത്തുന്നു. ടി.വിയിൽ നിന്ന് മുഖം തിരിക്കാതെ ശ്യാമളൻ പറഞ്ഞു:

"കുറച്ച് വെള്ളം വേണം"

"ഹോർലിക്സ് കൊണ്ടുവന്നിട്ടുണ്ട്."

"വെള്ളം മതി"

"ഇത് നല്ല കൂത്ത്. ഹോർലിക്സെന്നും പറഞ്ഞ് നേരത്തെ വിളിച്ചുകൂവിയതോ? മനുഷ്യൻ ഇങ്ങനെ ഓന്തിനെപ്പോലെ നിറമാറരുത്"

"കല്ല് കല്ലിന്മേൽ ശേഷിക്കാതെ വിശ്വാസങ്ങൾ തകരുമ്പോൾ ഓന്ത് മാത്രമല്ല, മനുഷ്യനും മാറും"

ശ്രീരഞ്ജിനിക്ക് മനസ്സിലായില്ല. എന്നിട്ടും അവൾ സമവായത്തിന്റെ പെൺസ്വരം പുറത്തെടുത്തു.



"എന്തായാലും ഞാൻ കൊണ്ടുവന്നതല്ലേ, ഇപ്പം ഇത് കഴിക്ക്"

"ഉപ്പിട്ട ഒരു ഗ്ലാസ് നാരങ്ങാവെള്ളം മതി. അതും തണുപ്പിക്കാത്തത്."

വെള്ളം തളിച്ച നീറ്റുകക്കപോലെ ഇരട്ട ഗോപുരങ്ങൾ ഭസ്മമാകാൻ തുടങ്ങിയപ്പോൾ ശ്യാമളൻ ടി.വി കെടുത്തി. അലമാരിയിലെ കണ്ണാടിയിൽ നിഴലിച്ച സ്വന്തം രൂപത്തെ അയാൾ അവിശ്വാസത്തോടെ നോക്കിനിന്നു. ആഭരണങ്ങൾപോലെ ശരീരത്തിൽ ഞാന്നു കിടന്ന ആധുനികത ഉടഞ്ഞുവീഴാൻ തുടങ്ങിയിരുന്നു.

പതിവിന് വിരുദ്ധമായി ശ്യാമളൻ തണുത്ത വെള്ളത്തിൽ കുളിച്ചു. തല തോർത്തുമ്പോൾ അയാൾ ഉറക്കെ വിളിച്ചു പറഞ്ഞു: "രജനീ, നമുക്കൊര് പടത്തിന് പോകാം" അപ്പോഴേക്കും രണ്ടു കുട്ടികളും "നമ്മുടെ അച്ഛൻ നല്ലച്ഛൻ" എന്ന് സംഘഗാനം പാടിക്കൊണ്ട് കുളിമുറിയുടെ അലൂമിനിയം കതകിൽ കൊട്ടാൻ തുടങ്ങിയിരുന്നു.

അത്ഭുതങ്ങൾ പിന്നെയും സംഭവിച്ചു. അത്താഴത്തിന് ശ്യാമളൻ കഞ്ഞി ചോദിച്ചുവാങ്ങി. കുട്ടികളും കഞ്ഞി തന്നെ ആവശ്യപ്പെട്ടപ്പോൾ ശ്രീരഞ്ജിനിയുടെ അത്ഭുതമടങ്ങി. കഞ്ഞിക്ക് ചൂടുണ്ടായിരുന്നതുകൊണ്ട് സ്പൂണും അയാളുടെ പല്ലുകളും രണ്ടുവട്ടം കൂട്ടിമുട്ടി.

"എന്റെ കുട്ടിക്കാലത്ത്" ശ്യാമളൻ ഭൂതകാലത്തെ ചികഞ്ഞെടുക്കുമ്പോൾ അയാൾ മറ്റൊരു കുട്ടിയായി മാറുന്നത് ശ്രീരഞ്ജിനി കണ്ടു.

കുട്ടിക്കാലത്ത് ശ്യാമളന്റെ തറവാട്ടിൽ ദാരിദ്ര്യമായിരുന്നു. എന്നും ഉച്ചയ്ക്ക് കഞ്ഞിയും പുഴുക്കുമായിരുന്നു. ചൂടുകഞ്ഞിയെ തണുപ്പിക്കുന്നതിന് വേണ്ടി ശ്യാമളനും നാലുചേട്ടന്മാരും കൂടി അഞ്ച് കഞ്ഞിപ്പാത്രങ്ങൾ കുളത്തിലെ വെള്ളത്തിലേക്ക് ഇറക്കി വിടും.

"ഒന്നുരണ്ട് വട്ടം കഞ്ഞിക്കപ്പലുകൾ റോന്തു ചുറ്റിയിട്ട് വരുമ്പോൾ ചൂടാറിയിരിക്കും"

"നല്ല രസം തന്നെ", മൂത്തകുട്ടിക്ക് സന്തോഷമായി.

"ഒരിക്കൽ ഒരു തമാശയുണ്ടായി. ഒരു പച്ചത്തവള കഞ്ഞിപ്പാത്രത്തിൽ ചാടിവീണു. അപ്പോൾ തന്നെ അത് ചത്തുമലച്ചു".

"എന്നിട്ടോ?"

"എന്നിട്ടെന്തുണ്ടാകാൻ? നാല് പാത്രങ്ങളിൽ നിന്ന് കുറേശ്ശെ കോരിയെടുത്തു അഞ്ചാമത്തെ പാത്രം നിറച്ചു.

മൂത്തകുട്ടി യാഥാർത്ഥ്യങ്ങളെ തിരിച്ചറിയാൻ തുടങ്ങിയിരുന്നു. അവൻ ആരാധനയോടെ ശ്യാമളനെ നോക്കി. ആ നിമിഷം അയാളെ ഏകനാക്കാൻ പാടില്ലെന്ന് തോന്നിയപ്പോൾ ശ്രീരഞ്ജിനി മുട്ടിയുരുമി നിന്നു; ഇടത്തേ തോളിൽ കൈ വച്ചുകൊണ്ട്. കുട്ടികൾ കഞ്ഞിപ്പാത്രത്തിലേക്ക് തലതാഴ്ത്തിയപ്പോൾ ശ്യാമളൻ അവളുടെ ഇടത്തേമുലയുടെ താഴെ പല്ല് പായിക്കാതെ പതിയെ കടിച്ചു.

"ഇങ്ങനെ ഇരുന്നാൽ മതിയോ?" ശ്രീരഞ്ജിനി ചോദിച്ചു. "സിനിമയ്ക്ക് പോകണ്ടേ?"

പെട്ടെന്ന്, നിശ്ശബ്ദത ഭഞ്ജിച്ചുകൊണ്ട് മൂന്നു സ്പൂണുകളും മൂന്ന് കിണ്ണങ്ങളും വേഗത്തിൽ കൂട്ടിമുട്ടാൻ തുടങ്ങി. കർണ്ണകഠോരം എന്ന് നടിച്ചുകൊണ്ട് ശ്രീരഞ്ജിനി കാതുകൾ പൊത്തി; ചുണ്ടിൽ നിന്ന് പുഞ്ചിരി കളയാതെ തന്നെ.

കാറിലേക്ക് കയറുമ്പോൾ മാത്രമാണ് ഡ്രൈവറുടെ സീറ്റിലിരിക്കുന്ന ശ്യാമളൻ ഉടുത്തിരിക്കുന്നത് കൈലിമുണ്ടാണെന്ന് അവൾ അറിയുന്നത്. കളിയാക്കി ചിരിച്ചപ്പോൾ അയാൾ പറഞ്ഞു. "രാത്രിയല്ലേ?"

കാറിന് വേഗത പോരെന്ന് ശ്രീരഞ്ജിനിക്ക് തോന്നി. അവൾ ചോദിച്ചു.

"ഇങ്ങനെ പോയാൽ സിറ്റിയിലെത്തുമോ?"

"എന്തിന്?"

"അപ്പോൾ സിനിമ?"

"നമ്മൾ പോകുന്നത് റാണിയിലാണ്"

"റാണി തീയേറ്ററിലോ?"

"ഛെ!" ശ്യാമളൻ ശാസിച്ചു. റാണിയെ ആരും തീയേറ്റർ എന്ന് വിളിച്ചാക്ഷേപിക്കാറില്ല. ഞങ്ങൾ ബഹുമാനത്തോടെ റാണി കൊട്ടക എന്ന് പറയും.

"അതാണ് ചേർച്ച", ശ്രീരഞ്ജിനി പരിഹസിച്ചു: "വെളുത്ത വാവാണെ'ങ്കിൽ സിനിമ മാത്രമല്ല, പൂർണ്ണചന്ദ്രനെയും കാണാം. മഴക്കാലമാണെങ്കിൽ ചട്ടിയും കലവും കൂടി കൊണ്ടുപോകണം."

റാണി കൊട്ടകയുടെ വേലിപ്പടി തുറന്നിട്ടിരുന്നു. ആകെ മൂന്നാലുപേരുണ്ട്. പൂളിമരത്തിൽ തളച്ച ആന ഓലമടൽ വലിച്ചുകീറുന്ന ശബ്ദം ചങ്ങലയുടെ കിലുക്കത്തോടൊപ്പം കേൾക്കാമായിരുന്നു. തെങ്ങിന്റെ മുകളിൽ കെട്ടിയ കോളാമ്പികൾ 'കഭി, കഭി' എന്ന ഹിന്ദിപ്പാട്ട് തിണ്ണയിൽ ചിരട്ട ഉരസുന്ന ഒച്ചയിൽ പുറപ്പെടുവിക്കുന്നുണ്ടായിരുന്നു. പെട്ടെന്ന് പാട്ട് നിലച്ചു. ആളുകൾ പിരിയാൻ തുടങ്ങി. തലയും ചെവിയും എരിടുകൊണ്ട് മൂടിയ പ്രായംചെന്നയാളോട് ശ്യാമളൻ ചോദിച്ചു:

"എന്താ പടമില്ലേ?"

"ഇല്ല. ആളില്ലാത്തതുകൊണ്ട് അവർക്ക് മുതലാകില്ലെന്ന്.

"പോകണ്ട", ശ്യാമളൻ പറഞ്ഞു: "ഞാനൊന്ന് ചോദിച്ചിട്ട് വരാം."

യന്ത്രമുറിയിലിരുന്ന മാനേജരും അത് തന്നെ പറഞ്ഞു. കടപ്പുറത്ത് പണിയില്ല. പടിഞ്ഞാറ് മോശമായാൽ കിഴക്കും പച്ചകൊത്തില്ല.

"അതിന് പാഴൂർ പടിപ്പുരവരെ പോകേണ്ട



കാര്യമില്ല" മാനേജർ ചിരിച്ചുകൊണ്ട് പറഞ്ഞു: "കൊട്ടക തുടങ്ങിയത് മുതൽ ആദ്യം കേൾപ്പിക്കുന്നത് "കാളി, ഭദ്രകാളി" എന്ന പാട്ടാണ്. രണ്ടാമത്തെ പാട്ട് കേട്ടാലറിയാം പടം ഓടുമോ ഇല്ലയോ എന്ന്. 'കഭി, കഭി' ആണെങ്കിൽ ശോകഗാനം, അംഗൻവാടിയിൽ പയറും കഞ്ഞിയും കുടിക്കുന്ന കുഞ്ഞുങ്ങൾക്കും അറിയാം പടം ഓടില്ല. 'ജയിക്കാനായ് ജനിച്ചവൻ ഞാൻ' എന്ന പാട്ടാണെങ്കിൽ ഉറപ്പ്, ബ്രഹ്മാവ് വിചാരിച്ചാൽ പോലും കളി തടയാൻ പറ്റില്ല".

"അപ്പ ഇന്ന്? "ശ്യാമളൻ പിന്നെയും പിടിവള്ളി തേടി.

"പടമില്ല. സാറേ, പത്തിരുപത്തഞ്ചാളെങ്കിലുമില്ലാതെ എങ്ങനെ ഓടിക്കാനാണ്. തുരുമ്പിക്കാതെയിരിക്കാൻ ഒരു തുടം എണ്ണയെങ്കിലും വാങ്ങണേ?"

"പടം ഓടിക്കണം. അത്രയും പേരുടെ പണം ഞാൻ തരാം".

കുറച്ചുനേരം മാനേജർ മിണ്ടിയില്ല. "അത് വേണോ?"

"വേണം" ശ്യാമളൻ പറഞ്ഞു.

മാനേജർ ചിരിച്ചുകൊണ്ട് ചോദിച്ചു: "സാറിന് ഭയങ്കര സന്തോഷമുള്ള ദിവസമാണെന്ന് തോന്നുന്നു. വീട്ടിലാരുടെയെങ്കിലും പിറന്നാള്? മക്കളുടെ പരീക്ഷേലേ ഉന്നതവിജയം...?"

"അല്ല. ഒട്ടും സന്തോഷമുള്ള കാര്യങ്ങളല്ല സംഭവിച്ചത്".

-ഉറപ്പും ഭദ്രതയുമുള്ള ഒരു വെളുത്ത മലലക്ഷ്യംവച്ച് ഞാൻ നടക്കുകയായിരുന്നു. മലപോയിട്ട് അത് കുന്നുപോലുമല്ലെന്ന് തിരിച്ചറിഞ്ഞിട്ട് അധികം നേരമായിട്ടില്ല. ചോക്കുകളുടെ വെറും കൂമ്പാരം.

"സർ, 'ജയിക്കാനായ് ജനിച്ചവൻ' വെച്ചോട്ടെ"? "വെച്ചോളൂ."

കൊട്ടകയിൽ വിളക്കണഞ്ഞപ്പോൾ ശ്രീരഞ്ജിനി പറഞ്ഞതുപോലെ ദ്രവിച്ച ഓലയുടെയും ഈർക്കിലിന്റെയും വിടവിലൂടെ നിലാവിറങ്ങിവരുന്നത് ശ്യാമളൻ കണ്ടു. അയാൾ വെറുതെ കണ്ണടച്ചിരുന്നു. പെട്ടെന്ന് കാണികൾ കൂവി. ശ്യാമളൻ കണ്ണു തുറന്നപ്പോൾ ചുറ്റിലും വെളിച്ചമുണ്ട്. ഗ്രഹണി പിടിച്ച കുട്ടിയെപ്പോലെ വെള്ളിത്തിര വിളറി വെളുത്തിരിക്കുന്നു.

"എന്ത്, പറ്റി?" തൊട്ടടുത്തിരുന്ന ചെറുപ്പക്കാരനോട് ശ്യാമളൻ ചോദിച്ചു.

"പടം പൊട്ടി" റാണി കൊട്ടകയുടെ മുതലാളിയെ ഒരു മുട്ടൻ തെറി വിളിച്ചിട്ട് ചെറുപ്പക്കാരൻ പറഞ്ഞു: "എ യിലും ബി യിലും ഓടി മിനിഞ്ഞാന്നത്തെ തേങ്ങാമുറിപോലെ പുപ്പല് പിടിച്ച പടങ്ങളാണ് ഇവിടെ വരുന്നത്".

കസേരകളുടെയും ചാരുബെഞ്ചുകളുടെയും അപ്പുറത്ത് ബെഞ്ചുകളുടെ മുന്നിലേക്ക് ഒരു ചെത്തുകാരൻ വരുന്നത് ശ്യാമളൻ കണ്ടു. അയാൾ കള്ള് നിറച്ച മാട്ടം വെള്ളിത്തിരയുടെ അരമതിലിൽ ചാരിവച്ചു. ചെത്തുകൂടും അഴിച്ചുവച്ചു. ചെത്തുകാരൻ ബെഞ്ചിൽ കയറിനിന്നിട്ട് സദസ്സിനെ അടിമുടി അളന്നു. അയാളുടെ നോട്ടം കേസരയിലിരിക്കുന്ന ഒരു രൂപത്തിലേക്ക് മാത്രം തറഞ്ഞുചെന്നു. അത് നേരത്തെ കണ്ട തലയും ചെവിയും മറച്ച പ്രായമായ മനുഷ്യനായിരുന്നു.

"മഞ്ഞ് കൊള്ളാതെ മുതുക്കന്മാർക്ക് കുടുമത്ത് കെടക്കാൻ പാടില്ലേ?" ചെത്തുകാരൻ ആദ്യത്തെ ചൊട്ട ചെത്തി.

"മുതുക്കൻ നിന്റെ തന്ത" പ്രായമുള്ള മനുഷ്യനും വിട്ടുകൊടുത്തില്ല.

("വഴക്കാണോ?" ശ്യാമളൻ പേടിയോടെ ചോദിച്ചു.

"ഹേയ്, വെറും തമാശ" തൊട്ടടുത്തിരുന്ന ചെറുപ്പക്കാരൻ പറഞ്ഞു.)

"ഉറപ്പ് പോര. കുടുമത്ത് ചെന്ന് പെറ്റതള്ളയോട് ചോദിച്ചിട്ട് സമ്മതിക്കാം."

"തള്ള സമ്മതിക്കും"

"ഇല്ലേല് തെറിയുടെ ആറാട്ടായിരിക്കും".

"എനിക്ക് രണ്ട് കൂടുതലാണ്. അതുകൊണ്ട് എട്ടാട്ട് പ്രതീക്ഷിക്കാം".

("അവർ അച്ഛനും മകനുമാ" ചെറുപ്പക്കാരൻ വീണ്ടും പറഞ്ഞു: "അച്ഛൻ അമ്പലത്തിലെ വെളിച്ചപ്പാടാ. പടം തീരുമ്പോൾ മകന്റെ സൈക്കിളിന്റെ പുറകിലിരുന്ന് വെളിച്ചപ്പാട് പോകും. ചകിരികൊണ്ട് പേനുകളെ അരിച്ചുകളഞ്ഞിട്ട് ഒരു തുള്ളിവെള്ളം ചേർക്കാത്ത ഒരു ഗ്ലാസ് അന്തിക്കള്ള് മകൻ കൊടുക്കും. രണ്ടുപേരും ഉറങ്ങും. പിറ്റേന്ന് നേരം വെളുക്കുമ്പോൾ വീണ്ടും. പരസ്പരം കളിയാക്കാൻ തുടങ്ങും.

ശ്യാമളൻ പൊട്ടിച്ചിരിച്ചു.

"ചാക്യാരും നമ്പ്യാരും. ഇത്തരം ശുദ്ധാത്മാക്കൾ അന്യംനിന്നുകൊണ്ടിരിക്കുകയാണ്.")

പടം വീണ്ടും തുടങ്ങി. ചെത്തുകാരൻ കൂത്ത് അവസാനിപ്പിച്ചിരുന്നില്ല. കൈവിരിച്ചുനിന്ന അയാളുടെ ശരീരത്തിന്റെ രേഖാചിത്രം വെള്ളി

ത്തിരയിൽ കറുത്തവാവിന്റെ രാത്രിപോലെ കിടന്നു. അയാൾ കുനിഞ്ഞ് സ്വന്തം ഇരിപ്പിടത്തിലേക്ക് അമർന്നപ്പോൾ രേഖാചിത്രത്തിലേക്ക് നിറങ്ങൾ വന്നുവീണു ചലനവും ശബ്ദവുമുണ്ടായി.

ഇരുട്ടിലൂടെ കപ്പലണ്ടിക്കാരൻ വന്നപ്പോൾ ശ്യാമളൻ അഞ്ചാറ് പൊതിവാങ്ങിച്ചു. ചെറുപ്പക്കാരനും വെളിച്ചപ്പാടിനും അയാൾ ഓരോ പൊതി വീതം കൊടുത്തു. കുറച്ചുനേരം കഴിഞ്ഞപ്പോൾ പടം നിശ്ശബ്ദ സിനിമയായി മാറി. അഭിനേതാക്കൾ സംസാരിക്കുന്നുണ്ട്. പക്ഷേ, ശബ്ദം പുറത്ത് വരുന്നില്ല. ഇതിനുള്ള ചികിത്സ നന്നായറിയാവുന്ന കാണികൾ അടുത്ത നിമിഷം മുതൽ കൂവാൻ തുടങ്ങി. ബെഞ്ചിൽ നിന്ന് ചാരുബെഞ്ച് വഴി കസേരകളിലേക്ക് പടർന്ന കൂക്കുവിളികളിൽ തന്റെ സംഭാവന കൊടുക്കാതിരിക്കാൻ ശ്യാമളന് കഴിയുമായിരുന്നില്ല. അയാൾ കൂവിയപ്പോൾ തൊട്ടുപുറകെ മക്കളും കൂവി. ശ്രീരഞ്ജിനി മാത്രം നിശ്ശബ്ദം ചിരിച്ചു. അടുത്ത നിമിഷം തിക്കുറിശ്ശിക്കും നസീറിനും സംസാരശേഷി തിരിച്ചുകിട്ടി.

പടം തീർന്നിട്ടും ശ്യാമളൻ എഴുന്നേറ്റില്ല. എല്ലാവരും പുറത്തേക്ക് പോകുന്നതുവരെ അയാൾ കാത്തുനിന്നു. കാറിൽ കയറുന്നതിനു മുൻപ് അയാൾ മാടക്കടയിലേക്ക് പോകുമ്പോൾ കുട്ടികളുടെ പ്രതീക്ഷയുടെ രസനിരപ്പുയർന്നു. കുറച്ച് പല്ലിമുട്ടായിയുമായി അയാൾ മടങ്ങിവന്നപ്പോൾ എല്ലാം ഘടികാരക്രമത്തിന്റെ വിരുദ്ധ ദിശയിലേക്ക് നീങ്ങുകയാണെന്ന് സങ്കടത്തോടെ അവർക്ക് മനസ്സിലായി.

ദേശീയപാതയിലേക്ക് കയറാതെ ശ്യാമളൻ വണ്ടി ഒരു പൂഴിറോഡിലൂടെ വിട്ടു. നിശാഗന്ധികളും കിഴക്കൻ കാറ്റുകളും നിറഞ്ഞ പാതിരാ കഴിഞ്ഞുള്ള രാത്രിയെ അവർ വൃശ്ചികത്തിലെ ഉഷസ്സുപോലെ അനുഭവിച്ചു. ആമ്പലുകൾ നിറഞ്ഞ ഒരു കണ്ടത്തിന്റെ ഓരം ചേർത്തു അയാൾ കാറ് നിർത്തി. അല്പനേരം കാത്തുനിന്നപ്പോൾ ഒരു ചീവീട് സദസ്സിനെ താണുവണങ്ങിയിട്ട് സംഗീതം പുറപ്പെടുവിക്കാൻ തുടങ്ങി. അപ്പോൾ തന്നെ തവള അതിന്റെ പെരുമ്പറയും മുഴക്കി. കണ്ടത്തിന്റെ നാലുമൂലയിൽ നിന്നും ചീവീടുകളുടെ സുഷിരവാദ്യങ്ങളും തവളകളുടെ തുകൽ വാദ്യങ്ങളും മത്സരിച്ചു മേളം തുടങ്ങി. രാത്രിയുടെ കൊമ്പനാനകൾ ചെവിവട്ടം പിടിക്കുന്നുണ്ടായിരുന്നു. രാപ്പൂക്കൾ വിരിഞ്ഞ് പലതരം മണങ്ങൾ നിറഞ്ഞപ്പോൾ ശ്യാമളൻ കാറിന്റെ വാതിൽ തുറന്നിട്ട് വലിയ ശബ്ദത്തിൽ വലിച്ചടച്ചു കച്ചേരി നിലച്ചു.

"ഒരു ചെറിയ ഇടവേള" ചെറിയ കുട്ടിയോട് മാത്രമായി ശ്യാമളൻ പറഞ്ഞു: "തവളകളും ചീവിടുകളും ചുക്കുകാപ്പി കുടിക്കുകയാണ്"

ദേശീയപാതയുടെ പടിഞ്ഞാറു വശത്തുള്ള ആഞ്ഞിലിച്ചോട്ടിലെ തട്ടുകടയിൽ പെട്രോമാക്സ് അണയാൻ തുടങ്ങിയിരുന്നു. കാറിൽ നിന്ന് ഇറങ്ങാതെ തന്നെ ശ്യാമളൻ നാല് ചുക്കുകാപ്പി പറഞ്ഞു. കാപ്പി കുടിച്ചവർക്കെല്ലാം ഇക്കിട്ടം തുടങ്ങിയപ്പോൾ അയാൾ ചിരിച്ചുകൊണ്ട് പറഞ്ഞു: "നല്ല ഒന്നാന്തരം കാപ്പി. ഇത് മഹാബലിയുടെ നാടാണെന്ന് തോന്നുന്നു. അല്പം പോലും മായമില്ല".

വെളിച്ചമാളികയുടെ ചോട്ടിൽ ശ്യാമളൻ കാറ് കൊണ്ടുപോയി കിടത്തി. കുറച്ച് മുന്നിലായി കടലിന്റെ ശബ്ദം കേൾക്കാമായിരുന്നു. മാളികയുടെ മുകളിൽ നിന്ന് കറങ്ങിവീശുന്ന വെളിച്ചം ഓരോ 360 ഡിഗ്രിയുടെയും ഇടവേളകളിൽ കടലിനെ സ്നാനം ചെയ്തു. ആദിയിലും അറുതിയിലും പ്രകാശമുണ്ട്. പ്രകാശം സനാതനമാണ്. ശ്യാമളൻ ഉന്മേഷത്തോടെ പുറകിലേക്ക് നോക്കിയിട്ട് പറഞ്ഞു. "ഇനി ഞാൻ ഒരു കഥ പറയാം"

ശ്രീരഞ്ജിനിയും കുട്ടികളും പിന്നിലെ ഇരിപ്പിടത്തിൽ ഉറക്കച്ചടവുള്ള കണ്ണുകൾ തിനവി കഥയ്ക്ക് വേണ്ടി കാത്തിരുന്നു. ഇരുണ്ടുകിടന്ന കടലിനെ തിളക്കിക്കൊണ്ട് ഒരു വട്ടംകൂടി വെളിച്ചം കടന്നുപോയി. ശ്യാമളൻ പറഞ്ഞു തുടങ്ങി:

മലമുടിയിൽ, പച്ചകൾ ഇടതൂർന്ന് കരമ്പച്ചയായ കൊടുങ്കാട്ടിൽ ഉരുവംകൊണ്ട ഒരു തുള്ളി മഴ വെള്ളിനൂലായ് നീർച്ചോലയായ് അരുവിയായ് പുഴയായ് അഴിമുഖത്തിലൂടെ കടലിലെത്തുമ്പോൾ കടലിന്റെ രസതന്ത്രം തകിടം മറിയാൻ തുടങ്ങും. മല കഴുകി വരുന്ന ചുവന്നനിറമുള്ള നൻവെള്ളത്തിന്റെ ഇളംമധുരവും ഇരുമ്പിനെ തുരുമ്പാക്കുന്ന കടലിന്റെ ഘോരമായ ഉപ്പും കൂട്ടിമുട്ടുമ്പോൾ കടലിൽ അതിഭയങ്കരമായ ക്ഷോഭവും ശാന്തിയും ഉണ്ടാകും. ശാന്തമായ കടൽജലത്തെ നാം ആദരവോടെ ചാകര എന്ന് വിളിക്കുന്നു.

അത്തരം ഒരു ചാകരപ്പാട്ടിലാണ് കുട്ടിമാളു പൊറുത്തിരുന്നത്. കുട്ടിമാളുവിന്റെ കെട്ടിയവൻ വള്ളവും വലയുമായി കടലിൽ പോകുകയും നിറയെ മീനുമായ് കരയിൽ വരികയും ചെയ്തു. മീൻ വിറ്റ കാശുകൊണ്ട് പെട്ടിയും പത്തായവും നിറഞ്ഞു. കുട്ടിമാളുവിന് തലയിൽ നിന്ന് ഒരു തള്ളപ്പേനിനെ കിള്ളിയെടുക്കാൻ കൂടി നേരം കിട്ടിയില്ല. മീൻവെട്ടിയും മീൻ കഴുകിയും കറിവെച്ചും വറുത്തും പൊള്ളിച്ചും പൊരിച്ചും ഉപ്പിലിട്ടും അവളുടെ ശരീരത്തിൽ നിന്ന് മീൻമണം പോകുന്ന നേരമില്ലാതായി. ചട്ടിയിലും കല്ലിലും വിരലുകൾ ഉരസി നഖം വളരാതായി. ഒരു ദിവസം കെട്ടിയവൻ കുട്ടിമാളുവിന് കടൽപശുവിനെ കാണിച്ചുകൊടുത്തു. നിലാവുള്ള രാത്രിയിൽ, പകൽ തിന്ന പായലുകളെയും നീർച്ചെടികളെയും അയവെട്ടിക്കൊണ്ട്. അത് കടൽത്തീരത്ത് കിടക്കുന്നത് കുട്ടിമാളു കണ്ടു. ഘനീഭവിച്ച വെണ്ണപോലെ കടൽപശു കിടക്കുന്നു. ഒന്നര വ്യാഴവട്ടമായിരുന്നു ആ കടപ്പുറത്ത് ചാകര തെളിഞ്ഞുതുടങ്ങിയിട്ട്. കെട്ടിയവൻ സന്തോഷത്തോടെ പറഞ്ഞു: "അവളാണ് കടലിന്റെ മഹാലക്ഷ്മി. അവൾ ഈ കടപ്പുറത്ത് കിടക്കുന്ന കാലത്തോളം നമ്മുടെ വീട്ടിൽ നിന്ന് കാശും മീനും ഒഴിയില്ല".

കുട്ടിമാളുവിന് വേല മാത്രമായിരുന്നു. വിശ്രമമില്ലായിരുന്നു. ഒരു ദിവസം സഹികെട്ട കുട്ടിമാളു കടൽതീരത്തേക്ക് ചെന്നു" പ്ഫ! പൊലയാടീ, കാഞ്ഞിരപ്പൊലയാടീ, തീർന്നില്ലേടീ നിന്റെ വെളയാട്ടം" എന്ന് ചോദിച്ചുകൊണ്ട് ഒളിപ്പിച്ചു വച്ചിരുന്ന ചൂലുകൊണ്ട്, മുറ്റമടിക്കുന്ന ചൂലുകൊണ്ട് മതിവരുവോളം തല്ലി. അടികൊണ്ട് പുളഞ്ഞ കടൽപശു കുട്ടിമാളുവിനെ ഒരു നിമിഷം നോക്കിനിന്നു. അതിന്റെ കണ്ണുകൾ നനഞ്ഞൊഴുകാൻ തുടങ്ങിയിരുന്നു. പിന്നെ; അത് സാവകാശം നടന്നു കടലിലിറങ്ങി. ചിങ്ങനിലാവും പച്ചനിറമുള്ള തിളക്കങ്ങളും നിറഞ്ഞ കടൽ അതിനുവേണ്ടി പിളർന്നുകൊടുത്തു. പിന്നെ, ആരും കടൽപശുവിനെ കണ്ടിട്ടില്ല. പിന്നെ, ഒരിക്കലും ആ കടപ്പുറത്ത് ചാകരയും തെളിഞ്ഞിട്ടില്ല.

കഥ തീർന്നപ്പോൾ കാഥികന്റെയും കേൾവിക്കാരുടെയും മുഖം ശോകം അനുഭവിക്കുമ്പോൾ സംഭവിക്കുന്നത് പോലെ മൗനംകൊണ്ട് നിറഞ്ഞു. അപ്പോൾ ശ്യാമളൻ പറഞ്ഞു:

"ഇന്ന്, ഈ കൊച്ചുവെളുപ്പാൻ കാലത്ത് നമ്മൾ ഇവിടെയിരുന്ന് വർത്തമാനം പറയുമ്പോൾ ഈ ഭൂമുഖത്ത് ഒരു മഹാമഥനം നടക്കുകയാണ്. ആരാണ് ദേവൻ? ആരാണസുരൻ? അറിയില്ല. അറ്റ്ലാന്റിക്കും പസഫിക്കും മാത്രമല്ല, ഈ കൊച്ചുകടൽ കൂടി മഥനത്തിന് വേദിയാകും"

നേർത്തു തുടങ്ങിയ ഇരുളിൽ ചെമ്പുകുടത്തിൽ ഊതുന്നത് പോലെ കടൽ ഇരമ്പംമാത്രമായി അനുഭവപ്പെട്ടു.

"മഥനം നടന്ന കടലിൽ നിന്ന് മാത്രമേ ഇന്ദ്രനുവേണ്ടി ഒരവതാരം പുറപ്പെടാറുള്ളു. അങ്ങനെയെങ്കിൽ നമ്മളും കാത്തിരിക്കണം. കടൽ അതിന്റെ നീർച്ചെടിക്കാട്ടിൽ മേയാൻ വിട്ട കടൽപശു നമുക്ക് വേണ്ടിയും യാത്ര പുറപ്പെടും"

"എനിക്ക് കടൽ കാണണം" മൂത്തകുട്ടി പറഞ്ഞു.

"എനിക്കും", ഇളയകുട്ടിയും പറഞ്ഞു.

മല കഴുകിവരുന്ന പുഴവെള്ളംപോലെ കടലിന് ചുവപ്പുനിറമായി. കിഴക്കുപുറത്തുള്ള കുടിയിരുപ്പുകളിൽനിന്ന് നാലഞ്ച് കോഴികൾ കൂവി. അല്പനേരം കഴിഞ്ഞപ്പോൾ മാളികയിൽ നിന്ന് ചുറ്റിവീശുന്ന വെളിച്ചവും നിലച്ചു. കടലിന്റെ തൊട്ടുമുന്നിൽ കൊണ്ടുപോയി ശ്യാമളൻ വാഹനം തളച്ചു.

മുന്നിലെ ഇരിപ്പിടത്തിലേക്ക് കുട്ടികൾ മാറിക്കയറി. കാറിന്റെ മുൻവശത്തെ ചില്ലിലും മുകളിലത്തെ സൺഗ്ലാസിലും തെളിഞ്ഞ ഉഷസ്സിന്റെയും സന്ധ്യയുടെയും ഇരട്ടക്കടലുകളിൽ അവർ ഇമയനക്കാതെ നോക്കിയിരുന്നു. ഒന്നല്ല, രണ്ടു കടൽപശുക്കൾ പൊങ്ങിവരുന്ന ദിവ്യമുഹൂർത്തവും കാത്ത്.....■

കവിത

സല്ലാപം

കെ.വി.ബേബി

വീട്ടിലേയ്ക്കൊരു രാത്രി ഞാൻ നടക്കെ
നാട്ടിടവഴിയരികിലൊരു മർമ്മരം.

ആരാരു തമ്മിൽ പുണർന്നിടുന്നു?
എന്തെന്തു തമ്മിൽ മന്ത്രിച്ചിടുന്നു?

മുക്കുറ്റി മിന്നുന്നൊരെന്തിനോടോ
(മിന്നാമിനുങ്ങാകാം, ഞാൻ നിനച്ചു.)
മന്ത്രിപ്പൂ "വിണ്ണിലെ വാഴ്വെങ്ങനെ?"
"അന്തമില്ലാക്കനിവിൻ പരപ്പി
ലുണ്ടെനിക്കെന്നും ചെറിയൊരിടം."
"ചൊല്ലു നീ, മണ്ണിലെ വാഴ്വെങ്ങനെ?"
"അമ്മയിൽ കിനിയും കനിവുതന്നെ
എന്നിൽ തുടിയ്ക്കുമീ ജീവതാളം."
"പോരുന്നോയെൻകൂടെ വിണ്ണിലേയ്ക്ക്?"
"മണ്ണുവിട്ടാൽ ഞാൻ മരിച്ചുവീഴും."
"മണ്ണിലെൻകൂടെ കഴിയാമോ?"

എന്തു പറയണമെന്തു പറയണ
മെന്നറിയാതെ കുഴങ്ങി.....■

കനകക്കണ്ണുകൾ

സുധ അജിത്

കണ്ണൂരിൽ കനലെരിയും കണ്ണുകൾ
കണ്ണിലുറവ വറ്റിയ നീർച്ചാലുകൾ!....
പകയിൽ തീയെരിയും പകലിന്നൊ-
ടുങ്ങാത്ത നെടുവീർപ്പുകൾ!....

കണ്ണൂരിൽ കനവുകൾ വിരിയും
കണ്ണിൽ തീയെരിയും കനലുകൾ!....
കാലം വീർപ്പടക്കും, ചുടുചോര-
നക്കും ബീഭത്സതകൾ!....

കണ്ണൂരിൽ കണ്ണുനീരിലലിയും
കരളിൻ ആർദ്രഭാവങ്ങൾ!...
കാലം തീർക്കുമീച്ചിത്രം
മായാത്ത മൺചുമർ ഹൃത്തടം!....■

വിഷയവിവരം

രണ്ടാം ഭാഗം

പി.മോഹനൻ

അദ്ധ്യായം പന്ത്രണ്ട്

ജോൺ സായ്പും ഡോക്ടർ ബ്രൗണും കിടപ്പുമുറിയിലെത്തിയപ്പോൾ ജൂലിയറ്റ് പേടിച്ചരണ്ട് ചുറ്റും നോക്കി കിടക്കുകയായിരുന്നു. ഡോക്ടർ ബ്രൗൺ തൊട്ടുനോക്കിയപ്പോൾ പൊള്ളുന്ന ചൂടുണ്ട്. അലമാരയിൽ നിന്ന് ജോൺ കൊണോട്ട് തെർമോമീറ്ററെടുത്തു കൊടുത്തു.

പനി നോക്കട്ടെ, ഡോക്ടർ ബ്രൗൺ സൗമ്യതയോടെ ജൂലിയറ്റിനോടു പറഞ്ഞു. അവൾ ഒരു കൊച്ചുകുട്ടിയായി വായ പിളർന്നു. ജോൺ കൊണോട്ട് സങ്കടത്തോടെ മുറിയിൽ ഉലാത്തിക്കൊണ്ടിരുന്നു.

ഡോക്ടർ ബ്രൗൺ, ജൂലിയറ്റിന്റെ നാഡി പിടിച്ചുനോക്കി. തീവ്രമായൊരു ഹൃദയവികാരമായി ജൂലിയറ്റിന്റെ നാഡി തന്റെ വലങ്കൈവിരലുകളിൽ ചുറ്റിപ്പിണയാൻ കിണഞ്ഞു ശ്രമിക്കുന്നത് ഡോക്ടർ അറിഞ്ഞു. ഡോക്ടർ പൊടുന്നനെ വിരലുകൾ പിൻവലിച്ചു. തെർമോമീറ്ററെടുത്തു നോക്കി. നൂറു ഡിഗ്രി പനിയുണ്ട്.

ഒരു ശിക്ഷാവിധിയോടുള്ള സംഭ്രമത്തോടെ, പനി എത്രയുണ്ടെന്ന് ജൂലിയറ്റ് ആരാഞ്ഞു; വാക്കുകൾക്ക് ശബ്ദത്തിന്റെ പ്രായപൂർത്തി ഉണ്ടായിരുന്നില്ല.

ഡോക്ടർ പറഞ്ഞു: സാരമാക്കാനില്ല. ഉച്ചയ്ക്ക് കഴിച്ച ഗുളിക ഒന്നുകൂടി കഴിക്കണം; രാത്രി ഭക്ഷണശേഷം രണ്ടെണ്ണം വേണം. നെറ്റിയിൽ വെള്ളം നനച്ച് പട്ടയിടണം. ആ സുഖത്തണുപ്പിൽ ഉറങ്ങിക്കോളൂ.

ജൂലിയറ്റിന് ജോൺ കൊണോട്ട് ഗുളിക കൊടുത്തു. മരുന്നെന്ന പോലെ ജൂലിയറ്റ് ഒരു ഗ്ലാസ് വെള്ളം കുടിച്ചു; തിരിഞ്ഞു കിടന്നു. ജോൺ സായ്പ്, ജൂലിയറ്റിന്റെ നെറ്റിയിൽ പട്ടയിടാനുള്ള ഒരുക്കങ്ങൾക്കായി താഴേക്കിറങ്ങി.

ഇന്നേരം കിടക്കവിരിപ്പിൽ ഡോക്ടർ ബ്രൗൺ, ഒരു ചെറിപ്പഴത്തിന്റെ താരുണ്യത്തോടെ കട്ടച്ചോര കിടക്കുന്നതു കണ്ടു: അതൊരു വിലക്കപ്പെട്ട കനി! അതൊരു ചെറുഹൃദയമായി പിടയ്ക്കുന്നു. ഉവ്വ്. അതിന് കാഴ്ചയും കേൾവിയുമുണ്ട്. അതൊരു കൺചെവി! ഡോക്ടർക്ക് അതിനോട് പേടി തോന്നി. ആത്മാവ് ശരീരം വിട്ടുപോകുന്നതുപോലെ, ജൂലിയറ്റ് അറിയാതെയാണോ അത് വായിൽ നിന്നും തെറിച്ചത്. വയറ്റിൽ നിന്നും വായോളം അത് പാത്തും പതുങ്ങിയുമാണോ എത്തിയത്? ഒരിടത്താവളമായി വായിൽ തെല്ലുനേരമെങ്കിലും അതു തങ്ങിയത് ജൂലിയറ്റ് അറിഞ്ഞില്ലെന്നുണ്ടോ? എങ്ങനെയായാലും അത് ഉരുണ്ടുകേറിവന്ന് തെറിച്ചുവീണതു തന്നെ. അറിയാതെ, അറിഞ്ഞിട്ടും മനസ്സിലാകാതെ വീണത് ഏദനിൽ നിന്നുള്ള വീഴ്ച തന്നെ. സ്വയം പരിഹരിക്കപ്പെടുന്ന വ്യവസ്ഥയിൽ നിന്നും അത് വിടുതൽ നേടിയതാണോ? അതോ പ്രലോഭനങ്ങളുടെ പൈശാചികത അതിനെ തള്ളിവിട്ടതോ? എന്തായാലും അതൊരു വെളിപാടുമുദ്ര. ഡോക്ടർക്ക് ആ രക്തവടകം സാക്ഷ്യമായി.

ജൂലിയറ്റ് അറിയാതെ പതുക്കെ വലത്തേ ചൂണ്ടുവിരൽകൊണ്ട് കിടക്കവിരിപ്പിൽ നിന്ന് ഡോക്ടറതു വടിച്ചെടുത്തു. ഡോക്ടറുടെ ചൂണ്ടുവിരൽ വിറച്ചുതുള്ളി. ഒരു മന്ത്രവാദിയുടെ വിഭ്രാവസ്ഥയോടെ, ഡോക്ടർ വാഷ്ബേസിനടുത്തേയ്ക്കു നീങ്ങി. ചൂണ്ടുവിരലിൽ നിന്നും ഡോക്ടറതു തെറിപ്പിച്ചു. വീണ്ടുമതിനുണ്ടായ വീഴ്ചകണ്ട് ഡോക്ടർക്ക് സഹതാപം തോന്നി. തുറന്ന ഗർഭപാത്രത്തിലെ ഭ്രൂണപുഷ്പമായി അതു ചുവന്നു തുടുത്തു കിടക്കുന്നു. ഡോക്ടർ വെള്ളമെടുത്ത് ഒഴിക്കാൻ തുടങ്ങി. ഇതൾ പൊടിയാത്ത പൂക്കളില്ല. നാരുനാരായി ഒറ്റയ്ക്കും കൂട്ടിപ്പിണഞ്ഞും അതു വേർപെട്ടു; അകന്നുമാറി ഏകകോശങ്ങളുടെ പുള്ളിവേഷം കെട്ടി. ശാന്തമായ നീരൊഴുക്കിനെ എതിരിടാനാകാതെ വാഷ്ബേസിന്റെ ഇരുൾക്കുഴിയിലേക്ക് അവ വഴുതി വീണുപോയി. വീണുപോയതു ജൂലിയറ്റിന്റെ ശരീരത്തിന്റെ രക്തവെളിപാടാണെന്ന് ഡോക്ടർക്ക് തിരിച്ചറിവുണ്ടായി.

ശരീരം ഒന്നും ഒളിച്ചുവയ്ക്കുന്നില്ല. സന്തോഷത്തിലും സന്താപത്തിലും അതു കണ്ണീരൊഴുക്കും. രോഗാവസ്ഥയിൽ അകത്തും പുറത്തുമായി അതു വേണ്ടതിലധികം മുന്നറിയിപ്പു തരും. തടിപ്പായി, പാണ്ടായി, ചൊറിച്ചിലായി, പുകച്ചിലായി, തരിപ്പായി, പനിയായി, വേദനയായി, ഛർദ്ദിയായി, വയറ്റിളക്കമായി, ചുമയായി, കഫമായി, ചോരയായി, ചലമായി അതു പരാതിപ്പെടും. ശരീരമാണ് അസ്തിത്വം; ആത്മാവ് അതിന്റെ ഭാവന. ശരീരം സമൂഹവും ആത്മാവ് ബോധവുമാണ്. ഡോക്ടർക്ക് ഖിന്നതയുണ്ടായി. ഡോക്ടർ കൈകഴുകിത്തുടച്ചില്ല.

ജോൺ കൊണോട്ടും അപ്പുട്ടനും വന്ന് ജൂലിയറ്റിന്റെ നെറ്റിയിൽ വെള്ളം നനച്ച തുണിപ്പട്ടയിട്ടു. ഡോക്ടർ, ജോൺ സായ്പിനെ വിളിച്ച് ഭ്രാന്തയിൽ ചെന്നിരുന്നു.

–ജോൺ, ജൂലിയറ്റുമായി നിങ്ങൾ ബന്ധപ്പെട്ടിട്ട് എത്ര നാളായിക്കാണും?

–കൃത്യമായ ഓർമ്മയില്ല; എങ്കിലും അവൾക്കു മഞ്ഞപ്പിത്തം വന്നതിനു മുമ്പേ ഒന്നുരണ്ടു തവണ.

–അന്ന് എന്തെങ്കിലും അതൃപ്തിയോ വൈമനസ്യമോ അനുഭവപ്പെട്ടിട്ടുണ്ടോ?

–അവൾക്ക് സ്വാഭാവികമായൊരു താല്പര്യക്കുറവ് പ്രകടമായിരുന്നു. അതു തുടങ്ങിയിട്ട് കുറേ നാളായിരുന്നു. പ്രായം അവളെ പുറകോട്ടടിപ്പിച്ചിരുന്നു. കുട്ടികളില്ലാത്തത് അവളെ ദുഃഖിതയാക്കിയിരുന്നു. പിന്നീട് ഉണ്ണിയുടെ വരവിൽ അവൾ പ്രതീക്ഷയർപ്പിച്ചു. എങ്കിലും എന്നെ സന്തുഷ്ടനാക്കാൻ അവൾ പരമാവധി ശ്രമിച്ചിരുന്നു; ഞാനും അതിനു പ്രത്യുപകാരം ചെയ്തിരുന്നു. ഒരു ദിവസം യാദൃച്ഛികമായി അതെന്റെ വിരലുകളിൽ തൊട്ടു. ഞാൻ തന്നെ ഉരുട്ടിയെടുത്ത ഒരു കനിയാണതെന്ന് ആദ്യമെനിക്കു തോന്നി. അങ്ങിനെയല്ല, ഞാനി കനി ക്യാമ്പിൽ വച്ച് എന്റെ വിരലുകൾക്കിടയിലിട്ട് കളിച്ചിട്ടുണ്ടെന്നും അതിലവൾക്ക് ഒരുന്മാദം തന്നെയുണ്ടായിരുന്നെന്നും എനിക്കോർമ്മ വന്നു. അതേപ്പറ്റി അവളോട് ഞാൻ തമാശ പറഞ്ഞിരുന്നു: നമ്മുടെ ഉണ്ണി വലത്തേ മുലയിൽ നിന്ന് ഹിന്ദു ദൈവമായി അവതരിക്കും!

–നിങ്ങൾ തമാശ നിർത്തൂ!

–ക്ഷമിക്കണം ഡോക്ടർ. അവൾക്ക് അന്നു മുതലേ ആ മുഴയെക്കുറിച്ച് ഭയാശങ്കകൾ ഉണ്ടായിരുന്നു. ഡോക്ടർ വി.പി. നാരായണമേനോനോട് ചോദിച്ചപ്പോൾ ഉഷ്ണമേഖലാരാജ്യങ്ങളിൽ തലനീരിറക്കം കൊണ്ട് അങ്ങനെ ഉണ്ടാവാമെന്ന് പറഞ്ഞിരുന്നു. പോരാത്തതിന് ക്വാർട്ടറുകളിലെ കുട്ടികളെ ശുശ്രൂഷിക്കാൻ ജൂലിയറ്റ് ധാരാളം വെയിലു കൊണ്ടുനടക്കാറുള്ളതും ഡോക്ടർ ഓർമ്മിപ്പിച്ചിരുന്നു. ഭയാശങ്കകളെ അസ്ഥാനത്താക്കിക്കൊണ്ട് അതിന്റെ സാന്നിദ്ധ്യം ഇടയ്ക്കിടെ ഇല്ലതായിരുന്നു. അവയുടെ ഓരോ തിരിച്ചുവരവിലും അതുവരെ കൊണ്ട വെയിൽ കുറ്റവാളിയായി. കാറ്റും മഞ്ഞും വെയിലുമൊക്കെ കൊള്ളുന്നത് ശരീരത്തിന്റെയും മനസ്സിന്റെയും ഊർജ്ജസ്വലതയ്ക്കു നല്ലതാണെന്ന ബോധ്യത്താൽ പിടികിട്ടാപ്പുള്ളിയായി വിഹരിച്ച അതിനെക്കുറിച്ച് വേവലാതിയില്ലാതായി. ഇടയ്ക്കിടെ പനി, മേലുവേദന, തലതിരിച്ചൽ, തൊണ്ട കാറി ചുമയ്ക്കുമ്പോൾ രക്തത്തിന്റെ ചെറുപുള്ളികൾ, ഛർദ്ദി ഇവയൊക്കെ ഏതൊരു ശരീരത്തിന്റെയും സാധാരണ പരാതികളായി കടന്നുപോയി. കുട്ടികളോടുള്ള വാത്സല്യവും ഗർഭിണിയായതിന്റെ അമിതാഹ്ലാദവും അവളെ അവളുടെ ശരീരത്തിനുമതീതയാക്കി. ശരീരമല്ല അവളുടെ മനസ്സാണ് ഗർഭിണിയായത് എന്നുപോലും തോന്നത്തക്കവിധത്തിൽ അവൾ ആഹ്ലാദവതിയായിരുന്നു. ആഹ്ലാദം മനസ്സിൽ തുളിത്തുളുമ്പിയപ്പോൾ അതു മുഴുവൻ ഉള്ളാലെ നുണഞ്ഞുതീർക്കാൻ അവൾ പാടുപെട്ടു; അവളുടെ നടത്തം സാവധാനത്തിലായി. ഒരടി നടന്നുതീർക്കാൻ അവൾ സമയമെടുത്തു. സമയം എന്നൊന്ന് ഇല്ലാത്തപോലെ സമയത്തെക്കാൾ ആഹ്ലാദത്തിന്റെ മിനിറ്റ് സെക്കന്റ് സൂചികളാണ് അവളെ നിയന്ത്രിച്ചിരുന്നത്. ഇതിനിടെ ക്യാമ്പിലുണ്ടായ സംഭവവികാസങ്ങൾ അവളെ ഉലച്ചിരുന്നു. ആ സംഭവങ്ങളുടെ ആഘാതത്താൽ അവൾക്കു അലസിപ്പോകുമോ എന്നു ഞാൻ ഭയപ്പെട്ടു. ഭാഗ്യം. അതുണ്ടായില്ല. അവളെ തുണച്ചത് അവളുടെ ഒറ്റമൂലിയായ സത്യവേദപുസ്തകമാണ് എന്ന് അവൾ ഇടയ്ക്കിടെ പറഞ്ഞിരുന്നു. എങ്കിലും, ഡോക്ടർ അവൾക്കെന്തു പറ്റി? എന്റെ ജൂലിയറ്റിന് എന്താണു രോഗം?

–ജോൺ പരിഭ്രമിക്കേണ്ട. ജൂലിയറ്റിന് അപകടമൊന്നുമില്ല. അല്ലെങ്കിൽ ലോകത്തിനി മനുഷ്യന് എന്തപകടമാണ് സംഭവിക്കാനുള്ളത്. ഹിരോഷിമയ്ക്കുശേഷം മനുഷ്യന് ഒറ്റയ്ക്കും കൂട്ടായും ഏതു വിശ്വാസത്തെയാണ് ആശ്രയിക്കാനുള്ളത്? ജോൺ, ജീവിതത്തിന്റെ എല്ലാ സന്ധികളിലും ഇപ്പോൾ അപകടത്തിന്റെ കുരുക്കാണ്. അത് അഴിക്കപ്പെടുക തന്നെ ചെയ്യുമെന്ന് നിശ്ചയം. ഇന്നല്ല; നാളെയുമല്ല; എന്നെങ്കിലും. ഒരു ഡോക്ടർ എന്ന നിലയ്ക്ക് ഇന്നുതന്നെ എന്നു പറയേണ്ടവനാണ് ഞാൻ. ജൂലിയറ്റിന്റെ മുഖത്ത് ഈ ലോകത്തിന്റെ ആശങ്ക മുഴുവനുമുണ്ട്. ജോൺ, ആയുസ്സും രോഗവുമായി ബന്ധമൊന്നുമില്ല. ജീവിതവും ആയുസ്സുമായി ഒരു കരാറുമില്ല. രോഗവും ജീവിതവും തമ്മിലാണ് വാദപ്രതിവാദം; അതിന്റെ വിധിപറച്ചിൽ എന്നും നീട്ടിവയ്ക്കുന്നു. എന്തെന്നാൽ വാദവും പ്രതിവാദവും അവസാനിക്കുന്നില്ല. ആശങ്ക അരങ്ങു വിടുന്നില്ല. എനിക്ക് ജൂലിയറ്റിന്റെ അവസ്ഥയെക്കുറിച്ച് ഉത്കണ്ഠയുണ്ട്!

ഉത്കണ്ഠ എന്ന വാക്കിൽ ജോൺ കൊണോട്ടിന് ഞെട്ടലുണ്ടായി. അതു ഫയറിങ് റേഞ്ചിൽ നിന്നുള്ള നിരന്തര വെടിമുഴക്കത്തിനു തുല്യം. പരിശീലന മുഴക്കമല്ല, ഒരേയൊരു ഉന്നത്തിനു നേരെയുള്ള ആക്രമണത്തിനു തുല്യം.

ജോൺ സായ്പ് രണ്ടു പാസിങ് ഷോ സിഗരറ്റുകൾ ഒരുമിച്ചു കത്തിച്ചു.

–ജോൺ. പേടിക്കണ്ട. ജൂലിയറ്റിന്റെ രോഗം നമ്മെ പേടിപ്പിക്കുന്നുവെന്നേയുള്ളൂ. ഏതൊരു രോഗത്തിനും അതിന്റേതായ ഭീഷണി പ്രയോഗങ്ങളുണ്ട്. ഏൽക്കുമെങ്കിൽ ആകട്ടെയെന്നു കരുതി രോഗാണുക്കൾ ചാവേറുകളായി പൊരുതും. അവയൊന്നും സാരമാക്കാനില്ല.

–എനിക്ക് പേടിയുണ്ട് ഡോക്ടർ, എന്റെ ജൂലിയറ്റിന് എന്താണു രോഗം? അവളുടെ ഗർഭം ദുശ്ശങ്കയിൽ പെട്ടു പോയോ? സമാധാനിപ്പിക്കാനായി ഒന്നും പറയരുത്. നിജസ്ഥിതി വെളിപ്പെടുത്തുക.

–നിജസ്ഥിതി ആർക്കറിയാം ജോൺ? രോഗാണുക്കളും നമ്മുടെ കോശങ്ങളും തമ്മിലുള്ള ഏറ്റുമുട്ടലുകൾ ഇന്നോ ഇന്നലെയോ തുടങ്ങിയതല്ലല്ലോ. അവ തമ്മിൽ ഏറ്റുമുട്ടുകയാണോ അതോ പരസ്പരം കണ്ണുകെട്ടി കളിക്കുകയാണോ എന്ന് എങ്ങനെ പറയാൻ കഴിയും? എല്ലാം ധാരണകളും ഊഹങ്ങളുമാണ്. പുതിയൊരു തെളിവു കിട്ടിയാൽ അവയൊക്കെ അപ്രസക്തമാകും. പിന്നെയുള്ള വൈതരണി കിട്ടിയ തെളിവ്. വ്യാജമല്ലെന്ന് ഉറപ്പു വരുത്തലാണ്.

–എന്തു തെളിവാണ് വേണ്ടത് ഡോക്ടർ? ഡോക്ടർക്ക് എന്തെങ്കിലും പുതിയ തെളിവു കിട്ടിയിട്ടുണ്ടോ?

–ഉവ്വ്! ജൂലിയറ്റിന്റെ വലത്തേ മുലയിൽ മുഴയുണ്ടെന്ന തെളിവ്. അതു വ്യാജമാകട്ടെ എന്നു ഞാൻ ആഗ്രഹിക്കുന്നു.

–അല്ല! അതു വ്യാജമല്ല! എന്റെ വിരലുകൾക്കിടയിൽ അത് ഉരുണ്ടുകളിച്ചിട്ടുണ്ട്. എന്റെ കൈപ്പടത്തിൽ അതു വിലക്കപ്പെട്ട കനിയായി ഒളിഞ്ഞിരുന്നിട്ടുണ്ട്. അന്നോരങ്ങളിൽ വേദനിക്കുന്നുവെന്ന് ജൂലിയറ്റ് എന്നോടു പറഞ്ഞിട്ടുണ്ട്. ഞാനെന്റെ കൈവിരലുകൾ വേദനയില്ലാതാക്കാനായി പിൻവലിച്ചിട്ടുണ്ട്. കരസ്പർശം വേദനയുണ്ടാക്കുമെന്ന അറിവിൽ എനിക്ക് ഉള്ളം കലങ്ങിയിട്ടുണ്ട്. ആശ്വസിപ്പിക്കാൻ തലോടാൻ പറ്റാതെ വരിക!

ഡോക്ടർ ബ്രൗണിന്റെ കണ്ണുകൾ കലങ്ങി. ചുഴലിക്കാറ്റും താണ്ഡവമാടുന്ന കടലും വേട്ടയാടിയാൽ കപ്പൽ എങ്ങനെ നങ്കൂരമിടുമെന്ന് ഡോക്ടർക്ക് അങ്കലാപ്പുണ്ടായി. നിരാശ്രയത ഡോക്ടറിൽ വളർന്നുകൊണ്ടിരുന്നു. ഛേദത്തോടടുക്കുന്ന കപ്പലായി ഡോക്ടർ. ജൂലിയറ്റിന്റെ കിടപ്പുമുറിയിലേക്കു നടന്നു.

ജൂലിയറ്റ് ശാന്തമായി ഉറങ്ങുന്നു. മുൾക്കിരീടമുദ്രയായി വെളുത്ത പട്ട അവളുടെ നെറ്റിയിൽ പതിഞ്ഞുകിടക്കുന്നു. സ്വന്തം ഓർമ്മ ചോർന്നുപോകുന്നതായി ഡോക്ടർ അറിഞ്ഞു. ആ ഒഴിഞ്ഞുപോക്കിനു പകരമായി ഒരു വചനധാര ഡോക്ടർ കേട്ടു: "നിന്റെ പ്രമാണങ്ങളുടെ വഴി എന്നെ ഗ്രഹിപ്പിക്കേണമേ: എന്നാൽ ഞാൻ നിന്റെ അത്ഭുതങ്ങളെ ധ്യാനിക്കും" (സങ്കീർത്തനങ്ങൾ 119:27)

ജൂലിയറ്റ് കണ്ണു തുറന്നു. പുറത്തുനിന്ന് കാറ്റുവീശി. കാറ്റ് ദൈവത്തിന്റെ വീശറിയാണ്. ഡോക്ടർ വിശ്വാസം കൊണ്ടു. ■

തുടരും

നുറുങ്ങുകഥ

വിദ്വാൻ ഗോദവർമ്മ രാജു

ടി.ഗോപിനാഥ്

പത്തൊൻപതാം നൂറ്റാണ്ടിലെ കൊടുങ്ങല്ലൂർ കോവിലകവും ഗുരുകുലവും. നളന്ദ, തക്ഷശില, കാശിവിദ്യാപീഠം എന്നീ പ്രാചീന മദ്ധ്യകാല സർവ്വകലാശാലകളെ വെല്ലുവിളിച്ചുകൊണ്ടിരുന്ന ഈ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പ്രമാണസൂക്തം: 'വിദ്യാധനം, സർവ്വധനാൽ പ്രധാനം' എന്നായിരുന്നു. രാജകുടുംബാംഗങ്ങൾ തന്നെ അദ്ധ്യാപകർ, അവരുടെ ആദർശവചനമോ, 'വിദ്യാസ്മൽ പരദേവത.'

തങ്ങളുടെ കൈവശമുള്ള വിജ്ഞാനമെല്ലാം, പ്രതിഫലേച്ഛയില്ലാതെ മറ്റുള്ളവർക്ക്. ജാതിയും സാമുദായിക പദവിയുമൊന്നും നോക്കാതെ, പകർന്നുകൊടുത്തിരുന്ന ആ തമ്പുരാക്കന്മാർക്ക് മാർഗ്ഗദർശിയായിരുന്നത് വിദ്വാൻ ഗോദവർമ്മ ഇളയരാജയായിരുന്നു. ശങ്കരാചാര്യർക്കുശേഷം കേരളം കണ്ടിട്ടുള്ള മഹാപ്രതിഭ ആരെന്ന ചോദ്യത്തിനുത്തരം വളരെ ലളിതംതന്നെ.

ഒരു പ്രഭാതം. ഗുരുകുലത്തിൽ പഠനം ആരംഭിക്കുന്നതേയുള്ളൂ. ഇളംമുറ തമ്പുരാക്കന്മാരെല്ലാം പരദേവതയെ കുടിയിരുത്തിയിരിക്കുന്ന കാവിലമ്പലത്തിൽ പോയിരിക്കുന്നു. ഒരു വൃദ്ധൻ നമ്പൂതിരി കൊട്ടാരത്തിലെത്തി വിദ്വാൻ ഇളയരാജയെ മുഖം കാണിച്ചു. തമ്പുരാൻ ചോദിച്ചു: "എന്താ നമ്പൂരി ഈ അതികാലത്ത്? മുഖത്ത് യാത്രാക്ഷീണം കാണുന്നുണ്ടല്ലോ." നമ്പൂതിരി പറഞ്ഞു: "ന്നെ ഒന്നു സഹായിക്കണം. ഇല്ലത്ത് ദാരിദ്ര്യാ. മൂന്നു കുട്ടികളുടെ പെൺകൊടയ്ക്കു സമയായി. ഒന്നും തരായില്ലെങ്കിലു ജീവനൊടുക്കേ വഴീള്ളൂ."

തമ്പുരാൻ: "സാഹസത്തിനൊന്നും ഒരുമ്പെടണ്ടാ. പിന്നെ ഇവിടുത്തെ കാര്യോക്കെ അറിയില്ലേ. ഭഗവതിടെ കടാക്ഷം കൊണ്ടിങ്ങനെ തട്ടിമുട്ടിക്കഴിയുന്നു. രാജാക്കന്മാരാണെന്നു പറഞ്ഞിട്ടെന്താ കാര്യം എടുത്തെറിഞ്ഞ് വിലസാനുള്ള വഹേന്നും കൊടുങ്ങല്ലൂരിനില്യ. ഞാനൊരു എഴുത്തു തരാം. അത് തിരുവിതാംകൂർ രാജാവിന് കൊടുക്കൂ. സ്വാതിതിരുനാളാണ് ഭരിക്കണത്. സാക്ഷാൽ രാജാവ്. ഉപേക്ഷ കാണിക്കില്ല്യ. (തിരുവിതാംകൂർ രാജാവും വിദ്വാൻ ഇളയരാജയും തമ്മിലുള്ള സുഹൃദ്ബന്ധം പ്രസിദ്ധമാണ്.)

ഒരു ഓലക്കഷണമെടുത്ത് എഴുത്താണികൊണ്ട് എന്തോ അതിലെഴുതി ഭദ്രമായി പൊതിഞ്ഞ് അന്തണനു കൊടുത്ത് തമ്പുരാൻ പറഞ്ഞു: നേരെ പോയി വള്ളത്തിൽ കേറിക്കോളൂ. നാളെ പുലർച്ചെ തിരുവനന്തപുരത്തെത്താം. മഹാരാജാവിനെ മുഖം കാണിക്കൂ, ല്ലാം ശ്ശര്യാവും.'' നമ്പൂതിരി യാത്രയായി. തിരുവനന്തപുരത്തെത്തി കുളിയും സന്ധ്യാവന്ദനവും ക്ഷേത്രദർശനവും കഴിഞ്ഞ് കൊട്ടാരത്തിലെത്തി.

സിംഹാസനത്തിലിരിക്കുന്ന മഹാരാജാവിനോട് സേവകൻ പറഞ്ഞു: ഒരു ബ്രാഹ്മണൻ തിരുമുഖം കാണിക്കാനെത്തീട്ടുണ്ട്. അങ്ങ് വടക്കുനിന്നാണെന്നാ പറഞ്ഞേ. അദ്ദേഹത്തെ കൂട്ടിക്കൊണ്ടുവരാൻ കല്പനയായി. വളരെ സങ്കോചത്തോടെയാണ് നമ്പൂതിരി തിരുമുമ്പിലെത്തിയത്. കുചേലൻ അവൽപൊതി കക്ഷത്തിൽ സൂക്ഷിച്ചിരുന്നതുമാതിരി ഭദ്രമായിട്ടുതന്നെയാണ് ഓലക്കഷണമടങ്ങുന്ന പൊതിയും ഇരുന്നിരുന്നത്. കുമ്പിട്ടു വണങ്ങിയതിനുശേഷം തിരുമുൽക്കാഴ്ചയെന്നപോലെ ഓലക്കഷണം മഹാരാജാവിന് സമർപ്പിച്ചു. കീഴ്നടപ്പനുസരിച്ചുള്ള കാഴ്ചകളൊന്നും സമർപ്പിക്കുവാൻ ആ പാവത്തിന് കഴിവില്ലായിരുന്നു.

മഹാരാജാവ് ഓലച്ചീന്തെടുത്ത് സശ്രദ്ധം വായിച്ച് പുഞ്ചിരിച്ചുകൊണ്ടു ചോദിച്ചു: "കൊടുങ്ങല്ലൂരീന്നാ വരണേല്ലേ. വിദ്വാനേം കണ്ടൂല്ല്യേ. ഇതിലു പേരൊന്നും എഴുതീട്ടില്ലെങ്കിലും ഇതെഴുതിയ ആളെ മനസ്സിലായി. അതുപോട്ടെ, ന്താപ്പബ്ടെ വരാൻ കാരണം? തന്റെ പ്രാരാബ്ധങ്ങളടങ്ങുന്ന കദനകഥയുടെ ചുരുളഴിച്ചപ്പോൾ മഹാരാജാവ് പറഞ്ഞു: "ഈ ഓല കണ്ടപ്പോഴേ അത് മനസ്സിലായി. ഇതിലെന്താ എഴുതീരിക്കണതെന്നു നിശ്ചയണ്ടോ?"

ദാരിദ്ര്യസ്യ ദയാലുത്വം
കിം ബ്രവീമി മഹീപതേ,
ആത്മനാശം അനാദൃത്യാ
ഭവന്തം മാം അദർശയത്.

(ദാരിദ്ര്യത്തിന്റെ ദയാവായ്പിനെപ്പറ്റി എന്തു പറയാനാ. തന്നത്താൻ നശിക്കാൻ പോകുകയാണെന്നറിഞ്ഞിട്ടുകൂടി എന്നെ അവിടുത്തെ മുന്നിലെത്തിച്ചിരിക്കുന്നു.)

തമ്പുരാൻ തുടർന്നു: "വിദ്വാനു മാത്രേ ഇത്തരത്തിലുള്ളൊരു പദ്യം എഴുതാൻ കഴിയൂ. ഇതിനു പ്രതിഫലം തരണെങ്കില് തിരുവിതാംകൂർ മുഴുവനും വിറ്റാലോ പണയപ്പെടുത്തിയാലോ മതിയാകില്ല. ഭാഗ്യം അങ്ങ് ദൂതനോ ചുമട്ടുകാരനോ ആയിട്ടല്ലേ വന്നിരിക്കണത്. ദാ ഇത് സ്വീകരിക്കൂ", എന്നുപറഞ്ഞ് മൂന്നു പണക്കിഴികൾ നൽകി. (ആ കിഴികളിലൊക്കെക്കൂടി പതിനെണ്ണായിരം രൂപയുണ്ടായിരുന്നുവത്രെ.) നമ്പൂതിരി സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ട് മടക്കയാത്ര ആരംഭിച്ചു.

•

കൊടുങ്ങല്ലൂർ ശ്രീ കുരുംബാ ഭഗവതിക്ഷേത്രം വളപ്പിലുള്ള ഒരു ആൽമരത്തറയിൽ ഒരു കാവിവസ്ത്രക്കാരൻ ഉപവിഷ്ടനായിരിക്കുന്നത് ഒരുനാൾ രാവിലെ പലരിലും കൗതുകമുണർത്തി. അതുവരെ അവിടെയെങ്ങും കണ്ടിട്ടില്ലാത്ത ആൾ. ദിവ്യത്വം സ്ഫുരിക്കുന്ന മുഖം. കണ്ണുകളടച്ച്, കൈപ്പടങ്ങൾ മടിയിൽവച്ച് ധ്യാനത്തിലെന്നപോലെയാണ് ആ സന്ന്യാസി ഇരിക്കുന്നത്.

കുഞ്ഞുക്കുട്ടൻ തമ്പുരാൻ, കൊച്ചുണ്ണിത്തമ്പുരാൻ എന്നിവരുൾപ്പെടുന്ന യുവതലമുറക്കാർ അന്നു ക്ഷേത്രത്തിലെത്തിയിരുന്നു. 'ഇയ്യാളാരാണെന്നൊന്നറിയണ്ടേ' എന്നു തീർച്ചയാക്കി അവർ ആ സന്ന്യാസിയുടെ അടുത്തുചെന്നു ചില ചോദ്യങ്ങൾ എറിഞ്ഞപ്പോൾ അദ്ദേഹം അനായാസമായി സംസ്കൃതത്തിൽ മറുപടി നൽകി. കുറച്ചുനേരത്തെ സംഭാഷണത്തിനുശേഷം തമ്പുരാക്കന്മാർ കോവിലകത്തെത്തി വിദ്വാൻ ഇളയരാജയോട് വിവരം പറഞ്ഞു: 'സംസ്കൃതത്തിൽ വലിയ കേമനാണെന്നാ അയാളുടെ ഭാവം. അത്യാവശ്യം സംസ്കൃതമറിയാമെന്നേ ഞങ്ങൾക്കു തോന്നീള്ളൂ. ആളെക്കണ്ടാൽ മതിപ്പു തോന്നിക്കും തീർച്ച."

വിദ്വാൻ ചിന്തയിലാണ്ടു. സ്വാമി വിവേകാനന്ദൻ കേരളം സന്ദർശിക്കുന്നുണ്ടെന്നും ഒരുപക്ഷേ, വേഷപ്രച്ഛന്നനായിട്ടായിരിക്കും എന്നും അറിയാനിടയായിരുന്ന അദ്ദേഹത്തിൽ സംശയമുണർന്നു. ഒട്ടും താമസിക്കാതെ യോഗ്യനായ ഒരാളെ ദൂതനായി അയച്ച് ആ സന്ന്യാസിയെ കൊട്ടാരത്തിലേയ്ക്ക് ക്ഷണിച്ചു. സന്ന്യാസി എത്തി, തമ്പുരാക്കന്മാരുമായി കുറേനേരം സംഭാഷണം നടത്തി. തമ്പുരാട്ടിമാരുമായും ചില സംവാദങ്ങളുണ്ടായി. സന്ന്യാസി മടങ്ങി. കൊടുങ്ങല്ലൂർ വിടുന്നതിനുമുൻപ് സന്ന്യാസി ക്ഷേത്രത്തിനടുത്തുള്ള വില്ലേജ് ഓഫീസിൽ ചെന്നു.

കുടിക്കുവാൻ വെള്ളം ആവശ്യപ്പെട്ടപ്പോൾ വില്ലേജ് ഓഫീസർ മൺകൂജയിലുണ്ടായിരുന്ന ശുദ്ധജലം നൽകി. പിന്നെ സന്ന്യാസി ചോദിച്ചു: "ഇംഗ്ലീഷ് അറിയാവുന്നവരാരെങ്കിലും ഇവിടെയുണ്ടോ?"

വില്ലേജ് ഓഫീസർ പറഞ്ഞു: "എനിക്കറിയാം, എന്താന്നിച്ചാൽ പറയൂ."

സന്ന്യാസി: "ഇന്നു കോവിലകത്ത് ഒരു സന്ന്യാസി ചെന്നിരുന്നു. അയാളുടെ പേര് വിവേകാനന്ദൻ എന്നാണെന്ന് തമ്പുരാക്കന്മാരെ അറിയിക്കണം." വിവേകാനന്ദസ്വാമി കൊടുങ്ങല്ലൂർ വിട്ട് അടുത്ത താവളത്തെ ലക്ഷ്യമാക്കി നടന്നു.

കൽക്കത്തയിൽനിന്നു പ്രസിദ്ധീകരിച്ചിരുന്ന 'മോഡേൺ റിവ്യൂ' എന്ന മാസികയിൽ വിവേകാനന്ദസ്വാമി പിന്നീടൊരിക്കൽ തന്റെ കേരള സന്ദർശനത്തെപ്പറ്റിയുള്ള ഒരു ലേഖനത്തിൽ എഴുതി: "വിദ്വാൻ ഇളയരാജയെപ്പോലുള്ള ഒരു പണ്ഡിതനെ എന്റെ ജീവിതത്തിൽ ഞാൻ ഇതുവരെ കണ്ടുമുട്ടിയിട്ടില്ല." ലോകം മുഴുവനും സഞ്ചരിച്ച് പല പ്രശസ്ത പണ്ഡിതന്മാരും തത്ത്വജ്ഞാനികളുമായി ഇടപഴകുവാൻ അവസരം ലഭിച്ചിട്ടുള്ള വിവേകാനന്ദസ്വാമിയാണ് ഇങ്ങനെ എഴുതിയത്.

ഒരു കാര്യം സ്വാമിജി എഴുതി: "സംസ്കൃതത്തിൽ കൊടുങ്ങല്ലൂർ കൊട്ടാരത്തിലെ സ്ത്രീകൾക്കുള്ള പ്രാഗത്ഭ്യം ഇന്ത്യയിൽ മറ്റിടങ്ങളിലുള്ള സ്ത്രീകൾക്കാർക്കും ഇല്ലതന്നെ.

എഴുത്തിന്റെ കാണാപുറങ്ങൾ

കഥയിലെ ഗുഹാമാർഗങ്ങൾ

രണ്ടായിരത്തൊന്ന് ഡിസംബർ മുപ്പത്. ആ ഞായറാഴ്ച വൈകുന്നേരം വൈ.എം.സി.എ ഹാളിലെ നിറഞ്ഞ സഹൃദയസദസ്സിനു മുന്നിൽ വ്യത്യസ്തമായ ഒരു പുസ്തകപ്രകാശനച്ചടങ്ങ് നടന്നു. സതീഷ്ബാബു പയ്യന്നൂരിന്റെ 'വൃശ്ചികം വന്നു വിളിച്ചു' എന്ന ചെറുകഥാസമാഹാരം, ചുവന്ന റിബ്ബൺ കൊണ്ടുള്ള കെട്ടഴിച്ച് സദസ്സിനെ ഉയർത്തിക്കാട്ടിയ ശേഷം, പകുത്തു തുറന്ന്, അപ്പോൾ കണ്ട കഥാഭാഗം ഡോ. അയ്യപ്പപ്പണിക്കർ വായിച്ചു. 101-ാം പേജിലെ 'കുറ്റാലം' എന്ന കഥയിലെ ജലചികിത്സയെക്കുറിച്ച് പരാമർശിക്കുന്ന ഭാഗമായിരുന്നു അത്: 'ശരീരത്തിന്റെ സന്ധിബന്ധങ്ങളെല്ലാം അയയുന്നു. പിന്നെ ജലപാതത്തിന്റെ മന്ത്രജാലവും...'

അയ്യപ്പപ്പണിക്കർക്കു പറഞ്ഞുതുടങ്ങുവാനുള്ള ഒരു വഴി തുറന്നു കിട്ടുകയായിരുന്നു മന്ത്രജാലം എന്ന വാക്കിലൂടെ: 'ഈ മന്ത്രജാലമെന്ന വാക്ക് ഈ കഥകളിലേക്കു കടക്കാൻ സൗകര്യം ചെയ്തുതരുന്ന ഒരു മാന്ത്രികത്താക്കോൽ എന്നാണ് പറയേണ്ടത്. കാരണം ഇതിലെ പല കഥകളിലും മനഃപൂർവ്വമായോ അല്ലാതെയോ ഒരു ഗുഹാമാർഗ്ഗം ഉണ്ട്, ഒരു നിഗൂഢതയുണ്ട്. ആ നിഗൂഢത കണ്ടെത്താനുള്ള ശ്രമം ആ കഥയുടെ ഉള്ളുമാത്രമല്ല കാണിക്കുന്നത്. അത് വായിക്കുന്നവന്റെ ഉള്ളുകൂടി കാണിക്കും. കഥയുടെ ഉള്ളിലേക്കു കടക്കുമ്പോൾ നമ്മുടെ ഉള്ളിലേക്കും കടക്കുകയാണെന്ന ഒരു തോന്നൽ. ആ രീതിയിൽ നമ്മൾ തന്നെ കഥയെ ഒന്നു പുനഃസംഘടിപ്പിച്ചു വായിക്കുന്നു എന്നു തോന്നും. ഇങ്ങനെയുള്ള പുനർവായന വായനക്കാരന്റെ മനസ്സിൽ നടത്താൻ സാധിക്കുന്നു എന്നതാണ് സതീഷ്ബാബുവിന്റെ കഥകളുടെ വലിയ പ്രത്യേകത."

തിരുവനന്തപുരത്ത് കഴിഞ്ഞ പത്തിരുപതു വർഷമായി പരിധി എന്ന ഒരു വേദിയുണ്ട്. കഥാവായനയും കവിതാവായനയും പുസ്തകപ്രസാധനവും ചർച്ചയും ഒക്കെയായി എല്ലാ മാസവും മുപ്പതിന് കൃത്യമായി ഒത്തുകൂടുന്ന ഒരു സഹൃദയക്കൂട്ടം. ചെറിയ ഒരു ഇടവേളയുടെ മൗനത്തിനുശേഷം പരിധിയുടെ ഉണർച്ച കൂടിയായിരുന്നു ഈ പുസ്തകപ്രകാശനച്ചടങ്ങ്. കോട്ടയം കറന്റ് ബുക്ക്സിന്റെ പ്രസാധനമാണെങ്കിലും വൃശ്ചികം വന്നു വിളിച്ചു എന്ന കൃതിയുടെ പ്രകാശനവും കഥാവായനയും 'പരിധി'യിൽ നടക്കുന്നതിനു കാരണം രാജീവ്കുമാർ വിശദീകരിച്ചു: ഒരു കഥാകൃത്തിന്റെ ആദ്യപുസ്തകം ഞങ്ങൾ പ്രകാശനം ചെയ്യാറുണ്ട്. ഇവിടെ പത്തുവർഷത്തെ ഇടവേളയ്ക്കുശേഷം സതീഷ്ബാബുവിന്റെ ഒരു കഥാപുസ്തകം വരുന്നതുകൊണ്ട് അതിന് കാലികമായ ഒരു പ്രസക്തിയുണ്ടെന്നു തോന്നി. കഥാസമാഹാരത്തിലെ രണ്ടു കഥകൾ സുരേഷും നന്ദകുമാറും അവതരിപ്പിച്ചു. 'കാസറഗോഡ്', 'സംഭവിച്ചത്' എന്നീ കഥകൾ. തുടർന്ന് യുവനിരൂപകൻ പി.കെ. രാജശേഖരന്റെ ഊഴമായിരുന്നു. 'വളരെ ഹൃദയനൈർമ്മല്യത്തോടുകൂടി ജീവിതത്തിലെ ചില സന്ദർഭങ്ങളെ എടുത്തുവയ്ക്കുകയും ഈ സന്ദർഭങ്ങളുടെ സാധ്യതകളെ നന്നായി ആവിഷ്കരിക്കുകയുമാണ് സതീഷ്ബാബു തന്റെ കഥകളിലൂടെ ചെയ്യുന്നത്.

● പ്രശാന്ത് കൃഷ്ണൻ

പുസ്തകങ്ങൾ

സാഹിത്യവാരഫലം: എം. കൃഷ്ണൻനായർ

എഴുത്തിന്റെ കാണാപ്പുറങ്ങൾ

എം. കൃഷ്ണൻനായർ



സാഹിത്യവാരഫലം

"ഉത്സാഹോ രിപുവൻ മിത്രം
ആലസ്യം മിത്രവദ് രിപുഃ
ƒമൃതം വിഷവദ് വിദ്യാ
ƒമൃതവദ് വിഷമംഗനാ"

ഉത്സാഹം ശത്രുതയായി തോന്നുമെങ്കിലും സ്നേഹിതനെപ്പോലെയാണ്. ആലസ്യം സ്നേഹിതനെപ്പോലെ തോന്നും. പക്ഷേ അതു ശത്രുവാണ്. വിദ്യ വിഷസദൃശമായി അനുഭവപ്പെടുമെങ്കിലും അമൃതമാണ്. സ്ത്രീകൾ വിഷമാണ്. പക്ഷേ അവർ അമൃതം പോലെയാണ്. (വനിതാƒമൃതവദ് വിഷം എന്ന് വേറൊരു കവി) (ഉത്സാഹം=കാര്യവിഷയകമായ ഉദ്യമം. ആലസ്യം=മടി)

പുരുഷനെഴുതിയ കാവ്യമാണിതെന്ന് സ്പഷ്ടം. അതിനാലാണ് സ്ത്രീകൾ വിഷമാണെങ്കിലും അമൃതമാണ് എന്ന സാമാന്യകരണം.

പ്രാചീന ഭാരതത്തിൽ അഗദതന്ത്രകാരൻ (അഗദതന്ത്രം=antidote) കൊട്ടാരത്തിലുണ്ടായിരുന്നു. രാജാവിനെ ആരും വിഷം കൊടുത്തു കൊല്ലാതിരിക്കുക എന്നതു നോക്കുകയാണ് അയാളുടെ ജോലി. എങ്കിലും വിഷകന്യകമാരെ അയച്ചു ശത്രുക്കൾ രാജാക്കന്മാരെ നിഗ്രഹിച്ചിരുന്നു. ജനിച്ച പെൺകുഞ്ഞ് സൗന്ദര്യമുള്ളതാണെന്നു കണ്ടാൽ അല്പമായി വിഷം കൊടുക്കും. വിഷമുള്ള ഇഴജന്തുക്കളുടെ മാംസം, വിഷമയമായ സസ്യങ്ങൾ ഇവ കഞ്ഞിന് കറച്ചു കറച്ചായി നല്കും. അങ്ങനെ വിഷത്തിന്റെ അതിപൂരിത സ്വഭാവം പെൺകുട്ടിക്കു വന്നാൽ, അവൾക്കു കന്യകാത്വം ഇല്ലാതെയായാൽ ശത്രുരാജാവിന്റെ കൂടെ വേഴ്ചയ്ക്ക് അയയ്ക്കും. വേഴ്ച വേണ്ട. രാജാവ് കാമമോഹിതനായി അവളെ ആലിംഗനം ചെയ്യുകയേ വേണ്ടൂ. അയാൾ ചത്തുവീഴും. അലിഗ്സാണ്ടർ ചക്രവർത്തി ഇന്ത്യയിലെത്തിയപ്പോൾ ഇവിടത്തെ ഒരു രാജാവ് അദ്ദേഹത്തിന്റെ കൂടാരത്തിൽ ഒരു വിഷകന്യകയെ അയച്ചുകൊടുത്തുവെന്നും അവൾ ആരെന്ന് മനസ്സിലാക്കി ചക്രവർത്തിയുടെ അംഗരക്ഷകൻ അവളെ കൊന്നുകളഞ്ഞെന്നും ഞാൻ "Poison Damsels" എന്ന പുസ്തകത്തിൽ നിന്നു മനസ്സിലാക്കിയിട്ടുണ്ട്. പല ഭാഗങ്ങളായി പ്രസിദ്ധപ്പെടുത്തിയ കഥാസരിത്സാഗരത്തിൽ അനുബന്ധമായി ഈ പ്രബന്ധം ചേർത്തിട്ടുള്ളത് ഞാൻ കണ്ടിട്ടുമുണ്ട്. കന്നായിരിക്കുമ്പോൾ അതിനെ ദിവസവും എടുത്തുയർത്തിയ ഒരു സ്ത്രീ അതു പശുവായി മാറിയപ്പോഴും അനായാസമായി പൊക്കിയെടുക്കുമായിരുന്നുവെന്ന് ഫ്രഞ്ചെഴുത്തുകാരൻ മൊൺടെയിൻ (Montaigne- ഫ്രഞ്ച് ഉച്ചാരണം വിഭിന്നം) എഴുതിയതു് ഞാൻ വായിച്ചിട്ടുണ്ട്. തെറ്റിദ്ധാരണയുടെ ലോകം, യാഥാതഥ്യത്തിന്റെ ലോകം ഇവ തമ്മിൽ വിഭിന്നതയില്ല ചിലർക്ക്. ആറ്റൂർ രവിവർമ്മയ്ക്ക് കേന്ദ്ര സാഹിത്യ അക്കാഡമിയുടെ സമ്മാനം കിട്ടിയെന്ന പത്രത്തിൽ കണ്ടപ്പോൾ എന്റെ മനസ്സിലൂടെ കടന്നുപോയ വിചാരങ്ങളാണ് ഇവ. കഞ്ഞായിരിക്കുമ്പോൾത്തന്നെ രണ്ടുവരി രവിവർമ്മക്കവിത അതിന്റെ കാതിലോതണം. അങ്ങനെ ദിവസന്തോറും രണ്ടു വരി. ക്രമേണ വരികൾ ഏറ്റിക്കൊണ്ടു വന്നിട്ട് ഒരു രവിവർമ്മക്കവിത സമ്പൂർണ്ണമായി കുട്ടിയെ പഠിപ്പിക്കണം. അപ്പോൾ 'ഇമ്യൂണൈസേഷൻ' (immunization=രോഗം വരാത്ത അവസ്ഥ) പ്രായം ചെന്ന അവനോ അവൾക്കോ ഉണ്ടാകും. ആറ്റൂർ രവിവർമ്മയെക്കാൾ പ്രായം വളരെക്കൂടിയ ആളാണ് ഞാൻ. അതുകൊണ്ട് എന്റെ കുട്ടിക്കാലത്ത് ജനിച്ചിട്ടു പോലുമില്ലാത്ത രവിവർമ്മയുടെ കവിതയിലെ രണ്ടുവരികൾ അച്ഛനമ്മമാർക്കു ദിവസവും എന്റെ കാതിലടിച്ചുകയറ്റാൻ സാധിക്കുമോ? ഹതഭാഗ്യൻ ഞാൻ. അതിനാൽ ഈ കേന്ദ്ര സാഹിത്യ അക്കാഡമി എവോർഡിന്റെ വാർത്ത എന്നെ വല്ലാതെ ഞെട്ടിച്ചുകളഞ്ഞു. ഭഗവാനേ, സച്ചിദാനന്ദാ, ഗുരുവായൂരപ്പാ എനിക്കു ഇമ്മ്യൂണിറ്റി നല്കണേ.

മൊൺടെയിൻ

ചോദ്യം, ഉത്തരം

"ആരോഗ്യപരിപാലനം ജീവിതവ്രതമായി സ്വീകരിച്ചു കഴിയുന്നവരെക്കുറിച്ച് എന്താണ് അഭിപ്രായം?"

"വെൺകുളം പരമേശ്വരൻ യൂണിവേഴ്സിറ്റിക്കോളേജിന്റെ പ്രിൻസിപ്പൽ ആയിരുന്ന നാരായണപിള്ളസ്സാറിന്റെ മുൻപിൽ യോഗമുറകൾ കാണിക്കുകയും നൂറുവയസ്സുവരെ ജീവിക്കാനുള്ള മാർഗ്ഗങ്ങൾ വിശദീകരിക്കുകയും ചെയ്തു. ഉപസംഹാര പ്രഭാഷണത്തിൽ നാരായണപിള്ളസ്സാർ ചോദ്യങ്ങൾ സ്വയം ചോദിക്കുകയും അവയ്ക്കുള്ള വെൺകുളത്തിന്റെ മറുപടികൾ അദ്ദേഹം തന്നെ നല്കുകയും ചെയ്തു.

1. "നിങ്ങൾ സിനിമ കാണുമോ?" വെൺകുളത്തിന്റെ മറുപടിയായി സാറ് തന്നെ പറഞ്ഞതു്: "ഇല്ല"

2. "നിങ്ങൾ പറമ്പു കിളയ്ക്കുമോ?"
-"ഇല്ല".

3. "നിങ്ങൾ ഒരു സിഗ്ററ്റെങ്കിലും വലിക്കുമോ?"
-"ഇല്ല"

4. "നിങ്ങൾ ഒരു സ്ത്രീയെ സ്നേഹിച്ചിട്ടുണ്ടോ?"
-"ഇല്ല." ഇതുപോലെ അനേകം ചോദ്യങ്ങൾക്ക് ഇല്ല എന്ന മറുപടി നല്കിക്കൊണ്ടു് നാരായണപിള്ളസ്സാർ ചോദിച്ചു:- "പിന്നെ നിങ്ങൾ നൂറുവയസ്സുവരെ ജീവിച്ചിരുന്നിട്ട് എന്തു കാര്യം?" (കരഘോഷം)

"മലയാള സാഹിത്യനിരൂപണത്തിന്റെ പ്രത്യേകത എന്തു്?"

"പ്രത്യേകതയ്ക്കു പകരം സവിശേഷതയെന്ന് എന്നു ചോദിക്കണം. പ്രത്യേക ശബ്ദത്തിന് each എന്ന അർത്ഥമേയുള്ളൂ. പ്രതി+ഏകം= പ്രത്യേകം. പിന്നെ നിരൂപണത്തിന്റെ കാര്യം. അവർ എഴുതുന്ന വാക്കുകൾ എല്ലാം മലയാളം. അവയ്ക്ക് അർത്ഥവും കാണും. പക്ഷേ ആ വാക്കുകൾ ചേർത്തു വാക്യങ്ങൾ ഉണ്ടാക്കുമ്പോൾ അവയ്ക്ക് അർത്ഥമില്ല"

"വിഷാദാത്മകത്വം, പ്രസാദാത്മകത്വം ഇവയിൽ ഏതു സ്വീകാര്യം?"

"ലോകത്തെ ധിഷണാശാലികളിൽ അഗ്രഗണ്യരായവർ വിഷാദാത്മകത്വം സ്വീകരിക്കുന്നു. പ്രസാദാത്മകത മണ്ടന്മാരുടെ തത്ത്വചിന്തയാണ്"

"തിരുവനന്തപുരം നാറുന്നല്ലോ?"

"കള്ളസ് പോലെ നാറുന്നു എന്നു ഉത്തരം എഴുതാനാണ് ഞാൻ ഒരുമ്പെട്ടതു്. അതു ശരിയല്ല. കള്ളസുകൾക്കുള്ള വൃത്തിയും നാറ്റമില്ലായ്മയും ഈ നഗരത്തിനില്ല"

"ആത്മഹത്യ നല്ലതല്ലേ?"

"ആത്മഹത്യയ്ക്കുള്ള ശ്രമം നിയമം തടയും. ആ യത്നത്തിൽ വിജയം വരിച്ചാൽ നിയമം ശിഷ്ടതുല്യമാകും. No one ever lacks a good reason for suicide എന്നു ആത്മഹനനം നടത്തിയ ചേസാറേ പാവേസേ എന്ന സാഹിത്യകാരൻ പറഞ്ഞതു് ഓർമ്മിക്കുക"

"പ്രേമം?"

"അർബ്ബുദം പോലെയുള്ള ഒരു രോഗം. തൽകാലം വിവാഹത്താൽ ഭേദമായാലും ഒടുവിൽ സംഹാരാത്മകശക്തിയോടെ രൂപം മാറി വരും. അതിൽ മരിക്കും"

വന്ധ്യത്വം

മാക്സിം ഗോർക്കിയുടെ ഡയറിയിൽ വായിച്ചതാണ് താഴെച്ചേർക്കുന്ന ഭാഗം:- "ഭാര്യയെ കൊന്ന ഒരു മോസ്കോ വിദ്യാർത്ഥി കോടതിയിൽപ്പറഞ്ഞ അവസാനത്തെ വാക്കുകൾ "അവൾ മരിച്ചു. രക്തസാക്ഷിത്വം വരിച്ചു. സ്വർഗ്ഗത്തു് അവളിപ്പോൾ വിശുദ്ധയായി കഴിഞ്ഞുകൂടുകയാണ്. ഞാനാകട്ടെ ഇവിടെ ജീവിതത്തിന്റെ ശേഷിച്ച ഭാഗം കറ്റത്തിന്റെ കരിമ്പു ചുമന്നും പശ്ചാത്താപം അനുഭവിച്ചും കഴിഞ്ഞുകൂട്ടുന്നു. എന്തിന് എന്നെ ശിക്ഷിക്കണം? ഞാൻ എന്നെത്തന്നെ ശിക്ഷിച്ചിരിക്കുകയല്ലേ? ഞാൻ നല്ല കൊച്ചാപ്പുകളും മുട്ടകളും തിന്നുന്നു; പണ്ടു ഞാൻ ചെയ്തതുപോലെ. പക്ഷേ അവയ്ക്കു മുൻപുള്ള നല്ല സ്വാദില്ല. ഒന്നും എനിക്കിന്ന് സന്തോഷം നല്കുന്നില്ല. -പിന്നെ എന്നെ ശിക്ഷിക്കുന്നതെന്തിന്?

ഏതാണ്ട് ഇതേ രീതിയിൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ 'പെൺഫ്രണ്ട്സ്' എന്ന കഥയെഴുതി കലാകൊലപാതകം നടത്തിയ ശ്രീബാല കെ. മേനോൻ പറയുന്നു. കലാഹിംസ ഞാൻ അനുഷ്ഠിച്ചു കഴിഞ്ഞു. ആ ദേവതയുടെ മരണം ഒരു തരത്തിൽ രക്തസാക്ഷിത്വം തന്നെയാണ്. ഞാനിപ്പോൾ ഉത്കൃഷ്ട വാരികയായ മാതൃഭൂമിയുടെ നാലരപ്പുറത്തിൽ എന്റെ കുത്തേറ്റു മരിച്ച കലയെ കിടത്തിയിരിക്കുന്നു. എന്നെ ശിക്ഷിക്കാൻ വരട്ടെ നിരൂപകൻ. എന്റെ ഉറച്ച വിശ്വാസം ഞാനെഴുതിയതു മനോഹരമായ കഥയാണ് എന്നതത്രേ. അല്ലെങ്കിൽ എഡിറ്റർ എനിക്കു കഥാശവത്തെ കിടത്താൻ നാലരപ്പുറം നല്കുമോ? ആർടിസ്റ്റ് മദനൻ നല്ല പടങ്ങൾ വരച്ച് അതിന്റെ അടുത്തു വയ്ക്കുമോ? എല്ലാ കഥയെഴുത്തുകാരെയും കുറ്റം പറയുന്ന മലയാളം വാരികയിലെ നിരൂപകൻ എന്റെ രചന നാലരപ്പുറത്ത് നീണ്ടുകിടക്കുന്നതു കണ്ടു അസൂയയോടു കുറ്റപ്പെടുത്തിയാലെന്ത്? ഇല്ലെങ്കിലെന്ത്? മാതൃഭൂമി ആഴ്ചപ്പതിപ്പിലാണ് എന്റെ കഥ ശയിക്കുന്നതു് എന്നതു് ഓർമ്മ വേണം അയാൾക്കും വായനക്കാർക്കും.

ഇക്കഥയിൽ തെറിച്ച പെണ്ണായ കാത്തിയെ കാണാം. അവൾ കുടുംബത്തിൽ ജീവിക്കാൻ യോഗ്യതയുള്ളവളല്ല. 'ഇന്റർനെറ്റ് ചാറ്റി'ലാണ് അവൾക്കു കൗതുകം. എന്തുകൊണ്ട് അവൾ ഇങ്ങനെയായിപ്പോയി. അവളുടെ അമ്മയും ചെറുപ്പകാലത്ത് തെറിച്ചു നടന്നവളാണ്. അവൾക്ക് ഇന്റർനെറ്റിന്റെ സൗകര്യമില്ല അക്കാലത്ത്. എഴുത്തുകൾ അയച്ച് ആൺപിള്ളേരെ പാട്ടിലാക്കാം. ഒടുവിൽ ബോയ് ഫ്രണ്ട് മകളെ വിളിക്കുമ്പോൾ തള്ള ഫോണിന്റെ കമ്പി മുറിച്ചുകളയുന്നു. കഥ അതോടെ തീരുന്നു. വായനക്കാരന്റെ കഥയും തീരുന്നു. എവിടെയെങ്കിലും കഥ തുടങ്ങണമല്ലോ. വാരികയുടെ 42-ാം പുറത്തു തുടങ്ങുന്ന അതു്. എവിടെയെങ്കിലും അതു് അവസാനിക്കണമല്ലോ. അതിനാൽ വാരികയുടെ 46-ാം പുറത്ത് കഥ അവസാനിപ്പിക്കുന്നു. ഈ പുറങ്ങൾക്കിടയിലുള്ള നാലരപ്പെയ്ജിൽ പരമ ബോറിങ്ങായ ആഖ്യാനവും സംഭാഷണവും തിരുകുന്നു. അവയൊക്കെ എഴുത്തുകാരി വായനക്കാരിൽ അടിച്ചേല്പിക്കുകയാണ്. നല്ല കഥ വായിച്ചുതീരുമ്പോൾ സമ്പൂർണ്ണതയുടെ ഒരനുഭൂതി വായിക്കുന്നവർക്കുണ്ടാകും. ഇവിടെ അതൊന്നുമില്ല. വന്ധ്യമായ രചന!

•

വർഷങ്ങൾക്കു മുൻപ് മലയാറ്റൂർ രാമകൃഷ്ണൻ, മലയാള നാടു പത്രാധിപർ എസ്.കെ. നായർ, ഇവരോടൊരുമിച്ച് ഞാൻ ചേർത്തലെ ഒരു സമ്മേളനത്തിനു പോയി. മദ്യമുണ്ടാക്കുന്ന ഒരു ഫാക്ടറിയുടെ വാർഷികാഘോഷത്തോടു ചേർന്ന മീറ്റിങ്ങായിരുന്നു. ഫാക്ടറിയുടെ ജനറൽ മാനേജർ മേനോന്റെ വീട്ടിൽ ഒരു രാത്രി കഴിച്ചുകൂട്ടി. അടുത്തദിവസം കാലത്ത് സമ്മേളനം. എന്റെ പ്രഭാഷണം അല്പം നന്നായിരുന്നുവെന്ന് സദസ്സിന്റെ പ്രതികരണത്തിൽ നിന്നു മനസ്സിലായി. മീറ്റിങ് കഴിഞ്ഞു് ഞാൻ മലയാറ്റൂർ രാമകൃഷ്ണനോടു ചോദിച്ചു: "എന്റെ പ്രസംഗം നന്നായോ?" അദ്ദേഹം മറുപടി നല്കി:- "സാമാന്യം ബോറായിരുന്നു." പുതുശ്ശേരി രാമചന്ദ്രന്റെ 'തെങ്ങ്' എന്ന കാവ്യം മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വായിച്ച ഞാൻ അദ്ദേഹത്തോടു പറയുന്നു "താങ്കളുടെ കവിത അസാമാന്യമായ വിധത്തിൽ ബോറായിട്ടുണ്ട്. തേങ്ങാക്കുലയെ 'പോർമുലക്കുട'മായി സങ്കല്പിച്ച് ഒരു 'കാച്ച്' നടത്തിയിട്ടുണ്ട്'ല്ലോ കവി. അതു് എന്റെ സ്ഥിരം പ്രയോഗമനുസരിച്ചാണെങ്കിൽ ഓക്കാനമുണ്ടാക്കുന്നു. ഉള്ളൂരിന്റെ ഒരു വർണ്ണനയേ അതിനോടു മത്സരിക്കാനുള്ളൂ. 'റവുക്കയാം ഹരിത സൂര്യപടത്താൽ മേല്ക്കണിഞ്ഞ കളിർ കൊങ്കകൾ രണ്ടും അർക്കകാന്തിയിൽ വിളങ്ങുന്ന ശീമച്ചക്ക പോലെ ഹൃദയം കവരുന്നു' എന്നു സ്വാമി. താൻ കവിയാണെന്നു വിചാരിച്ച് പുതുശ്ശേരി രാമചന്ദ്രൻ "തെങ്ങ്" എന്ന കവിതയെഴുതി. പക്ഷേ ഇതിനെക്കാൾ *uniliterary* ആയി അധികം കവിതകൾ ഞാൻ കണ്ടിട്ടില്ല.

സഹതാപം

തോമസ് ഹാർഡിയുടെ "No Buyers" എന്ന കവിത ഹൃദയസ്പർശിയാണ്. ബ്രഷുകളും കുടകളും കസേരകളും കയറ്റിയ ഒരു വണ്ടി മഴയിലൂടെ നീങ്ങുന്നു. അതിന്റെ കൂടെ ഒരു പുരുഷനുണ്ട്, ഒരു സ്ത്രീയുണ്ട്. വണ്ടി വലിക്കുന്നതു കുതിര. അതിന്റെ മുൻപിലായി പുരുഷൻ കാലുകൾ വലിച്ചിഴച്ചുകൊണ്ട് ആടി നടക്കുന്നു. ശവസംസ്കാര ഘോഷയാത്ര പോകുന്നതിനെക്കാൾ മെല്ലെയാണ് അവരുടെ പോക്ക്. വില്ക്കാനുള്ളവയുടെ പേരുകൾ പാടിക്കൊണ്ടാണ് അയാളുടെ നടത്തം.

അയാളുടെ പിറകവശത്തുനിന്ന് ഒരു ഗജം പിന്നിലാണ് കുതിരയുടെ മൂക്ക്. നടത്തത്തിലും ഭാവത്തിലും യജമാ

> ലോകത്തെ ധിഷണാശാലികളിൽ അഗ്രഗണ്യരായവർ വിഷാദാത്മകത്വം സ്വീകരിക്കുന്നു. പ്രസാദാത്മകത മണ്ടന്മാരുടെ തത്ത്വചിന്തയാണ്

ആറ്റൂർ രവിവർമ്മ

"പ്രേമം?" "അർബ്ബുദം പോലെയുള്ള ഒരു രോഗം. തൽകാലം വിവാഹത്താൽ ഭേദമായാലും ഒടുവിൽ സംഹാരാത്മക ശക്തിയോടെ രൂപം മാറി വരും. അതിൽ മരിക്കും"

നന്റെ പ്രകൃതമാണ് കതിരയുടേതു്. അയാൾ നില്ക്കുമ്പോൾ കതിരയും നില്ക്കും. നില്ക്കാൻ പറയേണ്ടതില്ല അതിനോട്. വണ്ടി ട്ടുരേഖയിലൂടെ കൊണ്ടുപോകാൻ കതിരയ്ക്കു ശക്തിയില്ല. പുരുഷന്-സമാന്തരമായി പാതയുടെ അരികിലൂടെ സ്ത്രീ നടക്കുന്നു. അവൾ വെൺമയുള്ളതും വീതിയുള്ളതുമായ മുൻകപ്പായം ധരിച്ചിട്ടുണ്ട്. മഴ ആ മുൻകപ്പായത്തെ അവളുടെ ശരീരത്തോടു ഒട്ടിപ്പിടിപ്പിക്കുന്നു. വില്ലാനുള്ള വസ്ത്രക്കളോടുകൂടി അവർ ഓരോ അടി വച്ച് മുന്നോട്ടു പോകുന്നു. പക്ഷേ ആരും ഒന്നും വാങ്ങുന്നില്ല. (The Complete Poems- Thomas Hardy- Papermac, London- Page 737.) ഇതു് ഇംഗ്ലീഷുകാരന്റെ റിയാലിറ്റി മാത്രമല്ല. ഹാർഡി കവിതയ്ക്കു സാർവലൗകികസ്വഭാവം വരുത്തി കേരളീയന്റെയും റിയാലിറ്റിയാക്കിയിരിക്കുന്നു. വണ്ടിയുടെ മുൻപിൽ നടക്കുന്ന സായ്പും അയാളുടെ ഭാര്യയായ മദാമ്മയും നമ്മുടെ ബന്ധുക്കളായി മാറുന്നു. അവരോടു നമുക്കു സഹതാപം. ദേശാഭിമാനി വാരികയിൽ "ഇരുൾ പടരും കാലം" എന്ന കഥയെഴുതിയ കണ്ണോത്തു് കൃഷ്ണൻ ഒരു കുട നന്നാക്കൽകാരനെ വിദഗ്ദ്ധമായി ചിത്രീകരിച്ച് അയാളുടെ നേർക്ക് അനുവാചകന്റെ സഹതാപസ്രോതസ്സ് പ്രവഹിപ്പിക്കുന്നു. നല്ല കഥയാണിതു്.

സംഭവങ്ങളും വ്യക്തികളും

കോളേജുകളിൽ കോ ഓപ്പറേറ്റീവ് സ്റ്റോഴ്സ് കാണുമല്ലോ. ഞാൻ ജോലി നോക്കിയിരുന്ന കോളേജിലെ സ്റ്റോഴ്സിന്റെ ചാർജ്ജ് ഒരു മലയാളാധ്യാപകനായിരുന്നു. അവിടെ നോട്ടുബുക്കും പാഠപുസ്തകവും വാങ്ങി വില്പനയ്ക്കു വച്ചാൽ മതി. കുട്ടികൾക്കു അവയേ വേണ്ടൂ. പക്ഷേ ഓവർ സെക്സിന്റെ ഉപദ്രവമുള്ള ആ അധ്യാപകൻ പെൺകുട്ടികൾക്കുവേണ്ട ബ്രാ കൂടി വാങ്ങിച്ചുവച്ചു വില്പനയ്ക്ക്. പെൺപിള്ളേർ അതും വില്പനവസ്തുവാണെന്ന് അറിഞ്ഞില്ല. ബ്രാ ചെലവാകുന്നില്ലെന്നു കണ്ട് അധ്യാപകൻ ബ്ലാക്ക് ബോർഡിൽ അതു വില്പനയ്ക്കുണ്ട് എന്നെഴുതിവച്ചു. അധ്യാപകൻ തന്നെ അത് വില്ക്കാൻ സന്നദ്ധനാവുകയും ചെയ്തു. ആദ്യമാദ്യം ഒന്നുരണ്ടു പെൺപിള്ളേർ ബ്രാ വാങ്ങാൻ വന്നു. ക്രമേണ അവരുടെ സംഖ്യാബലം കൂടി. പെൺകുട്ടികൾ വന്നാൽ അധ്യാപകൻ ചോദിക്കും. 'നിന്റെ അളവെത്ര?' മുപ്പത് എന്നു ലജ്ജയോടെ അവൾ മൊഴിയാട്ടം. അധ്യാപകൻ "സാളുതസ്മിതനായി" "ഉൽക്കമ്പത്താലാകലമായ" അവളുടെ മാറത്താഴ്ത്തിയ തെളിനോട്ടത്തോടുകൂടി "മുപ്പത്തിരണ്ടു വേണ്ടേ? വേണം" എന്നു പറയും. പെണ്ണു കാൽവിരലുകൾ കൊണ്ട് തറയിൽ വരച്ച് അവനതശിരസ്കയായി "തന്നേക്കു സാർ" എന്നു പറഞ്ഞ് ബ്രാ വാങ്ങിക്കൊണ്ട് പോകും. ഒരു ദിവസം ഞാൻ വരാന്തയിലൂടെ നടന്നപ്പോൾ ഒരു ക്ലാസ്സിൽ അധ്യാപകനില്ല. ബഹളം പിള്ളേരുടെ. ആരാണ് റ്റീച്ചർ എന്ന് അന്വേഷിച്ചപ്പോൾ അവർ അയാളുടെ പേരു പറഞ്ഞു. ഞാൻ കോ ഓപ്പറേറ്റീവ് സ്റ്റോഴ്സിൽ തിട്ടക്കത്തിൽ ചെന്നപ്പോൾ ക്ലാസ്സ് എടുക്കേണ്ട അധ്യാപകൻ ബ്രാ കൈയിലെടുത്തുവച്ച് ഒരു സുന്ദരിപ്പെൺകുട്ടിയോട് നിന്റെ അളവെത്ര എന്നു ചോദിക്കുന്നതു കേട്ടു.

ബ്രാ വില്പനയുടെ അടുത്ത സ്റ്റെപ്പായി പെൺപിള്ളേർ ആർത്തവകാലത്തു ഉപയോഗിക്കുന്ന പാഡും വില്ക്കാൻ അധ്യാപകൻ പ്ലാനിട്ടു. അക്കാര്യ കാണേണ്ടതായി വന്നില്ല എനിക്ക്. സർക്കാർ എനിക്കു തിരുവനന്തപുരത്തേക്കു മാറ്റം തന്നു.

2. ഞാൻ ചിറ്റൂരിൽ താമസിക്കുന്ന കാലം. ഒരു ദിവസം അണിക്കോട്ടു് എന്ന സ്ഥലത്തേക്കു നടന്നപ്പോൾ ഇടതുവശത്ത് ഒരു ലെയ്ൻ കണ്ടു. നല്ല വീടുകൾ. ഒരു വീടിന്റെ മുൻവശത്ത് 'ചമ്പത്തിൽ' എന്നെഴുതിവച്ചിരിക്കുന്നു. ഭവഭൂതിയുടെ ഉത്തരരാമചരിതം അതിസുന്ദരമായി തർജ്ജമ ചെയ്ത ചമ്പത്തിൽ ചാത്തുക്കുട്ടി മന്നാടിയാരുടെ വീടാണ് അതെന്നു കരുതി ഗെയ്റ്റ് മെല്ലെത്തുറന്ന് മുറ്റത്തേക്കു ചെന്നു. മന്നാടിയാരുടെ മുറി കാണണം; അദ്ദേഹത്തിന്റെ കൈപ്പട കാണണം ഈ ആഗ്രഹത്തോടുകൂടിയാണ് എന്റെ പ്രവേശം. മുൻവശത്ത് മീശ പിരിച്ചുകൊണ്ട് ഒരാൾ ഇരിക്കുന്നു. ഞാൻ അദ്ദേഹത്തോടു വിനയപൂർവ്വം ചോദിച്ചു: "ചമ്പത്തിൽ ചാത്തുക്കുട്ടി മന്നാടിയാരുടെ വീടാണോ ഇതു്?" അദ്ദേഹം കോപിച്ച് മറുപടി പറഞ്ഞു "മന്നാടിയാരുമില്ല, കിന്നാടിയാരുമില്ല ഇവിടെ" അന്തരിച്ച മന്നാടിയാരോടുള്ള ബഹുമാനത്താൽ കൂടുതൽ അവിടെ നിന്നാൽ ആരോഗ്യക്ഷയിക്കുമെന്നുകണ്ട് ഞാൻ തിരിച്ചു മെയ്ൻ റോഡിലേക്കു ചെന്ന് അണിക്കോട്ടേക്കു നടന്നു.

ഞാൻ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്ത പണ്ഡിതന്മാരിൽ അദ്വിതീയനാണ് പി. കൃഷ്ണൻനായർ. അദ്ദേഹത്തിന്റെ "കാവ്യജീവിതവൃത്തി"യും രണ്ടു കഥകളിഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങളും ഞാൻ ഇപ്പോഴും കൂടക്കൂടെ വായിക്കുന്നുണ്ട്. ആ പാണ്ഡിത്യത്തിന്റെ മുൻപിൽ തലകനിക്കാറുണ്ട്. ഒരു ദിവസം ചിറ്റൂരെ അണിക്കോട്ടേക്കു നടന്നു. അണിക്കോട് ജങ്ഷനിൽ നിന്ന് പാലക്കാട്ടേക്കു പോകുന്ന റോഡിൽ അല്പം നടന്നാൽ പി. കൃഷ്ണൻനായരുടെ വീട് കാണാം. അന്തരിച്ച ആ മഹാപണ്ഡിതനെ സ്മരിച്ചുകൊണ്ട് ഞാൻ ഭക്ത്യാദരങ്ങളോടെ ആ വീട്ടിന്റെ മുൻപിൽ ചെന്നു നിന്നു. പക്ഷേ ആ ഭവനം പ്രസ്സായി രൂപാന്തരപ്പെട്ടിരിക്കുന്നു. എന്റെ സംസ്കാരത്തെ വികസിപ്പിച്ച പി. കൃഷ്ണൻനായരുടെ വീട് അച്ചടിശാല. ഞാൻ ദുഃഖത്തോടെ തിരിച്ചുനടന്നു.

3. ചിറ്റൂർക്കോളേജിലെ കെമിസ്ട്രി ഡിപാർട്മെന്റിൽ ജോലിയായിരുന്ന അരവിന്ദാക്ഷമേനോൻ (കൊട്ടങ്ങല്ലൂർക്കാരൻ) എന്നെ ഒരിക്കൽ ഇരിങ്ങാലക്കുട പെൺപിള്ളേരുടെ കോളേജിൽ പ്രസംഗിക്കാൻ വിളിച്ചുകൊണ്ടുപോയി. അവിടെച്ചെന്നപ്പോൾ ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി ചെയർമാൻ, പ്രശസ്തനായ സാഹിത്യകാരൻ മാടമ്പ് കുഞ്ഞുകുട്ടൻ ഇവരും മീറ്റിങ്ങിൽ പങ്കെടുക്കാൻ വന്നിരിക്കുന്നതു കണ്ടു. മീറ്റിങ് തുടങ്ങി. പെൺപിള്ളേരുടെ കോളേജാണെങ്കിലും അടുത്തുള്ള ആൺപിള്ളേരുടെ കോളേജിലെ കുട്ടികൾ ഹോളിൽ കയറിയിരിക്കുന്നുണ്ടായിരുന്നു. ആദ്യം ചെയർമാൻ പ്രസംഗിച്ചു. ഒരു ശബ്ദം പോലുമുയർന്നില്ല കുട്ടികളുടെ. ചെയർമാനെ അവർ ബഹുമാനിച്ചുവെന്നതു് വ്യക്തം. മാടമ്പിനെ കരഘോഷത്തോടെ കുട്ടികൾ സ്വാഗതം ചെയ്തു. അദ്ദേഹത്തിന്റെ പ്രഭാഷണം ഒന്നാന്തരം. അതും കുട്ടികൾക്കു ഇഷ്ടമായി. അവർ മാടമ്പിനെ ബഹുമാനിച്ചു. അടുത്തതു് എന്റെ ഊഴം. ഞാൻ എഴുന്നേറ്റപ്പോൾത്തന്നെ ആൺപിള്ളേർ കൂവി. ഒരക്ഷരം പോലും പറയാൻ അവർ സമ്മതിച്ചില്ല. തിരിച്ചുപോന്നു കൊട്ടങ്ങല്ലൂർ വഴി. കഞ്ഞിക്കുട്ടൻ തമ്പുരാന്റെ ഓർമ്മയുണ്ടായി എനിക്കു കൊട്ടങ്ങല്ലൂർ കണ്ടപ്പോൾ. അച്ഛപിഴയാൽ മാത്രമേ അബദ്ധം മഹാഭാരത തർജ്ജമയിൽ ഉണ്ടാകൂ എന്ന് ഉദ്ഘോഷിച്ച കഞ്ഞിക്കുട്ടൻ തമ്പുരാന്റെ വീടുകാണണമെന്ന് ഞാൻ കെമിസ്ട്രി അധ്യാപകനോടു പറഞ്ഞു. ആകൃതിസൗഭഗവും സുജനമര്യാദയുമുള്ള അരവിന്ദാക്ഷമേനോൻ പറഞ്ഞു: "കഞ്ഞിക്കുട്ടൻ തമ്പുരാന്റെ കൊട്ടാരം ഇപ്പോൾ ഹോട്ടലാണ്" ഞാൻ നോക്കി, ചിക്കൻ ഫ്രൈ പ്ളെയ്റ്റിൽ വച്ചുകൊണ്ട് വെയ്റ്റർ ഓടുന്നു. മാവേലിക്കര മന്നനെയും മാന്യമതിയാം മന്നാടിയാരെയും വെല്ലുവിളിച്ച കഞ്ഞിക്കുട്ടൻ തമ്പുരാന്റെ കൊട്ടാരത്തിനു വന്ന മാറ്റം. റോറിക്കിന്റെ ഉദാത്തങ്ങളായ ചിത്രങ്ങൾ വച്ചിരുന്ന തിരുവനന്തപുരത്തെ കെട്ടിടം ഇപ്പോൾ പൊലിസ് സ്റ്റെയ്ഷനാണ്. എന്തെല്ലാം മാറ്റങ്ങൾ!

4. ഒരു കോളേജിലെ രണ്ടധ്യാപകർ എന്നെ പ്രഭാഷണത്തിനായി ക്ഷണിച്ചു രണ്ടുവർഷം മുൻപ്. ക്ഷണിച്ചവർ അധ്യാപകരായിരുന്നതുകൊണ്ട് ഞാൻ പോകാമെന്നു സമ്മതിച്ചു. അന്നു രാത്രി എട്ടുമണിയോടു് അടുപ്പിച്ച് എനിക്കു ഫോൺ കോൾ. ഫോണിലൂടെ അറിയിപ്പ്: "സാഹിത്യവാരഫലം പതിവായി വായിക്കുന്ന സാറിന്റെ ആരാധകനാണ് സംസാരിക്കുന്നതു്. സാറിനെ ആരെങ്കിലും അപമാനിക്കുന്നതോ അതിനുമപ്പുറത്തായി ആപത്തു ഉണ്ടാക്കുന്നതോ എനിക്കിഷ്ടമില്ല. സാറിനെ എനിക്കത്ര സ്നേഹവും ബഹുമാനവുമാണ്. സാറ്..... കോളേജിലെ മലയാളസമാജം ഉദ്ഘാടനം ചെയ്യാൻ ചെല്ലാമെന്നു സമ്മതിച്ചില്ലേ? പോകരുതേ സാർ. ആപത്തുണ്ടാകും" റിസീവർ താഴെ വയ്ക്കുന്ന ശബ്ദം. ഞാനുടനെ പ്രിൻസിപ്പലിനെ റ്റെലിഫോണിൽ വിളിച്ച് ഈ മുന്നറിയിപ്പിനെക്കുറിച്ചു പറഞ്ഞു. അദ്ദേഹം മറുപടി നല്കിയതു് ഇങ്ങനെ:- "സാറിന് ഒരു ശത്രുവുണ്ട്. അയാൾ അധ്യാപകനാണ്. ധൈര്യമായി മീറ്റിങ്ങിന് വരൂ. ഞാൻ നോക്കിക്കൊള്ളാം" ഒരു മണിക്കൂർ കഴിഞ്ഞു് എന്റെ ഫോൺ ശബ്ദിച്ചു. നേരത്തേ എനിക്കു മുന്നറിയിപ്പു തന്ന ആളിന്റെ ശബ്ദം തന്നെ. "താൻ പ്രിൻസിപ്പലിനെ കാര്യമൊക്കെ അറിയിച്ചില്ലേ. കോളേജിൽ വന്നാൽ തന്നെ ബോംബെറിഞ്ഞു കൊല്ലും. അതുകൊണ്ട് താൻ വീട്ടിൽ ഇരുന്നാൽ മതി. സൂക്ഷിച്ചു ജീവിക്കൂ" ഞാൻ പിന്നെയും പ്രിൻസിപ്പലിനെ റ്റെലിഫോണിൽ വിളിച്ചു ഭീഷണി ഉണ്ടായതിനെക്കുറിച്ചു പറഞ്ഞു. "ഇതു് ഓലപ്പാമ്പു കാണിച്ചുള്ള പേടിപ്പിക്കലാണ്. ധൈര്യമായി വരണം സാർ." ഞാൻ പേടിച്ചു. ഉദ്ഘാടനത്തിനു പോകേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തു. അടുത്തദിവസം കാലത്തു് ഞാൻ സഹധർമ്മിണിയോടു പറഞ്ഞു:- "ആ കോളേജിൽ നിന്ന് അധ്യാപകർ വരും എന്നെ കൂട്ടിക്കൊണ്ടു പോകാൻ. വന്നാൽ ഞാൻ കാലത്തു് എവിടെയോ പോയി എന്നറിയിച്ചേക്കണം. മീറ്റിങ്ങിനു പോയാൽ ബോംബ് എറിയും. ഞാൻ മരിച്ചുപോകുകയും ചെയ്യും." പത്തുമണിക്ക് ആ രണ്ടധ്യാപകർ എന്റെ വീട്ടിലെത്തി. " ഇവിടെയില്ല. എവിടെയോ കാലത്തു പോയി" എന്നു സഹധർമ്മിണി പറഞ്ഞു. നമ്മുടെ വീട്ടിലെ സ്ത്രീകൾക്കു കള്ളം പറയാൻ അറിഞ്ഞുകൂടാ. സഹധർമ്മിണി കള്ളം പറഞ്ഞപ്പോൾ ഞാൻ അകത്തെ മുറിയിലിരിക്കുന്നുവെന്ന് അധ്യാപകർക്കു തോന്നിയിരിക്കും. അവർ ഉടനെ അറിയിച്ചു:- "ഞങ്ങൾ വന്നതു് സാറിനെ മീറ്റിങ്ങിനു കൊണ്ടുപോകാനല്ല. മലയാളസമാജത്തിന്റെ ഉദ്ഘാടനം വേറൊരു ദിവസത്തേക്കു മാറ്റിവച്ചു. ബോംബ് എറിഞ്ഞ് സാറിനെ കൊല്ലുമെന്നു പറഞ്ഞതും മറ്റും സാറിന്റെ ശിഷ്യനായ ഒരധ്യാപകൻ തന്നെയാണ്. അതറിയിക്കാനാണ് ഞങ്ങൾ വന്നതു്. സാറ് വീട്ടിൽ നിന്ന് ഒരിടത്തും പോയിട്ടില്ലെന്നും ഞങ്ങൾക്കറിയാം." അവർ മര്യാദയോടുകൂടി ഇത്രയും പറഞ്ഞിട്ട് പോയി. ഭീകരന്മാർക്കു രാഷ്ട്രവ്യവഹാരത്തെസ്സംബന്ധിച്ച ലക്ഷ്യമെങ്കിലുമുണ്ട്. സംസ്കാരത്തെ വികസിപ്പിക്കാൻ ശ്രമിക്കുന്ന അധ്യാപകൻ ഭീകരന്മാരെക്കാൾ കെട്ട നിലയിൽ പ്രവർത്തിക്കുന്നു. സാഹിത്യവിമർശം നടത്തിയാൽ ബോംബ് എറിയുമെന്നു വരെ ആയിട്ടുണ്ട്. ഈശ്വരൻ ഉണ്ടെങ്കിലും ഇല്ലെങ്കിലും കർമ്മസിദ്ധാന്തം ശരിയാണ്. അതിനാൽ ഇതു ചെയ്ത ആളിനു പ്രകൃതി, ശിക്ഷ നല്കാതിരിക്കില്ല. അതു വൈകുമെന്നേയുള്ളൂ. മന്ദഗതി പ്രകൃതിയുടെ സവിശേഷതയാണ്. പൂമൊട്ടു വിരിയാൻ ഇരുപത്തിനാലു മണിക്കൂറെങ്കിലും വേണം. വിത്ത് കുഴിച്ചിട്ടാൽ അടുത്ത ദിവസം അത് വലിയ വൃക്ഷമായി പ്രത്യക്ഷപ്പെടില്ല. വർഷങ്ങൾ കൊണ്ടേ ആ വിത്ത് വന്മരമായി മാറൂ. കൊലപാതകം ചെയ്താൽ കൊലപാതകിക്ക് പ്രകൃതി ഉടനെ ശിക്ഷ നല്കില്ല. God sees the truth, but He waits എന്നതു പ്രത്യക്ഷരം ശരിയാണ്. ഭൂട്ടോയെ കൊന്ന സിയാ ഉൾ ഹക്കിന് പിറ്റേദിവസം ശിക്ഷ കിട്ടിയില്ല. പക്ഷേ വർഷങ്ങൾ കഴിഞ്ഞപ്പോൾ ശിക്ഷ കിട്ടി. അതുകൊണ്ട് ആരും ആരെയും ദ്രോഹിക്കരുതു്. ശകാരിക്കുക പോലുമരുതു്. ഈശ്വരൻ സത്യം കാണുന്നു; പക്ഷേ അദ്ദേഹം കാത്തിരിക്കുന്നു എന്നതു് ഓരോ വ്യക്തിയും ഓർമ്മിക്കണം.

ആരും ആരെയും ദ്രോഹിക്കരുതു്. ശകാരിക്കുക പോലുമരുതു്. ഈശ്വരൻ സത്യം കാണുന്നു; പക്ഷേ അദ്ദേഹം കാത്തിരിക്കുന്നു എന്നതു് ഓരോ വ്യക്തിയും ഓർമ്മിക്കണം.

5. രണ്ടോ മൂന്നോ വർഷങ്ങൾക്കു മുൻപ് ഈ കോളത്തിൽ ചൈനയിലെ Moyan എന്ന നോവലിസ്റ്റിനെക്കുറിച്ചും അദ്ദേഹത്തിന്റെ പ്രകൃഷ്ടരചനയായ Red Sorghum-നെക്കുറിച്ചും ഞാൻ എഴുതിയിരുന്നു. ഈ നോവൽ എവോർഡുകൾ നേടും എന്ന് ഞാനെഴുതി എന്നാണ് ഓർമ്മ പറയുന്നതു്. ഡിസംബർ 24-ാം തീയതിയിലുള്ള റ്റൈം വാരികയിൽ ഈ നോവലിസ്റ്റും അദ്ദേഹത്തിന്റെ ആരാധകരും നോബൽസ്സമ്മാനം കൊതിക്കുന്നവരാണെന്ന് സൂചിപ്പിക്കുന്ന ലേഖനം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. "He is viewed as a potential Nobel laureate in the eyes of both the cadres in Beijing and authors like Kenzaro Oe." (കെൻസാറോ ഓയേക്ക് സാഹിത്യരചനയ്ക്കു നോബൽസ്സമ്മാനം കിട്ടിയെന്ന് വായനക്കാർ ഓർമ്മിക്കുമല്ലോ). മോ യാന്റെ ഒരു ചെറുകഥാസമാഹാരത്തിന്റെ നിരൂപണമാണ് റ്റൈം വാരികയിലെ പ്രബന്ധം. അതിനെക്കുറിച്ച് അത്ര നല്ല അഭിപ്രായമില്ല റെവ്യൂ എഴുതിയ ആളിന്. 'But compared with the intense, orgiastic prose of "Red Sorghum", these stories feel flat' എന്നാണ് റെവ്യൂവിലെ നിരീക്ഷണം. "Mo's work rings with refreshing authenticity എന്ന് റ്റൈമിലെ ലേഖനമെഴുതിയ Annie Wang സമ്മതിക്കുന്നെങ്കിലും അദ്ദേഹത്തിനു സ്വീഡിഷ് ബഹുമതി കിട്ടുമോ എന്നു അവർക്കു സംശയം.

മോ യാനിന്റെ മാസ്റ്റർപീസിനെക്കുറിച്ച് ഞാൻ എന്തെഴുതി എന്ന ഓർമ്മയില്ല. പുസ്തകം നഷ്ടപ്പെട്ടതുകൊണ്ട് അതു വീണ്ടും നോക്കാൻ വയ്യതാനും. എങ്കിലും ഈ നോവലിസ്റ്റ് പസ്സ്യർനക്കിനെപ്പോലെ വ്യക്തിവാദത്തിൽ (individualism) വിശ്വസിക്കുന്ന ആളാണെന്നു സംശയലേശം കൂടാതെ പറയാം. നോവലിലെ പ്രധാന കഥാപാത്രം 'ഞാൻ സൗന്ദര്യത്തെ സ്നേഹിക്കുന്നു. എന്റെ ശരീരം എന്റേതു മാത്രം' എന്നു പറയുന്നതായി ഓർമ്മയുണ്ടെനിക്ക്. അതു വ്യക്തിവാദത്തെ നീതിമത്കരിക്കുന്ന പ്രസ്താവമാണല്ലോ.

6. നൈജീരിയൻ സാഹിത്യകാരനാണ് ബെൻ ഓക്രീ (Ben Okri 1959-). നൈജീരിയയ്ക്കു വേണ്ടിയും ലോകത്തിനാകെ വേണ്ടിയും സാഹിത്യനിർമ്മിതിയിൽ ഏർപ്പെട്ടിരിക്കുന്ന മഹാനാണ് ഓക്രീ. അദ്ദേഹത്തിന്റെ മഹനീയമായ കാവ്യമാണ് "Mental Fight". മനുഷ്യർ വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു എന്ന് അദ്ദേഹം സമ്മതിക്കുന്നു. നമ്മൾ ശൂന്യാകാശത്തു് സഞ്ചരിച്ച് ജനവാസമില്ലാത്ത ഗ്രഹങ്ങളുടെ ഏകാകികതയെ നിരീക്ഷണം ചെയ്തിരിക്കുന്നു. സൂശക്തങ്ങളായ മതേതര ഘടനകളെ നിർമ്മിച്ചുകഴിഞ്ഞു; മതപരങ്ങളായ ഘടനകളെയും. ഭീതിദങ്ങളായ രോഗങ്ങളെ ചികിത്സിച്ചു മാറ്റാൻ ഇന്നു നമുക്കു കഴിയും. മാനസികഭ്രംശങ്ങളിലേക്ക് നമ്മൾ പ്രകാശം പ്രസരിപ്പിച്ചു. ഭീതിദമായ അണുശക്തിയെ നമ്മൾ വേർപെടുത്തിയിരിക്കുന്നു. പക്ഷേ മലിനീകരണങ്ങൾകൊണ്ട് ഭൂമിയുടെ ദുർബ്ബലമായ സമനില വക്രമായി തീർന്നിരിക്കുന്നു ഇപ്പോൾ. ശരണാർത്ഥി ക്യാമ്പുകളിൽ മനുഷ്യരാശി മരിക്കുന്നു. യഹൂദർക്കുവേണ്ടിയുള്ള നഗരഭാഗങ്ങളിൽ അതിന് (മനുഷ്യരാശിക്ക്) ഭ്രാന്ത് പിടിക്കുന്നു. അധമങ്ങളായ സർക്കാരുകൾ അതിനെ ക്രൂരസ്വഭാവമുള്ളതാക്കുന്നു. വിഷസദൃശങ്ങളായ യുദ്ധങ്ങളിൽ മനുഷ്യർ ചത്തൊടുങ്ങുന്നു.

ഈ കാവ്യം വായിക്കുക. നമ്മുടെ അകക്കണ്ണു തുറപ്പിക്കാൻ ഇതിനു ശക്തിയുണ്ട്. ബെൻ ഓക്രീ നല്ല നോവലിസ്റ്റ് എന്ന പോലെ നല്ല കവിയുമാണ് എന്നു നമ്മൾ പറയും■

തോമസ് ഹാർഡി

ബെൻ ഓക്രീ

എഴുത്തിന്റെ കാനാപ്പുറങ്ങൾ

തടവറയാകുന്ന സ്വാതന്ത്ര്യം

വൈക്കം മുരളി

അലോന കിംഹിയുടെ 'വീപ്പിങ് സൂസന്ന' എന്ന പുതിയ നോവലിനെക്കുറിച്ച്

വീപ്പിങ് സൂസന്ന
പരിഭാഷ; ദലിയ ബിലു
ഹാർവിൽ പ്രസ് ലണ്ടൻ
വില £ 14.99

1966ൽ ഉക്രയിനിൽ ജനിച്ച് പിന്നീട് ആറാമത്തെ വയസ്സിൽ കുടുംബത്തോടൊപ്പം ഇസ്രായേലിലേയ്ക്ക് വന്ന് താമസമാക്കിയ സാഹിത്യകാരിയാണ് അലോനകിംഹി. ജേർണലിസ്റ്റ്, നോവലിസ്റ്റ്, നാടകകൃത്ത്, തിയേറ്റർ ഡയറക്ടർ എന്നീ നിലകളിൽ പ്രസിദ്ധയാണ്. ചാന്ദ്രഗ്രഹണം എന്നൊരു ചെറുകഥാ സമാഹാരം ഇവർ പ്രസിദ്ധീകരിച്ചു. അലോന കിംഹിയുടെ ആദ്യത്തെ നോവലാണ് വിലപിക്കുന്ന സൂസന്ന (Weeping Susannah).

ഒരു വ്യക്തിയുടെ സ്വകാര്യതയിലൂടെ കടന്നുപോകുന്ന ഈ നോവൽ ഇസ്രായേൽ എന്ന ജ്യൂതദേശത്തിന്റെ കഥ കൂടിയാണ്. സ്വന്തം നിലനില്പിനുവേണ്ടി പോരാടുകയും പീഡനങ്ങളുടെ ശപിക്കപ്പെട്ട ഓർമ്മകളിൽനിന്നും മോചിതരാകുവാൻ ദാഹിക്കുകയും ചെയ്യുന്ന ഒരു ജനതയുടെ ചരിത്രത്തിന്റെ ഇരുണ്ട ഏടുകൾ നോവലിന്റെ അന്തരീക്ഷത്തിന് സാന്ദ്രതയേറ്റുന്നു.

നോവലിലെ കേന്ദ്ര കഥാപാത്രമായ സൂസന്ന റാബിനിന് ഏകാന്തതയോടാണ് ഏറെയിഷ്ടം. അവൾക്ക് ആളുകളെ നേരിടുവാൻ കഴിയുന്നില്ല. മറിച്ച് അവർക്കവളെ സഹിക്കാൻ കഴിയുന്നില്ലെന്നുള്ളതാണോ സത്യം. മാനുഷികമായ സംവേദനക്ഷമതയോ പാരസ്പര്യമോ അവൾ ഒരിക്കലും ആഗ്രഹിച്ചില്ല. പക്ഷേ, എല്ലാവർക്കും സൂസന്ന റാബിൻ എന്ന പേര് പരിചിതമായ ഒന്നായിരുന്നു. പേരിനോടൊപ്പമുള്ള റാബിൻ എന്ന ഭാഗമായിരിക്കും അവരിൽ താല്പര്യമുണർത്തിയത്.

സൂസന്നയുടെ കുടുംബത്തിലെ കേന്ദ്രബിന്ദു മാതാവുതന്നെയാണ്. അവരോടൊപ്പം നെഹാമ എന്ന ആത്മസുഹൃത്തുമുണ്ട്. ഒരു ദിവസം ആകസ്മികമായിട്ടാണ് മാതാവ് അവളോടൊരു കാര്യം പറഞ്ഞത്. അവരുടെ കസിൻ അവരോടൊപ്പം താമസിക്കാൻ അമേരിക്കയിൽ നിന്നെത്തിച്ചേരുന്നു. ടെൽ അവീവിൽ അയാൾക്കു ചില വ്യക്തിപരമായ കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ട്. സൂസന്ന ഒരു നടുക്കത്തോടെയാണ് വാർത്ത കേട്ടത്. തന്റെ സ്വകാര്യതയൂതിക്കെടുത്തുവാൻ ഒരതിഥി എത്തിച്ചേരുന്നു. അയാളെ വെറുതെ അതിഥിയെന്നു വിളിക്കുവാനായിരുന്നു അവൾക്കു താല്പര്യം. അധികം താമസിയാതെ അയാൾ മാതാവിന് പ്രിയങ്കരനായി. ഇതുവരെ താൻ ശ്രദ്ധാപൂർവ്വം സ്വരൂപിച്ചെടുത്ത ഏകാന്തതയിലേയ്ക്കുള്ള അതിഥിയുടെ നുഴഞ്ഞുകയറ്റം, അത് ഏതു സമയവും ഉണ്ടാകുമെന്നവൾക്കറിയാമായിരുന്നു. ഒരു പരിചയപ്പെടലിലൂടെ സ്വന്തം അസ്തിത്വം തകർക്കുവാനും അതുവഴി സ്വയമേതോ കോണിലേയ്ക്ക് അപ്രത്യക്ഷമാകുവാനും വഴിയൊരുക്കുന്ന ചിലയാളുകളുണ്ട്, അവരുടെ സാന്നിദ്ധ്യം മാത്രം മതി നിങ്ങളുടെ ഏകാന്തതയെ ശിഥിലമാക്കുവാൻ. അവരുടെ നോട്ടം പോലും നിങ്ങൾക്കു സഹിക്കാൻ കഴിയുകയില്ല. ആ നോട്ടത്തിന്റെ സ്പർശംപോലും വെറുപ്പോടെയല്ലാതെ നിങ്ങൾക്കു സ്വീകരിക്കാനാവില്ല. ഇതൊക്കെ സംഭവിക്കുന്നത് അവർ മോശക്കാരായ ആളുകളായതുകൊണ്ടൊന്നുമല്ല. അവർ നിങ്ങൾക്കെതിരെ നിൽക്കുന്നവരായതുകൊണ്ടുമല്ല. പക്ഷേ, എനിക്കവരെ മറ്റൊരു രീതിയിൽ അംഗീകരിക്കാൻ കഴിഞ്ഞിരുന്നില്ല. ഞങ്ങളുടെ അതിഥിയും ഇത്തരത്തിലുള്ള ഒരാളായിരുന്നു.

''എന്റെ പേര് സൂസന്ന റാബിൻ എന്നാണ്. ഞങ്ങളുടെ വീട്ടിലെത്തിയിരിക്കുന്ന അതിഥിയെ എനിക്കിഷ്ടപ്പെടുവാൻ കഴിയുന്നില്ല. അയാളെന്റെ ജീവിതത്തെത്തന്നെ ശ്വാസംമുട്ടുന്ന ഒരിടുങ്ങിയ തടവറയാക്കി മാറ്റിയിരിക്കുകയാണ്. ഇതിൽനിന്നുള്ള മോചനത്തിന്റെ വഴികളെല്ലാം എനിക്കുമുന്നിൽ അടഞ്ഞിരിക്കുകയാണ്. അത് അയാളുടെ പ്രവൃത്തിമൂലമാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, എന്തുകൊണ്ടോ അയാളതിനുള്ള ഒരു നിയോഗമായി രൂപാന്തരപ്പെട്ടു. അത്രമാത്രമേ എനിക്കു പറയുവാൻ കഴിയൂ. എന്റെ മുറിയുടെ പുറത്തേയ്ക്കിറങ്ങുവാൻപോലും എനിക്കു താല്പര്യമില്ല. ഒന്നും ചെയ്യുവാനും ഞാനാഗ്രഹിക്കുന്നില്ല. എനിക്കെന്റെ കണ്ണുകൾ തുറക്കുവാൻപോലും പേടിയായിരുന്നു. ചിലപ്പോൾ എനിക്കീ ജീവിതം അവസാനിപ്പിച്ചാലെന്ത് എന്നുവരെ തോന്നിയിരുന്നു. അതൊരിക്കലും ഞാൻ അസന്തുഷ്ടയായതുകൊണ്ടായിരുന്നില്ല. സൂസന്നയെന്ന കഥാപാത്രത്തിന്റെ മാനസികനിലയെ വെളിവാക്കുന്ന സൂചനകൾ നോവലിസ്റ്റു തന്നെ വളരെ മനോഹരമായി ചിത്രീകരിക്കുന്നു.

അവളുമായി ബോധപൂർവ്വം അടുത്തിടപഴകുവാൻ അയാൾ ശ്രമിക്കുമ്പോഴൊക്കെയും അവൾ അയാളിൽനിന്നും അകലാൻ ശ്രമിച്ചു. യാദൃച്ഛികമായിട്ടൊരു ദിവസം അതിഥി അവളെ ഒരത്ഭുതലോകത്തിലേയ്ക്കു സ്വാഗതം ചെയ്തു. ചിത്രങ്ങൾ വരയ്ക്കുവാൻ അവളെ പഠിപ്പിക്കാമെന്നയാൾ വാഗ്ദാനം ചെയ്തു. പിന്നീട് സാവധാനം ചിത്രങ്ങളുടെ മായാലോകത്തിലൂടെ സുന്ദരനായ അതിഥിയിലേയ്ക്കവൾ ആകർഷിക്കപ്പെടുന്നത് നോവലിസ്റ്റ് ഉദാത്തമായ രീതിയിലാണ് അവതരിപ്പിക്കുന്നത്. അവളിലെ പ്രതിരോധത്തിന്റെ മഞ്ഞുരുകുകയായിരുന്നു. ആദ്യമൊക്കെ അവരുടെ ബന്ധത്തിനായി കൊതിച്ചിരുന്ന അമ്മയുടെ മനസ്സിൽ ആകാംക്ഷയുണർത്തിക്കൊണ്ട് ചില ചോദ്യങ്ങളുയർന്നുവന്നു. അവർക്കിടയിലെ ബന്ധത്തിന്റെ തീവ്രത ഗാഢമാവുകയായിരുന്നു. നിയോ എന്നുപേരുള്ള അയാൾ എന്താണവിടെ ഇസ്രായേലിൽ ചെയ്യുന്നത്? എന്തൊക്കെയോ ദുരൂഹതകൾ അയാളെ ചുഴ്ന്നു നിൽക്കുന്നുണ്ടെന്ന് അവൾക്കു തോന്നി.

പിതാവിന്റെ സ്വകാര്യമുറിയിലാണയാൾക്ക് താമസം തയ്യാറാക്കിയിരുന്നത്. അയാളുടെ ഇസ്രായേലിലെ നിഗൂഢബന്ധത്തിലൊരു കണ്ണിയായ കാറ്റിയൂഷ്കയെന്നൊരു മഹതിയുമായി സൂസന്ന ബന്ധപ്പെട്ടിരുന്നു. ഒരു ദിവസം അവൾ അയാളോടൊപ്പം അവരെ സന്ദർശിക്കുകയും ചെയ്തു.

നിയോയുമായുള്ള സൂസന്നയുടെ ബന്ധം അഗാധമാകുന്നതിന്റെ ചിത്രവും നോവലിസ്റ്റ് ശക്തമായി അവതരിപ്പിക്കുന്നുണ്ട്. അനാഥമായ മനസ്സുമായി തേങ്ങിയിരുന്ന സൂസന്നയുടെ ജീവിതത്തിലേയ്ക്കൊരു ആശ്വാസബിന്ദുവായിട്ടാണയാൾ സാവധാനം കടന്നുവന്നത്. അവളതിന്റെ സാന്ത്വനം ഏറ്റുവാങ്ങുകയും ചെയ്തു. അയാൾക്കുമുന്നിൽ തന്റെ കന്യകാത്വം സമർപ്പിക്കുവാനും അവൾ തയ്യാറായി. ഇതുവരെ തിരിച്ചറിയാത്ത സീമകളുടെ അപാരതയിൽ അവളൊരു പ്രവാഹമായി. ജീവിതത്തിന്റെ ലഹരിയിൽ അവൾ സ്വയം ആമഗ്നയാവുകയായിരുന്നു.

എത്രമേൽ അനായാസമായിട്ടാണാ പ്രതിരോധം പൊടുന്നനവെ തകർന്നുവീണത്. വ്യക്തിബന്ധങ്ങൾക്കിടയിലെ ആവരണത്തിന്റെ സുതാര്യത അവൾക്കനുഭവപ്പെടുകയും ചെയ്തു.

ജ്യൂതന്മാരുടെ ദാരുണമായ അവസ്ഥയെക്കുറിച്ച് ചിന്തിക്കുന്ന നെഹാമയോട് ഒരു ദിവസം അവൾ ചോദിക്കുന്നുണ്ട്. ജ്യൂതന്റെ ചരിത്രം ജ്യൂതന്റെ മതത്തിൽനിന്നും വേർതിരിക്കാനാവുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? അതുമല്ലെങ്കിൽ ജ്യൂതസമൂഹത്തെ അവരുടെ മതത്തിൽനിന്നും വേർപെടുത്താനാവുമോ? അത് തികച്ചും അസംബന്ധമാണ്. ജ്യൂതന്റെ മതവും ചരിത്രവും ഒന്നാണ്, അവ ശരിക്കും കെട്ടുപിണഞ്ഞുകിടക്കുകയാണ്. നോവലിസ്റ്റിന്റെ യഥാർത്ഥത്തിലുള്ള ദർശനമാണ് ഈ കഥാപാത്രത്തിന്റെ സംവാദത്തിലൂടെ വ്യക്തമാക്കപ്പെടുന്നത്.

ജ്യൂതൻ ഏറ്റുവാങ്ങിയ പീഡനങ്ങൾ ലോകമനസ്സാക്ഷിയെ ഞെട്ടിച്ചതിനുശേഷവും അവർ അവരുടേതായ ചെറുത്തുനില്പ് തുടരുകയാണ്. സ്വന്തം രാഷ്ട്രത്തിന്റെ നിലനില്പിൽ എന്നുമവൻ ആശങ്കാകുലനുമാണ്. തോറയിൽനിന്നും സംഭരിക്കുന്ന ആർജ്ജവത്തിന്റെ സാന്ദ്രതയിൽ അവൻ ഉറക്കത്തിനിടയിലും ഉണർന്നിരിക്കുന്നു.

സമകാലീന ഇസ്രായേലിന്റെ രാഷ്ട്രീയ ചരിത്രവും സമരങ്ങളും പോരാട്ടങ്ങളും നോവലിനുള്ളിൽ വളരെ ശക്തമായ രീതിയിൽ ബന്ധപ്പെടുത്തിക്കൊണ്ടാണ് അലോനകിംഹി തന്റെ ദൗത്യം പൂർത്തിയാക്കുന്നത്.

നോവലിന്റെ അവസാനം സൂസന്നയ്ക്ക് നിയോയിൽനിന്നും ലഭിക്കുന്ന കത്തിനുള്ളിൽ അയാളുടെ ഗദ്ഗദങ്ങളും നിശ്വാസങ്ങളും അവൾ തിരിച്ചറിഞ്ഞു. ''ഞാൻ ഒരിക്കലും നിനക്കനുയോജ്യനല്ല. നിനക്കു ചേർന്ന ഒരു കമിതാവുമായിരുന്നില്ല ഞാൻ. മനുഷ്യശബ്ദങ്ങൾ നമ്മെ ഉണർത്തുകയും മുക്കിത്താഴ്ത്തുകയും ചെയ്തു. ഇത് സത്യമാണ്. ഈ സത്യം ഒരുപക്ഷേ, നിനക്കൊരു പേക്കിനാവായി മാത്രം അനുഭവപ്പെടാൻ സാദ്ധ്യതയുണ്ട് പ്രിയേ. അന്നു ഞാൻ എത്തിച്ചേർന്ന സായാഹ്നം മുതൽ വേർപാടിന്റെ ഈ നിമിഷംവരെ നാമെന്തിനോവേണ്ടി പോരാടുകയും ഒത്തുചേരുകയും ചെയ്തു.

എന്റെ ഭ്രമകല്പനകൾക്കരികിലെത്തിച്ചേരുവാൻപോലും ജീവിതത്തിലെ നിക്കു കഴിഞ്ഞിട്ടില്ല.

എന്നിൽനിന്നും നീ സ്വതന്ത്രയായേ മതിയാകൂ.

നിന്റെ നക്ഷത്രത്തിൽ ഞാനിപ്പോഴും വിശ്വാസമർപ്പിക്കുന്നു. ഒന്നുകൊണ്ടും ഭയപ്പെടരുത്. നിനക്ക് സൃഷ്ടിപരമായ ഒരു ശക്തിയായിരിക്കാൻ കഴിയുമെന്നെനിക്കുറപ്പുണ്ട്. സ്വയമൊരു സൃഷ്ടിയിലൂടെ ജീവിതത്തെ നോക്കിക്കാണുകയാണ് വേണ്ടത്. മറ്റൊരു രീതിയിൽ പറഞ്ഞാൽ സ്വാതന്ത്ര്യം എന്ന അവസ്ഥയും ഒരു തടവറതന്നെയാണ്. ഇതിന്റെ ശിക്ഷ നമുക്കേറ്റെടുക്കാം. അതിൽനിന്നും രക്ഷപ്പെടുവാൻ ശ്രമിക്കുന്നതാണ് വിഡ്ഢിത്തം. എന്തെന്നാൽ രക്ഷപ്പെടലിലൂടെ ഒരു വലിയ നുണയെയാണ് നാം മൂടിവയ്ക്കുന്നത്.''

ഒരു പുതിയ എഴുത്തുകാരിയുടെ നവാഗതരചനയാണിതെന്ന് സങ്കല്പിക്കുവാൻപോലുമാകാത്തവിധത്തിൽ അന്യാദൃശമായ ഒരു സാഹിത്യഭാവത്തെയാണിത് ഉൾക്കൊള്ളാൻ ശ്രമിക്കുന്നത്. ഇസ്രായേൽ എന്ന രാഷ്ട്രവും ജ്യൂതസമൂഹവും പേറുന്ന വേദനയുടെ നിമിഷങ്ങൾ ഈ കൃതിയിലൂടെ പുനരാവിഷ്കരിക്കപ്പെടുകയാണ്.

നോവൽക്രീഡ

രഘുനാഥൻ പറളി

'രൂപരതി'യിൽ അഭിരമിക്കുന്ന നോവൽരചന

പ്രകാശനം
ഹരിദാസ് കരിവെള്ളൂർ
ഡി.സി.ബുക്സ്
വില 50 രൂപ

ഇങ്ങനെയൊരു ശീർഷകം ആകസ്മികമായി ഉണ്ടാകുന്നതോ, ഒരു വിമർശനത്തിനുവേണ്ടി രൂപപ്പെടുത്തുന്നതോ അല്ല. നോവൽ സാഹിത്യത്തിന്റെ വർത്തമാന സന്ദർഭത്തെ– അതിന്റെ ഒരു പൊതുപ്രവണതയെ– ദ്യോതിപ്പിക്കുന്ന സൂചകം എന്ന നിലയിൽ അത് സ്വാഭാവികമായി കടന്നുവരികയാണ്. പാശ്ചാത്യ സാഹിത്യത്തിൽ അതികഥയുടെ ഭിന്നസങ്കേതങ്ങൾ സ്വീകരിച്ചുകൊണ്ട് ആധുനികതയ്ക്കുശേഷമുള്ള നോവൽ പ്രധാനമായും രൂപപരമായ പരീക്ഷണങ്ങളിൽ മുഴുകുന്നത്, നോവലിന്റെ ആകെ സ്വത്വം ക്രാഫ്റ്റിനാൽത്തന്നെ നിർണ്ണയിക്കപ്പെടുന്നത്, 'രൂപരതി' എന്നുതന്നെ വിളിക്കാനാകുംവണ്ണം നോവലിന്റെ ആഖ്യാനവും പ്രമേയവും രണ്ടല്ലാതാകുന്നത്– ഇതിന്റെയെല്ലാം വലിയ തോതിലുള്ള സ്വാധീനം മലയാള നോവലിലും പ്രത്യക്ഷപ്പെട്ടുതുടങ്ങിയിട്ടുണ്ട്. കഥാരംഗത്ത്, ഇത്തരം ക്രാഫ്റ്റനുഭവങ്ങൾ മുൻപേതന്നെ സജീവമായിക്കഴിഞ്ഞ കാര്യവും ഇവിടെ ഓർക്കാം. നോവലിന്റെ ഘടന, 'ജിഗ്സോപസിൽ' എന്ന വിനോദക്രീഡയുടെ ഘടനയുമായിവരെ താരതമ്യം ചെയ്യപ്പെടുമ്പോൾ, 'നോവൽക്രീഡ' എന്ന പദം അനുചിതമാകുന്നില്ലെന്ന് മാത്രമല്ല കൂടുതൽ യോജിക്കുന്നുണ്ടെന്നും കാണാം. ഇതിനകം നമ്മുടെ നോവൽഘടനയിൽ ഒരു വലിയ അഴിച്ചുപണി നടത്തിയവർ എം.മുകുന്ദനും ആനന്ദുമാണ്. കൃതിയുടെ ആന്തരികകാലത്തിന്റെ അതിരുകൾ ഭേദിച്ച 'ആദിത്യനും രാധ'യുമല്ല, 'കേശവന്റെ വിലാപങ്ങളും' 'നൃത്ത'വും ആനന്ദിന്റെ 'വ്യാസനും വിഘ്നേശ്വരനും' ആണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. മുകുന്ദന്റെ ഈ രണ്ടു നോവലുകളിലും ക്രാഫ്റ്റ് പ്രമേയത്തിൽ അധിനിവേശം നടത്തുന്ന അനുഭവമുണ്ടായപ്പോൾ, ആനന്ദിന്റെ 'വ്യാസന്' അങ്ങനെ സംഭവിച്ചില്ല എന്ന പ്രമുഖമായ വ്യത്യാസമുണ്ട്. ചുരുക്കത്തിൽ, ക്രാഫ്റ്റിലെ പുതുമകൾക്ക് ഊന്നൽ ലഭിക്കുമ്പോൾ, നോവലിന് ആത്യന്തികമായി ഗുണമാണോ ദോഷമാണോ ഉണ്ടാവുക എന്ന് മുൻകൂട്ടി പറയുക പ്രയാസമാണെന്നർത്ഥം.

ഇവിടെ ഇത്രയും ആമുഖമായി പറഞ്ഞത്, 'പ്രകാശനം' എന്ന ചെറുനോവലിനെക്കുറിച്ച് പറയാൻ വേണ്ടിയാണ്. പുതിയ തലമുറയിലെ ശ്രദ്ധേയനായ കഥാകൃത്ത് ഹരിദാസ് കരിവെള്ളൂരിന്റെ ആദ്യനോവലാണ് 'പ്രകാശനം.' നോവലിൽ പുതുമയുള്ള ഒരു ക്രാഫ്റ്റുമായാണ് ഹരിദാസും വരുന്നത്. മുപ്പതു വയസ്സു തികയാത്തവർക്കായി (ഒരു കലാസമിതി) നടത്തിയ ആത്മകഥാ മത്സരത്തിലേയ്ക്ക് അയച്ചുകിട്ടിയ നൂറിലധികം ആത്മകഥകളിൽനിന്ന് തിരഞ്ഞെടുക്കപ്പെടുകയും സമ്മാനിതരാകുകയും ചെയ്ത നിതിൻ, റജ്ജു, ആഷിക് എന്നിവരുടെ ഭാഗികമായ ആത്മകഥകൾ ചേർത്തുവച്ചതാണ് നോവൽ എന്ന് ലളിതമായി പറയാം. ആ അർത്ഥത്തിൽ ഇത് മൂന്നു വ്യത്യസ്തകഥകളുടെ സമന്വയമായിത്തീരുമ്പോഴും അവർ ഒരേ കാലഘട്ടത്തിൽ ജീവിക്കുന്നവരാണ് എന്ന വസ്തുതയാണ് നോവലിന്റെ പരോക്ഷമായ അനുസ്യൂതി. ഒരേ വണ്ടിയിലെ മൂന്ന് വ്യത്യസ്ത ബോഗികൾ തമ്മിലുള്ള ബന്ധവും ബന്ധമില്ലായ്മയുമാണ് ഈ നോവൽഘടനയിൽ നാം കാണുക. ഒരേ കാലത്തിലാണ് ഇവരുടെ ജീവിതം എന്നു പറയുമ്പോഴും, പൊതുകാലത്തിനകത്തെ വൈയക്തിക കാലത്തിന്റെ ആവിഷ്കാരംകൂടിയാണ് നോവൽ.

കാരണം അത് നിതിന്റെ ബാല്യത്തെയും റജ്ജുളയുടെ കൗമാരത്തെയും ആഷികിന്റെ യൗവനത്തെയുമാണ് പ്രധാനമായും രേഖപ്പെടുത്തുന്നത്. നോവൽ, മൂന്നു ജീവിതങ്ങളുടെ മൂന്നു പതിറ്റാണ്ടു ജീവിതത്തിന്റെ ഭിന്ന

ഘട്ടങ്ങളിലുള്ള ആത്മകഥാശകലങ്ങളായി വേറിട്ടുനിൽക്കുമ്പോഴും, ആത്മകഥകൾക്കു മുൻപായി ചേർത്തിട്ടുള്ള വിധികർത്താക്കളുടെ കുറിപ്പ് ഈ ആത്മകഥകളെ ചേർത്തുനിർത്തുന്ന പ്രബലമായ ഒരു ചരടാണ്. നോവലിന്റെ ആകെത്തുക വിധികർത്താക്കളുടെ കുറിപ്പിൽ ഒതുങ്ങുന്നുണ്ടെന്നും മറ്റൊരു രീതിയിൽ പറയാം. ''ഈ ആത്മകഥയിൽ നിറഞ്ഞ നിരാശതയും മടുപ്പും അരാഷ്ട്രീയ നിലപാടുകളും നമ്മുടെ ചെറുപ്പക്കാരെ ബാധിച്ചുകൊണ്ടിരിക്കുന്ന ഒരു മഹാരോഗത്തിന്റെ ലക്ഷണങ്ങളാണെന്നും ആ ഒരർത്ഥത്തിൽ ഈ ആത്മകഥകൾ പ്രസക്തമാണെന്നും ഈ കമ്മിറ്റി വിലയിരുത്തുന്നു' എന്ന് പറഞ്ഞുകൊണ്ട് വിധികർത്താക്കളുടെ കുറിപ്പവസാനിക്കുമ്പോഴേക്കും, ആത്മകഥകളിൽനിന്നുള്ള എത്രയോ ഉദ്ധരണങ്ങൾ അവ ഉൾക്കൊള്ളുന്നുണ്ട്. നിതിന്റെ സ്വതന്ത്രമായ വളർച്ചയിൽ സദാചാരപരമായ സംഘർഷങ്ങൾ പതുക്കെ പതുക്കെ രൂപപ്പെടുമ്പോൾ, തന്റെ കൗമാരം പിന്നിടുന്ന റജ്ജു അവയെ ഒട്ടൊക്കെ ഭേദിക്കുകയും ലാഘവത്വത്തിന്റെ ഒരു തത്ത്വചിന്ത രൂപപ്പെടുത്തുകയും ചെയ്യുന്നു. ആഷികിലെത്തുമ്പോൾ അഥവാ യൗവനത്തിലെത്തുമ്പോൾ ഉപഭോഗപരതയുടെ ഭീഷണഭാവം പത്തിവിടർത്തിനിൽക്കുന്നതും അനുഭവവേദ്യമാകുന്നു.

പുതിയ സാഹിത്യം ജീവിതഗന്ധി എന്നതിനേക്കാൾ വായനാഗന്ധിയായിത്തീരുന്നുവെന്ന് ഇതിനകം നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. അത് ഈ നോവലിനെ സംബന്ധിച്ചും തികച്ചും ശരിയാണ്. എത്രയോ സാഹിത്യരചനകളും എഴുത്തുകാരും സിനിമകളുമെല്ലാം കൃതിയിൽ പരാമർശിക്കപ്പെടുന്നുണ്ട്. 'പാഠ'ങ്ങളിൽനിന്ന് നിർമ്മിക്കപ്പെടുന്ന ഒരു സാഹിത്യരചന പലപ്പോഴും മറ്റൊരു 'പാഠ' മാത്രമായി നിലനിൽക്കുകയും അതിനപ്പുറമുള്ള ഒരു ജൈവപരത അതിന് അന്യമായിത്തീരുകയും ചെയ്യുന്നു. അത്തരമൊരു പ്രശ്നം ഹരിദാസിന്റെ കൃതിയെയും ബാധിക്കുന്നുണ്ട് എന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. ക്രാഫ്റ്റിന്റെ മൗലികതകൊണ്ട് നോവൽ നേടുന്ന മുന്നേറ്റത്തെ അതിന്റെതന്നെ 'പാഠപരത' പരിമിതപ്പെടുത്തുവെന്ന ഒരു വിരുദ്ധ പ്രതിഭാസമാണ് പ്രകാശനത്തിൽ നാം കാണുന്നത്. തന്റെ 'രൂപരതി'യെ വിജയകരമായി പരിവർത്തിപ്പിക്കുന്ന നോവലിസ്റ്റ്, പക്ഷേ തന്റെ 'പാഠരതി'യിൽ വീണുപോവുകയല്ലേ വാസ്തവത്തിൽ ഇവിടെ? ■

ആത്മപീഡകനായ സത്യാന്വേഷിയോടൊപ്പം

ഡോ.കെ.എസ്.രാധാകൃഷ്ണൻ

ചാരുത നഷ്ടപ്പെടാത്ത വിവർത്തനപ്രക്രിയ

അന്നയുടെ ഓർമ്മകൾ
അന്നാ ദസ്തയവ്സ്കി
ഭാഷാന്തരം: വേണു വി.ദേശം
റോസ്ബിൻ ബുക്ക്ഷോപ്പ്, ആലുവ
വില 50 രൂപ

ആതദായിയുടെ മോക്ഷാന്വേഷണമാർഗ്ഗമാണ് ദസ്തയവ്സ്കിക്ക് കാവ്യരചന. ആജന്മശുദ്ധരുടെ ജീവമുക്തി ഒരു തർക്കവിഷയമല്ല. എന്നാൽ ആതദായിയുടെ അവസ്ഥ അതല്ല. അവൻ പഞ്ചമഹാപാപങ്ങൾ ചെയ്തവനാണ്. ജീവിതം മുഴുവനും അവൻ ഇരുളിലും മരണത്തിന്റെ നിഴലിലുമാണ്. മിന്നാമിനുങ്ങിന്റെ പ്രകാശംപോലുമില്ലാത്ത കൂരിരുട്ടാണെങ്ങും. അങ്ങനെ ഇരുളിൽ കഴിയുന്നവന്റെ അകവെളിച്ചം പ്രകാശിപ്പിച്ച എഴുത്തുകാരനാണ് അദ്ദേഹം. ഇരുളിലും മൃതിയിലും കഴിയുന്നവൻ വെളിച്ചത്തിലേക്കും അമൃതത്തിലേക്കും ഉദ്ഗമിക്കുന്നത് എങ്ങനെയെന്ന് അദ്ദേഹം നമുക്ക് കാണിച്ചുതരുന്നു. ചുങ്കക്കാരും പാപികളുമായി സൗഹൃദം പങ്കുവെച്ച യേശുവിനെപ്പോലെ ജീവിതത്തിന്റെ പുറംപോക്കിലേക്ക് എടുത്തെറിയപ്പെട്ട മനുഷ്യരെ ദസ്തയവ്സ്കിയും വീണ്ടെടുക്കുന്നു. പാശ്ചാത്യലോകത്തിന് അപരിചിതമാണ് ഈ കാവ്യലക്ഷ്യം. ഭരതമുനിയാകട്ടെ വേദാധികാരികളല്ലാത്തവരും എന്നാൽ മോക്ഷാധികാരികളായവരുമായ സാധാരണമാരുടെ മോക്ഷസാധനമാണ് അഞ്ചാംവേദമായ നാട്യത്തിന്റെ ലക്ഷ്യമെന്ന് അർത്ഥശങ്കക്കിടയില്ലാതെ പ്രഖ്യാപിച്ചിട്ടുമുണ്ട്. ഭരതമുനിയുടെ ഈ കാവ്യലക്ഷ്യപ്രഖ്യാപനവുമായി ദസ്തയവ്സ്കിയുടെ കാവ്യരചനാലക്ഷ്യം ഒത്തുപോകുന്നുവെന്നത് അത്ഭുതകരമായ കാര്യമാണ്.

മനസ്സ് കുതറിയോടുന്ന കുമാർഗ്ഗങ്ങളിൽ ഘനീഭൂതമായിക്കിടക്കുന്ന പരശുരാമഹിംസകളും രാവണരാത്രികളും ശകുനീകൗശലങ്ങളും ആർത്തലച്ചുയർന്നു വരുന്നതുകണ്ട് ദസ്തയവ്സ്കിയുടെ ഓരോ വായനക്കാരനും ലജ്ജിതനും അപമാനിതനുമാകുന്നു. ഇഹപരങ്ങൾ നഷ്ടപ്പെട്ട ഒരു ഉഭയഭ്രഷ്ടനാണ് താനെന്ന് അവൻ തിരിച്ചറിയുന്നു. ചിതറിയ മേഘത്തെപ്പോലെ നിലനിൽപ്പിന്റെ ഒരു നിഴൽപോലുമവശേഷിപ്പിക്കാതെ നശിച്ചുപോകാവുന്ന അവന്റെ ജീവിതത്തെ വീണ്ടെടുക്കുന്നത് ഈ തിരിച്ചറിവാണ്. ദസ്തയവ്സ്കി കൃതികളുടെ വായന നൽകുന്ന പരമാനുഭൂതി ഈ വീണ്ടെടുപ്പാണ്. ഈ കൃതികൾ പാരായണം ചെയ്യുന്നവർ ഓരോ വായനയിലും അവനവനെത്തന്നെ വീണ്ടെടുക്കുകയാണ് ചെയ്യുന്നത്.

അതിനാലാണ് മറ്റു നോവലിസ്റ്റുകളിൽ നിന്നും വ്യത്യസ്തമായി ദസ്തയവ്സ്കിക്ക് ഉപാസകന്മാരായ വായനക്കാരുണ്ടായത്. ലോകത്തെല്ലായിടത്തും എല്ലാ കാലങ്ങളിലും വിവിധമേഖലകളിൽ പ്രവർത്തിക്കുന്നവർ ഇങ്ങനെ ദസ്തയവ്സ്കിയുടെ ഉപാസകന്മാരായിത്തീർന്ന ചരിത്രമുണ്ട്. സമകാലിക പാശ്ചാത്യതത്ത്വചിന്തയിലെ ഹിമാലയ സാന്നിദ്ധ്യമായ ലുഡ്വിഗ് ജോസഫ് യോഹ് നാൻ വിത്ഗൻസ്റ്റൈൻ ഇത്തരം ഉപാസകരിലൊരാളാണ്. ദസ്തയവ്സ്കി വെളിവാക്കിയ തത്ത്വശാസ്ത്ര-ധാർമ്മിക സമസ്യകളിൽപ്പെട്ട് ഉറക്കമില്ലാത്ത രാത്രികളും വിശ്രമമില്ലാത്ത പകലുകളും വിത്ഗൻസ്റ്റൈൻ തള്ളിനീക്കി. മന:ശാസ്ത്രജ്ഞർക്കും കഥാകാരന്മാർക്കുമൊപ്പം ശാസ്ത്രജ്ഞന്മാരും ദസ്തയവ്സ്കിയെ ഉപാസിക്കുന്നു.

വളരെ ചെറുപ്പത്തിലേ ദസ്തയവ്സ്കിയുടെ ഉപാസകനായിത്തീർന്ന കവിയാണ് വേണു വി.ദേശം. ഒരു ഉപാസകന്റെ അകളങ്കിതമായ സമർപ്പണത്തോടെ ദസ്തയവ്സ്കി കൃതികളിലൂടെ അദ്ദേഹം നടത്തിയ തീർത്ഥയാത്രയാണ് ആ കൃതികളിൽ ചിലത് മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്യാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതും. ദസ്തയവ്സ്കിയെ കൂടുതൽ അടുത്തറിയുന്നതിന്റെ ഭാഗമായിട്ടാണ് 'അന്നയുടെ ഓർമ്മകളി'ൽ അദ്ദേഹം എത്തിയതും. ദസ്തയവ്സ്കി എന്ന ഊർജ്ജപ്രവാഹത്തെ മെരുക്കിയത് അന്നയാണ്. ദുരന്തങ്ങൾ വേട്ടയാടിയ ജീവിതത്തെ അനുകമ്പയോടെ വീക്ഷിച്ച അന്നയെ കണ്ടെത്തിയത് തന്റെ ജീവിതത്തിലെ സുകൃതനിമിഷങ്ങളിലൊന്നായി ദസ്തയവ്സ്കി പലവട്ടം സ്മരിച്ചിട്ടുണ്ട്. അന്നയാകട്ടെ ദസ്തയവ്സ്കിയുടെയും അദ്ദേഹത്തിന്റെ കാവ്യലോകത്തിന്റെയും അചഞ്ചലയായ ഉപാസകയും ജീവിതത്തിലെ സഹാനുഭൂതിയുള്ള സഹകാരിയുമായിരുന്നു. മുപ്പത്തഞ്ചാമത്തെ വയസ്സിൽ വിധവയായിത്തീർന്ന അവർ അവശേഷിച്ച മുപ്പത്തേഴ് വർഷവും തന്റെ ഭർത്താവിന്റെ കൃതികളുടെ പ്രചാരണത്തിനും സ്മരണകളുടെ തിരുശേഷിപ്പുകൾക്കുമായി സ്വയം സമർപ്പിക്കുകയും ചെയ്തു. അഗ്നിപരീക്ഷ ജയിച്ച സത്യസന്ധതയോടെയാണ് അന്ന ഓർമ്മക്കുറിപ്പുകളെഴുതിയിരിക്കുന്നത്. ആ സത്യസന്ധത നൽകുന്ന സുതാര്യതയാണ് അന്നയുടെ ഓർമ്മകളെ എണ്ണപ്പെട്ട ഒരു സാഹിത്യകൃതിയാക്കി മാറ്റിയതും. ഈ സാഹിത്യകൃതിയുടെ ചാരുത ചോർന്നുപോകാതെ വേണു വി.ദേശം മലയാളത്തിലേക്ക് അത് വിടർത്തിയെടുത്തിരിക്കുന്നു. ഒരു ഭാഷയിലൂടെ ആവിഷ്കൃതമായ കാവ്യാനുഭവത്തെ മറ്റൊരു ഭാഷയിലേക്ക് ആവാഹിച്ചാവിഷ്കരിക്കുന്നത് സർഗ്ഗക്രിയയാണ്. വേണു ഭാഷാന്തരം ചെയ്ത അന്നയുടെ ഓർമ്മകൾ അത് സാക്ഷ്യപ്പെടുത്തുന്നു. ■

പുസ്തകക്കുറിപ്പ്

കോഴിക്കോടിന്റെ കഥ
എം.ജി.എസ്. നാരായണൻ
ചേറ്റൂർ ശങ്കരൻനായർ ഫൗണ്ടേഷൻ
വില 100 രൂപ

കോഴിക്കോടിന്റെ ചരിത്രത്തെ ആധാരമാക്കിയുള്ള ലേഖനങ്ങൾ. രണ്ടു ഭാഗങ്ങളുള്ള ഈ ഗ്രന്ഥത്തിന്റെ ആദ്യഭാഗത്ത് നെടിയിരിപ്പ് സ്വരൂപം, സത്യസ്വതയുടെ നഗരം, അറബി-കേരള ബന്ധങ്ങൾ, കോഴിക്കോട് നൂറ്റാണ്ടുകളിലൂടെ, ഒരു നഗരം വളരുന്നു എന്നീ ലേഖനങ്ങളാണ്. രണ്ടാം ഭാഗത്ത് പന്നിയങ്കര ശിലാരേഖയിലെ രവികോതപ്പെരുമാളും ആയിരമാണ്ട് പിന്നിട്ട ക്ഷേത്രരേഖകളും ഏറനാട്ടിലെ മാനവിക്രമനും മുച്ചുന്തിപ്പള്ളി-പൂന്തുറക്കോന്റെ നീട്ടും തളിക്ഷേത്രവും പട്ടത്താനവും പരാമർശിക്കപ്പെടുന്നു. എം.ജി.എസിന്റെ ചരിത്രലേഖനങ്ങളുടെ ആധികാരികതയിൽ എതിർപ്പുണ്ടാകേണ്ടതില്ലെങ്കിലും നൂറുപേജുള്ള ഈ പുസ്തകത്തിന് നൂറു രൂപ വിലയിട്ടിരിക്കുന്നത് കൂടുതലാണെന്നു പറയാതെ വയ്യ.

ജീവിതത്തിലേയ്ക്ക് മടങ്ങുക
സുന്ദർലാൽ ബഹുഗുണ
വിവർത്തനം: പി.കെ.ഉത്തമൻ
മോഡേൺ ബുക്സ്, സുൽത്താൻ ബത്തേരി
വില 100 രൂപ

പരിസ്ഥിതി പ്രവർത്തനങ്ങളിലൂടെ ജീവിച്ചിരിക്കുന്ന ഇതിഹാസമായി മാറിയ സുന്ദർലാൽ ബഹുഗുണയുടെ ലേഖനങ്ങൾ. പതിമൂന്നാം വയസ്സിൽ സ്വാതന്ത്ര്യസമരഭടനായ അദ്ദേഹം സ്വാതന്ത്ര്യാനന്തരം അസ്പൃശ്യതക്കെതിരെയും മദ്യത്തിനെതിരെയും പരിസ്ഥിതിനാശത്തിനെതിരെയും വിട്ടുവീഴ്ചയില്ലാതെ പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ ചിപ്കോ പ്രസ്ഥാനം ഉത്തരേന്ത്യയുടെ ഗ്രാമീണ മേഖലകളിൽ പാരിസ്ഥിതിക അവബോധം സൃഷ്ടിക്കുന്ന കാര്യത്തിൽ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. ''ലോകം ആശയങ്ങളുടെയും ആദർശങ്ങളുടെയും കാര്യത്തിൽ സമ്പന്നമാണ്. പക്ഷേ, കർമ്മത്തിന്റെയും സദാചാരത്തിന്റെയും കാര്യത്തിൽ പരമദരിദ്രം'' എന്നു വിശ്വസിക്കുന്ന ബഹുഗുണയുടെ ലേഖനങ്ങൾ ഒരു കർമ്മയോഗിയുടെ തെളിച്ചമുള്ള നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു.

കിളിയുടെ നാവ്
പി.പി.കെ. പൊതുവാൾ
എൻ.ബി.എസ്
വില 45 രൂപ

ഇന്ന് ഏറെ പ്രയോഗത്തിലില്ലെങ്കിലും ആഖ്യാനകവിതകൾ നമ്മുടെ കാവ്യപാരമ്പര്യത്തിന്റെ അവിഭാജ്യഘടകമാണ്. ഇടശ്ശേരിയും വൈലോപ്പിള്ളിയും അക്കിത്തവും ഒളപ്പമണ്ണയും ഉൾപ്പെടെയുള്ള കവികൾ സാക്ഷാത്കരിച്ച ആഖ്യാനകവിതയുടെ പാരമ്പര്യം ഉൾക്കൊള്ളുന്ന കവിതകളാണ് പൊതുവിൽ ഈ സമാഹാരത്തിലുള്ളത്. ''കവിതയുടെ ബഹുസ്വരതയെപ്പറ്റി വേണ്ടിയും വേണ്ടാതെയും ബഹളംവയ്ക്കുന്ന കാലം ഇവിടെയിതാ ഒരു കവി ഏകമുഖമല്ലാത്ത ഏതാനും രചനകളെ നമുക്കു സമർപ്പിക്കുന്നു. ഇവയോടുള്ള ഗാഢമായ സംവാദം, നമ്മുടെ സഹൃദയത്വത്തിന് തിടംവെപ്പിക്കും'' എന്ന് അവതാരികയിൽ കെ.പി.ശങ്കരൻ.

ഒരക്ഷരം വിട്ടുപോയാൽ
വി.കെ.ഹരിദാസ്
പൂർണ്ണ പബ്ലിക്കേഷൻ
വില 35 രൂപ

ധനലക്ഷ്മി, കാക്കക്കണക്ക്, എഡിറ്റർ തുടങ്ങി പതിമൂന്നു കൃതികൾ. കുട്ടികളെ ഉദ്ദേശിച്ചെഴുതിയിട്ടുള്ളവയാണ് ഇവയെല്ലാം. കഥകളിലൂടെ വിജ്ഞാനവും പകരുന്നവയാണ് പതിമൂന്നു രചനകളും.

ന്യൂട്ടന്റെ കഥ
സെൻസായ് എം.മോഹൻകുമാർ
പൂർണ പബ്ലിക്കേഷൻ
വില 25 രൂപ

ശാസ്ത്രലോകത്തിന് അമൂല്യമായ സംഭാവനകൾ നൽകിയ ശാസ്ത്രജ്ഞൻ ഐസക് ന്യൂട്ടന്റെ കഥ. എല്ലാവരാലും ആദരിക്കപ്പെട്ട ആ മഹാശാസ്ത്രജ്ഞന്റെ ജീവിതത്തിലെ ദുരിതങ്ങളും ദുർവിധികളും നേട്ടങ്ങളും സന്തോഷങ്ങളും വിവരിക്കുന്ന ഈ കൃതി കുട്ടികൾക്ക് പ്രയോജനപ്പെടും.



ഭൗതികത്തിനപ്പുറം
പി.കേശവൻനായർ
ഡി.സി.ബുക്സ്
വില 48 രൂപ

ട്രേഡ് യൂണിയൻ നേതാവെന്ന നിലയിൽ ഏറെ അറിയപ്പെടുന്ന ഗ്രന്ഥകാരൻ. സ്റ്റീഫൻ ഹോക്കിങ്ങിന്റെ പ്രപഞ്ചം, ദ്രവ്യസങ്കല്പം ഭൗതികത്തിലും ദർശനത്തിലും തുടങ്ങിയ ഗ്രന്ഥങ്ങളുടെ രചയിതാവിലൂടെ ശ്രദ്ധേയനായ ശാസ്ത്രസാഹിത്യകാരനാണ്. ഭൗതികശാസ്ത്രത്തെക്കുറിച്ചുള്ള പഠനങ്ങൾക്ക് ഊന്നൽ നൽകിയിട്ടുള്ള അദ്ദേഹം ഈ ഗ്രന്ഥത്തിൽ ഭൗതികത്തിനപ്പുറമുള്ള ലോകമാണ് നിരീക്ഷിക്കുന്നത്. ഭൗതികത്തിനപ്പുറമുള്ള ദർശനപദ്ധതി വേദാന്തമാണെന്നും ഭൗതികത്തിന്റെ നവചിന്തകളും വേദാന്തചിന്തകളും മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള പാരസ്പര്യം വെളിപ്പെടുത്തുന്നുണ്ടെന്നും ഈ കൃതി വിശദീകരിക്കുന്നു.



ജീവനകലയിലെ ലാവണ്യം
നിത്യചൈതന്യയതി
സൊർബ പബ്ലിക്കേഷൻസ്
വില 50 രൂപ

കലയുടെയും തത്ത്വചിന്തയുടെയും സമന്വയത്തിലൂടെ ജീവിതനിരീക്ഷണത്തിന് പുതിയൊരർത്ഥം പകർന്ന നിത്യചൈതന്യയതിയുടെ കൃതി. അമ്മ, എന്റെ വീട്, നമ്മുടെ ദേശം, നല്ല ജീവിതം എന്നിങ്ങനെ അഞ്ചദ്ധ്യായങ്ങളിലായി ഒരു ജീവിതദർശനം അവതരിപ്പിക്കുകയാണ് യതി. അമ്മയിൽനിന്നാരംഭിച്ച് പ്രപഞ്ചത്തോളം വികസിക്കുന്ന യതിയുടെ ചിന്തകളാണ് ഈ കൃതിയെ അമൂല്യമാക്കുന്നത്.



ധ്യാനബുദ്ധൻ
കെ.പി.രമേഷ്
സൊർബ പബ്ലിക്കേഷൻസ്
വില 50 രൂപ

സെൻബുദ്ധിസത്തിന് ഒരു ആമുഖമാണ് ഈ പുസ്തകം. സെന്നിന്റെ ചരിത്രവും കലയും ധ്യാനവും സമഗ്രമായി രേഖപ്പെടുത്താനുള്ള ശ്രമം ഈ കൃതിയിലുണ്ട്. റിൻസായിയുടെ പ്രബോധനങ്ങളും സെൻകഥകളും സെൻ കവിതകളും ചേർത്തുവച്ച് വായിക്കുമ്പോഴേ സെൻദർശനവും പൂർണ്ണമാവുകയുള്ളു എന്നതിനാൽ അവയും ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ■

എം.എൻ.വിജയന്റെ പ്രതിരോധയുക്തികൾ

ബാലചന്ദ്രൻ വടക്കേടത്ത്

സംസ്കാര വ്യവസായത്തോടും സമകാലിക ജീവിതത്തോടുമുള്ള പ്രതികരണങ്ങൾ

പ്രതിരോധങ്ങൾ
എം.എൻ.വിജയൻ
ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം
വില 50 രൂപ

ആഗോളവൽക്കരണം, മുതലാളിത്തം, ഫാഷിസം, വർഗ്ഗീയത– സമകാലിക കേരളത്തെ അലട്ടുന്ന മുഖ്യപ്രശ്നങ്ങളാണിതെല്ലാം. സംസ്കാരത്തെയും സമൂഹത്തെയും ജീവിതത്തെയും മലിനപ്പെടുത്തുന്ന ഈ വ്യവസ്ഥകളിന്മേൽ എങ്ങനെ പ്രതിരോധമുയർത്താമെന്ന് പ്രഭാഷണങ്ങളിലൂടെയും എഴുത്തിലൂടെയും അന്വേഷിച്ചുകൊണ്ടിരിക്കുന്ന എം.എൻ.വിജയന്റെ പുതിയ കൃതിയാണ് 'പ്രതിരോധങ്ങൾ'. ജീവിതത്തെ ലോകമുതലാളിത്തം തട്ടിയെടുത്തുകഴിഞ്ഞെന്നും ഓരോ വ്യക്തിയും ഉല്പാദനവസ്തുക്കൾപോലെ വിൽക്കപ്പെട്ടുതുടങ്ങിയെന്നും അദ്ദേഹം നിരീക്ഷിക്കുന്നു. നാലു ഭാഗങ്ങളായി ഈ കൃതിയിലെ നിരീക്ഷണങ്ങളെ വിഭജിച്ചിരിക്കുന്നു. ആദ്യഭാഗത്ത്, ഇ.എം.എസ്സിനെക്കുറിച്ചുള്ള വിലയിരുത്തലുകളാണുള്ളത്– 'അദ്ദേഹത്തിന്റെ സാഹിത്യ–സാംസ്കാരിക സംഭാവനകളും രാഷ്ട്രീയ നിലപാടുകളും നോക്കിക്കാണുന്ന എം.എൻ.വിജയൻ ഇ.എം.എസിന്റെ സാമൂഹ്യബോധത്തെ ഗാന്ധിജിയുടെ ഉൾവിളിയോടും ബുദ്ധന്റെ വെളിപാടിനോടും താരതമ്യപ്പെടുത്തിക്കാണുന്നു. അത് ചിന്തനീയമായ ഒരു നിലപാടാണ്. ദേശീയ പ്രസ്ഥാനത്തിലുണ്ടായിരുന്ന നിശിതമായ ആത്മവിമർശനമാണ് ഇ.എം.എസിന്റെ നിലപാടുകളെ സ്വാധീനിച്ചതും നിയന്ത്രിച്ചതുമത്രെ. എന്നാൽ ശരാശരി ഭാരതീയന്റെ വരുമാനം മാത്രം ചെലവ് ചെയ്ത് ജീവിച്ച ഗാന്ധിജിയും ഇ.എം.എസും തമ്മിൽ നേരിയ വ്യത്യാസമുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. മേൽസൂചിപ്പിച്ച ഗാന്ധി ഇ.എം.എസിന് മാതൃകയായിട്ടുണ്ടാവാമെങ്കിലും ഗാന്ധിയുടെ ശാഠ്യങ്ങളോ പാപബോധമോ, പശ്ചാത്താപമോ അദ്ദേഹത്തിലില്ലായിരുന്നുവെന്നാണ് എഴുതുന്നത്. ഗാന്ധിയെ ഗാന്ധിയാക്കിയത് ആ ശാഠ്യമാണ്. ഗാന്ധിജിയുടെ പാപബോധമെന്താണെന്ന് വിജയൻ വിശദീകരിച്ചുകാണുന്നുമില്ല. ഇ.എം.എസിന് തന്റെ രാഷ്ട്രീയ ജീവിതംകൊണ്ട് പശ്ചാത്തപിക്കേണ്ടതായിട്ടോ, പാപബോധമുൾക്കൊള്ളേണ്ടതായിട്ടോ വന്നില്ലെന്ന ധ്വനികൂടി അതിലുണ്ട്. അത് ശരിയാണോ എന്ന സംശയം അടുത്തകാലത്ത് മാർക്സിസ്റ്റ് പാർട്ടിയിലുണ്ടായിക്കൊണ്ടിരിക്കുന്ന സംഘർഷങ്ങൾ ഉന്നയിക്കുന്നത്, ഓരോ മലയാളിയും മനസ്സിലാക്കിവരുന്ന കാലഘട്ടമാണിത്. ഇ.എം.എസ്സിന്റെ സാഹിത്യ–സാംസ്കാരിക സംഭാവനകൾ' വിലയിരുത്തുന്ന എം.എൻ.വിജയൻ ചൂണ്ടിക്കാണിക്കുന്ന ഒരു വസ്തുതയുണ്ട്. 1937–ലെഴുതിയ ഒരു പ്രബന്ധത്തോടുകൂടിയിട്ടാണ് സാഹിത്യത്തിൽ ഉടമാവകാശം ആർക്കാണ് എന്ന ചോദ്യം ഉന്നയിക്കപ്പെട്ടതും പുരോഗമനസാഹിത്യത്തെക്കുറിച്ചുള്ള ആശയങ്ങൾ കേരളത്തിൽ പ്രചരിക്കാൻ തുടങ്ങിയതും എന്ന സൂചനയാണത്. ലഖ്നൊ എ.ഐ.സി.സിയിൽവച്ച് പ്രേംചന്ദിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന എഴുത്തുകാരുടെ യോഗം ഉന്നയിച്ച പ്രധാനപ്പെട്ട ആശയങ്ങളാണ് ഇ.എം.എസിനെ പുരോഗമന ചിന്തയിലേയ്ക്ക് തിരിച്ചുവിട്ടത് എന്ന ചരിത്രസത്യം നാം പതുക്കെ വിസ്മരിച്ചുകളയുന്നു. എന്നാൽ കേരളത്തിൽ പുരോഗമന സാഹിത്യപ്രസ്ഥാനം എടുത്ത നിലപാടുകൾ വിസ്മരിക്കുന്നത് ശരിയല്ലതാനും. സാഹിത്യത്തിലൂടെ ലോകത്തെ നവീകരിക്കാം എന്ന ബോധം എഴുത്തുകാർക്കിടയിൽ വളർത്തിയതിൽ പു.ക.സയ്ക്കു പ്രധാന പങ്കുണ്ട്. പക്ഷേ, അതിന്റെ അടിവേരുകൾ, ചെന്നുചേരുന്നത് ദേശീയപ്രസ്ഥാനത്തിലാണ്.

ഫാഷിസം ആകർഷകമായ ഒരു തത്ത്വമായി പ്രചാരം നേടുന്നതിനെ പ്രതിരോധിക്കേണ്ട അനിവാര്യതയിലേയ്ക്കാണ് രണ്ടാം ഭാഗത്ത് വിജയൻ വിരൽചൂണ്ടുന്നത്. ഭീരുക്കളുടെ സിദ്ധാന്തമായി ഫാഷിസത്തെ അദ്ദേഹം വീക്ഷിക്കുന്നു. എല്ലാ ആക്രമണങ്ങളും ഉണ്ടാവുന്നത് സാംസ്കാരികമായ ഒരു ഭയത്തിൽനിന്നായതിനാൽ, ഫാഷിസം ഭീരുക്കളുടെ തത്ത്വശാസ്ത്രമായി മാറുന്നുവത്രെ. 'കണ്ണൂരിലെ യുദ്ധതന്ത്രം' ഈ പശ്ചാത്തലത്തിൽ വായിക്കേണ്ട പ്രബന്ധമാണ്. വിജയന്റെ ഫാഷിസ്റ്റ് തത്ത്വശാസ്ത്രമുപയോഗിച്ച് വിജയൻതന്നെയെഴുതിയ കണ്ണൂരിനെക്കുറിച്ചുള്ള ലേഖനം വായിച്ചാൽ നാമാകെ ആശയക്കുഴപ്പത്തിൽ ചെന്നുചാടും. വർഗ്ഗീയഫാഷിസത്തെ നേരിടാൻ, അതേ തന്ത്രംതന്നെ ഉപയോഗിക്കുന്നതിൽ തെറ്റില്ലെന്നാണ് വിജയന്റെ കാഴ്ചപ്പാട്. കേരളത്തിലെ പ്രബലമായ മാർക്സിസ്റ്റ് പാർട്ടിയെ ഭയപ്പെടുത്തി നിർത്തിക്കഴിഞ്ഞാൽ മറ്റുള്ളവരേയും വഴിയെ ഭയപ്പെടുത്തി നിർത്താമെന്ന തന്ത്രം വർഗ്ഗീയഫാഷിസം ഉപയോഗിച്ചുതുടങ്ങിയിരിക്കുന്നു. കണ്ണൂരിലെ പ്രശ്നങ്ങൾ അതാണ് തെളിയിക്കുന്നതെന്ന് വിജയൻ പറയുന്നു. എന്നാൽ വിജയന്റെ നിലപാട് രൂപപ്പെടുന്നത് ഒരു എഴുത്തുകാരന്റെ ശൈലിയിലല്ലെന്ന തോന്നൽ പൊതുവെയുണ്ട്. അത് ചിലർ ഉന്നയിക്കുകയുമുണ്ടായി. അതെന്തുമാകട്ടെ, കാരുണ്യരാഹിത്യംകൊണ്ട് വിവാദപരമായ കണ്ണൂരിനെക്കുറിച്ചുള്ള ലേഖനം, ഫാഷിസത്തിന്റെ വിശദീകരണരീതിയുടെ തലത്തിൽ ശ്രദ്ധേയമാണ് എന്നതും എടുത്തുപറയാതെ വയ്യ.

സാഹിത്യം, കല എന്നിവയെ സംബന്ധിക്കുന്ന ചില നിരീക്ഷണങ്ങളാണ് മൂന്നാം ഭാഗത്തിലെ ലേഖനങ്ങളിലുള്ളത്. ചെറിയ കുറിപ്പുകളാണെങ്കിലും വ്യത്യസ്ത ആലോചനകളാൽ സമൃദ്ധമാണ് അവ. 'ശരീരവും മനസ്സും' തമ്മിലുള്ള പിളർപ്പാണ് ആശാന്റെ കവിതയുടെ പ്രത്യേകതയായി 'നളിനി'യെ മുൻനിർത്തി എം.എൻ.വിജയൻ വിശദീകരിക്കുന്നത്. സന്ന്യാസിയെ വിമർശിക്കാൻ സന്ന്യാസിജീവിതംതന്നെ ചിത്രീകരിക്കുകയാണ് ദിവാകരനിലൂടെ ആശാൻ ചെയ്തത്. ഒരു കവിതകൊണ്ട് ഒരു കാലാവസ്ഥതന്നെ സൃഷ്ടിച്ച വൈലോപ്പിള്ളിയെക്കുറിച്ച് ധാരാളം എഴുതിയിട്ടുള്ള നിരൂപകനാണ് എം.എൻ.വിജയൻ. എന്നാൽ 'വിസ്തരിക്കുന്ന സ്വപ്ന'മാണ് വൈലോപ്പിള്ളിക്കവിതയെന്ന് 'ഓർമ്മയുടെ കവി' എന്ന ലേഖനത്തിൽ എടുത്തുപറയുന്നു. അർത്ഥമുള്ളതല്ല, അർത്ഥത്തിനപ്പുറമുള്ളതാണ് കവിതയെന്ന മറ്റൊരു സമീപനവും വിജയന്റേതായുണ്ട്.

'പ്രതിരോധങ്ങൾ' പൂർണ്ണമായും വായിച്ചുതീരുമ്പോൾ, സാംസ്കാരിക വ്യവസായത്തോടുള്ള സവിശേഷ പ്രതികരണമായിരിക്കും നമ്മുടെ ശ്രദ്ധയിൽ തടയുക. സാമ്പത്തികവ്യവസ്ഥ അല്ലെങ്കിൽ ലോകമുതലാളിത്തം സംസ്കാരത്തെയും ജീവിതത്തെയും തട്ടിയെടുത്ത് നമ്മെ കളിപ്പാട്ടമാക്കുകയാണ് എന്ന് വിജയൻ തിരിച്ചറിയുന്നു. ഈ വ്യവസ്ഥയെ പ്രതിരോധിക്കാൻ ഗാന്ധിജിയുടെ നിഷേധചിന്തക്കേ കഴിയൂ. ആഗോളവൽക്കരണത്തെയും പുതിയ മുതലാളിത്തം സൃഷ്ടിക്കുന്ന സാംസ്കാരിക വ്യവസായത്തെയും നേരിടാൻ ഗാന്ധിജിയുടെ ധനശാസ്ത്രശൈലിക്ക് കഴിയുമെന്ന നിരീക്ഷണത്തിൽ സർഗ്ഗാത്മകമായ ഒരു സ്വീകാര്യതയുണ്ട്. എന്നാൽ ഗാന്ധിജിയുടമേൽ കഴിഞ്ഞകാലത്തെ ചില ബുദ്ധിജീവികൾ എടുത്തുവച്ച ശാഠ്യങ്ങൾ പൂർണ്ണമായും കുടഞ്ഞുകളയണോ എന്ന് എം.എൻ.വിജയൻ ആരായുന്നില്ല. ഗാന്ധിജിയുടെ രാഷ്ട്രീയം വികസിച്ചത് 'വേണ്ട' എന്ന പ്രയോഗവ്യവസ്ഥയിലേയ്ക്കാണ്. 'ഈ മല്ലുമുണ്ട് എനിക്കു വേണ്ട, ഈ ഖദർമുണ്ട് എനിക്കു മതി' എന്ന ആശയം പ്രസരിപ്പിക്കുന്ന രാഷ്ട്രീയം, ആഗോളവൽക്കരണത്തിനെതിരെ വയ്ക്കാവുന്ന ശരിയായ രാഷ്ട്രീയമാണെന്ന് തിരിച്ചറിയാൻ തുടങ്ങിയിരിക്കുന്നു. ■

റിപ്പോർട്ട്



ഔഷധി മൃഗചികിത്സയിലേക്ക്

ബിന്ദു കെ. പ്രസാദ്

ഔഷധിയുടെ കഴിഞ്ഞവർഷത്തെ വിറ്റുവരവ് പതിനൊന്നുകോടി രൂപയായിരുന്നു

സർക്കാരിനെയും അതുവഴി ജനങ്ങളെയും മുടിച്ചുകൊണ്ട് നഷ്ടത്തിലോടുന്ന വെള്ളാനകളായ പൊതുമേഖലാ സ്ഥാപനങ്ങൾക്കൊരു അപവാദമാണ് തൃശൂരിലെ ദ ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം) കേരള ലിമിറ്റഡ്. ഔഷധിയെന്ന വ്യാവസായികനാമത്തിൽ അറിയപ്പെടുന്ന ഈ ആയുർവേദ മരുന്നുകമ്പനി നൂറു ശതമാനവും ഒരു കേരള സർക്കാർ സ്ഥാപനമാണ്. സംസ്ഥാന സർക്കാർ നിയമിച്ച ഒരു ഡയറക്ടർ ബോർഡിന്റെ മേൽനോട്ടത്തിൽ നടക്കുന്ന ഔഷധി, സർക്കാരിന്റെ പൊതുജനാരോഗ്യ– കുടുംബക്ഷേമവകുപ്പ് നേരിട്ടുനിയന്ത്രിക്കുന്നു.

രാജകീയപാരമ്പര്യം

രാജകീയ പാരമ്പര്യമാണ് ഔഷധിക്കുള്ളതെന്ന വസ്തുത ചിലരിലെങ്കിലും കൗതുകമുണർത്തും. കൊച്ചി മഹാരാജാവ് തൃശൂരിലെ ഗവൺമെന്റ് ആയുർവേദ ആശുപത്രികൾക്കും പഴയ കൊച്ചി രാജ്യത്തിലെ രാജകുടുംബങ്ങൾക്കുംവേണ്ടി 1941–ൽ തുടങ്ങിയതാണ് ഈ മരുന്നുശാല. അന്ന് ശ്രീ കേരളവർമ്മ ഗവൺമെന്റ് ആയുർവേദിക് ഫാർമസി എന്നായിരുന്നു പേര്. 1959–ൽ അത് ഒരു കോ– ഓപ്പറേറ്റീവ് സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുകയും ശ്രീ കേരളവർമ്മ ഫാർമസി ആന്റ് സ്റ്റോർസ് ലിമിറ്റഡ് എന്നു പേരുമാറ്റുകയും ചെയ്തു. '75–ൽ ഈ സ്ഥാപനം കമ്പനീസ് ആക്ട് 1956–ന്റെ കീഴിൽ ഫാർമസ്യൂട്ടിക്കൽസ് കോർപ്പറേഷൻ (ഐ.എം) കേരള ലിമിറ്റഡ് കമ്പനിയാവുകയും '76–ൽ പ്രവർത്തനം തുടങ്ങുകയും ചെയ്തു.

'94–വരെ കമ്പനി നഷ്ടത്തിലായിരുന്നു. എന്നാൽ അതിനുശേഷം ക്രമമായ വളർച്ചയായിരുന്നു. 98–99ൽ എട്ടുലക്ഷം രൂപ സർക്കാരിലേയ്ക്ക് ലാഭവിഹിതം അടയ്ക്കാനായി. കെ.എസ്.ഐ.ഡി.സി, കെ.എഫ്.സി തുടങ്ങിയവയിൽനിന്നൊക്കെ കടമെടുത്താണ് ആധുനികരീതിയിലുള്ള ഇപ്പോഴത്തെ ഫാക്ടറി ഉണ്ടായത്. ആ കടം മുഴുവനും അടച്ചുതീർത്തു. ഇപ്പോൾ കമ്പനിക്ക് ഒരു പൈസപോലും കടമില്ല', ഔഷധിയുടെ മാനേജിംഗ് ഡയറക്ടറായ തൃത്താല സ്വദേശി, ഡോ. ഗോപാലമേനോൻ (ഐ.എ.എസ്) സാഭിമാനം പറയുന്നു. 2000–2001 സാമ്പത്തികവർഷത്തിലെ വിറ്റുവരവ് 11 കോടി രൂപയായിരുന്നു. അതിന്റെ പത്തുശതമാനം ലാഭവും, കമ്പനിയുടെ ഫിനാൻഷ്യൽ കൺട്രോളർ നാരായണൻ നമ്പൂതിരി ചൂണ്ടിക്കാട്ടി.

ഔഷധി നാനൂറിൽപരം ആയുർവ്വേദ മരുന്നുകൾ ഉണ്ടാക്കുന്നുണ്ട്. സഹസ്രയോഗം, അഷ്ടാംഗഹൃദയം തുടങ്ങി ആയുർവേദത്തിലെ പ്രാമാണികഗ്രന്ഥങ്ങളിലെ വിധിപ്രകാരമാണ് മിക്കവാറും ഔഷധങ്ങൾ നിർമ്മിക്കുന്നത്. അരിഷ്ടാസവങ്ങൾ, തൈലങ്ങൾ, ലേഹ്യങ്ങൾ, ഘൃതങ്ങൾ, ഭസ്മസിന്ദൂരങ്ങൾ, ഗുളികകൾ, കഷായങ്ങൾ (ദ്രവരൂപത്തിലും ചൂർണ്ണരൂപത്തിലും), ചൂർണ്ണങ്ങൾ തുടങ്ങി ആയുർവേദ ചികിത്സാസമ്പ്രദായത്തിലെ ഒട്ടനവധി ഔഷധക്കൂട്ടുകൾ ഇവിടെ നിർമ്മിക്കുന്നുണ്ടെന്നു പറയുന്നു. പുതുമഴയിൽ പൊട്ടിമുളയ്ക്കുന്ന തകരപോലെ നാട്ടിലെമ്പാടും ഈയിടെയായി പൊട്ടിമുളച്ചുവരുന്ന ആയുർവേദ കമ്പനികളുമായി ഔഷധിക്കുള്ള ഒരു പ്രധാന വ്യത്യാസം ഇതുതന്നെ. ഇവ ച്യവനപ്രാശം, ദശമൂലാരിഷ്ടം തുടങ്ങി, വൈദ്യനിർദ്ദേശംകൂടാതെ ആളുകൾ വാങ്ങിക്കഴിക്കുന്നതും അങ്ങനെ ഏറ്റവും ചെലവുള്ളതുമായ പത്തോ ഇരുപതോ ഓഷധങ്ങൾ മാത്രമാണ് ഉല്പാദിപ്പിക്കുന്നത്. ഇവയിൽ പലതും അവരുടെ സ്വന്തം ഉല്പന്നങ്ങൾ (പേറ്റന്റ് പ്രൊഡക്ട്സ്) ആയിരിക്കുകയും ചെയ്യും. പരസ്യങ്ങളുടെയും പകിട്ടാർന്ന പാക്കിങ്ങിന്റെയും ബലത്തിൽ പല കമ്പനികളും വർഷംതോറും ഭീമമായ വിറ്റുവരവും ഉണ്ടാക്കുന്നുണ്ട്. ഏതാനുംതരം ഉല്പന്നങ്ങൾ മാത്രം കൂടുതൽ അളവിൽ ഉല്പാദിപ്പിക്കുമ്പോൾ സ്വാഭാവികമായും ലാഭം കൂടും. എന്നാൽ ഈ വിപണനതന്ത്രം വൈദ്യശാസ്ത്രത്തിന്റെ സാന്മാർഗ്ഗികതയ്ക്കു നിരക്കാത്തതുകൊണ്ടാവണം, ഔഷധി ഈ വഴിക്ക് ഇതുവരെ നീങ്ങിയിട്ടില്ല. ഉദാഹരണത്തിന് നെയ്യുകൾക്കും മറ്റും ഉല്പാദനച്ചെലവ് വളരെ കൂടുതലാണ്. വില്പന കുറവും. എന്നാൽ ഔഷധമെന്ന നിലയിൽ ഘൃതങ്ങൾ വളരെ പ്രധാനമായതിനാൽ അവയുണ്ടാക്കാതെ വയ്യ. പക്ഷേ, അവയിൽനിന്ന് യാതൊരു ലാഭവുമില്ല, നഷ്ടവുമില്ല എന്ന നിലയിലാണ് ഇത്തരം പല വില കൂടിയ മരുന്നുകളുടെയും വില്പനയെന്ന് നാരായണൻ നമ്പൂതിരി പറയുന്നു. തൈക്കാട്ടുശ്ശേരി, കോട്ടക്കൽ തുടങ്ങിയ പരമ്പരാഗത ഔഷധനിർമ്മാതാക്കളൊഴിച്ച്, മറ്റു കമ്പനികൾ പൊതുവെ ഘൃതങ്ങളുല്പാദിപ്പിക്കാത്തതിന്റെ കാരണം ഇതുതന്നെയാവാം.

സ്വന്തം ഗവേഷണ– പരീക്ഷണങ്ങളിലൂടെ ഉരുത്തിരിഞ്ഞ നൂതനവിധികളനുസരിച്ചുള്ള പന്ത്രണ്ടോളം ഔഷധങ്ങളും (പേറ്റന്റ് പ്രൊഡക്ട്സ്) ഔഷധിക്കുണ്ട്. പ്രമേഹൗഷധി, പ്രമേഹക്കാർക്കും പ്രമേഹം വരാൻ സാദ്ധ്യതയുള്ളവർക്കും ഉപയോഗിക്കാവുന്ന ഡയബെറ്റ് ഡ്രിങ്ക്സ്, പൊള്ളലിനുള്ള ബേൺ ക്യൂർ ഓയിന്റ്മെന്റ്, വാതത്തിനുള്ള റൂമാജിത്ത് ഓയിന്റ്മെന്റ്, അഷ്ടചൂർണ്ണം സസ്പെൻഷൻ, കേശസമൃദ്ധിക്കു സഹായിക്കുന്ന ഹെയർടോൺ, ബുദ്ധി, ഓർമ്മശക്തി, വാഗ്ശുദ്ധി എന്നിവയ്ക്കും നാഡീസംബന്ധിയായ ചികിത്സയ്ക്കും ഉപയോഗിക്കുന്ന സാരസ്വതാരിഷ്ടം– ഗോൾഡ് തുടങ്ങിയവയാണവ. ഔഷധിക്കുണ്ട്. പേറ്റന്റ് ഉല്പന്നങ്ങൾക്ക് സാധാരണ നല്ല വില്പനയുണ്ടെന്നു പറഞ്ഞ ഗോപാലമേനോൻ, മൂന്നുവർഷംമുൻപ് ഉല്പാദനമാരംഭിച്ച പ്രമേഹൗഷധിക്ക് വർഷംതോറും ഏതാണ്ട് അമ്പതുലക്ഷം രൂപയുടെ വിറ്റുവരവു

ണ്ട് എന്നവകാശപ്പെട്ടു.

പഞ്ചകർമ്മ ആശുപത്രി

തൃശൂരിലെ ഷൊർണ്ണൂർ റോഡിലുള്ള ഔഷധിയുടെ രജിസ്റ്റേഡ് ഓഫീസിനു പുറകിലായി ഇരുപതു മുറികളുള്ള ഒരു പഞ്ചകർമ്മ ആശുപത്രി ഒരുങ്ങിവരുന്നു. പഞ്ചകർമ്മം അഥവാ സുഖചികിത്സ മാത്രമായിരിക്കും ഇവിടെ നടത്തുക. മുപ്പതുലക്ഷം രൂപ മൂലധന നിക്ഷേപമുള്ള ഈ ആശുപത്രിയുടെ ഉദ്ഘാടനം ഒരു വർഷത്തിനുള്ളിൽ ഉണ്ടാകും.

കേരള സർക്കാരിന്റെ എണ്ണൂറ്റമ്പതോളം വരുന്ന ആയുർവ്വേദ ആശുപത്രികൾ, ഡിസ്പെൻസറികൾ തുടങ്ങിയ ആരോഗ്യസ്ഥാപനങ്ങൾക്കാവശ്യമായ മരുന്നുകൾ മുഴുവനും ഔഷധിയാണ് കൊടുക്കുന്നത്. കൂടാതെ ഒറിസ, ഛത്തീസ്ഘർ, മദ്ധ്യപ്രദേശ്, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാന ഗവൺമെന്റുകളും ഔഷധിയുടെ ഉല്പന്നങ്ങൾ വാങ്ങുന്നുണ്ട്. പോണ്ടിച്ചേരിയും ഡൽഹിയും ഈ വർഷം മുതൽ മരുന്നു വാങ്ങിത്തുടങ്ങി. ഇതുവരെ പോണ്ടിച്ചേരി 20 ലക്ഷം രൂപയുടെയും ഡൽഹി പതിനഞ്ചു ലക്ഷം രൂപയുടെയും ഔഷധങ്ങൾ വാങ്ങിക്കഴിഞ്ഞു.

ഔഷധിയുടേതുമാത്രമായ 350 ഡീലർമാരും ഏജന്റുമാരുമടങ്ങുന്ന ഒരു സ്വകാര്യ വിപണനശൃംഖലയും ഔഷധിക്കുണ്ട്. ഡൽഹി, ബോംബെ, മദ്രാസ്, ഭോപ്പാൽ, ബാംഗ്ലൂർ തുടങ്ങിയ സ്ഥലങ്ങളിൽ ഔഷധിയുടെ ഏജൻസികൾ പ്രവർത്തിക്കുന്നു.

ഡോ. ഗോപാലമേനോൻ ഐ.എ.എസ്

തൃശൂരിലെ കുട്ടനെല്ലൂരിൽ ഇരുപത്തിയഞ്ചേക്കർ സ്ഥലത്താണ് ഔഷധിയുടെ ആധുനിക സൗകര്യങ്ങളോടുകൂടിയ ഫാക്ടറി പ്രവർത്തിക്കുന്നത്. ഫാക്ടറിയിലും ഷൊർണ്ണൂർ റോഡിലുള്ള ഓഫീസിലുമായി 160 സ്ഥിരം ജീവനക്കാരും 300 താൽക്കാലിക ജീവനക്കാരും പ്രവർത്തിക്കുന്നു. അഞ്ചാം ശമ്പളകമ്മിഷന്റെ നിർദ്ദേശങ്ങളനുസരിച്ചുള്ള, ശമ്പളവും മറ്റാനുകൂല്യങ്ങളും ജീവനക്കാർക്കു കൊടുക്കുന്നുണ്ട്. ഫാക്ടറിയോടനുബന്ധിച്ച് എട്ടേക്കർ സ്ഥലത്ത് ഉണ്ടാക്കിയിട്ടുള്ള ഔഷധത്തോട്ടം, വിദ്യാർത്ഥികൾക്കും ഗവേഷകർക്കും മറ്റും ഉപയോഗപ്പെടാറുണ്ട്.

ഔഷധവനം ഉണ്ടാക്കാനായി '90-ൽ പരിയാരത്ത് നൂറേക്കർ ഭൂമി സർക്കാർ ഔഷധിക്ക് പാട്ടത്തിന് നൽകിയിരുന്നു. ആദ്യം കുറേക്കാലം കമ്പനി സാമ്പത്തികനഷ്ടത്തിലായതിനാൽ അവിടെ കൃഷിയൊന്നും തുടങ്ങിയില്ല. എന്നാൽ ഇപ്പോൾ അവിടെ കൃഷി തുടങ്ങിയിട്ടുണ്ട്. ഏതാണ്ട് അമ്പതേക്കറിൽ ചെടികൾ നട്ടുകഴിഞ്ഞു. ദീർഘകാലാടിസ്ഥാനത്തിലുള്ള വിളകളാണ് ഇവിടെ കൃഷി ചെയ്യുന്നത്. അതുകൊണ്ട് ഇവിടെനിന്ന് വരുമാനമൊന്നും ഉണ്ടായിത്തുടങ്ങിയിട്ടില്ല. 'പൂല്ലും കശുവണ്ടിയും വിറ്റ് കൊല്ലം 7000 രൂപ കിട്ടും,' മാനേജിംഗ് ഡയറക്ടർ പറഞ്ഞു. എന്നാൽ ഈ പദ്ധതി ഇപ്പോൾ ഒരു പ്രതിസന്ധി നേരിടുകയാണ്. നൂറ് ഏക്കറിനുംകൂടി വർഷം 12500 രൂപയാണ് പാട്ടത്തിന് ഭൂമി കൊടുത്തപ്പോൾ സർക്കാർ നിശ്ചയിച്ചിരുന്നത്. എന്നാൽ ഇപ്പോൾ പാട്ടത്തുക 50 ലക്ഷമായി സർക്കാർ ഉയർത്തിയിരിക്കുന്നു. അതും '96 മുതൽ മുൻകാല പ്രാബല്യത്തോടെ. ഇത് ഔഷധിയെപ്പോലെ സാമൂഹ്യപ്രതിബദ്ധതയോടെ പ്രവർത്തിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനത്തിന് താങ്ങാവുന്നതല്ലെന്ന് ഫിനാൻസ് കൺട്രോളർ പറയുന്നു. ഏതായാലും പാട്ടത്തുക കുറച്ചുതരാൻ സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. സർക്കാർ അനുകൂല നിലപാടെടുക്കും എന്ന പ്രതീക്ഷയിലാണ് ഔഷധി.

ഗുണപരിശോധന

ഇപ്പോൾ ടൂറിസം വികസനത്തോടനുബന്ധിച്ചും അല്ലാതെയും നാട്ടിലുണ്ടായിരിക്കുന്ന 'ആയുർവ്വേദഭ്രമ'ത്തെ തല്പരകക്ഷികൾ ചൂഷണം ചെയ്യുന്നതിനെക്കുറിച്ചും ഔഷധി മുന്നറിയിപ്പു നൽകി. ആയുർവ്വേദ മസാജ് പാർലറുകൾ എന്ന പേരിലറിയപ്പെടുന്ന തിരുമ്മൽ കേന്ദ്രങ്ങൾ മിക്കവാറും തട്ടിപ്പാണ്. അരവൈദ്യന്മാരുടെയും മുറിവൈദ്യന്മാരുടെയും മേൽനോട്ടത്തിൽ നടക്കുന്ന തിരുമ്മൽ പലപ്പോഴും ശരീരത്തെ തകരാറാക്കും. ആയുർവേദ മരുന്നുകൾ വാങ്ങിക്കഴിക്കുമ്പോഴും വളരെ ശ്രദ്ധിക്കണം. ചില കമ്പനികൾ വൻപരസ്യങ്ങളിലൂടെയും പകിട്ടാർന്ന പാക്കിംഗിലൂടെയും കൃത്രിമ വർണ്ണ-രുചി-ഗന്ധങ്ങളിലൂടെയും ഉപഭോക്താവിനെ പാട്ടിലാക്കുമ്പോൾ, മറ്റുചിലവ ഉല്പന്നങ്ങൾക്ക് ഒരുപാട് വില കുറച്ചുകൊടുത്തുകൊണ്ടാണ് ജനങ്ങളെ ചതിക്കുന്നത്. ഇത്രയും വിലകുറച്ച്, വേണ്ട ചേരുവകളെല്ലാം ചേർത്ത് ഔഷധങ്ങൾ വിൽക്കാൻ സാധിക്കില്ല. വില വളരെ കുറയ്ക്കുമ്പോൾ അതിന്റെ അർത്ഥം, ഔഷധത്തിലെ വിലകൂടിയ പല ചേരുവകളും ഒഴിവാക്കി എന്നാണ്.

സർക്കാർ സഹകരണം

ആഗോളാടിസ്ഥാനത്തിൽ മുപ്പത്തിയാറായിരം കോടിയുടെ വിപണിയാണ് ഇന്ന് ആയുർവ്വേദ ഉല്പന്നങ്ങൾക്കുള്ളത്. 2010 ആകുമ്പോഴേയ്ക്കും അത് ഒരു ലക്ഷത്തി അറുപതിനായിരം കോടിയാകുമെന്ന് കരുതുന്നു. ഇതിൽ ഒരു ശതമാനത്തിൽ താഴെ മാത്രമാണ് ഇന്ത്യയുടെ പങ്ക്. കേരളത്തിന്റെ സ്ഥിതിയും മെച്ചമല്ല. കേരളത്തിലെ ആയുർവ്വേദരംഗം മെച്ചപ്പെടുത്താനും വിപുലപ്പെടുത്താനും സർക്കാരിന്റെ ഭാഗത്തുനിന്ന് കുറച്ചുകൂടി സഹകരണം കിട്ടിയാൽ നന്നായിരിക്കുമെന്ന് ഔഷധിയുടെ മാർക്കറ്റിംഗ് മാനേജർ രഘുനന്ദനൻമേനോൻ പറയുന്നു.

കേരളത്തിൽ ആയുർവ്വേദ ഔഷധനിർമ്മാണത്തിന് ആവശ്യമായി വരുന്ന സസ്യങ്ങളുടെയും സസ്യോല്പന്നങ്ങളുടെയും പ്രധാന സ്രോതസ്സ് ഇന്നും വനംതന്നെയാണ്. വെറും ഏഴു ശതമാനം മാത്രമേ കൃഷി ചെയ്തുണ്ടാക്കുന്നുള്ളൂ. സ്ഥിരമായി ഉപയോഗിക്കുന്ന 111 ചെറുകിട വനവിഭവങ്ങളിൽ 80 എണ്ണം പച്ചയായിത്തന്നെ ഉപയോഗിക്കേണ്ടവയിൽപ്പെടും.

ഔഷധച്ചെടികളുടെ ലഭ്യത വർദ്ധിപ്പിക്കാനും സർക്കാരിന് വലിയ പണച്ചെലവില്ലാതെ പലതും ചെയ്യാൻ കഴിയുമെന്ന് രഘുനന്ദനൻ മേനോൻ പറഞ്ഞു. 'ഉദാഹരണത്തിന് കേരളത്തിൽ ഒരു ലക്ഷത്തി എഴുപത്തിയാറായിരത്തോളം വനഭൂമിയുണ്ട്. അതിന്റെ അറുപതു ശതമാനവും തേക്കാണ്. ഈ തേക്കുകളുടെ ഇടയിൽ ഔഷധച്ചെടികൾ കളയായി വളർത്താവുന്നതാണ്". അദ്ദേഹം ചൂണ്ടിക്കാട്ടി.

മൃഗചികിത്സ

അടുത്തതായി ഔഷധി കടന്നുചെല്ലാൻ തയ്യാറെടുക്കുന്ന രംഗമാണ് മൃഗചികിത്സ. സംസ്ഥാനത്തെ മൃഗാശുപത്രികൾക്കായി സർക്കാർ വർഷംതോറും രണ്ടര കോടിയോളം രൂപയ്ക്ക് ആയുർവ്വേദ മരുന്നുകൾ പുറംസംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്നുണ്ട്. പ്രധാനമായും വടക്കേ ഇന്ത്യൻ കമ്പനികളാണ് ഇത് ഉണ്ടാക്കുന്നത്. ആയുർവ്വേദത്തിന്റെ തറവാടായ കേരളം എന്തുകൊണ്ട് ഈ വിഷയത്തിൽ ഇതുവരെ ശ്രദ്ധിച്ചില്ല എന്ന് ഔഷധിയുടെ മാനേജിംഗ് ഡയറക്ടർ അത്ഭുതപ്പെടുന്നു. ഇലയും പുല്ലും തിന്നു ജീവിക്കുന്ന പശുക്കൾക്കും മറ്റും ഏറ്റവും ഉത്തമം സസ്യജന്യമായ ഔഷധങ്ങളായിരിക്കും. മൃഗങ്ങളിൽ ഉപയോഗിക്കുന്ന അലോപ്പതി മരുന്നുകൾ പാലിലൂടെയും മാംസത്തിലൂടെയുമറ്റും മനുഷ്യരിലെത്തി സങ്കീർണ്ണതകളുണ്ടാകുന്നത് തടയാനും ആയുർവേദം സഹായിക്കും. ആയുർവ്വേദത്തിലെ പ്രാമാണിക ഗ്രന്ഥങ്ങളിലാകട്ടെ, മൃഗചികിത്സയെക്കുറിച്ച് വിശദമായ പരാമർശങ്ങൾ ഉണ്ടുതാനും. എന്നിട്ടും, ഈ രംഗത്ത് മൃഗഡോക്ടർമാർ എന്നൊരു പ്രത്യേക വിഭാഗമില്ലെന്നത് വിസ്മയകരമാണ്. മൃഗചികിത്സയിൽ പ്രശസ്തി നേടിയ പല വൈദ്യന്മാരും ഉണ്ടെന്നത് ശരിതന്നെ. എന്നാൽ അവരെല്ലാവരും മനുഷ്യരെയും ചികിത്സിക്കുന്ന വൈദ്യന്മാരാണ്. നമ്മുടെ നാട്ടിൽ ആയുർവ്വേദ മൃഗചികിത്സ പുഷ്ടിപ്രാപിച്ചിട്ടില്ലാത്തതിന് തെളിവാണിതെല്ലാം. ഗുരുവായൂർ ദേവസ്വം എല്ലാ വർഷവും ആനകളുടെ സുഖചികിത്സക്കാലത്ത് ഏതാണ്ട് രണ്ടായിരം കിലോഗ്രാം വീതം അഷ്ടചൂർണ്ണവും ച്യവനപ്രാശവും ഔഷധിയിൽനിന്ന് വാങ്ങാറുണ്ടെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചു. ■

ഓർമ്മ

ശംഖിൽനിന്നും കേട്ട കടലിരമ്പങ്ങൾ

വി.ജി.തമ്പി

ഗീതാ ഹിരണ്യന്റെ അകാലമരണം ഏല്പിച്ച ആഘാതത്തിൽനിന്നും ഒരു കുറിപ്പ്

പാഴിലകൾ വീണുനിറഞ്ഞ ഹിരണ്യന്റെ അമ്മാടത്തെ തറവാട്ടുവളപ്പിൽ മരക്കൂട്ടങ്ങൾക്കും കുറ്റിക്കാടുകൾക്കുമിടയിൽ ഒരുക്കിയ ചിതയിൽ, ആ തണുത്ത കാറ്റിൽ, ഇരുട്ടിൽ ഗീത നിത്യതയുടെ ഉറക്കത്തിനുള്ളിലേയ്ക്കു കയറിപ്പോയി. എരിഞ്ഞുകൊണ്ടിരിക്കേ അസാധാരണമായി ഇളകിയാടിയ മരച്ചില്ലകളിൽ ആരോ പാടുന്നുണ്ട്. ആയിരം കാതുകൾ കേൾക്കുന്നുണ്ട്. ഹൃദയങ്ങൾ കൈക്കൊള്ളുന്നുണ്ട്. ചിതയിലെ തീ എരിഞ്ഞുതീരാറായപ്പോൾ പൂർണ്ണചന്ദ്രൻ ആകാശത്തിനു നെറുകയിലേയ്ക്ക് കയറിവരുന്നു.

മരണം ഗീതയെ സ്വതന്ത്രയാക്കി.

അനിർവ്വചനീയമായ ശാന്തത.

സൗഹൃദത്തിന്റെ ഇടത്താവളങ്ങളിൽനിന്നും ഗീത വിമുക്തയായി. പതിനഞ്ചുവർഷത്തിലധികമായി രോഗത്തിന്റെ കുരുക്കിൽ പിടയുമ്പോഴും ഗീത സങ്കടവും സന്തോഷവും ഒറ്റ കുടത്തിലാക്കി നൃത്തം ചെയ്യുകയായിരുന്നു.

രോഗം മാരകമായിരുന്നുവെങ്കിലും തന്റെ സ്വതന്ത്രമായ ആഹ്ലാദങ്ങളെയൊന്നും കാർന്നുതിന്നാൻ അവർ അനുവദിച്ചില്ല. വിശ്രമിച്ചില്ല. സ്വപ്നങ്ങൾക്ക് ഇടംതേടാൻ വിട്ടുകൊണ്ട് തന്റെ മനസ്സിനെ ഒരു നിഗൂഢവനമാക്കി മാറ്റി.

നമ്മുടെയെല്ലാം ഉള്ളലങ്കരിക്കുന്ന ഒരു കുരുന്നുമരമായി, ഒറ്റമരക്കാടായി ആ എഴുത്തുകാരി അപൂർവ്വഭാവനകളോടെ ജീവിച്ചു. സ്വപ്നങ്ങൾ പറഞ്ഞുകൊടുത്ത വഴികളിലൂടെ ഗീത ഉന്മാദത്തോടെ മുന്നേറി. അവയൊന്നുംതന്നെ തേഞ്ഞ നടപ്പാതകളായിരുന്നില്ല. ആരും നടക്കാത്ത വഴികളിൽ സ്വന്തമായുണ്ടാക്കിയ നിയമങ്ങളിൽ, അതിരുകളില്ലാതെ, അടക്കമില്ലാതെ, ചട്ടക്കൂടുകൾക്ക് വഴങ്ങാതെ, സ്വന്തം വിശ്വാസങ്ങളുടെ കെട്ടഴിച്ചിട്ട്, സ്വന്തം സ്വകാര്യതകളെ, നിഷ്കളങ്കതകളെ ഗീത അതിധീരമായി ആവിഷ്കരിച്ചു.

രോഗം നിർബന്ധപൂർവ്വം ഒരു തടവറയിലിട്ടടച്ചപ്പോഴും മറ്റൊരുടലിൽ ഗീത വാസമുറപ്പിച്ചു. രോഗവുമായി ഒരിക്കലും ഒത്തുതീർപ്പുണ്ടാക്കാതെ ജീവിതത്തെ നേരിട്ടു. അതിൽ ജീവിച്ചു. മറ്റൊരാൾ പറഞ്ഞുകൊടുത്ത വാക്കുകളിലല്ല, സ്വന്തമായി പറയാനുള്ള വാക്കുകളെ മാന്ത്രികസൗന്ദര്യത്തോടെ അവർ നിർമ്മിച്ചുകൊണ്ടിരുന്നു. കാലത്തിന്റെ ഭാണ്ഡം ചുമന്നുനടന്നില്ല. തനിക്കൊപ്പം കാലത്തെ മാറ്റുന്നതിലുള്ള ധീരമായ ഒരു രസം അനുഭവിക്കാനാണ് ഗീത ഇച്ഛിച്ചത്.

എന്റെ തലമുറയിൽ ഇത്രയും ഇച്ഛാശക്തിയുള്ള, ഇത്രയും പ്രകാശം പരത്തിയ ഒരു പെൺകുട്ടിയെ എഴുത്തുകാർക്കിടയിൽനിന്നും കണ്ടെത്താനാവില്ല.

74-ലെ മാതൃഭൂമി വിഷുപ്പതിപ്പിൽ 'ദീർഘാപാംഗൻ' എന്ന കഥയെഴുതിയ ഗീതാ പോറ്റിയെ ഞാനന്ന് ഏറെ ശ്രദ്ധിച്ചു. അഭിനന്ദിച്ചൊരു കത്തുമെഴുതി. പിന്നീട് ഞങ്ങളുടെ രസന മാസികയിലേയ്ക്ക് ഗീത ഒരു കഥ അയച്ചുതന്നു. കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ എം.ഫിൽ പഠനത്തിനെത്തുമ്പോൾ, ഞങ്ങളുടെ ആരാധന കലർന്ന സ്നേഹം പിടിച്ചടക്കിയ ഹിരണ്യനുമായി ഗീത അടുപ്പത്തിലായി. മനോഹരമായ ആ അടുപ്പത്തിന്റെ പൊൻചരടുകളിലൊന്ന് ഞാനാണ് അവർക്കായി നെയ്തുകൊടുത്തത്.

ഈശ്വരാ, ആ കാലം എത്ര അഴകാർന്ന പ്രണയകാലം!

ഞങ്ങളുടെ കൂട്ടത്തിൽ ഏറ്റവും ആദ്യം വിവാഹം കഴിച്ച് കുടുംബമുണ്ടാക്കിയത് ഹിരണ്യനായിരുന്നു. വടക്കുള്ള പല കോളേജുകളിലും പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ, എഴുത്തുകാരുടെ ആ അപൂർവ്വദാമ്പത്യത്തിന്റെ വിസ്മയകരമായ സൗന്ദര്യം രുചിച്ചറിയാൻ അവസരമുണ്ടായിട്ടുണ്ട്. ഇത്രയും രുചികരമായി മറ്റൊരു വീട്ടിൽനിന്നും ഞാൻ ഊണുകഴിച്ചിട്ടില്ല. വാക്കുകളിന്മേലുള്ള ഗീതയുടെ കൈപ്പുണ്യം അവരുടെ കറിക്കൂട്ടുകളിലുമുണ്ടായിരുന്നു.

തളിർത്തുനിന്ന ആ നിറവസന്തത്തിൽത്തന്നെയാണ് രോഗം ഗീതയെ ഇറുത്തെടുക്കാൻ വെമ്പൽ കാട്ടിയത്. രോഗം ആസകലം പൊള്ളിച്ചുകളഞ്ഞ ആ കാലത്തെക്കുറിച്ചുള്ള കറുത്ത ഓർമ്മകൾ 'ഇരുട്ടിന്റെ ചിറകൊച്ചകൾ' എന്ന കഥയിൽ പത്തുവർഷത്തിനുശേഷം, ഗീത ആഖ്യാനം ചെയ്തിട്ടുണ്ട്. വി.പി.ശിവകുമാറിനെ അനുസ്മരിച്ചുകൊണ്ടെഴുതിയ കരയിക്കുന്ന ഒരു കുറിപ്പിലും 'പാഷൻ ഓഫ് ജോൺ ഓഫ് ആർക്ക്' എന്ന സിനിമയെക്കുറിച്ചുള്ള അപൂർവ്വ നിരീക്ഷണങ്ങൾ നിറഞ്ഞ ലേഖനത്തിലും ഗീതയുടെ ജീവിതാഖ്യാനമാണ് നാം വായിച്ചത്.

ഇടയ്ക്കിടെ കടുത്ത വേദനകളാൽ കുരുങ്ങിപ്പോകുമെങ്കിലും രോഗകാലങ്ങൾക്കിടയിലെ ഇടവേളകളെ ഗീത പ്രസരിപ്പോടെ അഭിമുഖീകരിച്ചു. മഹാരോഗംകൊണ്ട് വാർന്നുപോകാത്ത യൗവനം എന്നുമവർ ജീവിതത്തിലും എഴുത്തിലും രക്ഷിച്ചുനിർത്തിയത് അത്ഭുതമാണ്.

ഉന്മേഷമാർന്ന വാക്കുകൾ, ഊർജ്ജസ്വലമായ ചിന്തകൾ, നർമ്മത്തിൽ ചാലിച്ച ചടുലമായ നാടകീയഭാവനകൾ... ഉടഞ്ഞുകൊണ്ടിരുന്ന ശംഖിൽനിന്നും നാം കേട്ട കടലിരമ്പങ്ങളിൽ എത്രയെത്ര പ്രതിധ്വനികൾ...

മാറാരോഗം വിറപ്പിച്ചുകൊണ്ടിരുന്ന ആ മനസ്സുകണ്ട ദുഃസ്വപ്നങ്ങളും ഉൾക്കിടിലങ്ങളും തന്നെയാകണം ഗീതയുടെ എഴുത്തിന് നർമ്മശക്തി നൽകിയത്. അനായാസമാക്കിയത്. സ്വന്തം ആത്മാവിലേയ്ക്കല്ലാതെ മറ്റെവിടെയും ആ എഴുത്തുകാരി പിന്നെ നോക്കാൻ തുനിഞ്ഞില്ല. സ്വന്തം വേദനകളിൽ കല്ലിച്ചുപോയില്ല. വിടരുകയും ഒഴുകുകയും പറക്കുകയുമായിരുന്നു ആ മനസ്സ്.

'ഒറ്റ സ്നാപ്പിൽ ഒതുക്കാനാവില്ല ഈ ജന്മസത്യം' എന്ന ശീർഷകത്തിലായിരുന്നു ഗീതയുടെ ആദ്യപുസ്തകം പുറത്തുവന്നത്. സത്യത്തിൽ ഒറ്റ രൂപകത്തിൽ, ഒറ്റ മനോബിംബത്തിൽ ജീവിതത്തിന്റെ വൈവിദ്ധ്യസങ്കീർണ്ണതയെ ഒറ്റ സ്നാപ്പിൽ ഒറ്റ മുഹൂർത്തത്തിൽ ആവിഷ്കരിക്കാനുള്ള വെല്ലുവിളിതന്നെയാകണം ഗീതയുടെ സ്വപ്നവും പ്രയത്നവുമെന്നെനിക്ക് തോന്നിയിട്ടുണ്ട്. ഒരു ബോൺസായി മരത്തിലോ വരണ്ടുണങ്ങിയ ഒരു പുഴയിലോ തിരയൊടുങ്ങാത്ത ഒരു കടലിലോ തന്റെ അപ്രകാശിതസ്നേഹത്തെ ഗീത നിർവ്വചിക്കാൻ ശ്രമിച്ചു.

എന്നാലും എന്റെ സ്നേഹം
വൃക്ഷംപോൽ ഉൾക്കാമ്പുള്ളത്,
ഉള്ളുലയ്ക്കുന്ന കാറ്റില്ലാത്ത
തണലില്ലാത്ത പൂവില്ലാത്ത
ഒരു കുരുന്നുവൃക്ഷം

അരുമയായ പക്ഷീ,
നീ വന്നിരിന്നേക്കുമെന്ന
വിദൂരമായ കൊതിക്കുള്ള
ചെറുകൊമ്പു മാത്രമുള്ളത്.

കഥയെയും കവിതയെയും രണ്ടു ചിറകുകളാക്കി അവർ അനായാസമായി പറന്നുകളിച്ചു. ഹിരണ്യൻ വിരിച്ചിട്ട സാന്ത്വനത്തിന്റെയും സുരക്ഷിതത്വത്തിന്റെയും ആകാശനീലിമയിൽ ഗീത വെൺ

മേഘങ്ങളുടെ സ്വന്തമാലാഖയായി പറന്നു.

വാമൊഴിയുടെയും വരമൊഴിയുടെയും വ്യത്യസ്ത വഴക്കങ്ങളെ അന്വയിക്കുന്ന കാര്യത്തിൽ ഗീതയ്ക്കേറെ മിടുക്കുണ്ട്.

അനുഭവത്തിന്റെ മൂല്യം വാക്കുകൾക്ക് തിരിച്ചുകൊടുക്കുന്നതായിരുന്നു ഗീതയുടെ എഴുത്ത്. അകത്തേയ്ക്ക് കരയുകയും പുറത്തേയ്ക്കു ചിരിക്കുകയും ചെയ്യുന്ന സ്വന്തം സ്വകാര്യതയുടെ രക്തമായിരുന്നു ഗീത വായനക്കാരിലേയ്ക്കു സംക്രമിച്ചുകൊണ്ടിരുന്നത്. ഗീതയുടെ വാക്കുകൾ, കവിതയിലും കഥയിലും ഒരുപോലെ ബിംബങ്ങളും വസ്തുക്കളുമായി സ്പർശവേദ്യമായി പ്രത്യക്ഷപ്പെട്ടു.

വിശദാംശങ്ങളുടെ പരപ്പേറിയ ആഴക്കാഴ്ചകൾ വായനക്കാരെ വിസ്മയിപ്പിക്കും. ഒരു വീട്ടമ്മയുടെ മടുപ്പും വിരസവുമായ പതിവനുഭവങ്ങൾക്ക് ഇരുതലമൂർച്ചയുള്ള വായ്ത്തലകൾ ഗീത കണ്ടെത്തി. അനുഭവത്തിന്റെ പരിചിതരൂപങ്ങളെ എടുത്തുമാറ്റി അവരെഴുതുന്ന വരികളിൽ മാന്ത്രികസ്പർശം ഉണരുന്നു. കുടുംബം, ദാമ്പത്യം, സദാചാരം തുടങ്ങി നിരവധി സ്ഥാപനങ്ങളുടെ തൊലിയുരിയുന്നതിന് അവർ കാണിച്ച ചങ്കൂറ്റം ഉശിരാർന്നതാണ്.

മാറാരോഗം എഴുത്തുകാരിയെന്ന നിലയിൽ ഗീതയെ മരണത്തിന്റെ ഉപാസകയാക്കിയില്ല. ജീവിതത്തെ മുലയൂട്ടുകയായിരുന്നു അവരുടെ വാക്കുകൾ. ജീവിതത്തെ വിശ്വസിച്ചും സ്നേഹിച്ചും പ്രത്യാശിച്ചും.

ചിതറിത്തെറിച്ചുപോയ ചില പടുകാലങ്ങൾ എന്റെ ജീവിതത്തിലുമുണ്ടായി. എഴുത്തിലും അനുഭവത്തിലും തുളകൾ വീണ ആ കാലത്ത് എന്നെ സാന്ത്വനിപ്പിച്ചും ശക്തിപകർന്നും സഹനത്തിന്റെ പരമ്മൂല്യത്തിലേയ്ക്ക് അണച്ചുനിർത്തുന്നതിൽ ഗീതയും എനിക്ക് ആത്മാവിന്റെ അയൽവാസികളിലൊരാളായി.

പത്തുവർഷംമുൻപ് ഞാൻ പണിത വീടിന്റെ പിൻമുറ്റത്തുതന്നെ ഹിരണ്യൻ വീടുവച്ചു. ഞങ്ങൾ തൊട്ടയൽവാസികളായി. ഞങ്ങളുടെ വീടുകളുടെ വടക്ക് ഒരു വലിയ കുളമുണ്ട്. ആ കുളത്തിൽ വെളുത്ത കൊറ്റികളും നീർക്കിളികളും എപ്പോഴും കുളിച്ചുനില്പുണ്ടാകും. കുളത്തിനഭിമുഖമായി കസേര പിടിച്ചിട്ട് ഗീത വെള്ളിനിറമുള്ള ഇലപാളികളോട് ഏകാന്തത പങ്കുവച്ചിരിക്കുന്നത് ജനൽ തുറന്നാൽ കാണാം. ഗാഢമായ ഏകാന്തതയ്ക്ക് ഇത്രയേറെ വർണ്ണത്തിളക്കമോ?

എന്റെ തലമുറയിൽ ആർക്കും ലഭിക്കാത്തത്രയും സ്നേഹിതരുണ്ട് ഗീതയ്ക്ക്. ചങ്ങാത്തത്തിന്റെ ഉത്സവമായിരുന്നു ഗീതയുടെ പത്തുവർഷങ്ങൾ. ഗീത പഠിപ്പിച്ച കോളേജ് ക്ലാസ്മുറിയുടെ ചുമരുകൾ ഭേദിച്ച് ഇറങ്ങിവന്ന അനൂപ് എന്ന പ്രതിഭാധനനായ വിദ്യാർത്ഥി മുതൽ ആറ്റൂർ രവിവർമ്മയെപോലുള്ള മഹാത്മാക്കൾവരെ... ഗീതയുടെ സ്നേഹത്തിൽ വശീകരിക്കപ്പെട്ടവരത്രേ.

ഗീതയെ പഞ്ചഭൂതങ്ങൾ വാത്സല്യപൂർവ്വം ഏറ്റുവാങ്ങിയ കനത്തുവരുന്ന ആ രാത്രിയാകാശത്തിന്റെ നെറുകയിലാണിപ്പോൾ പൂർണ്ണചന്ദ്രൻ.

ജീവിതരേഖ

ഫ്രാൻസിസ് ആചാര്യ



നിശ്ശബ്ദതയുടെ സ്നേഹശബ്ദം

സന്തോഷ് ജോൺ

വാഗമണ്ണിലെ ഹിമവിശുദ്ധിയിലേക്ക് ദൈവനാദംതേടിവന്ന ഒരന്വേഷി

നിശ്ശബ്ദതയുടെ ആഴങ്ങളിൽ മനുഷ്യരെല്ലാവരും വാചാലമാകാറുണ്ട്. സ്വന്തം പ്രതിബിംബത്തോടുതന്നെ സംസാരിക്കുന്ന മനസ്സിന്റെ വാചാലത അനുഭവിക്കണമെങ്കിൽ മനസ്സ് ശാന്തമാകണം, പ്രകൃതി ശാന്തമാകണം, മനസ്സിന്റെ കോണിൽ മന്ത്രിക്കുന്ന ദൈവനാദം അപ്പോൾ നിങ്ങൾക്ക് വളരെ വ്യക്തമായി കേൾക്കാം...

ഈ സ്വരമന്വേഷിച്ച് 1950-നുമുൻപ് ബൽജിയംകാരൻ ജോൺ എന്ന ചെറുപ്പക്കാരൻ യാത്രയാരംഭിച്ചു. പാശ്ചാത്യലോകത്തിന്റെ കോലാഹലങ്ങളിൽ ആത്മസാക്ഷാത്കാരം കുരിശിൽ തറയ്ക്കപ്പെടുന്നത് നിർവികാരതയോടെ കണ്ടുമടുത്തപ്പോഴാണ് ഭാരതീയ ആശ്രമ ജീവിതത്തെക്കുറിച്ച് അറിയുന്നത്. തിരുച്ചിറപ്പള്ളിക്കടുത്ത് കാവേരി നദീതീരത്ത് 'ശാന്തിവന'മെന്ന പേരിൽ ഭാരതീയ ആദ്ധ്യാത്മിക പാരമ്പര്യത്തിൽ അധിഷ്ഠിതമായ ക്രിസ്തീയാശ്രമജീവിതം നയിച്ചിരുന്ന ഫ്രഞ്ച് മിഷനറിമാരോടൊത്ത് 1950-ൽ കുറേനാൾ ചെലവഴിക്കാനിടയായത് ജോണിൽ ഭാരതീയാശ്രമജീവിതത്തോട് താല്പര്യമേറ്റി.

തിരികെപ്പോയ ജോൺ ജന്മദേശമായ ബൽജിയത്തിൽനിന്ന് ഇംഗ്ലണ്ടിലെത്തി. ഉപരിപഠനം നടത്തുമ്പോൾ ബക്കിംഗ്ഹാം കൊട്ടാരത്തിൽ നടന്ന വട്ടമേശ സമ്മേളനത്തിൽ ആഡംബരങ്ങൾക്കിടയിൽ 'അർദ്ധനഗ്നനായ' ഒരു ഭാരതീയ നേതാവ് പങ്കെടുക്കുന്നത് ജോൺ കണ്ടു. ഭാരതത്തിൽ നിറഞ്ഞുനിന്നിരുന്ന ആത്മീയരൂപം ധരിച്ച നമ്മുടെ സ്വന്തം മഹാത്മജി. ആത്മീയ ക്ഷേത്രമുറ്റത്ത് ആൽമരമായി വളർന്നുകഴിഞ്ഞിരുന്ന ഗാന്ധിജിയുടെ വ്യക്തിവൈശിഷ്ട്യവും ജീവിതലാളിത്യവും ജോണിന് അത്ഭുതമായിരുന്നു. ഇത്ര വലിയ മനുഷ്യന് ജന്മം നൽകിയ ഭാരതത്തിന്റെ ഉള്ളറകളിൽ തന്നെക്കാത്തിരിക്കുന്ന വെളിച്ചത്തിന്റെ പ്രഭാകിരണങ്ങൾ ജോൺ സ്വപ്നം കണ്ടു.

അങ്ങനെ 1955-ൽ ഫാദർ ഫ്രാൻസിസ് എന്ന നാമധേയത്തിലും രൂപഭാവത്തിലും ബൽജിയംകാരൻ ജോൺ ഇന്ത്യയിലെത്തുന്നു. പുതിയ ഒരു ദൗത്യബോധത്തോടെതന്നെ. ഭാരതസംസ്കാരം നേരിട്ടറിയുവാനും അനുഭവിക്കുവാനും അദ്ദേഹം ഭാരതത്തിലുടനീളം സഞ്ചരിച്ചു. അസത്യത്തിൽനിന്ന് സത്യത്തിലേയ്ക്കുള്ള നേർവഴി ഹിമാലയസാനുക്കളിൽനിന്ന് ഒഴുകിപ്പടർന്ന് അമർത്യതയുടെ തീരം തീർക്കുന്നത് ഉൾക്കണ്ണുകൊണ്ടു കാണാനുള്ള വലിയ പക്വത ആർജ്ജിച്ചുകഴിഞ്ഞിരുന്നു അപ്പോൾ. പഠനത്തിന്റെയും യാത്രകളുടെയും ആത്മീയ സാധനകളുടെയും സഹായം ഉള്ളിൽനിറച്ച ആത്മീയ നിർവൃതി ഫ്രാൻസിസിനെ ഫ്രാൻസിസ് ആചാര്യയാക്കി.

1955-ൽതന്നെ ആചാര്യ കേരളം സന്ദർശിച്ചു. ദൈവത്തിന്റെ സ്വന്തം നാട്. കേരളത്തിലെ കിഴക്കേ മലനിരകളിൽ സഞ്ചാരികളുടെ ആകർഷണമായ വാഗമൺ കുന്നുകളിൽ നിശ്ശബ്ദതയുടെ ദൈവാനുഭവത്തിന്റെ അപാരതയിൽ സ്വർഗ്ഗത്തിന്റെ നിഴൽ വീണിരിക്കുന്നത് ഫ്രാൻസിസ് കണ്ടു. പുല്ലും പാറയും നിറഞ്ഞ 88 ഏക്കർ ഭൂമി കെ.വി.തോമസ് പൊട്ടൻകുളം ആചാര്യക്ക് ദാനമായി നൽകി. ആകാശസ്പർശനം നടത്തുന്ന ആ മലമുകളിൽ ദൈവത്തിന്റെ കൈയെത്തിപ്പിടിച്ച് ഫ്രാൻസിസ് ആചാര്യ നടപ്പാരംഭിച്ചു. നിശ്ശബ്ദതയുടെ ഉള്ളറകളിൽ ദൈവസ്വരം ഉയർന്നുകേട്ടതോടെ ഒട്ടേറെപ്പേർ, നാനാജാതിമതസ്ഥർ ഇവിടേയ്ക്കാകർഷിക്കപ്പെട്ടു. അന്തേവാസികളുടെ എണ്ണം വർദ്ധിച്ചു. കൂടുതൽ പേർ ദൈവസത്തയറിഞ്ഞു. തങ്ങളെത്തന്നെയറിഞ്ഞു. 1968-ൽ ആചാര്യ ഇന്ത്യൻ പൗരത്വം സ്വീകരിച്ചു.

ഇന്ന് ഈ ആശ്രമത്തിൽനിന്ന് ശിക്ഷണം ലഭിച്ച് വാഗമണ്ണിലെ പാറക്കെട്ടുകളുടെ ഉറപ്പോടുകൂടിയ ലക്ഷ്യബോധത്തോടെ അംഗങ്ങൾ മദർ തെരേസയുടെ മിഷനറീസ് ഓഫ് ചാരിറ്റിയിലും കുഷ്ഠരോഗ കോളനികളിലും വൃദ്ധമന്ദിരങ്ങളിലും സേവനം ചെയ്യുന്നു.

തേനും പാലുമൊഴുകുന്ന ദേശമെന്ന സങ്കല്പം ഇവിടെ യാഥാർത്ഥ്യമാണ്. മലമുകളിലെ പാറക്കെട്ടുകളിൽ തേൻ രൂപപ്പെടുന്നു. പാലിന്റെ സമൃദ്ധിയാണിവിടെ.

തങ്ങളുടെ ജീവിതസന്ധാരണത്തിനായി സന്ന്യാസികൾ പശുവിനെ വളർത്തുന്നു. ദിവസവും 1500 ഓളം ലിറ്റർ പാൽ ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്നു. ആശ്രമത്തിനു സമീപമുള്ള നൂറോളം കുടുംബങ്ങൾ പശുവിനെ വളർത്തിയാണ് ജീവിക്കുന്നത്. ആ പാൽ നല്ല വില നൽകി ഇവിടെ ശേഖരിച്ച് പാലായുടെ അതിർത്തികൾ വരെ വിതരണം ചെയ്യുന്ന സേവനം മുടങ്ങാറില്ല. ദാരിദ്ര്യവ്രതമനുഷ്ഠിച്ചും ഭക്ഷണച്ചെലവ് തീരെക്കുറച്ചും മിച്ചം പിടിക്കുന്ന പണം താഴ്വരയുടെ ദൈന്യതകളിലേയ്ക്കൊഴുകുന്നു.

രോഗികളും പട്ടിണിക്കാരുമായി ഒട്ടേറെപ്പേർ ദിനംപ്രതി ഇവിടെ സഹായം തേടിയെത്തുന്നു. ആരെയും നിരാശപ്പെടുത്തരുതെന്ന് ആചാര്യക്ക് നിർബന്ധമാണ്. ആകാശപ്പറവകൾക്കായുള്ള ഒരു കേന്ദ്രവും ഇവരുടെ മേൽനോട്ടത്തിലുണ്ട്. അവിടുത്തെ കാര്യങ്ങളും ആശ്രമവാസികൾ തന്നെ നിർവ്വഹിക്കുന്നു. ശാരീരിക സേവനത്തോടൊപ്പംതന്നെ ആത്മീയ, ആദ്ധ്യാത്മികസേവനം നൽകുക എന്നതാണ് ഫ്രാൻസിസ് ആചാര്യയുടെ രീതി.

ദിവസത്തെ നാലായി വിഭജിച്ച് ആറു മണിക്കൂർവീതം പ്രാർത്ഥന,- പഠനം, സേവനം, വിശ്രമം എന്നിങ്ങനെ ക്രമീകരിച്ചിരിക്കുന്ന ഇവിടുത്തെ പ്രാർത്ഥനകളും അവയുടെ നാമങ്ങളും തികച്ചും ഭാരതീയംതന്നെ. യോഗ, ജ്ഞാനവായന, സത്സംഗം, ഭജൻസ്, മന്ത്രങ്ങൾ, ഉപാസന, ദർശനം, ഭക്തിമാർഗ്ഗം, ആരതി, പൂജ തുടങ്ങിയ മൂലമതങ്ങളിൽപോലും അന്യമായിക്കൊണ്ടിരിക്കുന്ന വാക്കുകളും ആചാരങ്ങളും ഈ കുരിശുമല ആശ്രമത്തിലുണ്ട്. തികച്ചും ഭാരതീയമായ ദർശനം. ഇവിടെ പ്രണവാകാരമായ 'ഓംകാര'വും കുരിശും സമന്വയിക്കുന്നു. ക്രിസ്തീയത ഭാരതീയമാകുന്നു.

അന്തേവാസികൾ ഏറെയുണ്ടെങ്കിലും സൂചി നിലത്തുവീണാൽ കേൾക്കാം. ഏകാന്തധ്യാനകുടീരങ്ങളും ബോധിവൃക്ഷച്ചുവടുകളും കാണാം. സന്ദർശകർ ഏതു മതസ്ഥരായാലും സ്വാഗതം. ആശ്രമവാസികൾ കഴിക്കുന്ന തീർത്തും ലളിതമായ ഭക്ഷണവും ലഭിക്കും.

വാഗമൺ ആശ്രമത്തിന്റെ അസ്തമിക്കാത്ത സൂര്യൻതന്നെയാണ് ഫ്രാൻസിസ് ആചാര്യ. മുഖത്ത് ശോഭിക്കുന്ന സൂര്യതേജസും കണ്ണുകളിലെ തിളക്കവും ദൈവദൂതന്റേതല്ല, മനുഷ്യന്റേതാണ്. യഥാർത്ഥ മനുഷ്യന്റേതു മാത്രം.

വൈദ്യശാസ്ത്രത്തിന്റെ മരണനിർവ്വചനത്തെ അതിജീവിച്ചാണ് ഫ്രാൻസിസ് ആചാര്യ ഈ 86-ാം വയസ്സിൽ ജീവിക്കുന്നത്. പ്രാർത്ഥനയും യോഗാസനവും ആയുർവ്വേദവുമായി ആ ജീവിതം മുന്നോട്ടു നീങ്ങുന്നു. ബൽജിയം ആ മനസ്സിലില്ല. ഈ ദൈവത്താഴ്വരയിൽ മണ്ണാകുക... ആത്മാവിനെ പിതൃതേജസ്സിൽ ലയിപ്പിക്കുക.

classified advertisements

നാൾ ജ്യോതിഷമാസിക

ജ്യോതിഷശാസ്ത്രം സംഖ്യാശാസ്ത്രം, ഹസ്തരേഖാശാസ്ത്രം, പുണ്യസങ്കേതങ്ങൾ, സ്വയം വായിച്ചുനോക്കി മനസിലാക്കാവുന്ന നാൾ, തിഥി പട്ടിക പുരാണഗ്രന്ഥങ്ങളും രോഗാവസ്ഥയും അവയുടെ ചികിത്സയും എന്നീ ലേഖനങ്ങൾക്കുപുറമേ നിഗൂഢരഹസ്യങ്ങളെ വെളിവാക്കുന്ന പെൻഡുലശാസ്ത്രം, അനുഭവലേഖനങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കഴിഞ്ഞ 20 ലക്കങ്ങളായി 'നാൾ' ജ്യോതിഷമാസിക എല്ലാ മലയാളമാസവുപ്രസിദ്ധീകരിക്കുന്നു. നാൾജ്യോതിഷമാസിക, വൈറ്റില പി.ഒ., കൊച്ചിൻ - 682 019. Ph: (0484) 340335

MEDICAL

സോറിയാസിസ് രോഗം പഴക്കമുള്ളതാണെങ്കിലും പ്രാചീന താളിയോല ചികിത്സയിലൂടെ പൂർണ്ണമായും സുഖപ്പെടുത്തുന്നു. ലൈംഗികശേഷി വാർദ്ധക്യത്തിലും നിലനിർത്താൻ, മൂലക്കുരു, പ്രമേഹം, മുഖക്കുരു, കൈകാൽ മുട്ടുകളിലെ ആണി തുടങ്ങിയ അസുഖങ്ങൾ പൂർണ്ണമായും താളിയോല ചികിത്സയിലൂടെ സുഖപ്പെടുത്തുന്നു. ധന്വന്തരി ആയുർവ്വേദിക്സ്, നന്മണ്ട, കോഴിക്കോട് - 673613

ജീവിതം എന്നെ എന്തു പഠിപ്പിച്ചു?

ഡോ. ടി.ആർ.രാഘവൻ

അസൂയ, അത്യാഗ്രഹം, അഹന്ത, അസാദ്ധ്യമായതിനുള്ള ആസക്തി, ദയാശൂന്യമായ പെരുമാറ്റം തുടങ്ങിയവയിൽനിന്ന് നമുക്കുള്ള മോചനം, ജീവിതത്തിൽ സുഖത്തിനും ശാന്തിക്കും എപ്പോഴും വഴിതെളിക്കും.

ഹൃദയത്തിന്റെ ബാന്ധവം ശരീരത്തിന്റെ ബാന്ധവത്തേക്കാൾ മഹത്തരമാണെന്ന കാര്യം ദാമ്പത്യജീവിതത്തിൽ നാം ഓർത്തിരിക്കണം.

നല്ല സുഹൃദ്ബന്ധം സന്തുഷ്ടി വളർത്തുകയും വിഷാദത്തെ വേർപെടുത്തുകയും ചെയ്യുന്നു. നമ്മുടെ പതനത്തിൽ ആഹ്ലാദിക്കുന്നവൻ നല്ല സുഹൃത്തല്ല. നമ്മുടെ ഉള്ളു കാണുവാൻ കഴിയുന്നവനാണ് സുഹൃത്ത്. മുഖസ്തുതിക്കാരെയും സുഹൃത്തുക്കളെയും നാം തിരിച്ചറിയണം.

ചെറുപ്പത്തിൽ അദ്ധ്വാനത്തിലും, ഫലപ്രദമായ വിദ്യാഭ്യാസ സമ്പാദനത്തിലും ശ്രദ്ധിക്കുവാൻ കഴിഞ്ഞവർക്ക് വാർദ്ധക്യത്തിലെത്തുമ്പോൾ ബുദ്ധിമുട്ടില്ലാതെ ശാന്തിയും സമാധാനവും ആസ്വദിച്ചു ജീവിക്കാൻ കഴിയും.

അനുസരണയുള്ള മക്കളെ ലഭിക്കുന്നതിനെക്കാൾ വിലമതിക്കുന്ന നിക്ഷേപം ഇന്നേവരെ ഒരു ബാങ്കും കണ്ടെത്തിയിട്ടില്ല.

താഴ്മയാണ് എല്ലാ നന്മയുടെയും അടിസ്ഥാനമെന്ന കാര്യം നാം മറക്കരുത്.

ഒരു വിമർശകൻ, കുറ്റപ്പെടുത്തേണ്ടിടത്ത് കുറ്റപ്പെടുത്തുകയും നേരു പറയേണ്ടിടത്ത് നേരു പറയുകയും വേണം. ശത്രുക്കളെക്കാൾ ശക്തിയും തിളക്കവും സത്യത്തിനാണ്.

ഇന്നു സാഹിത്യത്തിൽ കല്ലന്മാരുടെ (masons) എണ്ണം കൂടുതലാണെങ്കിലും നല്ല ശില്പികളുടെ (architects) എണ്ണം നാൾക്കുനാൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. നല്ല ശില്പികൾക്കേ കാലാതീതമായ സൃഷ്ടികൾക്കു ജന്മം കൊടുക്കുവാൻ കഴിയുകയുള്ളു.

സത്യം, കരുണ, ദയ, മാനവികത തുടങ്ങിയ മാനുഷികമൂല്യങ്ങളെ വികലപ്പെടുത്തുവാൻ ഒരു അസുരശക്തിക്കും കഴിയുകയില്ലെന്ന് ഇന്നോളം ജീവിതം എന്നെ മനസ്സിലാക്കിയിരിക്കുന്നു. ആ ശുഭാപ്തിവിശ്വാസം എന്നെ ധീരമായി മുന്നോട്ടു നയിക്കുന്നു.

മുംബൈ ഷിപ്പിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ 34 വർഷം ജോലി ചെയ്തതിനുശേഷം സീനിയർ എക്സിക്യൂട്ടീവായി വിരമിച്ചു. ഇപ്പോൾ അടൂരിൽ താമസം. മുംബൈ സർവ്വകലാശാലയിൽനിന്ന് ഇംഗ്ലീഷ് സാഹിത്യത്തിലും ചരിത്രത്തിലും ബിരുദാനന്തരബിരുദങ്ങളും ഗവേഷണ ബിരുദവും. ബോംബെ കേരളീയ സമാജത്തിന്റെ പ്രസിദ്ധീകരണമായ 'വിശാലകേരള'ത്തിന്റെ പത്രാധിപസമിതി അംഗം. 'കാലഘട്ടത്തിന്റെ ധ്വനി', 'സർഗ്ഗസംഘർഷം', 'ഗ്രന്ഥസംവാദം' എന്നീ വിമർശനഗ്രന്ഥങ്ങളുടെ കർത്താവ്.

നാം ജീവിതത്തിൽ നിന്നും എന്തെങ്കിലും പഠിക്കുന്നുണ്ടോ? സംസ്കാരസമ്പന്നമായ ഒരു പൈതൃകം അവകാശപ്പെടാൻ നമുക്ക് എന്താണ് യോഗ്യത? ഏതൊരു സമൂഹത്തെയും രൂപപ്പെടുത്തുന്നത് ആ സമൂഹത്തിന്റെ കണ്ണീർ ഏറ്റുവാങ്ങുന്നവരാണെന്ന യാഥാർത്ഥ്യം നാം മറക്കുകയാണോ? യാത്രയ്ക്കിടയിൽ എന്ന ഈ പംക്തിക്ക് എന്നെ പരിചിപ്പിച്ചത് സദാ വേട്ടയാടിക്കൊണ്ടിരിക്കുന്ന ഈ ചോദ്യങ്ങളാണ്. കേരളത്തിന്റെ സാമൂഹിക ജീവിതത്തിൽ പിടികൾപെറ്റ പലതുമായും കത്തിടപാടു നടത്തി. പ്രതികരണം തികച്ചും ആശാജനകമായിരുന്നു. അവരുടെ പ്രതികരണമാണ് ഈ പംക്തി

സമ്പാദകൻ:
ടി. എൻ. ജയചന്ദ്രൻ